KOTTAYAM PUBLIC LIBRARY

Call No. M294:592 Acc. No. 79780

Author. [illegible], കാവ്യങ്ങൾ

Title. [illegible] കണ്ണശ്ശരാമായണം - [illegible]

1041

KOTTAYAM PUBLIC LIBRARY

# ശ്രീമഹാകണ്ണശ്ശരാമായണം

ഉത്തരകാണ്ഡം (ടിപ്പണസഹിതം)

KOTTAYAM PUBLIC LIBRARY
79780

പ്രസാധകൻ,

കാവുങ്ങൽ നീലകണ്ഠപ്പിള്ള.

പ്രശോധകൻ,

വിദ്വാൻ, വി. കെ. ശ്രീധരൻ ഉണ്ണി

DISTRIBUTING LIBRARY
No. DM
6063
KOTTAYAM.

★

പ്രകാശകർ,
ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,
കൊല്ലം.

★

(പകർപ്പവകാശം.)

2-ാംപതിപ്പ് കാപ്പി—1000.

★

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

★

1132/1957.

M294.592

DISTRIBUTING LIBRARY
No..................
KOTTAYAM.

# പ്രസ്താവന.

മലയാളഭാഷയുടെ മദ്ധ്യകാലസ്ഥിതിയെപ്പററി നമുക്ക് അറിയുന്നതിന്ന സഹായിക്കുന്ന നിരണത്തുപണിക്കന്മാരുടെ കൃതികൾ, ഭാഷാസാഹിത്യരംഗത്തിലെ പ്രാഥമിക പ്രദീപങ്ങളാണെന്നുവേണം പറവാൻ. സംസ്കൃതവും തമിഴും മലയാളവും കൂടിക്കലൎന്നതാകകൊണ്ടു്, 'മുത്തമിഴാ'ണു് ഈ കൃതികളിലെ ഭാഷയെന്നു പറഞ്ഞുവരുന്നുണ്ടു്. ചില മഹാന്മാരുടെ അഭിപ്രായം, അക്കാലത്തെ മലയാളം ഈ കവിതയിൽ കാണുന്നതുപോലെ തമിഴ് കലൎന്നതായിരുന്നുവെന്നും അതുകൊണ്ടു് അന്നത്തെ മലയാളവും സംസ്കൃതവും കലൎന്ന മണിപ്രവാളമാണു് ഈ കൃതികളിലെ ഭാഷയെന്നുമാകുന്നു. ഏതായാലും പ്രസ്തുതകൃതികൾ, മലയാള സാഹിത്യഭണ്ഡാരത്തിലെ ഉത്തമരത്നങ്ങളിൽ ഉൾപ്പെട്ടവയാണെന്നുള്ളതിനെ ആരും വിസംവദിക്കുമെന്നു തോന്നുന്നില്ല.

നിരണത്തു് പ്രസിദ്ധകവികളായിത്തീൎന്നിട്ടുള്ളതു് ഏകദേശം സമാനകാലീനന്മാരായ മൂന്നു പണിക്കന്മാരാകുന്നു. അവരിൽ ഒന്നാമൻ, ഭഗവദ്ഗീതാകൎത്താവായ മാധവപ്പണിക്കരും, രണ്ടാമൻ ഭാരതമാലാകൎത്താവായ ശങ്കരപ്പണിക്കരും, മൂന്നാമൻ രാമായണം മുതലായ പല പ്രബന്ധങ്ങളുടെ കൎത്താവായ രാമപ്പണിക്കരും ആകുന്നു. ഇവർ മൂന്നാളും ഒരേ വംശത്തിലെ അംഗങ്ങളാണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു.

രാമായണം ഉത്തരകാണ്ഡത്തിന്റെ ഒടുവിൽ ഇവരുടെ വംശത്തെപ്പററി താഴെ കാണുംപ്രകാരം ഒരു പ്രസ്താവനയുണ്ടു്:—

വാനലകിനസമമാകിയനിരണമ-
ഹാദേശേ താൻ വന്നുളനായാൻ,
ഊനമില്ലാത്തമഹാഗ്ഗുരുവരനാ-
യുടയകവീശ്വരനായ മഹാത്മാ,
മാനിതനാകിയകരുണേശൻപര-
മാത്മാവേ താനെന്നറിവുററ
ദീനതവാരാതേ മറേറാരോ-
ദേഹികളെപ്പോൽ വാണ്ണാൻ പലനാൾ.

ആനവനിരുവർ തന്നുജന്മാരുള-
രായാരവരുടെ സോദരിമാരായ്
മാനിനിമാരൊരുമൂവർ പിറന്നാർ
മററതുകാലമവൻതിരുവടിയും
താനടനേതന്നുടലൊട്ടുവേറായ്
താനേ പരമാത്മാവേയായാ-
നാനവനോടെതിരായ് വിദ്ദ്യാധിപ-
രായാർ പുനരവനുടെ തനയന്മാർ.

തനയന്മാരവരിരുവർക്കുസഹോ-
ദരിമാരാംമൂവർക്കും മകനാ-
യനുപമയാമവൾമൂവരിലിളയവ-
ളാകിയമാനിനി പെററുളനായാൻ,
ഇനിയമഹാദേവാജ്ഞയിനാലേ-
യിതമൊട്ടു വാലകനാകിയ രാമൻ
പുനരവനും നിജപാപം കളവാൻ
പുരുഷോത്തമകഥ ചൊൽകതുനിഞ്ഞാൻ.

ഇതിൽ ആദ്യംപറയപ്പെട്ട ആൾ ഭഗവദ്ഗീതാകർത്താവായ മാധവപ്പണിക്കരാണെന്നു വിചാരിക്കപ്പെടുന്നു. അദ്ദേഹം ആത്മജ്ഞാനംസിദ്ധിച്ച വിരക്തനായ ഒരു സുകൃ

DISTRIBUTING LIBRARY
No.............

തിയും സംസ്കൃതത്തിൽ ദൃഢമായ പാണ്ഡിത്യം സമ്പാദിച്ച ആളും വേദാന്തശാസ്ത്രപാരംഗതനും ആയിരുന്നു. അദ്ദേഹത്തിൻെറ പുത്രന്മാരിൽ ഒരാളാണു ഭാരതമാലാകർത്താവായ ശങ്കരപ്പണിക്കർ. ശങ്കരപ്പണിക്കരുടെ സഹോദരിമാരിൽ ഏററവും ഇളയവളുടെ മകനാണു പ്രസ്തുതകാവ്യകർത്താവും സുപ്രസിദ്ധനുമായ രാമപ്പണിക്കർ. ഈ രാമപ്പണിക്കർ തന്നെയാണത്രേ, സരസകവിശിരോരത്നമായ കണ്ണശ്ശപ്പണിക്കർ. രാമപ്പണിക്കരും കണ്ണശ്ശപ്പണിക്കരും രണ്ടാളാണെന്നുള്ള ഭാഷാചരിത്രകർത്താവിൻെറ അനുമാനം അസ്ഥാനത്തിലാണെന്നു് ചരിത്രാന്വേഷകന്മാരായ ആധുനികപണ്ഡിതന്മാർ സകാരണം സിദ്ധാന്തിക്കുന്നുണ്ടു്.

കണ്ണശ്ശപ്പണിക്കരുടെ ജീവിതകാലം, കൊല്ലവർഷം 500–നും 600–നും മദ്ധ്യേയായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിൻെറ ജനനം തിരുവല്ലാത്താലൂക്കിൽച്ചേർന്ന നിരണംപ്രവൃത്തിയിൽ തൃക്കപാലീശ്വരം എന്ന ക്ഷേത്രത്തിനു സമീപം, ഒരു ഭവനത്തിലാണു്. ആ ഭവനത്തെ ഇന്നും ഈ മഹാകവിയുടെ സ്മാരകമായി കണ്ണശ്ശൻപറമ്പെന്നു പറഞ്ഞുവരുന്നു. പണിക്കർ ബാല്യത്തിലേതന്നെ സംസ്കൃതത്തിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചു കവിതയിൽ പ്രവർത്തിക്കുവാൻതുടങ്ങി; സ്വതഃസിദ്ധമായ കവിതാവാസനയുടെ തള്ളലാൽ അദ്ദേഹം സാധാരണസംസാരിക്കുന്നതുപോലും കവിതയായിപ്പരിണമിച്ചിരുന്നുവെന്നും, അക്കൂട്ടത്തിൽ തൃക്കപാലീശ്വരംക്ഷേത്രത്തിൽനിന്നും തൻെറ ഭവനത്തിലേയ്ക്കു പോകാനുള്ളമാർഗ്ഗത്തെ നിർദ്ദേശിക്കുന്ന 'ചെമ്പൊടിരുമ്പുമുരുക്കുശരക്കോലമ്പത്തീരടിമുമ്പുവലത്തു്" എന്നവാക്യം ഒരിക്കൽ അദ്ദേഹത്തിൻെറ മുഖത്തുനിന്നു നിർഗ്ഗളിച്ചുവെന്നും കേൾവിയുണ്ടു്. ഇതിൻെറ അർത്ഥം, ക്ഷേത്രത്തിനടുത്തു്, ഒരു ചെമ്പുകൊട്ടി താമസിക്കുന്നതിനു സമീപമുള്ള മുരുക്കുപെട്ടിപ്പണിക്കാരൻെറ വീട്ടിനപ്പുറത്തു്,

ഒരു കൊല്ലൻ താമസിക്കുന്നതിനുമങ്ങേപ്പുറം ആശാരിതാമസിക്കുന്നിടത്തുനിന്നും അമ്പത്തുരണ്ടടിദൂരംചെന്നാൽ വലത്തുഭാഗത്താണു തൻെറ ഭവനമെന്നാകുന്നു. ഇത്തരം കൃത്രിമപ്പുണിത്തരങ്ങളുള്ള കവിതാശകലങ്ങളാൽ ജനങ്ങളുടെ പ്രീതിയെ അദ്ദേഹം സമ്പാദിച്ചതുകൊണ്ടായിരിക്കണം, വലിയ ഫലിതക്കാരനെന്നുള്ള പ്രസിദ്ധി കണ്ണശ്ശപ്പുണിക്കർക്ക് ഇന്നും നിലനിന്നുപോരുന്നതു്.

ഏതാനും ചെറുതരം പാട്ടുകളല്ലാതെ, മലയാളസാഹിത്യമണ്ഡലത്തിൽ ഗണ്യമായ സ്ഥാനംലഭിക്കത്തക്കയാതൊരു കൃതികളും ഇല്ലാതിരുന്നകാലത്താണു നിരണത്തുകൃതികളുടെ ഉത്ഭവം അവയിൽ ആദ്യകൃതിയായ ഭഗവദ്ഗീത, നല്ല ശബ്ദഭംഗിയും അർത്ഥപുഷ്ടിയും ഉള്ള ഒരു കൃതിയാണു്. ശങ്കരപ്പുണിക്കരുടെ ഭാരതമാലാ, മഹാഭാരതകഥയെ സംഗ്രഹിച്ചെഴുതീട്ടുള്ളതാകുന്നു.

കണ്ണശ്ശകൃതികൾ പിൽക്കാലം പ്രകാശിച്ചതു്, ചെറുതിരിയിട്ടു കൊളുത്തിയ വിളക്കുകൾക്കു പുറകേ കത്തുന്ന ദീവട്ടികൾ പുറപ്പെട്ടതുപോലെയാണു്. നിരണംകൃതികൾക്കുണ്ടായ പ്രശസ്തിയുടെ പ്രതിഷ്ഠയും കണ്ണശ്ശകൃതികളിലാണെന്നുള്ളതിനു സംശയമില്ല.

പ്രസ്തുത കൃതികളെല്ലാം എഴുതപ്പെട്ടിരിക്കുന്നതു്, ദ്രാവിഡഭാഷകളിൽ അക്കാലത്തു നടപ്പുണ്ടായിരുന്ന ഈരടികളെ പരിഷ്കരിച്ച, പുതുതായി സജ്ജീകരിച്ച ഒരുതരം മാത്രാവൃത്തത്തിലാണു്. നിരണംകവികളാൽ ഏപ്പെട്ടുത്തപ്പെട്ടതാകകൊണ്ടും, പിൽക്കാലം സംസ്കൃതത്തിനു പ്രചാരമുണ്ടായി, ഛന്ദോവൃത്തങ്ങൾ നടപ്പിലാകയാൽ അതു് അനുവർത്തിക്കപ്പെടാതെ നിന്നുപോകകൊണ്ടും അതിന്നു് നിരണവൃത്തം എന്നു പറഞ്ഞുവരുന്നു. നിരണവൃത്തത്തിനു നാലു വിഭാഗങ്ങളാണുള്ളതു്. അവയിൽ പ്രധാനം,

1. "ചൊല്ലേറും മന്നവംശപരമ്പര-
ശ്ശൂരനിരാമനരേന്ദ്രനിവണ്ണം"

ഈ മാതിരി വൃത്തമാണ്; ഈ വൃത്തത്തിലുള്ള ഒരു പദ്യത്തിൽ, 16 മാത്രകൾവീതമുള്ള രണ്ടു ഖണ്ഡങ്ങളോടു കൂടിയ നാലു പാദങ്ങൾ അടങ്ങിയിരിക്കുന്നു.

2 "ആർത്തിയൊഴിപ്പതിന്നവൾതന്നെയുററവർതന്നോടുംകൂ-
ടാക്കിനികുംഭിലാഗതനായ്രാവണനന്നു കണ്ടാൻ"

ഇങ്ങനെ 50 മാത്രകൾ ഒരു പാദത്തിൽ അടങ്ങിയ വൃത്തമാണ്.

3 "പുരിയതിൽവസിക്കുമക്കാലകേയാദിയാം
പൊലിവെഴുമരക്കരീരേഴിനെക്കൊന്നുപോയ്"

ഇങ്ങനെ 36 മാത്രകൾ പാദത്തിലുള്ളതും കിളിപ്പാട്ടിലെ "മണികാഞ്ചി"ക്കു തുല്യവുമായ വൃത്തമാണ്.

4 "ആരുമിനി നിന്നൊടമർചെയ്യുതിനു മററി-
ങ്ങായവർകളില്ല കമലോത്ഭവസമീപേ"

ഈമാതിരി പാദത്തിൽ 40 മാത്രകൾ ഉള്ളതായ ഒരു വൃത്തവുമത്രേ. ആദ്യത്തെ പ്രധാനവിഭാഗമൊഴിച്ച് മററുള്ളവ ചിലപ്പോൾ, ഒരേഭാഗത്തുതന്നെ ഒന്നിടവിട്ടും മററും കൂട്ടിക്കലർത്തി പണിക്കർ ഉപയോഗിക്കുമെന്നുള്ളതിനു ഈ ഉത്തരകാണ്ഡത്തിൽത്തന്നെ ഉദാഹരണങ്ങളുണ്ടു്.

പ്രസ്തുത കൃതികളിൽ കാണുന്ന പ്രാസനിയമം ഒരു പ്രത്യേകമാതിരിയാണ്. ദ്വിതീയാക്ഷരപ്രാസം ഇടവി

ടാതെ ദീക്ഷിച്ചിട്ടുള്ളതിനുപുറമേ, 'അന്താദിപ്രാസ' മെന്നു വിദ്വാന്മാരാൽ പേർകൊടുക്കപ്പെട്ട ഒരുതരം പ്രാസവും നിരന്തരമായിക്കാണ്മാനുണ്ട്. ഈ അന്താദിപ്രാസം, "നിറു ത്തെടുപ്പു"കൾ ഒരേരൂപത്തിൽവരുമ്പോൾ ഉണ്ടാകുന്ന ശ്രവണസുഖത്തിനായി മാത്രമല്ല, ഇടയ്ക്കു പദ്യങ്ങൾ വിട്ടു പോയാൽ അറിയുന്നതിനും തുടരെപ്പഠിച്ചു പാടുന്നവർക്ക് അടുത്തടുത്തുള്ള പദ്യങ്ങളെ നിഷ്പ്രയാസം ഓർമ്മിക്കുന്ന തിനുംകൂടിയായിരിക്കണം ഉദ്ദേശിക്കപ്പെട്ടിരുന്നതു്. ഏതാ യാലും ഇത്തരം പ്രാസം നിരണകൃതികൾക്കു പ്രത്യേക മായ ഒന്നാണു്.

കണ്ണശ്ശപ്പണിക്കർ ബാല്യത്തിൽ വിദ്യാഭ്യാസം ചെയ്യാതെ ഭക്ഷണത്തിനായി അലഞ്ഞുനടന്ന ഒരാളാ ണെന്നും, ഇരുപതുവയസ്സായതിനുശേഷം ഒരു ബ്രാഹ്മണ നോടു തന്റെ ദാരിദ്ര്യത്തെക്കുറിച്ചു സങ്കടംപറഞ്ഞപ്പോൾ, അദ്ദേഹം ഒരു വാഴപ്പഴംകൊടുത്തുവെന്നും പഴം തിന്നതു മുതൽ പണിക്കർ വിദ്വാനായിത്തീർന്നുവെന്നും ഒരു ഐതി ഹ്യം ഉണ്ടു്. ഈ ഐതിഹ്യത്തെയും അദ്ദേഹത്തെയും എഴുത്തച്ഛനെയും സംബന്ധിപ്പിച്ചുള്ള മററു പല ഐതി ഹ്യങ്ങളേയും വിദ്വാന്മാർ അത്ര ആദരിച്ചിട്ടില്ല.

തിരുവല്ലായിലാണു പണിക്കർ ജനിച്ചുവളർന്നതെ ങ്കിലും സ്ഥിരവാസം തിരുവനന്തപുരത്തിനു് അല്പം കിഴ ക്കുള്ള മലയിൻകീഴ് എന്ന സ്ഥലത്തായിരുന്നു. മലയിൻ കീഴിൽ കണ്ണശ്ശന്റെ ജന്മിമാരായ തിരുവല്ലാ, പത്തില്ല ത്തിൽപോററിമാരുടെ വകയായി ഒരു കൃഷ്ണൻകോവിലും കുറേ വസ്തുക്കളുമുണ്ടായിരുന്നു. പണിക്കരുടെ കുടുംബക്കാർക്കും അതുനിമിത്തം ഭവനവും വസ്തുക്കളും അവിടെ ഉണ്ടായി. ഇടയ്ക്കിടെ കണ്ണശ്ശപ്പണിക്കർ തിരുവനന്തപുരത്തും പോയി താമസിച്ചിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു.

പണിക്കരുടെ കവിതാഗുണങ്ങൾ സവ്വവിദിതങ്ങളാകയാൽ അവയെക്കുറിച്ചു പ്രത്യേകം ഞാൻ ഇവിടെ എടുത്തു പറയേണ്ട ആവശ്യമില്ലെന്നു വിചാരിക്കുന്നു. എങ്കിലും ഈ ഉത്തരകാണ്ഡത്തിൽനിന്നു തന്നെ ചമല്ക്കാരകരങ്ങളായ ഒന്നു രണ്ടു പദ്യങ്ങളെ ഇവിടെ എടുത്തുകാണിച്ചുകൊള്ളട്ടെ:—

അയോദ്ധ്യയിലെ ഒരു ഉദ്യാനത്തെ വർണ്ണിക്കുന്നതു നോക്കുക:—

ആയതചൂതചമ്പകചന്ദനാഗരുവിലപചാമ്പേ-
 യാസനകല്പകാദികളാമനേകമരങ്ങൾതിങ്ങി,
തൂയമണംപുണർന്നുയർവാർപൊഴിന്തകമേ തടാകം-
 തോറുമമന്ദ, പങ്കജകൈലവാസികളുംവിശേഷാൽ,
പോയിടതിങ്ങി മീതു പടന്നപുഷ്പലതാന്തരാളേ
 പൂമിമികുംപ്രദേശവിശേഷമെന്നിവ പാർത്തുകണ്ടാൽ
ആയതമായചൈത്രരഥത്തിനോടെതിരാമയോദ്ധ്യാ-
 യാമമരുന്നപൂമ്പൊഴിലൂടു മന്നവർകോൻ നടന്നാൻ.

ഭക്തിരസപ്രധാനമായ ഒരു പദ്യം.

അകമേ സർവ്വശരീരങ്ങളിലുമ-
 മന്നേകാത്മാവായ് മരുവീടിയ
സുഖരൂപന്താനെന്നടിമലർ തവ
 ചൂടുമവന്നറിയാമഖിലേശാ!
വിഗതാശങ്കമിവർണ്ണമതീവവി-
 രാജിതമായ്മരുവും തവ രൂപം
പുകഴ്ത്താനാരേ വല്ലഭമുള്ളവർ?
 പുരുഷോത്തമ! പുണ്യാത്മാവേ! ജയ.

ഉത്തരകാണ്ഡത്തിന്റെ ഒടുവിലുള്ള ബ്രഹ്മസ്തുതിയിൽ രാമായണംകഥ സംഗ്രഹിച്ചു്, ഓരോ പദ്യത്തിലും സരസമായവിധത്തിൽ ഞെരുക്കി അടക്കിയിരിക്കുന്ന സാമർത്ഥ്യം

അന്യാദൃശമാണു്. അതിനു് ഒരു ഉദാഹരണംമാത്രം ഇവിടെക്കാണിക്കാം.

അവനഥ ജാംബവദാദികളോടുഭ-
യാനകമായബിലത്തൂടേപോയ്
ഉപവി മികുത്തവിടെസ്സുമ്പാതിയു-
രത്തളു കേട്ടലയാഴികടന്നേ,
അവനിസുതയ്ക്കടയാളംനൽകിയ-
രക്കരെ വെന്നവിടം ചുട്ടേ മീ-
ണ്ടുപവിയൊടും കണ്ടേൻ ദേവിയെയെ-
ന്നരചെയ്യതുകേട്ടവനേ! ജയ ജയ.

ഇങ്ങനെ ഉദ്ധരിക്കാൻതുടങ്ങിയാൽ പ്രസ്താവന ദീർഘിച്ചുപോകുമെന്നുള്ളതുകൊണ്ടു മതിയാക്കുന്നു.

ഈ പുസ്തകത്തിൻെറ പ്രസാധകത്വം, നിരവദ്യമായ വിധത്തിൽ നിർവ്വഹിക്കുന്നതിനു വേണ്ട അവസരം എനിക്കു ലഭിച്ചില്ല. പല ഭാഗങ്ങളും മൂലത്തോടൊത്തു നോക്കി പരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നിയ തനുസരിച്ചു പ്രവൎത്തിക്കാനും സാധിച്ചില്ല. പുസ്തക ത്തിൻെറ അച്ചടി, തിട്ടുക്കത്തിൽ നടന്നതുകൊണ്ടും കൃത്യാ ന്തരബാഹുല്യത്താലും താളിയോലഗ്രന്ഥത്തിൽനിന്നും പദ്യ ങ്ങൾ പകൎത്തിയെഴുതി മുദ്രണശാലയിൽ ഏല്പിക്കാനും പ്രൂഫ്ഷീററുകൾ പരിശോധിച്ചു കൊടുക്കാനും മാത്രമേ സമയം കിട്ടീട്ടുള്ളൂ.

ഏകദേശം 60 സംവത്സരങ്ങൾക്കുമുമ്പെഴുതിയ ഒരു പഴയ താളിയോലഗ്രന്ഥമാണു്, ഈ പുസ്തകസജ്ജീ കരണത്തിനു് എനിക്കു കിട്ടിയ മൂലം. ഇത്തരം പഴയ ഗ്രന്ഥങ്ങളിൽനിന്നു പകൎത്തിയ പുസ്തകങ്ങളുടെ പ്രസാധ കത്വം വഹിക്കാൻ ഇടയായിട്ടുള്ള പണ്ഡിതന്മാൎക്കു് അതിൻെറ ദുർഘടത്വം ഏററെക്കുറെ അനുഭവത്തിൽ അറി യാവുന്നതാകയാൽ, ഞാൻ അതേക്കുറിച്ചു ഇവിടെപ്പറയ

ണമെന്നു വിചാരിക്കുന്നില്ല. കണ്ണശ്ശരാമായണത്തിലെ പൂൎവ്വകാണ്ഡങ്ങൾ വായിച്ചുള്ള പഴക്കം, വിശേഷിച്ചും ഈ ആരംഭത്തിൽ എന്നെ പലദിക്കിലും സഹായിച്ചിട്ടുണ്ടു്. സാധാരണ മലയാളികൾക്കു പരിചയമുണ്ടായിരിക്കാൻ ഇടയില്ലാത്ത ദ്രാവിഡവാക്കുകൾക്കും ദുർഗ്രഹങ്ങളാണെന്നു തോന്നിയ ഭാഗങ്ങൾക്കുംമാത്രമേ ഞാൻ ടിപ്പണം കൊടുത്തിട്ടുള്ളു. സംസ്കൃതപദങ്ങളെ അപ്പാടു വിട്ടിരിക്കയാണു്. രണ്ടാംപതിപ്പിന്നു് ഇടയാകുന്നപക്ഷം, മൂലവുമായി വച്ചു പരിശോധിച്ചു്, വിസ്തൃതമായ ഒരു ടിപ്പണവും എഴുതിച്ചേൎക്കണമെന്നാണു് എന്റെ പ്രത്യാശ.

ഉത്തരരാമായണംകിളിപ്പാട്ടു്, ഈ ഗ്രന്ഥത്തെ വളരെ അനുസരിക്കുന്നുണ്ടു്. അതു് അദ്ധ്യാത്മരാമായണം ഉത്തരകാണ്ഡത്തിന്റെ തൎജ്ജമയല്ലെന്നും കാണുന്നു. അതുകൊണ്ടു് വാല്മീകിരാമായണംഉത്തരകാണ്ഡത്തെ അനുസരിച്ചോ കണ്ണശ്ശരാമായണംഉത്തരകാണ്ഡത്തെ അനുസരിച്ചോ ആയിരിക്കണം ഉത്തരരാമായണംകിളിപ്പാട്ടെഴുതിയിട്ടുള്ളതു്. കിളിപ്പാട്ടുകാരനു ചിലദിക്കിൽ വഴി തെററീട്ടുമുണ്ടു്. ആ ഭാഗങ്ങളെ എടുത്തുകാണിച്ചു ചൎച്ച ചെയ്യാൻ ഇവിടെ അവസരമില്ലായ്കയാൽ ചുരുക്കുന്നു.

ഉത്തരകാണ്ഡത്തിനു പുസ്തകരൂപത്തിൽ ഇതു് ആദ്യത്തെ ആവിർഭാവമാകകൊണ്ടു്, പാഠഭേദങ്ങളായും കൈയെഴുത്തുഗ്രന്ഥത്തിലെ സ്ഖലിതങ്ങളായും മററും പലേ ന്യൂനതകൾ വന്നേക്കാൻ ഇടയുള്ളതിനെ മഹാജനങ്ങൾ ക്ഷമിക്കണമെന്നും, അടുത്ത പതിപ്പിൽ അവയെപ്പരിഹരിക്കുന്നതിനായി ഞങ്ങളെ അറിയിച്ചുതരണമെന്നും അപേക്ഷിക്കുന്നു.

പ്രസാധകൻ.

14-12-102.

# ശ്രീമഹാകണ്ണശ്ശരാമായണം

## ഉത്തരകാണ്ഡം.

---

ഹരിഃ ശ്രീഗണപതയേ നമഃ;

അവിഘ്നമസ്തു.

ചൊല്ലേറുംമനുവംശപരമ്പര-
ശ്ശൂരനിരാമനരേന്ദ്രനിവണ്ണം
പൊല്ലാനിശിചരരെക്കൊലചെയ്തേ
ഭൂപരിപാലനചെയ്തഴകോടേ,
നല്ലാർജാനകിയോടുമയോദ്ധ്യയിൽ
നാനാസുഖമൊടിരുന്നതുകാല-
ത്തെല്ലാമുനിവരുമന്നരവീരനെ-
യിതമൊടു കാണ്മാനായേ വന്നാർ. 1

ആരണരാകിയകണ്വനലാദിക-
ളന്നു കിഴക്കൻദിക്കതിൽനിന്നേ
ധീരതരൻ കൌശികനൊടു വന്നാർ
തേറിയഗസ്ത്യനുമായതുകാലം;
കാരണനങ്ഗിരസാ സഹ താപസർ
കനിവോടുതെക്കൻദിക്കതിൽനിന്നും
സാരതചേർധൌമ്യാദികൾ വന്നാർ
താപസർ പശ്ചിമദിക്കതിൽ നിന്നും. 2

യതിവരനായവസിഷ്ഠൻ കാശ്യപ-
നത്രി ഭരദ്വാജൻ ജമദഗ്നിയു-
മിതവിയവിശ്വാമിത്രൻ ഗൌതമ-
നിവരെഴുവരുമതുകാലത്തവിടേ,
മതിനലമീടിയ ശിഷ്യരുമായേ
വന്നാരുത്തരദിക്കതിൽനിന്നും
കതിരവനോടെതിരാമൊളിയോടിവർ
കനിവൊടു ഗോപുരദേശമണഞ്ഞാർ. 3

ആരണരേവരുമായ് മരുവീടുമ-
ഗസ്ത്യതപോധനനന്നരചെയ്താൻ
ദ്വാരപനോ,ടറിയിക്ക നരേന്ദ്രനു
ദ്വാരി തപോധനർ നാമുളരെന്നേ;
വീരശിഖാമണിയാകിയരാമനെ
വീണ്ണടിതൊഴുതറിയിച്ചാനവനും
സാരനഗസ്ത്യതപോധനനീടിയ
താപസരോടിഹ വന്നുളനെന്നേ. 4

എന്നതുകേട്ടെഴുന്നിന്നു നരേന്ദ്രനു-
മീടിയപൌരജനാദികളോടും
ചെന്നെതിർകൊണ്ടുതപോധനർതമ്മെ
ചേതതെളിഞ്ഞു സഭാതലമതിലേ
അന്നഴകോടുമിരുത്തിയനുജ്ഞയി-
നാലടിതൊഴുതാസനഗതനായേ-
യന്നരുസുഖമോയെന്നനരേന്ദ്രനൊ-
ടിനിയതപോധനനരുളിച്ചെയ്താൻ. 5

താരണിപാലശിഖാമണി നീ,പരി-
താപമിയന്നിഹ ജാനകിമൂലം,
ഘോരനിശാചരരാമരികൾക്കകു-
ലക്ഷയമേറെവരുത്തി വിശേഷാൽ,

പാരിത്തു പാലനചെയ്തൊളിർവോടനു-
ഭാവമിയന്നമരുന്നതുകണ്ടേ,
വീരതരാ! സുഖമായതിനേപ്പോൾ
വേറൊരുസൌഖ്യവുമില്ല നമുക്കോ. 6

ഇല്ല ദശാനനനെക്കൊലചെയ്തതി-
ലേതുമൊരാശ്ചര്യം നരവീരാ!
നല്ലസുരാസുരരേവരെയും നീ
നാഥാ!വെല്ലാകുന്നവനെന്നാൽ;
ചൊല്ലമർകുംഭനികുംഭമഹോദര-
ധൂമ്രാക്ഷാദികളാമവരും പുന-
രെല്ലയിലാബലമുള്ളദശാനന-
നിളയവനും മൃതനായാനല്ലോ. 7

ആയുധപാണികളിൽത്തലയാമതി-
കായനെ നന്നു ജയിച്ചപ്രകാരം,
നായകനായദശാനനനെയുമൊരു-
നാശമൊഴിഞ്ഞെതിർനിന്നുജയിച്ചേ
മായയിയന്നദശാനനപുത്രനെ
മന്നാ!വെന്നതിനൊന്നൊവ്വാ കേൾ
തീയനിശാചരരേവരെയും കൊല-
ചെയ്തപരാക്രമശക്തിയുമോർത്താൽ. 8

കാത്തരുളുന്നതപോധനജാതിക-
ളോടു മകിഴ്ന്തരചൻ ചോദിച്ചാൻ
കീർത്തിമികുന്തദശാനനനെക്കാൾ
കേവലമെന്തവനെസ്തുതിചെയ്വാൻ?
പേർത്തുമിരാവണിതൻവൃത്താന്തം
പെരികെവിരന്തറിവാനിച്ഛിച്ചേ-
നോത്തരുളിച്ചെയ്യ്കെന്നനരോത്തമ-
നോടു മുതിർന്നിതഗസ്ത്യനരത്താൻ. 9

ഉരചെയ്യാമവനുടെവൃത്താന്തവു-
മുടനതുമെന്നിയിരാവണനാദിക-
ളരിയനിശാചരവീരന്മാരുള-
വായപ്രകാരവുമവരുടെബലവും,
നിരുപമനാമജനോടു വരങ്ങളെ
നിതരാമവർകൾവരിച്ചു, ജഗത്ത്രയ-
മരുമയൊഴിഞ്ഞുജയിച്ചപ്രകാരവു-
മരചകളരചാ! കേട്ടരുളെന്നേ. 10

എല്ലാരിലുമധികൻ വിധിനന്ദന-
നിനിയപുലസ്ത്യതപോധനനാമൈവ
കല്യാണാത്മാവായുളനായാൻ
കാണാ കൃതയുഗകാലത്തരചാ!
ചൊല്ലാം മേരുവിനരികു തൃണാഗ്നിസു-
ഖേന തപസ്സുകൾചെയ്തുവസിക്കും-
നല്ലാശ്രമപദമെയ്തി വസിച്ചാൻ
നാനാഗുണമൊടവൻ പലകാലം. 11

പലപലകന്യകമാരതുകാലം
പരിചിയലുന്നതപോവനമതിലേ
നലമൊടു വന്നുകളിപ്പതുകണ്ടുന-
മുക്കിതുപദ്രവമെന്നു നിനച്ചേ
കലവിയലാത പുലസ്ത്യമഹാമുനി
ക്കുറിനനാശ്രമമിതിലിനി വന്നാൽ
ഉലവിയലാഗർഭം പുനരിവർകൾ-
ക്കുണ്ടായ്‌വരികെന്നന്നു ശപിച്ചാൻ. 12

മുനിവരശാപഭയേന കളിപ്പാൻ
മുററും കന്യകമാർ പിറേറന്നാൾ
വനമതിലാരും ചെൽവതിലച്ചാർ
ബാധവരായ്‌വാനായതുകാലം;

ഇനിയതപോബലമുള്ളനരേന്ദിര-
നെന്നുംതൃണവിന്ദുവിനുടയതനൂജാ
പുനരിതു താനറിയാതെ തത്രപു-
ക്കന്താൾ,സഖികളെയന്വേഷിച്ചേ. 13

ഏവരെയുംകാണാതെ സഖികളെ-
യെങ്ങുമുഴന്നുനടന്നവൾ കേട്ടാൾ
പൂവിലയന്നെതിരായുളനായപു-
ലസ്ത്യതപോധനവേദനിനാദം
താർവിശിഖൻവശയായ്‌വിളറിപ്പരി-
താപമിയന്നൊരുഗർഭമെനിക്കി-
ന്നേവമിതെന്തുണ്ടാവാനെന്നവ-
ളിടരൊടുതാതസമീപേ പോയാൾ. 14

പോയവൾചെൽവതു കണ്ടഴലോടുപ-
കന്നാനന്നു പിതാ തൃണവിന്ദുവു-
മായതലോചനയാമവളോട്ടത-
വാകൃതിയെന്തുപകന്നിതിതെന്നേ
നോയൊടുമൊട്ടവൾചൊല്ലിവിശേഷം
നരപതിനൊടിയിൽ വിരന്തറിവുററൊരു-
പായമിതേനവളോടു പുലസ്ത്യനു-
പാസനചെയ്യുമിടത്തിന്നു ചെന്നാൻ. 15

ചെന്നടിതൊഴുതു പുലസ്ത്യനൊടരുളി-
ച്ചെയ്താന്നരപതി, മുനിതിലകാ! കേൾ
ഇന്നു മമാത്മജയാമിവളെപ്പുന-
രിതമൊടുനിന്തിരുവടികൈക്കൊണ്ടാൽ
നന്നതു ചെയ്യരുളെന്നതു കേട്ടനു-
നയമോടവളെ വിവാഹംചെയ്താ-
നന്നു മുനീന്ദ്രനു,മന്നവളും ഭ-
ർത്താവിനയേ പരിപാലനചെയ്താൾ. 16

ചെയ്തപമുള്ള പുലസ്ത്യനമരുളി-
    ച്ചെയ്താനവളോടേറെ മകിഴ്ന്തേ
കൈതവമുള്ളിൽനിനക്കില്ലെന്നിതു
    കണ്ടേ ഞാനതിസന്തോഷിച്ചേൻ;
പൊയ്യടവാവേദശ്രവണം തവ
    പുത്രോദ്ഭവമിതിനൊരുകാരണമാ-
യെയ്തിയതതിനാൽ വിശ്രവസാഖ്യയി-
    യന്നുളവാക തവാത്മജനെന്നേ. 17

എന്നു പുലസ്ത്യനിയോഗത്താലേ-
    യിനിയകുമാരൻ വിശ്രവസാഖ്യൻ
വെന്നിമികുന്തവൾതന്മകനാകിവി
    ശിഷ്ടഗുണാകരനായുളനായാൻ;
അന്നു ഭരദ്വാജൻ നിജപുത്രിയെ-
    യവനു കൊടുത്താൻ; പുനരവൾമകനായ്
നന്നിമികുന്നുളനായാൻ പുത്രൻ
    നാന്മുഖനും മകിൾവുററാനതിനാൽ. 18

അതിഗുണവാനായ് വിശ്രവസാത്മജ-
    നായതിനാലേ വൈശ്രവണന്താ-
നിതവിയപുത്രനിവൻ പുനരെന്നജ-
    നിതമൊടു ചെന്നു വിളിച്ചാൻ പേരും;
മതിനലമുള്ള പിതാവിനുസമനായ്
    വളരായ്നിന്നകുമാരനിവൻ മ-
ററിതുവഴി നന്മവരുത്തുമിതിന്നെ-
    ന്നെണ്ണിയുറച്ചു തപസ്സുകൾ ചെയ്താൻ. 19

ആനവനവിടെ നാല്പത്തൊൻപതി-
    നായിരമാണ്ടൊരുകാലവുമേത്തും
ദീനതയെന്നി നിരാഹാരനുമായ്
    നിന്നു തപസ്സുകൾ ചെയ്വതുകാലം,

മാനിതനായ ചതുർമ്മുഖനേറെമ-
കിഴ്ന്നു മഹേന്ദ്രാദികളൊട്ടുമവിടെ-
ത്താനരികേ ചെന്നെന്നു സുതാ! തവ
താല്പര്യം ചൊല്ലെന്നരുൾചെയ്താൻ. 20

ആനതുകാലമജന്തിരുവടിയെയു-
മടിമലർതൊഴുതവിടേ വൈശ്രവണ-
ന്താനരചെയ്താനറിക ജഗത്ത്രയ-
നാഥാ! ഞാനിഹ ധനപതിയായേ,
മാനിതനാകിയദിക്‌പാലനുമായ്
വാഴ്‌വാനരുൾചെയ്യേണ്ണുന്നതുകേട്ടേ,
താനതിസന്തോഷിച്ചരുളിച്ചെ-
യ്താനവിടേ നാന്മുഖനവനോടേ. 21

ഏറെമുതിന്നിനി ദിക്‌പാലന്മാ-
രിന്ദ്രാന്തകവരുണന്മാരവർകളെ
വീറൊട്ടു നിർമ്മിച്ചിനി നാലാമതു
വേറൊരുവനെ നിർമ്മിപ്പാനായേ
മാറിലയാതതപോബലമതിനാൽ
മനസി നിനച്ചേൻ ഞാനെന്നാലിതു
കൂറിയപോൽ നീ ദിക്‌പാലനുമായ്
കുറവിയലാനിധിപതിയാകെന്നാൻ. 22

എന്നരചെയ്ത ചതുർമ്മുഖനപ്പൊഴു-
തേറെവിരന്തു വിമാനം പുഷ്പക-
മൻറവിടേ നിർമ്മിച്ചുകൊടുത്താൻ,
അറിയായിതു തവ വാഹനമെൻറ
വെൻറിതരുംവിരവോട്ടു വിമാനം
വേണ്ടിക്കൊണ്ടടിതൊഴുതരുൾകൊണ്ടേ
നിന്നവിരിഞ്ചാദികൾ പോയളവുനി-
ധീശൻ താതസമീപേ ചെൻറാൻ. 23

ചെൻറടിതൊഴുതു പിതാവിനൊടുടനരുൾ-
ചെയ്താൻ വൈശ്രവണൻ മമ താതാ,
നൻറികൊൾദിക്പാലത്വം തന്നോൻ
നാന്മുഖനരിയവിമാനവുമെന്നാൽ,
വെന്നിവരുംപരിചൊരിടമിരിപ്പാൻ
വേണ്ടുകയുണ്ടിതിനാമിടമേതെ-
ൻെറന്നരുൾചെയ്യുന്നളവുനിരൂപി-
ച്ചിതുകേളെന്നു പിതാവറിയിച്ചാൻ. 42

അറിക നിശാചരവീരന്മാർക്കാ-
യഴകൊടുവിശ്വകർമ്മാ നിർമ്മിച്ചാൻ
നിറമിയലുന്ന മഹേന്ദ്രാലയമൊടു
നികരാകിയലങ്കാപുരി മുന്നം;
കുറവിയലാതവിടേ മരുവീടിയ
കൊടിയ നിശാചരരന്നമരന്മാ-
ർക്കുരുതിവരുത്തിയമൂലം നാരാ-
യണനവർക്കളെയമരിൽക്കൊലചെയ്താൻ. 25

ആനതുകാലമതീവമഹാബല-
രായനിശാചരവീരരിലേ ചിലർ,
ദീനതയോടവിടേമരിയാതേ
നിന്നവർപാതാളത്തിനുപോയാർ;
ആനതുകാരണമായേ ദക്ഷിണ-
മാമലയാഴിയിൽ മാമലതന്മേൽ,
മാനിതയാകിയലങ്കയിലാരും
വാഴ്‌വതുമില്ല നിശാചരർതാമും. 26

ഉമ്പർപുരിക്കെതിരാകിയലങ്കയി-
ലൊന്നുമുപദ്രവമെന്നിയിരിക്കാ-
മിമ്പമൊടിനി നീയെൻറപിതാവിനൊ-
ടേറെമകിഴ്‌ന്തരുൾകൊണ്ടു നടന്നേ,

പിന്നവിടം പുതുതായ് നിർമ്മിച്ചൊരു
പീഡയൊഴിഞ്ഞു പുകുന്നു വസിച്ചാൻ
നമ്പൂകഴീടിയവൈശ്രവണന്താൻ
നരവരനേ! എന്നാൻ മുനിതിലകൻ. 27

മുനിവരനാകിയ കുംഭോദ്ഭവനിവ-
മൊഴിവതു കേട്ടതിവിസ്മയമോടേ,
മൻകുലജാതനിരാമനരേന്ദ്രൻ
മഹരിഷിയോടേ ചോദ്യഞ്ചെയ്താൻ,
ഇനിയപുലസ്ത്യകുലോദ്ഭവർ നിശിചര-
രെന്നപുരാ മമ കേളിയതല്ലാ-
ലനുപമരായനിശാചരവീര-
ന്മാരതിൽമുമ്പുളരായതുമറിയേൻ. 28

അറിയേനവർകളിലങ്കയിൽ വാണപ്ര-
കാരവുമവർകളെയെന്തോ മൂലം
തിറമേറിയനാരായണനന്നമർ-
ചെയ്തുയിർകൊണ്ടപ്രകാരവുമെല്ലാം.
അറിയാമാറു നമുക്കരുളിച്ചെ-
യ്തരുളുക വിസ്തരമായെന്നതു കേ-
ട്ടറിവോയാക നരേന്ദ്രാ ചൊൽവന-
ശേഷവുമെൻററിയിച്ചാൻ മുനിവൻ. 29

അമ്പൊടയന്തിരുവടി തപമോട്ടട-
നരിയജലം നിമ്മിച്ചാനാദര
പിന്നവിടേ നിമ്മിച്ചാൻ ചിലരെ-
പ്പേർത്തവർകളുമയനോടു പറഞ്ഞാർ:
സമ്പ്രതി പൈദാഹാദികൾതീർപ്പാൻ
സാധനമെന്തെങ്ങൾക്കെന്നതു കേ-
ട്ടിമ്പമിയൻറു ചിരിച്ചേ 'രക്ഷ്യതാ'-
മെൻറവരോടയനരുളിച്ചെയ്താൻ. 30

ആനതുകേട്ടേ രക്ഷ്യാമോ വയ-
മാകുലമില്ലെന്നാരതിലേ ചിലർ;
ഊനമൊഴിഞ്ഞേ 'യക്ഷ്യാമോ വയ'-
മൊണ്മെയിതെന്നാരന്നപരന്മാർ;
മാനിതരാകിയരക്ഷോയക്ഷ-
ന്മാരായ്‌വരിക വിരന്തിനി നമ്മോ-
ടൂനമൊഴിഞ്ഞതുചൊന്നതുകാരണ-
മുടനന്നയനവരോടരുൾചെയ്താൻ. 31

അരുളൊടയന്തിരുവടിയരുൾചെയ്തള-
വതിനാലേ രാക്ഷസരായീ ചിലർ;
നിരുപമരാകിയയക്ഷരുമായാർ;
നിശിചരരായവർകളിലതുകാലം;
വരഗുണനാകിയഹേതി,പ്രഹേതിമ-
ഹാബലരിവർ, മധുകൈടഭസമരാ-
യിരുവരുമുളരായാർ കാലനു ഭഗിനിയെ-
യഥ ഹേതി വിവാഹംചെയ്താൻ. 32

താനവിടെത്തപമോടു പ്രഹേതിത-
ദാ ദാരക്രിയചെയ്തതിളച്ചേ;
ഊനമിലാഹേതിക്കൊരുസുതനാ-
യുളനായാനഥ വിദ്യുൽകേശൻ;
മാനിതയാകിയസാലകടങ്കയു-
മുററുളയായാൾ സന്ധ്യാത്മജയാ-
യാനവൾതന്മെ വിവാഹംചെയ്താ-
നനുപമനാകിന വിദ്യുൽകേശൻ. 33

അമ്പൊടുകൂടവൾ വിദ്യുൽകേശനു-
മായുടനെങ്ങു നടന്നുകളിച്ചാൾ;
വമ്പിലകുന്നകുമാരനെയന്നാൾ
മന്ദരശൈലസമീപേ പെററാൾ;

പിന്നു തന്നുജനെയിട്ടുകളഞ്ഞേത
    പേത്തും വിദ്യുൽകേശനുമായേ
തുമ്പമൊഴിഞ്ഞുകളിച്ചേ പോയാൽ;
    സുതനതിദാരുണമായ്മുറയിട്ടാൻ. 34

മുറയിട്ടുവതുകാലത്താകാശേ,
    മുകിൽമലമാതുമയാളൊട്ടുകൂടി,-
പ്പിറയണിയുഞ്ചടയൻ പുരവൈരിപി-
    നാകധരൻ പരമേശ്വരനമലൻ
മിറഡന്തിരുവടിയെഴുന്നരുളെക്ക-
    ണ്ടാനാദിത്യോദയസമമായേ
നിറമിയലുന്നനിശാചരപുത്രൻ
    നിലമതിലഴുതുകിടന്നപ്രകാരം. 35

കാരുണികൻ പരമേശനുമാപതി
    കണ്ടു കനിഞ്ഞുമമാതുരചെയ്തെ-
ത്താരണിമീതിലിറങ്ങിയെടുത്തതി-
    സന്തോഷിച്ചു വരങ്ങൾ കൊടുത്താൻ;
നീരുജനാ,കമരത്വമിയന്നുനി-
    രാകുലനായേ യൌവനമോടും
പാരിതിൽ വാഴ്ക സുകേശാ യെന്നാം
    പശുപതിയസുരവരാത്മജനോടേ. 36

ഏറെവിരന്താകാശഗമാംപുര-
    മിന്ദുകലാധരനായജഗൽപതി
വേറവിടേ നിർമ്മിച്ചുകൊടുത്താൻ
    വീരതരാ- തവ ഭവനമിതെന്നേ;
ഏറെമുതിന്നനിഷേകാന്തരമേ,
    പ്രസവിക്കുന്നനിശാചരിമാരിനി
മാറിലയായാത്മജയൌവനവും
    വരികന്നേയെന്നാളുമമാതും. 37

ഉമ്പർപുരാനഖിലേശനുമാപതി-
യുടെപരിചാരകനായാകാശേ
തുമ്പമകന്നമരുംപുരി വാണ്ണസു-
കേശനുടയമാഹാത്മ്യംകണ്ടേ
തൻപ്രിയപുത്രിയെയന്നു സുകേശൻ-
തന്നെവിളിച്ചിതമോട്ടു കൊടുത്താൻ
വമ്പിലകംഗന്ധർവ്വൻ ഗ്രാമണി
വൈകാതവനവളെക്കൈക്കൊണ്ടാൻ. 38

ആനവരംവേദവതിക്കു സുതന്മാ-
രായേ മൂവർ പിറന്നുളരായാർ
മാനിതരാകിയമാല്യവദാദികൾ
മററു സുമാലിയും മാലിയുമിവർതാൻ;
ഊനമിലാവരദാനകൃതൈശ-
ര്യോദയമാത്മപിതാവിനുമുമ്പു-
ണ്ടാനതറിഞ്ഞു പരന്തപസാ സക-
ലാനുഭവങ്ങളുമെന്നു മുതിന്നാർ. 39

എന്നു നിനന്തവർ മൂർത്തിത്രയമോ-
ടിങ്ങു ജഗത്ത്രയമഗ്നിത്രയവും
കൊന്നുമടിപ്പതിനായടൽതോറും
കോപമിയന്നുടനാത്മത്രയവും,
നന്നിവരുത്തിയ ശക്തിത്രയവും
നാട്ടകിലിന്നവർമൂവക്കുംനേ-
രെന്നുസമസ്തജനംപറയുംപരി-
ചേവരുമൊത്തുതപസ്സിനു പോയാർ. 40

പോയവർ മേരുസമീപേ ചെന്നുപു-
കുന്തു നിരാഹാരന്മാരായേ
കായവിശോഷണമായതപസ്സുക-
രുത്തൊട്ടുചെയ്തു തുലോംനാൾ നിന്നാർ;

നായകനായ ചതുർമുഖനന്നന-
യേന തപോവനമെത്തിയുരത്താൻ
ത്തുയനിശാചരരേ! വേണ്ടുന്നതു
ചൊൽക വരം തരുവൻ ഞാനെന്നേ. 41

എന്ന ചതുർമുഖനെത്തൊഴുതവർകളി-
രന്നാരരികളിലിന്നൊരുവർക്കും
നന്നമർചെയ്തുജയിക്കണമെന്നതായേ
ദീർഘായുസ്സുകളാകേണം നാം;
എന്നവരോടതവണ്ണംവരികെ-
ന്നേകിയനാന്മുഖനും നിജലോകേ
ചെന്നുപുകുന്നതുകാലം നിശിചരർ
ചിന്തവെടിഞ്ഞു തപസ്സമടിച്ചാർ. 42

ചാരണസിദ്ധസുരാസുരജാതികൾ
ചാലവുമന്നിടരുറേറ മുററും,
ഘോരനിശാചരരാമിവരേറിയ
കോപമിയന്നുപരോധംചെയ്യേ
സാരൻവിശ്വകർമ്മാവിനെയന്നതി-
സന്തോഷിച്ചുവിളിച്ചവർ ചൊന്നാർ
പാരിലതീവമനോഹരമാകിയ
ഭാഗത്തൊരുപുരി നിർമ്മിക്കെന്നേ. 43

എന്നവരോടറിയിച്ചാൻ പുനരവ-
നിന്ദ്രനിയോഗത്താലേ നിർമ്മി-
ച്ചന്നൊരുമുപ്പതുയോജനവിസ്തൃത-
മായലയാഴിയിൽമാമലമീതു്;
നന്നിമികന്തമരാപുരിസമമായ്
നാനാസുഖമൊട്ടക്കൂടിയ ലങ്കാ;-
യിന്നവിടത്തിലിരിക്കാന്തെങ്കട-
ലെയ്യുക ചെന്നതിനായിനിയെന്നേ. 44

ഇനിയതു ചെയ്യാമന്നവർമൂവരു--
മീടിയരാക്ഷസസൈന്യത്തോടേ
മനസി മഹാസുഖമായേ ലങ്കയിൽ
വടിവൊടുചെന്നുപുകുന്നു വസിച്ചാർ;
അനുപമഗന്ധർവ്വസ്ത്രീനർമ്മദ-
യാത്മജമാരെയവർക്കുകൊടുത്താൾ
കനിവൊടുമൂത്തിരമാംനാൾകൊണ്ടേ
കൈക്കൊണ്ടാരവർകളെ നിശിചരരും. 45

നിശിചരവരനാകിയമാല്യവത-
ന്നിരുപമഭാര്യാസുന്ദരിസുന്ദരി
ശശധരബിംബസമാനനനെ പെററാൾ
ചപലനലാവജ്ഞോപമമുഷ്ടിയെ,
ദിശി പുകൾമരുവുംമത്തോന്മത്തൻ
നിശിചരനോടു വിരൂപാക്ഷനെയും,
കൃശതയിലാദുർമ്മഖസുപ്തഘ്നരെ
കേവലമെജ്ഞാന്തകനെയുമവിടെ. 46

അവൾമകളായുളവായാളനലയു-
മനുപമകേതുമതീതനയൻമാ-
രുപവിമികുത്തസുമാലിതന്നിക്ക-
ങ്ങളരായാഢ സന്തതിയായേ,
ഭുവനഭയാവഹനായപ്രഹസ്തൻ
പൊലിവിയലുംവികടൻ ധൂമ്രാക്ഷനു-
മിവർകളിൽനല്ലസുപാർശ്വനകമ്പന-
നിന്ദ്രസമൻ ദണ്ഡൻ സംഹ്രാദിയും. 47

ആദിപുരാനുസമാനപ്രഹസ്തനു-
മനുപമനാകിയഭാസശ്രവണൻ
മേദുരനാകിയകാലധനുസ്സും
പേരിവർകൾക്കു; സഹോദരിമാരായ്

നീതിമികത്തതിപുഷ്പോൽകടയും
നിരുപമകൈകസികുംഭീനസിയും
താതന്നു ചിത്തസുഖംവരുമാറിവർ
തദനു പിറന്നു വളൎന്നുളരായാർ. 48

ആയതലോചനയാകിയവസുധയി-
ലന്നുളരായാർ മാലിസുതന്മാർ
ന്നുയവനാമനലനുമനിലനുമൊരു
ത്തുലവിയലാവരനും സമ്പാതിയും
മായയിയന്നനിശാചരവീര-
ന്മാരിവർമൂവരുമാത്മജർതാമും
തീയനിശാചരസേനയൊടെങ്ങും
തേറിനടന്നു മുതിൎന്നിടർചെയ്താർ. 49

ഇടരൊട്ടുമുനിസുരയക്ഷാദികളിവ-
രെന്തോചെയ്യോമെന്നവരവരേ
കട്ടകെമഹാദേവാലയമെയ്തി-
ക്കണ്ടുകരന്തൂപണിന്തുരചെയ്താർ
മുടിവിയലാതമലാ!വിമലാ!ജയ
മുനിജനമാനസതാരിൽനിരന്തര-
മുടനമരുംപരമേശാ! കേട്ടരു-
ള്ളവാകിയവാൎത്തകളിതുകാലം. 50

ഇതുകാലത്തു സുകേശസുതന്മാ-
രിന്ദ്രാദികളെയുമാട്ടിയകററി
പ്രതിയോഗിപ്പവരെക്കൊലചെയ്തേ
ഭീഷണരായുളർ മൂവുലകത്തും
മതിമാനിന്ദ്രനഹം രുദ്രോഹം
മധുസൂദനനഹമഹമിഹ ധാതാ
കതിരോനഹമെന്നെല്ലാംവാൎത്തകൾ
കരുതാർ നിശിചരരാമവർകൾക്കോ. 51

ആമലവുംവൈകാതിനിനിന്തിരു-
വടിയവർകളെവധചെയ്തു ജഗത്ത്രയ-
തീമകെട്ടുത്തരുളെന്നവരവരേ
ദീനതയോട്ടരചെയ്തതുകേട്ടേ,
സോമനമർത്ത്യവരൻപുരവൈരിസു-
കേശനിലേറിയതാല്പര്യത്താൽ
തീമയവക്കുണ്ടാകിലുമവരെ-
ച്ചെമ്മേകൊൽവതെനിക്കരുതെന്നേ. 52

എന്നാൽ ഞാനൊരുപായംചൊല്ലാ-
മീടിയസുരമുനിയക്ഷാദികളേ!
ചെന്നാദരവൊടു പാൽക്കടൽപുക്കജ-
നാർദ്ദനനോടിയവസ്ഥകളെല്ലാം
ഇന്നാദരവൊടുചൊല്ലമഹാത്മാ
നിമിഷംകൊണ്ടിടർതീർക്കുമിനിപ്പോ-
കെന്നാനീശനവൻതിരുവരുളാ-
ലിടരൊടുദേവാദികളുംപോയാർ. 53

ആർകലിമീതരവണമേൽമരുവുമ-
നന്തനനാദിമുകുന്ദനെവാനോ-
രാകമറിഞ്ഞതുകാലംചെന്നമ-
ലാലയവായ്കരെനിന്നു പുകണ്ണാർ;
ഏകനുമായൊരുകാലവുമേയഴി-
വേതുമിലാവടിവായൊളിവായേ
ശോകഭയാദികളേതുമിലാതസു-
ഖാത്മകനേ!ജയ നാരായണ!ജയ. 54

നാരായണ!പുരുഷോത്തമനേ!ജയ
നാനാഭേദജഗൽക്കാരണ!ജയ
കാരാർകുഴൽമലർമാനിനിതാനൊരു-
കാലവുമേപിരിയാതവനേ! ജയ

പേരായിരമുടനാഥാ! ജയ ജയ
പേടികെട്ടുത്തുഭരിപ്പവരെങ്ങളെ-
യാരേ നിന്തിരുവടിയല്ലാൽമ-
റ്റഖിലേശായെന്നാരമരന്മാർ. 55

അമരകളന്നറിയിച്ചാർ കാര്യ്യവു-
മറികൊരുമൂവർസുകേശസുതന്മാർ
കമലജനോട്ടുവരങ്ങൾവരിച്ചതു-
കാരണമായതിഗർവ്വിതരായേ
സമരപരായണരായ്‌വിശ്വത്തിനു
താപമിയറ്റുന്നോരവർകളെയിനി-
യമരിലെതിർത്തുയിർകൊണ്ടുഭരിച്ചരു-
ളാദരവോടെങ്ങളെയിനിയെന്നേ. 56

എന്നുപുകഴ്ന്നറിയിച്ചതുകേട്ടുട-
നെഴുന്നിന്നഖിലജഗല്പതിമാധവ-
നന്നവരോടരുളിച്ചെയ്താൻ, പുന-
രരിയസുകേശനെ ഞാനറിവുറ്റേൻ;
ഇന്നവനുടെസുതർമാല്യവദാദിക-
ളാമവരുടെബലവീര്യ്യവുമറിവൻ;
കൊന്നുമുടിച്ചവർകളെയിടർതീർപ്പാൻ
കുറവിതിനില്ല നമുക്കിനിയെന്നേ. 57

ഇനിയകതാരിലിളയ്ക്ക വിഷാദമി-
തംവരുമേതൊരുജാതിയുമെന്നേ
കനിവൊടുനാരായണനരുൾചെയ്തതു-
കാരണമായതിനിർഭയരായേ,
പുനരരുൾകൊണ്ടമരന്മാർപോയാർ
പൊലിവൊടുവാർത്തകളെല്ലാംകേട്ടേ
മനസി വിഷാദമിയന്നറിവിച്ചാൻ
മാലിസുമാലികളോടഗ്രജനും. 58

ഉമ്പർപുരാനഖിലേശനമാപതി-
യോടമരേന്ദ്രാദികളവരവരേ
ത്തുമ്പമിയന്നറിയിച്ചാർ നമ്മുടെ
ദൂഷണമൊട്ടൊഴിയാതിതുകാലം,
പിൻപവരെക്കൊലചെയ്യുന്നളവുപി-
നാകി ശിരസ്സൊടു കൈയുമിളക്കി-
തൻപ്രിയനായസുകേശനെ നമ്മുടെ
താതനെയോർത്തു നമുക്കരുതെന്നാൻ. 59

അരുളുക നായകനായമഹേശന-
നത്തമരന്മാരോടരുൾചെയ്താൻ
തിരുമരുവിയതിരുമാർവനെ നിങ്ങൾ
തിറത്തൊടുകണ്ടിയവസ്ഥകൾചൊന്നാൽ
അരുമയൊഴിന്തവരെക്കൊലചെയ്യു-
മവൻപുനരെന്നതുകേട്ടമരന്മാർ
പെരുകെവിരന്തലയാഴിപുകന്തേ
പീതാംബരനൊടവസ്ഥകൾചൊന്നാർ. 60

ചൊന്നമഹേന്ദ്രാദികളൊടുവിഷ്ണുസു-
ഖംവരുമാററിയിച്ചാ,നിനി ഞാൻ
അന്നനിശാചരരേവരെയുംകൊ-
ന്നാകുലമില്ലാതാക്കുവനെന്നേ
മുന്നവുമേറെനിശാചരർതമ്മെമു-
ടിച്ചവനാകയുമുണ്ട വനെന്നാ-
ലുന്നുക നാശമിതിന്നുവരുന്നതൊ-
ഴിപ്പാൻവഴിയെന്തെന്നാനസുരൻ. 61

അമ്പൊടുമഗ്രജനേവമുരത്തള-
വവനൊടുമാലിസുമാലികൾ ചൊന്നാർ
ത്തുമ്പമൊരിക്കലുമില്ല നമുക്കു സു-
രേന്ദ്രാദികളൊടെതിർത്തുജയിപ്പോം;

സമ്പ്രതി വിഷ്ണുവിനില്ലൊരുദോഷം
സാഹസമമരന്മാക്കിതിനെന്നാൽ
വൻപൊട്ടുചെന്നമരേന്ദ്രാദികളെവ-
ധിപ്പോം നാമിനി വൈകാതെന്നേ. 62

എന്നനിശാചരവീരന്മാർ പൊരു-
തിന്ദ്രാദികളെമുടിപ്പാനായേ-
യന്നു തുനിഞ്ഞതറിഞ്ഞു നിശാചര-
രളവില്ലാതളവന്നുളരായാർ;
വെന്നിമികുംഗജവാജിരഥാദികൾ
വേരുമൃഗങ്ങൾ വിഹംഗമജാതികൾ
എന്നിവകേറിമുതിന്നായുധവുമെ-
ടുത്തുപിടിച്ചമർചെയ്യതിനായേ. 63

അമരുലകിന്നു നിശാചരസൈന്യമ-
തീവ മഹാകോലാഹലമോടേ
സമരരസേന കളിച്ചുമദിച്ചേ
സംഭ്രമമോട്ട നടന്നതുകാലം
ഭ്രമമധികംവരുമാറുനിമിത്ത-
പ്പിഴയുളവായവയാദരിയാതെ
ശ്രമമറിയാതസുകേശസുതന്മാർ
ചെന്നാരിന്ദ്രാദികളൊട്ടുപൊരുവാൻ. 64

വാനവർ മുമ്പവർചെൽവതറിഞ്ഞുമ-
ഹാപുരുഷൻനാരായണനോടേ
ദീനതപൂതരെ ചിട്ടറിയിച്ചനി-
മിത്തമവൻതിരുവടിയമർചെയ്യാൻ
മാനിതനാംഗരുഡൻമീതേറിവ
രായുധജാലവിഭൂഷിതനായേ
താനെതിർചെൽവതുകണ്ടു നിശാചരർ-
താമുമതീവ മുതിന്നെതിർചെന്നാർ. 65

ചെന്നനിശാചരവിരർചിനത്തൊട്ട
ചെകിട്ടുപെടാത്തുമഹാശരവർഷം
നിന്നപുരാണപുമാനുടെമേലതു-
നേരംവർഷിച്ചാരവരവരേ;
അന്നതിനൊന്നിളകാതേനിന്നജ-
നാർദ്ദനനംപള്ളിവിൽകൈക്കൊണ്ടേ
ചെന്ന ശരങ്ങളെയെയ്തു ചെറുത്തുജി-
തശ്രമനായ് നിശിചരരെ മുറിച്ചാൻ. 66

ആനതുകാലം നിശിചരമെയ്കളി-
ലഖിലജഗൽപതിയെയ്തശരാവലി
വാനിടെ മിന്നലെന്നംനിറമോടതി-
ബാധവരുംപടിയൂട്ടുരുവിപ്പോയ്
ഉരനമൊഴിഞ്ഞു പിളന്നു മഹീതല-
മുടനേ പാതാളത്തിനു പോയള-
വാനവകൊണ്ടഥ കൈകാൽതലമുത-
ലാമവയററു നിശാചരർ വീണാർ. 67

ആർകലിപോലലറുന്നനിശാചര-
രായുധവാഹനഭൂഷണജാതികൾ
വേഗമിയന്നുമുറിഞ്ഞുടലോട്ടയിർ
വേറുപെട്ടംപടി വാളികൾകൊണ്ടേ
ആകുലമോട്ടുടൻ മന്നിടെവീണ്ണള-
വംബുജലോചനനും നിജശംഖം
പാർകുലയുംപരിചേറെമുതിൻ ഭ-
യാനകമാമൊലിപൊങ്ങി വിളിച്ചാൻ. 68

പൊങ്ങിയവാരണവാജികൾ വീണ്ണന
ഭൂമിയിൽ മേദിനി കമ്പിതയായാൾ
അങ്ങു നിശാചരർ നിന്നവർതാമുമ-
തീവ വിറച്ചു ഭയത്തൊടു വീണ്ണാർ;

തങ്ങിയശംഖധ്വനിനാദംകേട്ടും
തത്ര ശരാവലിയേററും നിശിചരർ
എങ്ങിഹ നാമിനി പോവോമെന്നവ-
രിടരൊട്ടു പോയാർ ശേഷിച്ചവരും. 69

അവരവരേ രജനീചരജാതിക-
ളമരിൽമരിച്ചപ്രകാരവുമപ്പൊഴു-
തവിടേനിന്നനിശാചരർപോവതു-
മന്നു സുമാലി ചിനത്തോടു കണ്ടേ
ഭുവനമനന്തു നടുങ്ങുംവണ്ണം
പൊലിവിനൊടാത്തഖിലേശ്വരനുടെമേൽ
അവനുമഹാശരവർഷംവർഷി-
ച്ചതിദാരുണമാമ്മാറമർചെയ്താൻ. 70

അമരവരൻനാരായണനപ്പൊഴു-
തവനുടെസൂതനെയെയ്തുയിർകൊണ്ടാൻ;
ഭ്രമമധികംവരുമാറതുകണ്ടു ചെ-
രുംപോർചെയ്താൻ മാലി ചെറുത്തേ;
ശ്രമമവനണ്ടാമ്മാറുജഗൽപതി
തേരൊടുവില്ലുമഴിച്ചേറെയ്താൻ;
അമയുമിതെന്നവനുംഗദകൈക്കൊ-
ണ്ടവിടേ വിനതാസുതനെയടിച്ചാൻ. 71

വിനതാസുതനതുകൊണ്ടു തളൻവി-
രഞ്ഞു തിരിഞ്ഞു പറന്നതുകണ്ടേ
മനസാ സന്തോഷിച്ചാർ നിശിചരർ
വാരിജലോചനനും പുനരപ്പോൾ,
ഘനമീടിയനിജചക്രമെറിഞ്ഞുക-
രുത്തൊടു മാലിശിരസ്സുമുറിച്ചാൻ;
മുനിചാരണദേവാദികളരിന്മു-
കുന്ദനെവാഴ്ത്തീയിതത്തൊടുമാത്താർ. 72

ആർത്തിമുഴത്തുവരുംപരിചന്നഖി-
ലായുധപീഡിതരായെതിർനില്പാൻ
പേർത്തരുതെന്നുനിശാചരർ നിന്നവർ
പേടിയൊടോടിയപോതഖിലേശൻ
ക്രുത്തശരാവലി തൂകിയതിവമു-
റിച്ചുമുറിച്ചവർപിമ്പേചെൽവതു
പാർത്തുതിരിച്ചു ജഗൽപതിയോടുപ-
റഞ്ഞാൻ മാലിസുമാലികൾമുന്നോൻ. 73

മുന്നേ നില്പവർതന്നോടെന്നിമു-
റിഞ്ഞിടരോടോടുന്നവർതമ്മൊടു
പിന്നേ ചെന്നമർചെയ്യതുപററാ
പിഴയിയലാനരകുണ്ടാമതിനാൽ;
മുന്നമിവെല്ലാം കേട്ടറിയായോ
മുററിയയുദ്ധശ്രദ്ധകെട്ടപ്പാ-
നെന്നോടിനിയമർചെയ്കതിനായ്ഞാ-
നിതി നിന്നേനെന്നാൻ നിശിചരനും. 74

ഉമ്പരെ വെന്നനിശാചരർനിങ്ങളെ-
ക്കൊന്നുമുടിച്ചവർകൾക്കിടർതീർപ്പാൻ
മുമ്പവരോടു പറഞ്ഞേൻ ഞാനതു-
മൂലം പാതാളത്തിനു വന്നും,
തുമ്പമിയററുവനില്ലയതിന്നൊരു
ദൂഷണയെന്നജഗല്പതിതന്മേൽ
വമ്പിലകുന്ന നിശാചരവീരൻ
ബാഹുബലത്തൊടുടൻ വേൽ വിട്ടാൻ. 75

ആനതുചെന്നണിമാറിലമിഴ്ന്നള-
വാകുലമെന്നി മുതിൻ്റു പറിച്ചേ
താനതുതന്നെയവൻവളർമാവിൽ-
ച്ചോട്ടിനനന്നു മുനിന്തഖിലേശൻ;

ദീനതയോടതുകൊണ്ടു തളന്നെതിർ-
നിന്നുടനാശപാസംപെററവിടേ
വാനവർവൈരിമഹാപുരുഷൻമേൽ
വാധ്വാവരുംപടി വിട്ടാൻ ശൂലം. 76

അംബുജലോചനനാകിയദേവനെ-
യന്നു നിശാചരവീരനണഞ്ഞേ
വമ്പിയലുംനിജമുഷ്ടികൾകൊണ്ടണി-
മാറിലടിച്ചുതകർത്തുടനാർത്താൻ;
കമ്പമതീവ വരുംപരിചത്രഖ-
ഗേന്ദ്രനെയും താഡിച്ചതുകണ്ടേ
സമ്പ്രതി വീരനിവൻ പുനരെന്നു സ-
മസ്തരുമന്നവനെ സ്തുതിചെയ്താർ. 77

താരണിമാറിനശേഷജശല്ലാറി
താപമൊഴിഞ്ഞമർചെയ്യതുകാലം
വീരതരൻ ഗരുഡൻ പക്ഷങ്ങളെ
വീശി നിശാചരനെച്ചിനമോടേ,
ദൂരതരം കളയുന്നതു കണ്ടരി-
ദുഃഖിതനായസുമാലി നിശാചര-
നാരഴലോടവിടെശ്ശേഷിച്ചനി-
ശാചരസേനയുമായ് നടകൊണ്ടാൻ. 78

കൊണ്ടൽനിറം തടവുന്നനിശാചര-
കോമാനഗ്രജനും പുനരപ്പോ-
ളിണ്ടലിയന്നതിദൂരെപ്പോയ് വീ-
ണെഴുനിന്നേറിയലജ്ജാവശനായ്
കണ്ടനിശാചരരോടനുജനുമായ്
കടുകെയിലങ്കപുകിന്നു വസിച്ചാൻ
പുണ്ടരികേക്ഷണനോടവരവരെ-
പ്പുനരപി പുനരപി പൊരുതുതുലഞ്ഞാർ. 79

പൊരുതുതുലഞ്ഞതിനാലെയിലങ്കാ-
പുരിയുമകന്നുടനേ പാതാളം
വിരവൊടു ചെന്നുപുകിന്തു വസിച്ചാർ-
വീരനിശാചരസൈന്യത്തോടും
നിരുപമരായസുകേശാത്മജരൊടു
ദശമുഖനാദികളെയുമുയിർകൊൾവാ-
നരുതഖിലേശപരനല്ലാൽ നിന്തിരു-
വടി നാരായണനല്ലോ മുറവും. 80

എല്ലയിലാബലമുള്ളനിശാചര-
രേവം പാതാളേ പലനാളും
വല്ലഭമാരൊടിരുന്നാർ തത്ര സു-
മാലിനിശാചരനതിലൊരുദിവസം
നല്ലനിജാത്മജകൈകസിയോടും
നാനാവൃത്താന്തങ്ങളുമറിവാൻ
വല്ലഭമോടതിഖേദമിയന്നുമ-
ഹീതലമതിലുടനെങ്ങു നടന്നാൻ. 81

നാനാസിദ്ധാസുരാസുരസേവിത-
നായമഹാത്മാ വൈശ്രവണൻതാൻ
മാനാതീതരുചാ നിജവാഹന-
മാകിയപുഷ്പകമേറി വിരന്തേ,
നാനാഗുണഗണമീടിയലങ്കാ-
നഗരിയിൽനിന്നു പിതാവിനെയടിതൊഴ-
വാനാകാശേ പോവതു കണ്ടാൻ
വാനവർവൈരി സുമാലിയുമന്നേ. 82

അന്നതുകണ്ടു സുമാലിപറഞ്ഞാ-
നാത്മജയാകിയകൈകസിയോടെ
ചെന്നു നിജാലയമെയ്തിയശേഷം
ദീനതയോടുനിനച്ചുനിനച്ചേ,

~~4463~~ KOTTAYAM PUBLIC LIBRARY KOTTAYAM. 79780

നന്നിയൊടെന്മകളായുള്ളായാം
        നാനാഗുണമൊട്ട നീ തവ ബാല്യവു-
മിന്നു കഴിഞ്ഞിതു നിന്നെ വിവാഹമി-
        തത്തൊട്ട ചെയ്യിപ്പാൻ വഴി കാണേൻ. 83

കാണായ് വൈരികളെപ്പേടിച്ചേ
        കൈക്കൊള്ളായിനജാതികഠം നിന്നെ
പൂണാരണിമുഖിമാർമണിയാംനീ
        പൂർഷശിഖാമണിയാംപതിയോടും
വാണീടുംപടി നിന്നെ വിവാഹം
        വൈകാതേ ചെയ്യിക്കുമുപായം
കാണാഞ്ഞേൻമകളേ! മമ ഖേദം
        കന്യാപിതൃഭാവമൊരിടരല്ലോ. 84

DISTRIBUTING LIBRARY No........ KOTTAYAM.

ഇടരൊട്ടവേറായേ പിതൃവംശവു-
        മിതവിയമാതാതന്നുടെവംശവു-
മുടമമികംനിജവല്ലഭവംശവു-
        മുയരുംഗുണമുടപെണ്ണുള്ളായാൽ;
വടിവൊട്ട വൈശ്രവണൻ പോകുന്നതു
        മകളേ! കൈകസി! കണ്ടായല്ലോ;
കട്ടകെ നിനക്കൊരുപുത്രനവണ്ണം
        കാണുണ്ടാമുത്സാഹംചെയ്താൽ. 85

താല്പര്യത്തോടിന്നു പുലസ്ത്യസുത-
        നുജനെ വിശ്രവസാഖ്യനെ നീയും
പോയ്പിഴവാരാതേ സേവിച്ചപ്പു-
        കന്താലമ്മുനിവരനരുളാലേ,
കേഴ്പ്പർകഠംക്കുമനോഹരമാകിയ
        കീർത്തിയൊടും വൈശ്രവണനുസമനായ്
വാഴ്ത്തിയലുംധനവാനായുണ്ടാം
        വാധയൊഴിഞ്ഞു തവാത്മജനെന്നേ. 86

എന്ന പിതാവുസുമാലിയെവന്ദി-
ച്ചെങ്കിലിതാമിനിയെന്നതിമന്ദം
നിന്നരചെയ്ത തപോവനമെയ്തി നി-
രാകുലമാനസയായേ പലനാൾ
നന്നിമികംമുനിവിശ്രവസാഖ്യനെ
നലമൊടുസേവിച്ചാൾ; പുനരൊരുനാ-
ളൊന്നിയമാനസയായേ മുനിവന്ദ-
പാസനചെയ്യുമിടത്തിന്ന ചെന്നാൾ. 87

ചെന്നതിസുന്ദരിയാകിയകൈകസി
ചേതോഹരമാനനകമലം താഴ്-
ത്തങ്ങൊരുകാൽവിരൽകൊണ്ടുമഹീതല-
മതിലിടരോടു വരച്ചുവരച്ചേ,
നന്നിമികംമുനിതന്നുടെമുമ്പൊരു-
നാണമിയന്നേ നിന്നാളതുക-
ണ്ടന്നു മുനീന്ദ്രനുമവളോടഭിമത-
മാകിയതെന്തു നിനക്കിനിയെന്നാൻ. 88

ഇനി മമ കാംക്ഷിതമായതറിഞ്ഞരു-
ളീടിയദിവ്യദൃശാ നിന്തിരുവടി-
യനുപമനായപിതാവരുളാൽ വ-
ന്നവൾ കന്യാവാകിയകൈകസി ഞാൻ;
പുനരഖിലം തപസാകാണ്കെന്നുപു-
കണ്ണവൾനിന്നതുകണ്ടു വിചാരി-
ച്ചിനിയമുനീന്ദ്രനുമെല്ലാമറിവു-
റ്റിരുൾകുഴലാൾകൈകസിയൊടു ചൊന്നാൻ.

ചൊന്നാൻ മുനികുലവരനവളോടുസു-
തർമാർ ബലവീര്യാദികളോടേ
ഒന്നാർകുലകാലന്മാരാസ്സു-
നുണ്ടാവാനൊരുപായമിതെന്നേ;

വന്നാ നീ സേവിപ്പാൻ നമ്മെമ-
　　കിഴ്ന്തിതു നിൻനിനവെന്നറിവുറേറൻ
ധന്യേ! നല്ലവരായുണ്ടാകാ തവ
　　സുതരതിനൊരുകാരണമിതു കേൾ. 90

ഇതു ദാരുണമാകിയകാലം പുന-
　　രെന്നതിനാലതിദാരുണരായേ
അതിനീചന്മാരായുളരാമിനി-
　　യാത്മജരെന്നതു കേട്ടവൾ ചൊന്നാൾ;
ബത! ചതുരാനനനോടെതിരായേ
　　വിമലന്മായഭവാന്റ സുതന്മാ-
രതിനീചന്മാരായുളരാവ ത-
　　ടായെന്നവളൊടു ചൊന്നാൻ മുനിയും. 91

മുനിസമനായവസാനേയുളനാം
　　മുറവും തവ നന്ദനനൊരുവൻ പുന-
രനുപമരായമഹേന്ദ്രാദികളില്ല-
　　മധികഗുണാകരനായ്വരുമെന്നാൽ
മനസി വിഷാദമിളയ്ക്കുന്നരുളിയ
　　മഹർഷിവരന്നരുളാലവൾ പോയാൾ
പുനരതുകാലമവൾക്കളനായാൻ
　　പുത്രനതീവഭയാനകനായേ. 92

ആയിതവന്നൊരുപത്തുശിരസ്സുക-
　　ളന്നുളവായിനകൈകളൊരിരുപതു
തീയെന്നമാറൊളിവീടിയകൺകൾനി-
　　റംകലരുംദംഷ്ട്രാവലിയോടും
തോയദകാന്തികലന്നവപുസ്സോടു
　　ധൂസരകേശവുമെന്നിവകണ്ടു-
ണ്ടായതന്തുജനെ വന്നുപിതാവുദ-
　　ശാനനനെന്നു വിളിച്ചാൻ പേരും. 93

ആനത്തുകാലമതീവഭയം വരു-
മാറുനിമിത്തവിരോധമനത്തും
വാനില്ല മേദിനിമീതിലുമുണ്ടായ്-
വന്നതുകണ്ടവരവർ ഖേദിച്ചാർ;
മാനിതനായ് മലപോൽവടിവോടുമ-
ഹാബലനാകിനകുംഭകർണ്ണൻ പുന-
രൂനമൊഴിഞ്ഞുളനായാൻ പിൻപുട-
നുള്ളായാളവിടെ ശൂർപ്പണഖാ. 94

ആനനിശാചരരങ്ങു തപോധന-
രാദികൾതമ്മെയുടൻ പീഡിച്ചേ
ദീനത മൂവുലകത്തിനുനൽകിനി-
രാകുലമാനസരായുളരായാർ;
താനുടനേ വേദാദ്ധ്യയനാദിസ-
ദാചാരൈകപരായണനായേ
മാനിതനായവിഭീഷണനേറെമ-
ഹാജനപൂജിതനായാനന്നേ. 95

അന്നിവർനാൽവരുമായ്വനഭൂമിയി-
ലമ്പൊടിരുന്നവൾ കൈകസി കണ്ടാൾ
കന്നിയഗന്ധർവ്വാദികളോടുമു-
ടൻപോകുന്നധനേശനെയവിടെ
നന്നിയിലാതനിനക്കുമിവനും
നാട്ടകിലിന്നു പിതാവൊരുവൻ മ-
റ്റെന്നതിനാലെന്തുള്ളുഫലം കാ-
ണെന്നു ദശാനനനോടവൾ ചൊന്നാൾ. 96

അവനൊടു നീ സമനായ്വരുവാൻചെ-
യ്യുതിസാഹസമെന്നെല്ലാം മാതാ-
വവളറിയിച്ചതു കേട്ടു ദശാനന-
നതികോപിച്ചവളോടുരചെയ്താൻ:—

ഇവനിലുമതിബലവാനാവൻ ഞാ-
  നിടരൊഴികെന്നു മുതിന്നു വരുവാൻ
തപമിനിനന്നെന്നേ ശോകൎണ്ണം
  സാനുജനായേ ചെന്നു പുകുന്താൻ. 97

ചെന്നു വിഭീഷണപൂൎവ്വജനന്നെരി-
  തീനടുവേ വേനൽക്കാലങ്ങളി-
ലെന്നിയുടൻ കളിരേറിയകാല-
  ത്താകണ്ഠം ജലമഗ്നനുമായേ,
വെന്നിമികുംവൎഷങ്ങളിൽ വൎഷം
  വീരാസനഗതനായേയേറവും
നന്നിമികുത്തതപംചെയ്താൻ പതി-
  നായിരസംവത്സരവുമിവൎണ്ണം. 98

അംബുജസംഭവനെച്ചിന്തിച്ചുനി-
  ശാചരവരനവനിളയവിഭീഷണ-
നമ്പൊട്ടുതാനൊരുകാൽമേൽനിന്നി-
  ട്ടഞ്ജലിബന്ധംചെയ്തൊരുപോലേ
കമ്പമൊഴിഞ്ഞ ദിവാകരബിംബേ
  കൺകളുറച്ചേകാത്മാവായേ-
യിമ്പമിയന്നു തപസ്സുകൾചെയ്താ-
  നിന്ദ്രാദികൾ മികിൾവുററാരതിനാൽ. 99

അതിസന്തോഷിച്ചേ ദേവാദിക-
  ളവനുടെമേൽ വൎഷിച്ചാർ പുഷ്പം
മതിമാനായദശാനനനായിര-
  മാണ്ടുതപസ്സോട്ടു നിന്നവസാനേ,
ചതുരാനനനാഗതനാകാഞ്ഞു ത-
  ദാതലയൊന്നുമുറിച്ചെരിതീയതി-
ലിതമൊട്ടു ഹോമിച്ചായിരമാണ്ടേ-
  വംതാൻനിന്നിതു പിന്നെയുമവിടെ. 100

അവിടേ ഹോമിച്ചാൻ തലയൊന്നട-
നായിരമാണ്ടുകഴിഞ്ഞൊരുകാല-
ത്തവനേവം തലയോരോന്നഗ്നിയി-
ലാക്കിയൊരൊമ്പതിനായിരവഷം,
തപമാദരമൊട്ടു ചെയ്താനൊമ്പതു
തലകളുമഗ്നിയിലായിതനന്തര-
മിവിടേ മൃതനാവൻ ഞാനെന്നവ-
നേറെമതിന്നുത്സാഹംചെയ്താൻ. 101

താനവിടെപ്പതിനായിരമാണ്ടൊരു
സംകടമിന്നിയിവണ്ണം നിന്നഭി-
മാനമിയന്നേ പത്താംതലയും,
വാൾകൊടറുപ്പാനദ്ധ്യവസിച്ചാൻ;
ആനതുകാലമയൻ ചതുരാനന-
നംബുജസംഭവനഖിലജഗൽപതി-
താനതറിഞ്ഞതിസംഭ്രമമോടേ
തത്ര സുരേന്ദ്രാദികളൊട്ടു വന്നാൻ. 102

വന്നചതുർമ്മുഖനന്നരുൾചെയ്താൻ
മതിസാഹസമിതു നിശിചരവീരാ!
നിന്നിനവായതനത്തും തരുവൻ
നീചൊല്ലിക്കൊൾവേണ്ടുവതെന്നേ,
ചൊന്നതുകേട്ടു ദശാനനനടിമലർ
തൊഴുതുപിതാമഹനോടറിയിച്ചാൻ:
പന്നഗസിദ്ധാസുരാസുരരാൽമമ
ഭയമൊരുകാലവുമുണ്ടാകൊല്ലാ. 103

ഒല്ലാ ഗന്ധവ്വാദികളാലുമൊ-
രാകുലമിന്നിവരം വേണ്ടാ മമ
പൊല്ലാമാനുഷജാതികൾതമ്മൊട്ടു
പൊരുതുജയിപ്പാം,നെന്നതു കേട്ടേ,

എല്ലാം നീ ചൊല്ലിയപോൽവരികെ-
    ന്നേകിയചതുരാനനനരുൾചെയ്താൻ
നല്ലാം നീ ഖണ്ഡിച്ചശിരസ്സുകൾ
    നാശമൊഴിഞ്ഞുണ്ടായ്‌വരികെന്നേ. 104

ഏതൊരുജാതിയുമേ ചമയായ്‌വരി-
    കെന്നു നിനക്കെന്നേകിയധാതാ-
വാതരവോടെഴുന്നരുളി നിശാചര-
    നന്നുളവായൻ തലകളനർത്ഥം;
തീതിയലാതവിഭീഷണനോടെതിർ-
    ചെന്നു ചതുർമ്മുഖനും ചോദിച്ചാൻ:
താത! വിഭീഷണ! ചൊല്ലെന്തേ തവ
    താൽപര്യ്യം തരുവൻ വരമെന്നേ. 105

വരമിവിടെത്തരുവാനായ് നിന്തിരു-
    വടിയെഴുന്നരുളുകയാലേ വന്നിതു
കരുതിയകാര്യ്യമനർത്ഥമെനിക്കോ,
    കമലോദ്ഭവ! പുനരെങ്കിലുമിതുകേൾ;
ഒരുവരമുണ്ടു മുതിൻ്റതരേണ്ടുമ-
    തൊരുനാളും ധർമ്മസ്ഥിതിപിഴയാ-
തരിയതപോബലമുണ്ടായ്‌വരുമാ-
    റരുളിച്ചെയ്യു നമുക്കഖിലേശാ! 106

അഖിലേശാ! വേണ്ടാ വരമേതു മ-
    തെന്നി നമുക്കെന്നന്നു വിഭീഷണ-
നകമേ ചിന്തനചെയ്തുളവയനതി-
    സന്തോഷിച്ചരുൾചെയ്താനേവം:
വിഗതാശങ്കമിതാക വിശേഷാൽ
    വിരവൊടു നിശിചരനാകിയനീതാ-
നഘവാനല്ലൊട്ടും പുനരതിനാ-
    ലമരത്വം തവ തന്നേനെന്നേ. 107

എന്നരുൾചെയ്തു ചതുർമ്മുഖനും പോ-
യിനിയദശാസ്യനനേരിളയോനാം-
വെന്നികലന്നനിശാചരനരികേ
മേവിനപോതതുകണ്ടമരന്മാർ
ഒന്നി വിധാതാവോടു പറഞ്ഞാ-
രൊല്ലാ നിശിചരവീരനിവന്നിനി-
യിന്നു വരങ്ങൾകൊടുക്കുംമുന്നേ-
യിവനതിഘോരപരാക്രമനല്ലോ. 107

ഓരായ് ദേവേന്ദ്രാനുചരന്മാ-
രൊരുപതിനെത്തിന്നാനിവനൊരുനാൾ
താരാർനന്ദനവനമതിൽനിന്നുത-
ഥാ ദേവാങ്ഗനമാരെഴുവരെയും;
ഘോരാകാരനിവൻ പല താപസർ-
കുലമടയെത്തിന്നാനിവനാരിടർ
പാരായ്‌വാർ? ശാപംപോലിവനുവ-
രങ്ങൾകൊടെന്നാർ സുരരയനോടേ. 109

അയനതുകേട്ടു നിനച്ചാൻ വാണിയെ-
യവളുമണഞ്ഞടിതൊഴുതരുൾചെയ്താൾ:
നയവിദനാംധാതാവോടെന്തിഹ
നമ്മാൽവേണ്ടുവതെന്നതുകേട്ടേ,
ഭയകരനാംനിശിചരനിവനെന്നോടു
പറവതുകാലമവൻജിഹ്വാഗ്രേ
തുയരവനുണ്ടാമാറു വസിച്ചരുൾ
ശുഭചരിതേ! എന്നാൻ കമലജനും. 110

കമലജവചനംകേട്ടു ജഗത്ത്രയ-
കാരണിയാകിയവാണിയുമവിടെ-
ബ്ഭ്രമമെഴുമാറു നിശാചരചിത്തേ
പിമ്പാവേശിച്ചാളതുകാലം;

ശ്രമമൊഴി തരുവനഹം വരമുരചെയ്‌-
ചിന്തിച്ചതുനീയെന്നുവിധാതാ-
വമരരുമായേ ചെന്നുരചെയ്തള-
വടിതൊഴുതുരചെയ്താൻ നിശിചരനും. 111

നിശിചരവരനയനോട്ടു വരിച്ചാൻ
നിദ്രാവശനായെന്നുമുറങ്ങും-
വശമരുൾചെയ്ക നമുക്കഖിലേശാ!
വാഞ്ഛിതമായതിതെന്നതു കേട്ടേ,
ദശമുഖനിളയവനോടിതവണ്ണം
ചെമ്മേയായ്‌വരികെന്നരുൾചെയ്തേ
ഭൃശതരസന്തോഷേണ വിധാതാ
പിമ്പമരരുമായുഴറി മറഞ്ഞാൻ. 112

ഞാനറിയാതെപറഞ്ഞതിതെന്തൊരു
നാശമിതെന്നുടനേ ഖേദിച്ചാൻ
മാനമിയന്നനിശാചരവീരൻ
വാണിപിരിഞ്ഞുണരുററതുനേരം;
അനവർമൂവരുമന്നവിടേല്ലേ -
ഷ്മോദകമായവനത്തിലിവണ്ണം
മാനിതരായ്‌വാഴുന്നതറിഞ്ഞു സു-
മാലി സുതന്മാരോടേ വന്നാൻ. 113

വന്നവരവർ ദശമുഖനെത്തകിമ-
ഹാസുഖമായവിടത്തിൽ വസിച്ചാ-
രുന്നിമുതിൻ പ്രഹസ്തനനന്തര-
മുടനറിയിച്ചാൻ വാർത്തയനത്തും;
നന്നരചേ! ദിതിയോടദിതിയുമറി
നാഥാ! കാശ്യപപത്നികളിവർകളിൽ
മുന്നം ദിതിയുടെതനയന്മാരേ
മൂവുലകം വാണ്ണാരാദിയിലേ. 114

ഏതമിയന്നതിനാലേ താണ്ണാ-
രിന്ദ്രാദികളാമദിതിസുതന്മാർ
വാധയവർക്കൊഴിവാനായ് വിഷ്ണുവ-
ധംചെയ്യാനസുരരെയതുകാലം;
ഖേദമിളച്ചതിനാലിന്ദ്രാദികൾ
കേവലമൈശ്വര്യംപ്രാപിച്ചാർ
നീതിയിൽ മററവർകളെ വെന്നിനിനീ
നിഖിലവുമാംവതു തക്കതുമററം. 115

മററംതവ മാതാമഹരാമവർ,
മുന്നം മാല്യവദാദികൾമൂവരു-
മററമിലാബലമോടിന്ദ്രാദിക-
ളാമവരോടമർചെയ്തു ജയിച്ചേ,
കുററമില്ലാലങ്കായാം വാണാർ
ക്രൂടതറിഞ്ഞവർകളെ നാരായണ-
നററമർചെയ്തുജയിച്ചാനതിനാ-
ലുടനവർ പാതാളത്തിനു പോയാർ. 116

ആർകലിചൂഴമിലങ്കയിലിന്നത-
വാഗ്രജനാകിയവൈശ്രവണൻതാ-
നാകുലമീന്നിയിരിപ്പതുനമ്മുടെ-
യാലയമായതതെന്നതു തേറായ്;
ശോകമിളച്ചിനി നമ്മുടെജാതികൾ
സുതരാമൈശ്വര്യത്തൊടു വാഴ്‌വാൻ
നീ കരുതീടുകിലായ്‌വരുമെന്നിതു
ദശമുഖനോടു പ്രഹസ്തനരത്താൻ. 117

ആനവനുക്തികൾകേട്ടു ദശാനന-
നരചെയ്താൻ ധനദന്നറിയിക്കായ്
നീ നയമോടിനിയെന്നതുകേട്ടനി-
രാകുലമാനസനായവനും പോയ്,

താനഥ ലങ്കപുകുന്നറിയിച്ചാൻ
　　ധനപതിയോട്ടു തവാനുജനായേ
മാനിതനായ ദശാനനവീരൻ
　　മനസി കനിഞ്ഞുരചെയ്തതു കേളായ്. 118

കേളികൊൾമാല്യവതാദിനിശാചരർ
　　കേളുടയോരിവിടം പുനരവരിനി
മീളുകയില്ലെന്നോർത്തുഭവാനിഹ
　　മേവിയവാറിതടാതിതു മുററും;
കോളയതെങ്കിലുമിന്നു നമുക്കു കു-
　　ലാലയമാമിവിടം തരികെന്നതി-
നാളിതിരപ്പാൻ വന്നേൻ ദശമുഖ-
　　നരുളാലെന്നു പ്രഹസ്തനരത്താൻ. 119

ആനവനോടറിയിച്ചാൻ ധനദനു-
　　മാലയമിതു മമ തന്നതു താതൻ
മാനിതരായനിശാചരർവാഴ്‌വതു
　　മാറിയനേകംനാൾ ചെന്നളവേ,
ആനതു നിൽക്ക ദശാനനനാം ഭ്രാ-
　　താവുടയവനെന്നുടയതനത്തും,
ഞാനവനോടൊരുമിച്ചിനി വാഴ്‌വാൻ
　　നാട്ടകിലിനി മമ സൗഖ്യവുമെന്നേ. 120

എന്നുരചെയ്തുകുബേരൻ താതനെ-
　　യിതമൊട്ടുകണ്ടടിതൊഴുതുരചെയ്താൻ
നിന്നപ്രഹസ്തൻ ചൊന്നതുമെന്നുടെ-
　　നിലയിനിയേതെന്നേകുകയെന്നേ;
നന്നികൊൾതാതനുമോത്തുരചെയ്താൻ-
　　നല്ലറ!നല്ല മഹാബലവാനവ-
നെന്നതിനാലവനോട്ടു പിണങ്ങാ-
　　തിങ്ങോ പോരിക നീ വൈകാതേ. 121

ഏറ്റെമനോഹരകൈലാസാചല-
　　മിങ്ങതിന്നരികേയുണ്ടൊരുഭവനം
തേറിയിയററുക വാഴ്‌വതിന്നെന്നര-
　　ചെയ്യപിതാവിന്നനുജ്ഞയിനാലേ
മാറിലയാമളകാപുരിയേറെമ-
　　നോഹരമായ്‌നിർമ്മിച്ചു വസിച്ചാൻ
തേറിയദാരധനാദികളോടും
　　ധീരതയാ ധനപതിയതുകാലം. 122

അതുകാലത്തു ദശാനനവീരന-
　　ണഞ്ഞു പ്രഹസ്തൻ ചൊന്നതുകേട്ടേ,
നിതരാം ചിത്തസുഖത്തൊടിരുന്നുനി-
　　ധീശൻ നീങ്ങിയവാറുമറിഞ്ഞേ,
അതികോലാഹലമോടുമിലങ്കയി-
　　ലന്നു പുകുന്നു നിശാചരപതിയായ്‌
വിധിയാലേയഭിഷേകമിയന്നേ-
　　വേറിന്നജാതികളോടുമിരുന്നാൻ. 123

ഉന്നതനാകിയവിദ്യുജ്ജിഹ്വ-
　　ന്നുടനേ ശൂർപ്പണഖാഖ്യാം ഭഗിനീ-
മുന്നി മുതിർന്നു കൊടുത്തു ദശാനന-
　　നററനിശാചരവീരരുമായേ;
പിന്നെയവൻനായാട്ടിന്നുചെല്ലെ-
　　പ്പെൺമണിയാകിയമണ്ഡോദരിയാം-
തന്നുടെപുത്രിയുമായ്‌മയനെതിരേ
　　സഹസാവരുവതുകണ്ടേ നിന്നാൻ. 124

നിന്നദശാനനനും ചോദിച്ചാൻ,
　　നിരുപമയാകിയകന്യകയോടും
നന്നിയിലാതമഹാടവിയൂടെന-
　　ടന്നുവരുന്നവനാർ നീയെന്നേ;

അന്നവനും ചൊന്നാനഴകേറിയ
ഹേമയുമായ്ത്തിറമോടേ വാനുല-
കെന്നതുപോലൊരിടംനിർമ്മിച്ചവി-
ടേ വാണേൻമയനാംദനുജൻഞാൻ. 125

ഞാനോരായിരവർഷമിരുന്നേൻ
നാനാസുഖമൊടു ഹേമയുമായേ
പോനാളവളിതുകാലംവാനിനു-
പുത്രിയെനിക്കിവളവളുടെ തനയാം;
ഏനാമാക്കു കൊടുക്കാമെന്നോ-
ർത്തിങ്ങു നടക്കുന്നേൻ ഭുവനേ ബത!
താനേവാണാലില്ലൊരുസൗഖ്യം
നാടുകിലെന്നവിടം കൈവിട്ടേൻ. 126

വിട്ടകലാ കന്യാപിതൃഭാവം-
മേവുകിലകമേ ദീനത;നിൽക്കു;
ശിഷ്ടതയുള്ളഭവാനാരെന്നുര-
ചെയ്യേണ്ണമളവു ദശാനനനവിടേ
ഒട്ടലർകാലനിരാക്ഷസരാജനു-
ദാരതയുള്ളദശാനനനേ ഞാൻ.
പുഷ്ടികലർന്നപുലസ്ത്യൻപൗത്രൻ
പുനരറികെന്നു മയന്നറിയിച്ചാൻ. 127

മയനതുകേട്ടു പുലസ്ത്യനുപൗത്രൻ
മഹിമയിയന്നുണ്ടെന്നു നിനച്ചേ
തുയരവുമാറു ദശാസ്യനവന്നതി-
ദൂഷണമുള്ളതുതാനറിയാതേ,
കയൽമിഴിയാംമണ്ഡോദരിയാകിയ
കന്യകതന്നെയവന്നു കൊടുത്താൻ;
ഭയകരനായദശാസ്യനടുക്കം-
പരിചവാംതന്നെ വിവാഹംചെയ്താൻ. 128

താനതിപരിതോഷേണ മയൻ, പരി-
താപമെകിത്തവർകൾക്കവരുത്തും
മാനിതമാകിയവേലവിടെജ്ജാ-
മാതാവിന്നു മുതിന്റു കൊടുത്താൻ;
മാനവവംശവരാ! ലക്ഷ്മണനുടെ
മാവിലരക്കൻ പട്ടതതേവേ-
ലാനതുമന്നു ദശാസ്യനിലങ്കാ-
യാമഥപുക്കിതമോടുവസിച്ചാൻ. 129

ഇതമോടേ വൈരോചനദൗഹി-
ത്രിയെയഥ ദശവദനനു നേരിളയോൻ
വിധിയാലേകൈക്കൊണ്ടാൻ; മററുവി-
ഭീഷണനും വേട്ടാനതുകാലം,
മതിമാനാകിയശൈലൂഷകനാം-
വടിവിയലുംഗന്ധവ്വനുസുതയാം-
മതിനേരാനനയാകിയസരമയെ,
വന്നിതരക്കകുലത്തിനു സൗഖ്യം. 130

അംബുജലോചനമണ്ഡോദരിപുന-
രന്നവിടെപ്പെററാളൊരുപുത്രനെ;-
യംബുധരാവലിചേന്നലറുമ്പോ-
ലായിതവൻകരയുന്നനിനാദം;
കമ്പിതയായിതു ലങ്കയുമന്നതു-
കണ്ടു തനുജനു ഹന്ത! പിതാവുട-
നിമ്പമിയന്നേ മേഘനിനാദനി-
വൻപുനരെന്നു വിളിച്ചാൻ പേരും. 131

ഉമ്പരിൽമുമ്പനയൻതിരുവരുളാ-
ലുടനേ വന്നാൾ നിദ്രയുമവിടേ
വമ്പൊടു കുംഭകണ്ണനെതിരേയവൾ
വന്നതറിഞ്ഞുപറഞ്ഞാനവനും;

തുമ്പമൊഴിഞ്ഞു നമുക്കെന്നാളും
    തുയിൽകൊൾവാൻ ഭവനംനിർമ്മിച്ചരുൾ
സമ്പ്രതിയെന്നു ദശാനനനോടതി-
    സാഹസമായേയതുനിർമ്മിച്ചാൻ. 132

നിർമ്മിതമായിതു മൂന്നരയോജന
    നീളംകൊണ്ടൊരുയോജനവീതിയിൽ
നന്മയിയന്നമഹാശില്പികളാൽ
    നാനാചിത്രവിചിത്രിതഭവനേ
തന്മതികെട്ടേ നിദ്രാവശനായ്
    തത്ര കിടന്നാൻ കുംഭകർണ്ണൻതാൻ;
വന്മയിയന്നദശാനനനേററം
    വാനവരാദികളെപ്പീഡിച്ചാൻ. 133

ആനതറിഞ്ഞു കുബേരനുമിളയോ-
    നാകയിനാലേ ചൊൽവൻ നല്ലതു
ഞാനിവനോടിതുകാലമിതെന്നാൽ
    നല്ലതിവന്നേലാകിലുമെന്നേ,
മാനിതനാകിയദൂതനെവിട്ടുമ-
    കിഴ്ന്നു ദശാനനനോടറിയിച്ചാൻ;
താനെതിരേററു വിഭീഷണനവനെ-
    സ്സൽകൃതിചെയ്താനാദരവാലേ. 134

ആദരവോട്ടുദശാനനനെക്ക-
    ണ്ടാജ്ഞയിനാലാസനഗതനാകിയ
ദൂതനവന്നറിയിച്ചാൻ; കേട്ടരുൾ
    ദൂഷണമില്ലാതഗ്രജവാക്യം:—
നീതികെടായ്ക്ക തപോധനരെക്കൊല
    നീ ബത! ചെയ്തപ്രകാരം കേട്ടേ-
നാദിയിലേറെയികണ്ണാ നമ്മെയ-
    ഴിച്ചാൻ നന്ദനമതുമറിവുറേറ. 135

ഉററമമാനുജനേ നീയെന്നാ-
　　ലൊട്ടറിയായ്ക നിനക്കുണ്ടായതു
മററകതാരിലറിഞ്ഞുപൊറുപ്പൻ
　　വഴിപിഴയാതേ വാഴിനീമേൽനാൾ;
ഉററിതു കേൾ മമ രൗദ്രമഹാവിത-
　　മോടിവിടെപ്പനിമാമലയരികേ
മുററുമനേകംനാൾ നിന്നേൻ ഞാൻ
　　മൂലഫലാശനനായൊരുപോലേ. 136

ഏവംനിന്നതുകാലം പാർവതി-
　　യീശ്വരി മമ കണ്ണൊന്നു കളഞ്ഞാൾ;
കേവലമെന്നതിനാലും പുനരൊരു-
　　ഖേദമൊഴിഞ്ഞു തപസ്സുകൾ ചെയ്തേൻ;
ദേവനുമാപതി ശൂലി പുരാരിദ-
　　യാപരനെണ്ണൂററാണ്ടു കഴിഞ്ഞള-
വാവികനിന്നുമമാതൊടു ഭൂതഗ-
　　ണാദികളോടിവിടേയെഴുനരുളി. 137

അരിയമഹാവ്രതമാമിതു ചെയ്തേ-
　　നാദിയിൽ ഞാനധുനാ ചെയ്താ നീ-
യിരുവരുമിന്നിയുടൻ മൂന്നാമതി-
　　തേവഞ്ചെയ്തവരില്ലായ്കയിനാൽ
ഒരുസഖിയാകേണം മമ നീ പുന-
　　രുമയാളന്നുകളഞ്ഞു തവേക്ഷണ-
മൊരുപടി പിംഗലമാമതിനാലേ-
　　യൊണ്ടാമറി തവ നാമവിശേഷം. 138

നാമംകൊണ്ടേകേക്ഷണപിംഗല-
　　നായിനി നീയെന്നുടെസഖിയായേ
പ്രേമംകൊണ്ടൊരുകാലവുമെന്നും
　　പിരിയാതിവിടേ മേവുകയെന്നേ,

കാമന്തന്നെയെരിത്തപുരാരിക-
നിന്തരുളിച്ചെയ്യ്താൻ പുനരതിനാൽ
നാമങ്ങഖിലേശപരസഖിയായേ
നാശമൊഴിന്തിവിടേ മരുവുന്നോം. 139

ഇന്നിഹപുണ്യജനേശപരനാമവ-
നിളയവനായദശാനനനേററം
നന്നിയിലാതവനേ പുനരെന്നിതു
നാനാജനമുരചെയ്യതു കേട്ടേ,
ഒന്നിയമാനസതാപമെനിക്കു-
ണ്ടുടനമരന്മാരാദികൾ നിന്നെ-
ക്കൊന്നുമുടിപ്പാൻ വഴിയെന്തെന്നതു
കൂടിനിരൂപിക്കുന്നിതുമോരായ്. 140

ആയപ്രകാരമനാചാരംചെ-
യ്യായ്കിലിനും നന്നൊന്നിതു നിന്നൊടു
തൂയകുബേരനനുജ്ഞയിനാലേ
ചൊൽവാൻ വന്നേനെന്നാൻ ദൂതൻ;
തീയദശാനനനെന്നതുകേട്ടെരി-
തീചിതവുംനയനങ്ങൾ വിളങ്ങെ-
ക്കായമതീവവിറച്ചലറിത്തൻ-
കൈകൾഞെരിച്ചു ചിരിച്ചുരചെയ്താൻ. 141

താനതിമാനിത,നല്ല ദിഗംബര-
സഖ്യംകൊ,ണ്ടെന്തുള്ളതു കാര്യം?
ദീനതയിങ്ങു നമുക്കുണ്ടെന്നുനി-
നച്ചുടനിങ്ങറിയിച്ചതുമൂലം,
ഞാനുടനെത്തിയെതിർത്തമർചെയ്തുന-
ശിപ്പിക്കുന്നേൻതന്നെയുമീടാൾ-
വാനവർകോനാമിന്ദ്രനെയന്തക-
വരുണാദികളെയുമിനി വൈകാതേ. 142

ഏവമുരത്തുടവാളുറയൂരിയി-
രുന്നധനേശചരദ്രുതനെവെട്ടി-
ക്കേവലമന്നനരുക്കിയതീവകി-
ളന്റചിനത്തൊടു കൊന്നദശാസ്യൻ
പോവരിനദ്ധ്യവസിച്ചിനിയിന്നപു-
റപ്പെട്ടകെന്നടെസേനയനത്തും
ദേവകുലത്തെമുടിപ്പാനായമർ
ചെയ്യാനെന്നാൻ നിശിചരരോടേ. 143

ഏറെമുതിൻ ജയംവരുമാറവി-
ടെജ്ജപഹോമാദികൾചെയ്യിച്ചേ
മാറിലയാതമഹാരഥമേറിമ-
ദേനനിശാചരസേനയുമായേ
ക്രൂരതാതളവാദ്യരവേണകു-
ലുക്കമെനത്തുലകത്തിലുമുണ്ടാ-
മാറുദഗാശാംവിജയി ദശാസ്യൻ
മാനിതമായമുഹൂർത്തേ പോയാൻ. 144

ആനന്ദേന മഹോദരനോട്ടമ-
ഹാപാശ്വൻസാരണനൊട്ടശ്ശുകനും
മാനികളിൽപ്രവരൻ ധൂമ്രാക്ഷൻ
മാരീചനമിവരവരുമുതലായ്
ഊനമിലാതനിശാചരസൈന്യ-
ത്തോടുനടന്നദശാനനവീരൻ-
താനളകാപുരി കണ്ടണയുന്നതു
ധനദാനുചരന്മാരും കണ്ടാർ. 145

കണ്ടവരും ധനദന്നറിയിച്ചക-
രുത്തുറവുററിവനോടമർചെയ്യോ-
മിണ്ടലൊഴിഞ്ഞുടനെന്നേനിനച്ചുധ-
നേശചരനോടറിയിച്ചതിനവനും

കണ്ടകനാമിവയോടമർചെയ്യുക-
    ടന്നിനിയെന്നു വിധിച്ചതു കേട്ടേ-
യണ്ടരെവെന്നനിശാചരർതമ്മോ-
    ടാർത്തു കിടച്ചിതു യക്ഷന്മാരും. 146

മാരുതസമബലമീടിയയക്ഷമ-
    ഹാരാക്ഷസസേനകൾതങ്ങളിലേ
റ്റേലാരതരം പൊരുതോരളവൊട്ടുക-
    ലഞ്ഞാർ നിശിചരരതിനു ദശാസ്യൻ
വാരിധിപോലെതിർചെൽവതുയക്ഷ-
    ന്മാർകണ്ടന്നു ചുഴന്നമർചെയ്താർ
ധീരതയാലകമേയരിശത്തൊട്ടു
    ദീനതയിന്നിയരക്കൻ നിന്നാൻ. 147

നിന്നതികോപമിയന്നു ചിരിച്ചേ
    നീലമലയ്ക്കെതിരായദശാസ്യൻ
കൊന്നിവർതമ്മെയൊടുക്കുവനെന്നേ
    റ്റേലാരതരംഗദയും കൈക്കൊണ്ടേ
ചെന്നുതറച്ചേ യക്ഷാദികളെ-
    ച്ചെമ്മേയന്തകഭവനേ വിട്ടാ,-
നന്നതുകണ്ടൊരുയക്ഷന്മാരീ-
    ചാസുരനോട്ടു തിരിച്ചമർചെയ്താൻ. 148

ആനവനെററിയതേറേ മാരീ-
    ചാസുരനവനിയിൽവീണെഴുന്നേ
താനവനെപ്പുനരെററിയതേററതി-
    സങ്കടമോടോടിപ്പോയവനും;
മാനിതമാമളകാപുരിഗോപുര-
    വാതിൽപുകുന്നതുകണ്ടദശാസ്യൻ
സേനയുമായതിസംഭ്രമമോടമർ-
    ചെയ്യതിനവിടെച്ചെന്നു പുകുന്താൻ. 149

ആനതുകാലം തോമരമൂരിയ-
    ടിച്ചാൻ ഭാസ്കരഭാനു ദശാസ്യനെ
മാനമെഴുംപൗലസ്ത്യനതേററു മ-
    ഹീതലമതിലേ വീണെഴുനിന്നേ,
താനവനെച്ചിതമോട്ടു തറച്ചതു
    സഹസാകൊണ്ടവനും പൊടിയായേ-
പോനതുകണ്ടു ഭയത്തോടോടി-
    പ്പോയാർ യക്ഷന്മാർ നിന്നവരും. 150

നിന്നവർ പോയകലുന്നതുകണ്ടതു-
    നേരം മാണിവരൻ യക്ഷേശ്വര-
നൊന്നിയകോപത്തൊട്ടുനാലായിര-
    മുത്തമയക്ഷന്മാരൊട്ടു ചെന്നാൻ;
അന്നു മഹോദരനോട്ടുപ്രഹസ്തനു-
    മായിരമായിരമനുപമയക്ഷാൻ
കൊന്നുമടിച്ചാരീരായിരവും
    കൊന്നാൻ പട മാരീചനുമവിടേ. 151

ഏറെമുതിൻ്റടനേ മുസലംകൊ-
    ണ്ടെററിയധൂമ്രാക്ഷനെ മാണിവരൻ
വീറിയലുംഗദകൊണ്ടുതറച്ചാൻ
    വീണാനവനതുകൊണ്ടവനിയിലേ
വേറതുകണ്ടു മുനിന്തു ദശാസ്യൻ
    വേഗമിയന്നെതിർചെൽവതു കണ്ടേ
മാറിലയാകിയവേൽകളവൻവളർ-
    മാവ്തിൽ വിട്ടാൻ മാണിവരൻതാൻ. 152

താനവ മാവ്തിലേററതിനേത്തും
    താപമൊഴിഞ്ഞെതിർനിന്നു ദശാസ്യൻ
മാനിതനാകിയമാണിവരൻതൻ-
    മകുടതടേ ഗദകൊണ്ടു തറച്ചാൻ

ആനതിന്നാൽ മകുടംപാശ്ചഗത-
മായിതു പാശ്ചകിരീടനെന്നുംപേർ
മാനവവീരാ! വന്നിതുമതിന്നാൽ
മാണിവരന്നതുകാലംമുതലായ്. 153

അതിബലനാകിയയക്ഷാധിപനവ-
നതിദാരുണമാമ്മാറമർചെയ്തു
ശതമഖവൈരിയൊടൊട്ടുകലഞ്ഞു ത-
ളൎന്നുതിരിഞ്ഞുനടന്നതുകാലം
ചതികെടെ നിന്നമർചെയ്തുനിശാചരർ
താമുടനാത്തണയുന്നതുകണ്ടേ
നിധിപതി വൈശ്രവണന്താൻ പിന്നെതിർ-
നിന്നു ദശാനനനോട്ടുരചെയ്താൻ. 154

താന്നറിയാതവന്നേനീയിന്നുത-
കാതതു തക്കതിതെന്നിവയെല്ലാം
ഞാനറിവുററ പുരാ ശിക്ഷിച്ചതു
നലമൊടു നീ കേളാഞ്ഞതിനാലേ
ഹാനിനിനക്കുണ്ടാമിനിമേൽനാ-
ളറിയാരല്ലോ കേൾ, നീശന്മാർ
മാനസതാപമിയന്നാലെന്നിമ-
ഹാപാപംചെയ്യുമ്പോൾ മുററം. 155

ചെയ്യാതവരാരിന്നുതപസ്സുകൾ,
ചെന്നവരന്തകഭവനംപുകുവാർ,
മെയ്യേ പരവശരായേ പാപം
മേവുവരില്ലയതിന്നുവികല്പം,
പൊയ്യേനിശിചരവീരാ! കായം
പോവതി,തതുപോമ്മുമ്പു തപസ്സുകൾ
ചെയ്യാതേ പോരുന്നശരീരികൾ
ചെമ്മേ പശ്ശുസമരെന്നതു തേറായ്. 156

പശ്രുസമരായാഹാരവിഹാരപ-
രായണരായ്‌വേണ്ടുവതറിയാതേ,
ദിശിദിശി പോയ് നാനാകർമ്മങ്ങളെ
നിതരാം ചെയ്തഭിമാനത്തോടെ,
വശഗതരായ് മോഹത്തൊടു പോയും
വന്നുമിരിക്കും ദേഹധനാദികൾ
വശതയിലാക്കിനിറുത്താമെന്നേ
മനസി നിനപ്പവരേ മൂഢന്മാർ. 157

മാരുതതുല്യബലൻ നീയെന്നുമ-
ദേന സമസ്തരെയും പീഡിപ്പതു
കാരിയമല്ല വരും പരിതാപം
കാലംകൊണ്ടു നിനക്കിനിമേൽനാൾ;
പോരുമിതൊന്നറിയാനിന്നോടുപു-
കന്നതു,മെന്നണയുന്നധനേശ്വര-
ധീരതകണ്ടു ഭയത്തൊടകന്നാർ
തീയനിശാചരസചിവരനത്തും. 158

തുംഗഗദാധരനായധനേശൻ
തുലയാതേ ദശമുഖനെയടിച്ചാ;-
നംഗമതീവ കലങ്ങതിനാലുമൊ-
രാകുലമിന്നിയരക്കൻ നിന്നാൻ;
ഭംഗമൊഴിഞ്ഞമർചെയ്താരവിടെഭ-
യമാമ്മാറേ യക്ഷനിശാചര-
പുംഗവരാമവർതമ്മിലതീവ പു-
കണ്ണാർ കണ്ടവർകളെയിരുവരെയും. 159

ഇരുവരുമേറെയെതിർത്തമർചെയ്തള-
വെയ്താനാഗ്നേയാസ്ത്രം ധനപതി
വരുണനരുടേയസ്ത്രംകൊണ്ടതിനെമ-
റുത്തു ചെറുത്തു നിശാചരവീരൻ;

വിരവൊടു മായായുദ്ധേ ധനദനെ
വീറുകെടുത്തുതറച്ചാൻ ഗദകൊ-
ണ്ടരികുപുകുന്നതുകൊണ്ടു ധനാധിപ-
നാലസ്യത്തോടവനിയിൽവീണാൻ. 160

ആനതുകണ്ടവിടെപ്പത്മാദിക-
ളാനമഹാനിധികളുമവനെക്കൊ-
ണ്ടൂനമിലാനന്ദനമെയ്തിയപോ-
തുണർവുററവിടേ നിന്നാൻ ധനദൻ;
മാനിതമാകിയപുഷ്പകമാനവി-
മാനമവന്നുള്ളതു കൈക്കൊണ്ടേ
താനതിലേറിയിതത്തൊട്ടുപോയാൻ
തദനു ജയേന ദശാനനവീരൻ. 161

വീരൻ പുഷ്പകമേറി നിശാചര-
വീരരൊടംബരമാർഗ്ഗേ കൂടെ-
പ്പാരിൽ മനോഹരശരവണദേശം
പരിചൊടു കണ്ടണയുന്നതുകാലം,
ചാരുതചേൎന്നവിമാനമതങ്ങുത-
ടഞ്ഞിളകാതെ ചമഞ്ഞതറിഞ്ഞൊരു-
കാരണമെന്തിതിനെന്നു നിനച്ചതു
കാണാതിടരുററാൻ പൌലസ്ത്യൻ. 162

അമ്പൊടു കണ്ടറിയിച്ചാൻ മാരീ-
ചാസുരനിതിനൊരുകാരണമുണ്ടറി
സമ്പ്രതി മററൊരുവനെവഹിയായിതു,
ധനദനെയല്ലാലെന്നാകിലുമാം,
തുമ്പമൊഴിഞ്ഞിനിയെണ്ണുകയെന്നേ
ചൊല്ലിയടങ്ങിയപോതിലശങ്കം
വമ്പൊടുചെന്നു ദശാനനനോടുമ-
രുത്തുരചെയ്താൻ നന്ദീശ്വരനും. 163

ഉമ്പർപുരാൻ പരമാത്മാ ശങ്കര-
നടനിഹ വിളയാടുന്നോനെന്നാൽ
സമ്പ്രതി വരുവാനരുതൊരുവനുമിഹ
ശൈലേ നീ പോ വന്നവഴിക്കേ;
വമ്പൊടതെന്നിവരായ്കമരിപ്പാൻ
മദമൊഴികെന്നതുകേട്ട ദശാസ്യൻ
സംഭ്രമമോടുമിറങ്ങിയതേവൻ
ശങ്കരനെന്നു ചിനത്തൊടടുത്താൻ. 164

ഉത്തമകൈലാസാചലമൂലമു-
ടൻപ്രാപിച്ചു ദശാസ്യൻ കണ്ടാ-
നത്തലൊഴിഞ്ഞൊരുശൂലവുമായ് നി-
ന്നരുൾകീശാകൃതിനന്ദീശ്വരനെ;
ചിത്തവിമോഹംകൊണ്ടിവനൊരുകപി
ചെമ്മേയെന്നപഹാസംചെയ്താൻ
നിത്യനവൻതിരുവടിയും കോപാൽ
നിന്നു ദശാനനനോടരുൾചെയ്താൻ. 165

താനൊരുവാനരനെന്നിഹ നന്നേ
സഹസാ നമ്മെയികണ്ണാ നീ പുന-
രാനതിനാലേ വാനരജാതിക-
ളാലുണ്ടാമറി തവ കുലനാശം;
ഞാനിവിടെക്കൊലചെയ്യേൻ നിന്നെന-
ശിച്ചോ നീ നിജദുഷ്കൎമ്മത്താൽ,
വാനവരെപ്പീഡിപ്പിച്ചിനിയും
തവ വാണാൾ പോകെന്നു ശപിച്ചാൻ. 166

എന്നിവിടേ നന്ദീശ്വരശാപമി-
യന്നതുതാനറിയാതെമദിച്ചേ
നിന്നുരചെയ്താൻ ദശമുഖനിതിലേ
നേർവ്വഴി മമ പോകരുതായതിനാൽ

ഇന്നിനിമാമലയാമിതുതന്നെയി-
ളക്കിമുതിൻപറിച്ചുകളഞ്ഞേ
നന്നിവരുമ്പടിപോവ,നൊഴിച്ചുകൊൾ
നാഥന്നീയതിനെങ്കിലിതെന്നേ. 167

എന്നവനീടിയബാഹുബലത്തൊടി-
ളക്കിയപോതിളകീതു മഹാമല
നിന്നമഹാദേവാനുചരന്മാർ
നിതരാമൊക്കെ വിറച്ചാരതിനാൽ;
അന്നു മഹേശ്വരി ശംകരവല്ലഭ-
യഖിലജഗന്മാതാവുമുഴറ്റോ-
ടൊന്നുവിറച്ചു മഹേശ്വരനെച്ചെ-
ന്നുടനാശ്ലേഷിച്ചാൾ ഭയമോടേ. 168

ഓടിയണഞ്ഞു മഹേശ്വരി പുൽകിയ-
തോത്തനുരാഗവശേന ചിരിച്ചേ
ഹാടകശൈലധനുർദ്ധരനായമ-
ഹാദേവൻതിരുവടിയൊരുകളിയായ്
ചൂടുമവർക്കഭിവാഞ്ഛിതമരുളും
തുലയാനിജപാദാംഗു ത്താൽ
നീടുയർമാമലമീതിലമർത്തിയ-
നേരമുറച്ചിതുടൻ കൈലാസം. 169

ഉടനതെടുത്തദശാനനനും ത-
ന്നുടയകരങ്ങളതിൻകീഴായേ
കടുകെ ഞെരിഞ്ഞിടരുറ്റതിനാലും
കനമിയലുംനിജകോപത്താലും,
കടൽകൾ മേദിനിയും വളർമാമല-
കളുമിളകുംപടിയലറിയകാലം
പടുമളദുഃഖംവന്നുസമസ്ത-
പ്രാണികളും ഭയപരവശരായാർ. 170

പരവശരായി നിശാചരനാദം
        ഭയമെഴുമാറേ കേട്ട സമസ്തരു,-
മരിയദശാനനനായിരസംവ-
        ത്സരമവിടെപ്പോയിതു പുനരേവം,
കരുണയിനാലഖിലേശ്വരനും തൃ-
        ക്കാൽവിരൽത്തന്നെയയച്ച ദശാസ്യനൊ-
ടരികേ ചെന്നു ചിരിച്ചരുൾചെയ്താ-
        നഴലൊഴി കേൾ ബലവാൻ നീയെന്നേ. 171

നീ വരദാനബലാഞ്ചിത! നി-
        റഞ്ഞിതുമൂവുലകത്തിലുമേ തവ
രാവ,മിതെന്നതുകാരണമായേ
        രാവണനെന്നിതു തന്നേന്നാമം;
കേവലമിന്നുതുടങ്ങിയമർത്ത്യഗ-
        ണാദികളേവരുമേ രാവണനെ-
ന്നാവിതു നിന്നെവിളിപ്പാൻ പൊയ്യോ-
        ള്ളകമറയാതിനി വേണ്ടുംവഴിയേ. 172

വേണ്ടുംവഴിയേ പോക വിഷാദം
        വേണ്ടാ ഞാനനുവാദംചെയ്തേൻ
ആണ്ടായിരത്തുറും നീയിടരു-
        റ്റതിനാലെന്നീശ്വരനരുളാലേ,
വീണ്ടുംപുഷ്പകമേറിപ്പോനനി-
        ശാചരപതി സചിവന്മാരോടേ
നീണ്ടമഹാഹിമവന്മലയരികേ
        നിരുപമകാനനദേശമണഞ്ഞാൻ. 173

നാനാഗുണവുമിയന്നെല്ലാർക്കും
        നയനാനന്ദമതീവ വരുത്തും-
മാനേന്മിഴിയൊരുകന്യാ,താപസി-
        വടിവുചമഞ്ഞാശ്രമമതിലവിടേ,

താനേ തപമൊടു നില്പതുകണ്ടൊരു-
താല്പര്യത്തൊടണഞ്ഞു ദശാസ്യൻ
വാനോർപുരനാരികളിലുമൊളിവാം-
വടിവുടയവളൊടു നീയാരെന്നാൻ. 174

ആരേ തവവാന്ധവരാകുന്നവ-
രധികമനോഹരയൗവനകാലേ
നേരേ നീ തപമേചെയ്യുന്നതു
നീതിയുമല്ല വരാ സുഖമതിനാൽ;
വാരാ നീ വെറുതേ ദണ്ഡിപ്പതു
പററാ ചൊല്ക നിനച്ചതുമെന്നേ
മാരാതുരനായേ ചോദിച്ചമ-
ഹാരജനീചരനോടവൾ ചൊന്നാൾ. 175

നാൾപലവും നാനാവേദാദ്ധ്യയ-
നാദ്ഭുതമാനസനായകുശധ്വജ-
താപസനായബൃഹസ്പതിതനയൻ-
തന്നുടെ വത്സലയാകിയസുത ഞാൻ;
താപസരാമവർ വേദവതീതിത-
ദാ മമ പേരിട്ടാരുടനേ വ-
ന്നാർ പലരും നമ്മെക്കൈക്കൊൾവതി-
നരുതരുതെന്നാനവരൊടു താതൻ. 176

താതൻ ചിന്തിച്ചാൻ മമ ജാമാ-
താവാകേണം നാരായണനെ-
ന്നാതങ്കത്തൊടുവേറായ് മററൊരു-
വക്കുംനൽകാഞ്ഞതുമതിനാലേ;
തീതെന്നോരാതേ ചതിയാൽക്കൊല-
ചെയ്താൻ താതനെ വന്നൊരരക്കൻ,
ക്രോധംപൂണ്ടെന്നെക്കിട്ടാഞ്ഞേ;
ക്കൂടെ മരിച്ചാൾ മമ മാതാവും. 177

ഉമ്പർപുരംമരുവും മമ താതനു-
മന്നുനിനച്ചതവണ്ണം വരുവാൻ
സമ്പ്രതി ഞാൻ ചെയ്യുന്നതിവണ്ണം
തപമച്യുതനെൻഭർത്താവാവാൻ
മുമ്പു തപസ്സുകൾചെയ്തു ജഗത്ത്രയ-
മുഖ്യനുമായവനേ നീയെന്നും
തുമ്പമഴിഞ്ഞറിവുറേറൻ; പോകസു-
ഖംവരുമാറെന്നാൾ കന്യകയും. 178

എന്നതുകേട്ടു വിമാനാലുഗ്രൻ
മേദിനിതന്നിലണഞ്ഞു ദശാസ്യൻ
നിന്നവളോടറിയിച്ചാ,നില്ലനി-
നക്കൊരുശാന്തതയെന്നറിവുറേറൻ;
ഒന്നറി വിഷ്ണുവവന്മമ കൈകളി-
ലൊന്നിനൊളംബലവാനല്ലെന്നാ-
ലിന്നു തപസ്സിതിളയ്ക്കുന്നള,വിവ-
യെന്നൊടുചൊല്ലായ്ക്കുന്നാളവളും. 179

അവളുടെതലമുടിമീതു പിടിച്ചാ-
നയുഗശരാതുർനായേ ദശമുഖ-
നവിടെയതിന്നതികോപിച്ചവളുമ-
വന്നറിയിച്ചാൾ നീ തൊട്ടതിനാൽ
ഇവിടെ മരിപ്പതൊഴിഞ്ഞിരിയേൻഞാ-
നിപ്പൊഴുതേ നിന്നെക്കൊലചെയ്യാ-
ന്തപമിതുപോമെന്നോർത്തു മടിച്ചേ;
തവ വരുമാപത്തെന്നാലിന്നും. 180

എന്നാലൊരുസുഖമുണ്ടാകാതേ-
യിനിയും ഞാൻകാരണമായേ തവ
വന്നീടേണം കേളാപത്തുകൾ
വംശവിനാശവുമറിക വിശേഷാൽ;

ഇന്നാൾ ഞാൻ ചെയ്യുള്ളതപോബല-
മിതുകൊണ്ടഴകൊടയോനിജയായേ
മുന്നേ പുണ്യാത്മാവൊരുനൃപന്നമു-
തിന്നാത്മജയായുളളാകന്നേ. 181

എന്നുരചെയ്തു വിടെത്തീയിൽപ്പാ-
ഞ്ഞേമരണംപ്രാപിച്ചവൾ താനേ
വെന്നിമികന്തവിദേഹാത്മജയാം
നാരീമണി സീതാ തവ ഭാര്യാ;
നന്നിമികന്നാരായണനേ നീ;
നാട്ടകിലിവൾകാരണമായാപ-
ത്തിന്നു ദശഗ്രീവന്നുണ്ടാവാ-
നിതുമൊരുകാരണമിനകുലതിലകാ! 182

ആനവൾതീയിൽപ്പാഞ്ഞതുകണ്ടു വി-
മാനവുമേറിനടന്നു ദശാസ്യൻ
മാനിതനായമരുത്തനമന്നമ-
ഹാക്രതുശാലയിൽ മേവിയകാലം
വാനവർ ഭയമൊട്ടനാനാജാതിമ-
റഞ്ഞാർ; ഭൂപതിയായമരുത്തൻ-
താനവിടേ ഭയമിന്നിയിരുന്നാൻ
സംവർത്താദിതപോധനരോടും. 183

ഓടി മയൂരാകൃതിയൊടൊളിച്ചാൻ
പുന്തരിന്ദ്രൻ; കാകാകൃതിപൂണ്ടാൻ
പേടിയൊടന്തക;നരിയജലേശൻ
പിമ്പരയന്നത്തിൻവടിവായാൻ;
കൂടവിടെക്കൃകലാസാകൃതികൈ-
ക്കൊണ്ടാൻ ധനപതി ദശമുഖഭീത്യാ
നാടിയിവണ്ണംവാനവരവരവർ
നാനാജാതി മറഞ്ഞാരന്നേ. 184

ഏറെമൂതിന്നെന്നോടമർചെയ്കതി-
ളുയ്ക്കിലെന്നിക്കരുതെന്നു വണങ്ങുക;
വീറിയലുന്നീയെന്നു മുനിന്ദ്രവി-
ളിച്ചുദശാനനനോടു മരുത്തൻ
ക്രൂരിനനാർ നീയെന്തിഹവന്നതു?
കലയാതെന്നരുൾചെയ്തതുകേട്ടേ
മാറിലയാതദശാസ്യനമേറെമ-
കിഴ്ന്നുമരുത്തനെനോക്കിച്ചൊന്നാൻ. 185

ചൊന്നതു നന്നിതു നമ്മൊടിവണ്ണം
ചോദ്യം ചെയ്യാർ ഭയപരവശരായ്
മന്നവരാരും,നിൽക്കതു; കേൾ ഞാൻ
വൈശ്രവണാനുജനായദശാസ്യൻ
മുന്നിലെതിർത്തമർചെയ്തുജയിച്ചേ
മൂത്തവനായധനേശനെ ഞാനേ-
യന്നവനോടുപറിച്ചവിമാനമി-
തറികെന്നാൻ ദശമുഖനവനോടേ. 186

അവനൊടതിന്നു ചിരിച്ചുമരുത്തനു-
മറിയിച്ചാനതിബലവാനാകിയ
തവ സമരാർ താതനുസമനാം ഭ്രാ-
താവിനെവെന്നമഹാത്മാവേ നീ;
ഇവിടെയിനിക്കൊലചെയ്യുൻഞാൻചതി-
വേറിയനിന്നെയെതിർത്തമർചെയ്കെ-
ന്നവിടെ മുതിർന്നുനടന്നമരുത്തനൊ-
ടരുതിതിളയ്യെന്നാൻ സംവത്തൻ. 187

അമ്പിലകന്നമഹേശപരസത്രമി-
തരുതിടയേ ഛേദിപ്പതതല്ലാൽ
തുമ്പമതീവ വരുംപോരിന്നു തു-
ടങ്ങാമോ യാഗംദീക്ഷിച്ചാൽ?

പിന്പു ജയാജയമറിയരുതമരിൽ,
പിഴയിതു ചെയ്യൊല്ലാ നീയെന്നാ-
നിമ്പമെഴുന്നബൃഹസ്പതിതന്നുടെ-
യിളയവനാകിയമുനി സംവത്തൻ. 188

തന്നുടെഗുരു സംവത്തൻ ചൊന്നതു
താല്പൎയ്യത്തൊടു കേട്ടു ശമിച്ചാ-
ന്മന്നവനായമരുത്തനതീവമ-
ദേന നിശാചരർ നിന്നവരാത്താർ;
പിന്നെമുതിന്നവിടെച്ചിലരെക്കൊല
ഭീതിവരുത്തിച്ചെയ്തു ജയിച്ചേ
തന്നുടെനിശിചരരോടും പോയാൻ
തദനു ദശാനനരാക്ഷസരാജൻ. 189

രാജകുലാധിപനേ! രജനീചര-
രാജൻപോയതറിഞ്ഞേ വീണ്ടും
പൂജിതരായപുരന്ദരനാദികൾ
പോന്നു മഹാക്രതുശാലപുകിന്താർ;
മേചകകാന്തിയെഴുംമയിൽതന്നേവി-
ളിച്ചുടനിന്ദ്രനുരത്താൻ ദശമുഖ-
നീചനുപദ്രവിയാത്വാൻ മമ കേൾ
നീയേയാശ്രയമായവനിപ്പോൾ. 190

അവനിയിൽ ഞാൻ വൎഷിക്കുന്നാളതി-
സുഖമുണ്ടാകേണം നിങ്ങൾക്ക-
ങ്ങുപവിവരുംപടി പീലികൾതോറുമ-
ടൻകൺകളുമുണ്ടായ്‌വരികെന്നേ;
അവിടെയവണ്ണം കാകനെയന്തക-
നണയെവിളിച്ചുവരങ്ങൾകൊടുത്താ-
നിവിടെമഹാരോഗത്താൽനിങ്ങളി-
നിച്ചാകായ്കൊരുവൻകൊല്ലാതേ. 191

തേറി മമാലയമെയ്തുമവർക്കും
തീരുക പൈദാഹങ്ങളനത്തും
ചോറൊടുതണ്ണീർ നിങ്ങൾ നുകർന്നാൽ
തുലയാതെന്നരുൾചെയ്തുതുകാലം;
വേറു ജലേശനുമന്നംതന്നെവി-
ളിച്ചുരചെയ്താനൊക്കെവെള്ളത്തുടൽ
ഏറെമനോഹരമായേ ജലമതി-
ലിതമൊടു നിങ്ങളിനും വാഴ്കെന്നേ. 192

നിങ്ങളുടേയുടൽ പൊന്നിറമാകനി-
റഞ്ചേർതലസദ്രവ്യവുമാകെ-
ന്നങ്ങു ധനേശ്വരനും ചൊന്നാൻ കൃക-
ലാസത്തൊടു തന്നെക്കാത്തതിനാൽ;
ഇങ്ങമരേന്ദ്രാദികളവരോടുമി-
രുന്നടനേസംവർത്താജ്ഞയിനാൽ
പൊങ്ങിയയാഗംചെയ്തുമുടിച്ചാൻ
ഭൂപതി; പോയാരവരവർഭവനേ. 193

നേർപൊരുകെന്നോടല്ലാൽ നാമിഹ
നിർജ്ജിതരായോമെന്നുരചെയ്വിൻ
കോപമൊഴിഞ്ഞിനിയെന്നുനിശാചര-
കുലവരനവരവരോടുരചെയ്താൻ;
പാപിദശാനനനന്നവനൊടുനര-
പതി സുരഥൻ ഗയനും ഗാധിയുമിഹ
താപമിലാതപുരൂരവദുഷ്ഷ-
ന്താദികളും നാം തോറ്റോമെന്നാർ. 194

ആർക്കുമെതിർത്തുജയിക്കരുതവനൊട-
ജാജ്ഞയിനാലിന്നൊന്നറിവുറ്റേ
പോർക്കവനോടരുതെന്നു പുകണ്ണാർ
ഭൂമിമികുന്തനൃപന്മാർ പലരും;

ഭാഗ്യവതാംവരനാമനരണ്യൻ
പാലനചെയ്യുമയോദ്ധ്യാപുരമതിൽ
നീക്കമൊഴിഞ്ഞതുകാലത്തഖിലനു-
പേശലനായേ മനുകുലതിലകാ. 195

മനുകുലവരനനരണ്യനൊടവിടേ
വന്നുദശാനനനന്നു പറഞ്ഞാ-
നിനിയമർചെയ്കെന്നോടതിളയ്ക്കിലെ-
നീക്കരുതെന്നുരചെയ് നീയെന്നേ;
പുനരതിനേറെ മുനിഞ്ഞുപെരുമ്പട
പൊലിവൊടെതിർത്തുകണ്ടവരെക്കൊല
ചിനമൊടുചെയ്തുദശാനനനോടുചെ-
റുത്തനരണ്യനുമെയ്യെതിർനിന്നാൻ. 196

അന്നതുകാലമണഞ്ഞു ദശാസ്യന-
ടിച്ചാനനരണ്യനെയതുകൊണ്ടേ
ദീനതയാ മരണംപ്രാപിപ്പതു-
നേരമവൻനിശിചരനൊടു ചൊന്നാൻ,
ഞാനിവിടേ മരണംപ്രാപിപ്പതു
നാനാജ്ജാതിയുമിന്നൊഴിയാ നീ-
താനിതിനിങ്ങൊരു കാരണമായാ
തവ ജയമില്ല വിശേഷിച്ചതിനാൽ. 197

ഇതു തവ ബാഹുബലത്താലെങ്കില-
മിനിയൊരുകാലത്തിനകുലമതിലേ
മതിനലമോടുംദശരഥസുതനായ്
വന്നുളനാമൊരുരാമനരേന്ദ്രൻ
പതിയൊടുകൂടിയ നിങ്ങളെയെല്ലാം
താനമരിൽക്കൊലചെയ്യു മുതിന്നവ-
നിതമൊടുമെന്നുശപിച്ചുമഹീപതി-
യിന്ദ്രപുരംപുക്കാനുടൽവേറായ്. 198

ഉടനതുകാലം ദുന്ദുഭിഘോഷവു-
മുണ്ടായിതുമലർമഴയുമനന്തര-
മടലിതുവെന്നേനെന്നുദശാനന-
നാർത്തുകളിച്ചു നിശാചരരോടേ,
മുടിവിയലുംപടി ശാപമിയന്നതു-
മറററിയാതെ മദത്തൊടു പോയാൻ
വടിവിയലുംനരവരനേ! എന്നുമ-
ഹാമുനികുംഭോത്ഭവനറിയിച്ചാൻ. 199

അറിക മഹാത്മാവേ! ഭൂപതിമാ-
രന്നുളരായവർകൾക്കൊരുവക്കും
നെറിവഴിനിന്നമർചെയ്തുജയിപ്പാൻ
ദശമുഖനോടരുതായ്വാനെന്തേ?
കുറവവർകൾക്കുണ്ടായോ? നിശിചര-
കുലവരനതിബലവാനായോ? ചൊൽ-
കറിവതിനായെന്നേശ്രീരാമന-
ഗസ്ത്യനൊടന്നടിതൊഴുതുരചെയ്താൻ. 200

താനതുകേട്ടു ചിരിച്ചു മഹാമുനി
തപനകുലോത്ഭവനോടരുൾചെയ്താൻ
പോനദശാനനനിനകുലതിലകാ!
പുക്കാൻ മാഹിഷ്മതിയിൽ മുതിന്നേ;
താനവിടേ മരുവുംകൃതവീര്യ്യത-
നൂജനുദാരമഹീപതിയർജ്ജുന-
നാനതുകാലം നർമ്മദയിങ്കൽനി-
ജാംഗനമാരൊടുകൂടെപ്പോയാൻ. 201

പോയതറിഞ്ഞു ദശാനനവീരൻ
പുരമതിൽനിന്നുടനേതാനും പോ-
യായതമാകിയവിന്ധ്യമഹാമല-
യാമതുകണ്ടുടനന്നതിന്നരികേ,

തോയനിറഞ്ഞുപരന്നൊളിവാൎന്നി-
സുഖകരമായൊഴുകീടിനനൎമ്മദ-
യായമഹാനദികണ്ടതിനുടെകരെ-
യനുചരരാമവരോടുമിരുന്നാൻ. 202

ആനന്ദേന ദശാനനനും ചൊ-
ന്നാനവിടെത്തൂമ്രാക്ഷാദികളോ-
ടൂനംവാരാതചരവരൊടുപൊരു-
തുണ്ടായാലസ്യം തീൎപ്പാനായ്;
വാനിമ്പമെഴുംനദിയോടെതിൎവ്വടി-
വിയലുംനൎമ്മദയാമിതിൽ നിങ്ങൾ
മാനംചേരുമമാത്യന്മാരേ!
വാധയൊഴിഞ്ഞുകുളിക്ക വിരന്തേ. 203

ഏറ്റെവിരന്തു കുളിച്ചിവിടേ ഞാ-
നിനി നിയമങ്ങളിയററിമുടിപ്പൻ;
തേറുക കാലമിതും മദ്ധ്യാഹ്നം
ചെമ്മേയെന്നുദശാനനനരുളാൽ
ക്കുറിയവാറു കുളിച്ചവർ ചന്ദന-
കുസുമാദിദ്രവ്യങ്ങളെയവിടേ
വേറുളവാക്കി മഹാശിവലിംഗം
വീരതരൻ ദശമുഖനു കൊടുത്താർ. 204

ഉത്തമവാലുകകല്പിതവേദിയി-
ലുടനമരുംമണിപീഠമതിന്മേൽ
വൈത്തമഹാശിവലിംഗേ നിജഗുരു-
വചനമതിൻവഴിയേ ദശമുഖനും
ചിത്തസുഖേന മുതിൎന്നു ശിവാൎച്ചന
ചെയ്തു പുകണ്ണെഴുനിന്നതിഭക്ത്യാ
നൃത്തവുമാടി നിരാമയനേ! ജയ
നീലഗളാ! ശരണെന്നുഴിവുററാൻ. 205

അഴിനിലക്കൂടാതേ ശിവപാദവു-
മടിയേനും നിന്തിരുവടിതാനും
പിഴയിയലാതൊന്നായൊളിവായേ
പേർത്തുംതോന്നിവരുന്നിതിദാനീം;
പഴയമഹാമോഹാത്മകഭേദം
പരിചൊടുപോവാനേകിനിയും മമ
വഴി വഴിയേ തവ കൃപയാലെന്നുവ-
ണങ്ങിവണങ്ങിയരക്കൻ നിന്നാൻ. 206

ആനതുകാലമതിന്നരികേ പുന-
രരയോജനവഴി പശ്ചിമഭാഗേ
മാനിനിമാർപലരോടുംക്രൂടിമ-
ഹാരാജൻ കൃതവീര്യതനൂജൻ,
താനതിബാഹുബലേന മതിൻ്റത-
ടത്തതിനാൽ താഴ്നെറിയൊഴുകാതേ
മാനിതയാകിയനർമ്മദയാനമ-
ഹാനദിപൊങ്ങിയതീവ പരന്നാൾ. 207

പരന്നൊഴുകുംജലവേഗവശേന ഭ-
യംകരനായദശാനനവീര-
നിരുന്നവിടംമുഴുകീടിനപോതതി-
നെന്തൊരുകാരണമെന്നറികെന്നേ
വിരന്തവനും ശുകസാരണരോടുവി-
ളമ്പിയപോതവർതാമുമയന്നു,
തിരഞ്ഞു പടിഞ്ഞായിറു ചെന്നളവതി-
ചേതോഹരനാംനൃപനെക്കണ്ടാർ. 208

കണ്ടാർ നീലമുകിലൊളിതിരാകിയ
കാന്തികലൻ്നമനോഭവനെക്കാ-
ളുണ്ടാകിയസൗന്ദര്യത്തൊടുമു-
ദാരതമേവിയബാഹുസഹസ്രം-

കൊണ്ടാദരവൊടൊഴുക്കുതടുത്തുകു-
ലോത്തമനാംനൃപനെണ്ണില്ലാതോളം
വണ്ടാർകുഴലികളോടുംകൂടെമ-
കിഴ്ന്തുകളിച്ചുകുളിപ്പതുമുററും. 209

മുററുമിളംപുരുഷോത്തമനൊരുവൻ
മുകുരംമുലമാരൊടുനീരാടുന്നോൻ
കൊററവനേ നിജബാഹുസഹസ്രം
കൊണ്ടവനന്നദിതന്നുടെവേഗം
കുററമൊഴിന്തു തടുത്തുകുളിപ്പതു-
കൊണ്ടു കവിഞ്ഞുവരുന്നിതു തോയമി-
തുറററികെന്നുദശാനനവീരനൊ-
ടുടനേ ശുകസാരണരറിയിച്ചാർ. 210

അറിവനവൻതാനർജ്ജുനനെന്നാ-
ലവനൊടുചെന്നമർചെയ്വൻ ഞാനെ-
ന്നുറവൊടുചെയ്തമഹേശ്വരപൂജയു-
ടന്മുടിയാതേകോപത്തോടേ
കുറവിയലാതപ്രഹസ്താദികളൊടു
കൂടെച്ചെന്നുദശാനനവീരൻ
പിറന്തലാരൊടുമർജ്ജുനഭൂപതി
പേർത്തുംനീരാടുന്നതു കണ്ടാൻ. 211

കണ്ടാനർജ്ജുനസാമന്താദികൾ
കരനിന്നവരൊടണന്തുരചെയ്താ-
നണ്ടുദശാനനനാകിയഞാൻ ത-
ന്നോടമർചെയ്വാനായ് വന്നിവിടേ;
ഇണ്ടലൊഴിഞ്ഞിനിയെന്നൊടുപോർചെയ്-
കെന്നരചന്നറിയിക്ക വിരന്തെ-
ന്നണ്ടർപുരാന്നരിയാകിയരാവണ-
നവരൊടുചൊന്നതു കേട്ടവർ ചൊന്നാർ. 212

ആത്തുവിളിച്ചമർചെയ്യാൻ കാലമ-
റിഞ്ഞിഹ വന്നവനേ നീ നന്നിതു,
നേത്തമർചെയ്യിനി നാളെയടക്കമി
ന്മദമിന്നൃപകുലതിലകൻതാൻ;
ചീത്തമദത്തോടിന്നേ യുദ്ധം
ചെയ്യതിളയ്ക്കുരുതെങ്കിലുഴറെറാട്ടു
നേത്തമർചെയ്യേങ്ങളെയുയിർകൊണ്ടാൽ
നൃപനൊടുപൊരുക നിശാചരവീരാ! 213

ആനതുകേട്ടു പ്രഹസ്താദികളാ-
മരിയനിശാചരവീരരണഞ്ഞേത
മാനുഷർതമ്മെയടിച്ചുയർകൊണ്ടുമ-
ഹാകോലാഹലമായമർചെയ്താർ;
ആനതറിഞ്ഞുമഹീപതിയുംനീ-
രാട്ടുകപേടിയെയൊഴിഞ്ഞിത വന്നേൻ
ഞാനരനാഴികവൈകാതെന്നേ
നാരികളോടുരചെയ്തു നടന്നാൻ. 214

നാനാഗുണമിയലുന്നമഹീപതി
നർമ്മദതങ്കരയേറിമുതിന്നേ
വാനോരെരാളിവിയലുന്നമഹാഗദ
വമ്പൊടെടുത്തു ചുഴററിയടുത്താൻ;
താനാകുലമൊടുവേറായ് വന്നത-
ടുത്താനന്നു പ്രഹസ്തനനും വര-
സേനാപതിനരപതിയെവിരഞ്ഞെരി-
തീചിതറുംമുസലത്തെയെറിഞ്ഞാൻ. 215

അത്തലൊഴിഞ്ഞതുതന്നെയിഴക്കിയ-
ണഞ്ഞു മഹീപതിയെററിയതേറേ
ചിത്തവിമോഹത്തോടേ വീണ്ണാൻ
ചെമ്മേ മേദിനിമീതു പ്രഹസ്തൻ;

മെത്തിയശോകഭയാദികളോടുവി-
രന്തുകണ്ടേ ധൂമ്രാക്ഷാദിക-
ളത്തലിയന്നോടിപ്പോയാർ, പുന-
രർജ്ജുനനും ദശമുഖനൊടെതിർത്താൻ. 216

ദശശതഭുജനാകിയനൃപവരനർ-
ജ്ജുനനുംദശമുഖനും തങ്ങളിലേ
പശുപതിയും പിതൃപതിയും പണ്ടു ഭ-
യംവരുമാറമർചെയ്തതുപോലേ;
നിശിചരമാനുഷരാദികൾകാണെന്നി-
റന്നൊളിവാന്നഗദാധരരായേ
ദശദിശി ഘോഷമെഴുംപരിചാർത്തെതിർ-
നിന്നതിഘോരതരം പോർചെയ്താർ. 217

പോരിൽമുറിഞ്ഞടർമണ്ണിടെവീണിതു
പൊന്നിറമാർന്നദശാനനകവചം;
ധീരതയോടതുകാലമടിച്ചാൻ
ചെന്നു നിശാചരവരനെ നരേന്ദ്രൻ;
നേരലർകാലനരക്കനതേററതിർ-
നിൽക്കരുതാതൊരുവില്പാടകലെ-
ത്താരണിമീതു തെറിച്ചേവീണതി-
സംകടമോടുമിരുന്നാനൊട്ടേ. 218

ഒട്ടുംവൈകാതേപൌലസ്ത്യനെ-
യോടിയണഞ്ഞു മഹാപാശത്താൽ
കെട്ടിയെടുത്തു നടന്നാനേത്തും
കേടിയലാകൃതവീര്യതനൂജൻ;
മട്ടലർമാമഴപെയ്തു പുകണ്ണാർ
മന്നവനേ വാനവരാദികളവർ;
കഷ്ടമിതെന്നുണർവുററപ്രഹസ്തൻ
കണ്ടു കരുത്തു ചെറുത്തമർചെയ്താൻ. 219

അമരതിദാരുണമായേ ചെയ്താ-
രവിടെ ധൂമ്രാക്ഷാദിനിശാചരർ
ഭ്രമമെഴമാറവർതമ്മൊടെതിൎത്തുപൊ-
രുമ്പോർചെയ്തുജയിച്ചുനരേന്ദ്രൻ,
കമലവിലോചനമാരൊടുകൂടെ-
ക്കാലംവൈകാതേ നീരാടി-
സ്സമരജയേന ദശാനനനോടും
താഴ്‌വിയലാനിജഭവനേ പുക്കാൻ. 220

ആനതുകാലമിരാവണനെക്കാ-
രാഗൃഹമതിലേയിട്ടാനജ്ജന-
ന്തനമൊഴിന്തെന്നുള്ളവിശേഷമു-
വന്തവരവർ പറയുന്നതു കേട്ടേ,
മാനസഖേദമിയന്നു പുലസ്ത്യമ-
ഹാമുനിപുത്രസുതസ്നേഹത്താൽ
മാനിതനായമഹീപതിമേവിന
മാഹിഷ്മതിയിലുഴറ്റൊടു ചെന്നാൻ. 221

ചെന്നദിവാകരനോടെതിരാമൊളി
ചേൎന്നപുലസ്ത്യമഹാമുനിയെക്ക-
ണ്ടന്നെതിരേറ്റുനമസ്കാരംചെ-
യ്തർഘ്യാസനപാദ്യാദികളോടും
നന്നിവരുമ്പടിപൂജയിയറ്റിന-
രേശ്വരനും മുനിവരനൊടുചൊന്നാ-
നിന്നു സുഖം മമ വന്നിതിവണ്ണമെ-
ഴുന്നരുളിയകാരണമറികെന്നേ. 222

അറിവിയലുന്നപുലസ്ത്യനനന്തര-
മജ്ജനഭൂപതിയോടരുൾചെയ്താൻ
കുറവിയലാബലവീര്യാദികളൊടു
കൂടിയിരുന്നിനി വാഴ് പലകാലം;

മറികടൽത്തന്നെയുമാജ്ഞയിനാലേ
വായുവിനെയുമിളകാമലിരുത്തും-
തിറമിയലുംദശമുഖനൊടു നിയമർ-
ചെയ്തു ജയിച്ചവനല്ലോ മന്നാ! 223

എല്ലയിലാബലമുള്ളദശാനന-
നെന്നുടെപൌത്രനവൻ പുനരതിനാൽ
വല്ലപ്രകാരവുമവനെവിടെന്നതു
മന്നാ! നിന്നൊടിരപ്പാൻ വന്നേൻ;
ചൊല്ലിനിയന്നമഹീപതിയേതും
ചൊല്ലാതോടിച്ചെന്നവരക്കനെ-
യല്ലലൊഴിച്ചുനിജാഭരണങ്ങള-
ണിഞ്ഞുപുലസ്ത്യസമീപേ വിട്ടാൻ. 224

ആനതിനാലതിസന്തോഷത്തോ-
ടജ്ജനനോടനുവാദം കൊണ്ടേ,
വാനിലുയൻന്നു മഹാമുനിപോയവ-
നന്തരമവിടേനിന്നു ദശാസ്യൻ
ഞാനിനിയാകിലധമ്മം ചെയ്യേൻ
നരപതിയേയേറിവോയാകെന്നഭി-
മാനമൊഴിഞ്ഞൊരുസത്യഞ്ചെയ്തുമ-
കിഴ്ന്തവനോട്ടറവായേ പോയാൻ. 225

ആയുധപാണികളിൽത്തലവൻ ഞാ-
നാരിനിയെന്നെതിരെന്നു നിനയ്ക്കിൽ
തേയുമവൻബലവീര്യാദിക,ളതി-
തീമയിലാതതു ശാന്തതയല്ലോ;
പോയദശാനനനായനിശാചര-
പുംഗവനമരന്മാരാദികളാ-
മായവരേവരെയുംപീഡിച്ചുള-
നായാൻ പിന്നെയുമരചകളരചാ! 226

അരചാ! ബലവാനായദശാനന-
നമരാവതിസമമാംകിഷ്കിന്ധാ-
പുരി മേവിപ്പൊരുവാനമരേശ്വര-
പുത്രൻബാലിയെ വെതുവിളിച്ചാൻ;
വിരവാലതുകേട്ടേയെതിർചെന്നതി-
വീരന്താരനെന്നുംകപിപുംഗവ-
നരചെയ്താൻ പൗലസ്ത്യൻതന്നോ-
ടുണ്മയിതരചാ! കേട്ടരുളെന്നേ. 227

ഏവരിലുംബലശാലികപീശ്വര-
നിപ്പൊഴുതിവിടത്തോനല്ലറികതു;
മൂവരനാഴികനേരംപാക്കമു-
ഹൂൎത്തംപാക്കിലുമമയുമതല്ലാൽ,
താവിയയാഴികൾനാലിലുമെയ്തി-
സ്സന്ധ്യയിയററിയവൻവരുമിപ്പോൾ
പോവതൊഴിഞ്ഞിവിടേ നിന്നരുളുക
പൊരുവാൻ വന്ന നിശാചരവീരാ! 228

വീരാ! പണ്ടും പലരുമിവണ്ണം
വീറൊട്ടവന്നു വിളിച്ചമർചെയ്താർ;
പാരായവരുടെയസ്ഥിസമൂഹം
പനിമലപോലുയകുന്നിതു മുററം;
ഓരായന്തകപുരിയിൽ നിനക്കുമു-
ഴറെറാട്ടുപോകാമില്ല വികല്പം;
താരാപതി ദേവേന്ദ്രതനൂജൻ
സന്ധ്യമുടിച്ചിവിടത്തിനു വന്നാൽ. 229

അത്തലൊഴിഞ്ഞമൃതത്തെനുകന്നാ-
യാകിലു നീ കപിവീരൻവാലിയൊ-
ടെത്തിയെതിൎത്തമർചെയ്കിൽ മരിപ്പതി-
നില്ലൊരുസംശയമെന്നതു തേറായ്;

സത്യമിതെന്നി മരിപ്പതിനേറിയ
സംഭ്രമമുണ്ടു നിനക്കെങ്കിൽപ്പോ-
യെത്തുക ദക്ഷിണസാഗരതീരമി-
രിക്കുമവൻപുനരിപ്പൊഴുതവിടേ. 230

ഏവമിയമ്പിയതാരനെ വാനര-
നെന്തിവനെന്നകമേ നിന്ദിച്ചേ
പോയ്‌വിരവോടു ദശാനനവീരൻ
പുക്കാൻ ദക്ഷിണസാഗരതീരേ;
പാവകതുല്യരുഷാ കനകാചല-
ഭംഗികലന്നശരീരി കപീന്ദ്രൻ
ഭാവനചെയ്തുകുളിച്ചേ സന്ധ്യാം
പരിചൊടിയറ്റുവതവിടെക്കണ്ടാൻ. 231

കണ്ടതുകാലമരക്കൻതന്നെ-
ക്കാണാതേപുവിമിതിലിറങ്ങി-
ക്കൊണ്ടലെന്നുംനിറമുള്ളനിശാചര-
കുലപതി മന്ദംമന്ദമണഞ്ഞാൻ;
അണ്ടർപതിക്കുതനൂജൻ ബാലിയു-
മവനറിയാതേ താനവനെക്ക-
ണ്ടങ്ങുപിടിപ്പതിലാശയിവന്നെ-
ന്നോർത്തു താനും കരുതിയിരുന്നാൻ. 232

ആനവനണയെക്കക്ഷേ ചേർത്തഴ-
ലാമാറവനെയുഴറ്റൊടിടുക്കി-
ത്താനഥ പശ്ചിമസാഗരതീരേ
താവിയണഞ്ഞു കുളിച്ചു ജപിച്ചാൻ;
മാനിതനായദശാനനവീരനെ-
യൻപിലിടുക്കിയിരിക്കെച്ചെയ്തേ
വാനിലുയർന്നുകുതിച്ചു വടക്കൻ-
വാരിധിപുക്കു കുളിച്ചു ജപിച്ചാൻ. 233

കുളിച്ചുജപിച്ചാൻ ദശമുഖനോടും-
  കൂടെച്ചെന്നു കിഴക്കിൻദിക്കി-
ലിളക്കമെഴുംവാരിധിയിലുമവരവ-
  രേറെമകിഴ്ന്താരന്നതു കണ്ടേ;
ഇളക്കമൊഴിഞ്ഞമരന്മാരാദികൾ
  തൂമലർമാമഴപെയ്താരൊട്ടു
തളച്ച്യൊടുംകിഷ്കിന്ധാപുരിയിൽ-
  ത്താവിയവാനരവീരൻ വിണ്ണാൻ. 234

വീരൻദശമുഖനെക്കൈക്കൊണ്ടേ
  വീറൊടു വാലിയുയന്നു കണ്ടേ
ഘോരതരംചിനമോടുതൊഴിപ്പാൻ
  കൂടെയുയന്നിശാചരരെല്ലാം
പാരിന്മീതുയർമലകളുമിളകും-
  പരിചു-കപീന്ദ്രൻ പോംവഴിവേഗം
ചേരുംവായുബലംകൊണ്ടരികെ-
  ച്ചെല്ലരുതെന്നിടരോടുമകന്നാർ. 235

അന്നു ദശാനനെക്കൈവിട്ടുട-
  നാർ നീയെന്തിഹ വന്നനിമിത്തവു-
മിന്നിനി വേണ്ടുവതും പുനരെന്തെ-
  ന്നിന്ദ്രസുതൻ ചോദിച്ചതു കേട്ടേ,
നിന്നനിശാചരനവനൊടു ചൊന്നാൻ
  നിരുപമവാനരശൂരാ! വീരാ!
വെന്നിവരുംപടി നിന്നൊടുപൊരുവാൻ
  വീറൊടു വന്ന ദശാസ്യൻ ഞാനേ. 236

ഞാനിനി നിന്നൊടുയുദ്ധംചെയ്യേൻ;
  നമ്മിലതിന്നിച്ചുമഗ്നിയെമുന്നി-
ട്ടൂനമൊഴിഞ്ഞൊരുസത്യംചെയ്തി-
  ന്നുടനെൻഭ്രാതാവാകേണം നീ;

ദീനതകൂടാതെന്നെയെട്ടത്തേ
നീ വളവ്വാനില്ലയന്നവനെന്നാൽ
മാനിതരാകിയവീരരിവണ്ണം
മറെറാരുവരുമുളവോ കപിവീരാ! 237

വീരാ! കേൾ മമ ലങ്കാപുരിയും
വീറിലകുംധനദാരാദികളും
പാരായ് നീയുടയവനതുപോൽ മമ
ഭവനം കിഷ്കിന്ധയുമാകേണം;
നേരാർകുലമരുമാറിനിനമ്മിൽനി-
രക്കെന്നെളവവനോട്ട മഹാകപി
താരാപതിയുമിതാമെന്നഗ്നിസ-
മീപേ സത്യംചെയ്തുനിരന്നാൻ. 238

ആനമഹാകവിയോടുംകിഷ്കി-
ന്ധാപുരിതന്നിൽ നിജാമാത്യരുമായ്
മാനിതനായദശാനനനേകം
മാസമതീവ സുഖത്തോടിരുന്നാൻ;
മാനവവീരവരാ! പുനരേവം
ബാഹുബലന്തികൾംബാലിയെ നീയേ-
യുന്നമൊഴിന്തൊരുവാണംകൊണ്ടെ-
തൊരുനൊടിയിൽക്കൊലചെയ്തായല്ലോ. 239

എല്ലാരെയുമിഹ മാനുഷർതമ്മെയെ-
തിത്തമർച്ചെയ്തുജയിച്ചുനടക്കും
പൊല്ലാമതിയിയലുന്നനിശാചര-
പുംഗവനോടതുകാലത്തൊരുനാൾ
ചൊല്ലേറീടിയനാരദനഖിലസു-
രാസുരവന്ദിതസുന്ദരദേഹൻ
കല്യാണാത്മാ ദശമുഖവീരാ!
കരുതായ് കാര്യമതെന്നറിയിച്ചാൻ. 240

അറിക മഹാസുഖമായിതു കണ്ടള-
വതിനാൽ നിന്നെയെനിക്കിതുകാലം
കറവിയലാബലമുള്ളനിശാചര-
കുലതിലകാ! വീരാ! പൗലസ്ത്യാ!
പറവൻ ഞാൻ തവ നല്ലതു മാനുഷർ
പലരെയുമിന്നുയിർകൊണ്ടാലതിനാൽ
നിറമിയലുംപുകളില്ല നിന,ക്കിവർ
നിതരാംതാമേ ചാമവരല്ലോ. 241

അവരവരേയാധികൾവ്യാധികൾപൂ-
ണ്ടന്തകവശരായേയുഴലുന്നോ-
രവനിയിൽ മാനുഷജാതികളാമവ-
രറികതതിന്നിയുമൊന്നിതു കേളായ്;
ശിവശിവ!പുത്രകളത്രാദികളിൽ-
ച്ചെമ്മേ മോഹിതരാകിയിരുന്നേ-
യവയുമകന്നവരന്തകഭവനേ-
യറിയാതേ പൂകുന്നതു കാണായ്. 242

ഇന്നു മഹാധനവാനേ ഞാനെ-
ന്നേവരെയും നിന്ദിച്ചാക്ഷേപി-
ച്ചൊന്നറിയാതേയന്തകപുരമതി-
ലുടനേ ചിലർ ഖേദത്തൊടു പൂവോർ;
നന്നിമികുംവിദ്യാകുലശീലന-
യാദികളുള്ളവരാർ നമ്മെപ്പോ-
ലെന്നു നിനച്ചാത്മാവിനെയറിയാ-
തിടയേ ചിലർ മൃതരാവതു പാരായ്. 243

പാരായ് ചിലർ മുറയിട്ടവതുകാലം
പാടിനടഞ്ഞെയ്യുന്നതുകണ്ടേ
വീരാ ചിലരതിസന്തോഷിപ്പർവി-
വേകമൊഴിഞ്ഞു മദാന്ധതയാലേ;

നേരേ രാജഭടന്മാരോടുംകുല-
നിലമണയുംചോരക്കുടനേ
തീരാതഴൽവരുവതുപോൽ വരുമിവ
തേറുകിൽ നിശ്ചയമുള്ളിലെവക്കും. 244

ഇവപറകിൽക്കാലംപോരാ പുന-
രെന്നാലേവമസാരന്മാരാ-
യവനിയിൽവാഴ്വവരോടുജയിച്ചാ-
നതിനാലില്ല നിനക്കൊരുശൌയ്യം;
തവ സമരായ്ബ്ബലവീര്യാദികളൊടു
സവ്ജഗത്തുമടക്കിവസിക്കു-
ന്നവരൊടു പൊരുതുജയിപ്പതു തവ പുക-
ഴറികെന്നാൻ മുനി ദശമുഖനോടേ. 245

ഏറിയസന്തോഷേണ മുനീന്ദ്രനെ-
യെഴുനിന്നടിമലർതൊഴുതറിയിച്ചാൻ
തേറുക മാനുഷലോകമെനിക്കുമ-
ധീനമുരത്തതുമൊണ്മയിതെന്നാൽ,
മാറിലയാതമഹാനാഗങ്ങളെ
വരുണനെയും വെന്നേ പാതാളം
വീറൊടടക്കിയമത്ത്യരെ വെൽവാൻ
വിരവൊടുമിത പോകുന്നേനെന്നാൻ. 246

എന്നുദശാനനനോടു മഹാമുനി-
യിമ്പമിയന്നുരചെയ്താൻ പിന്നെയു-
മിന്നിതുചെയ്യാനേതൊരുവഴിയേ-
യിനി നീ പോകുന്നതു പാതാളേ?
എന്നുമെവക്കുമതീവനടുക്കമി-
യററി മഹാത്മാവായകൃതാന്തൻ
വെന്നിമികുത്തമരാപുരിയരികേ
വീരാ വഴിപോവാൻ പണി മുററും. 247

മററുമതീവഭയങ്കരമതുവഴി
മുനിവൊഴിയെന്തൊരുപായം പോവാൻ?
മററിനിയെന്നമഹാമുനിയോടുമ-
ദേന ചിരിച്ചു ദശാസ്യൻ ചൊന്നാൻ;
പററുമതറിവുറേറമുനിതിലകാ
ഭാവം ഞാൻ തവ മുമ്പിതറിഞ്ഞേൻ
മററുസമസ്തവുമിനിയന്തകനെമ-
രുത്തുജയിച്ചൊഴിയെച്ചെയ്യേൻ കാൺ. 248

കാണായന്തകനെക്കൊലചെയ്വൻ
കാലംവൈകാതെന്നു ദശാസ്യൻ
വീണാധരനാംമുനിയൊടുചൊല്ലിവി-
രന്തനുവാദംകൊണ്ടേ പോയാൻ;
കാണേണംപോരിന്നിതുവിസ്മയ-
കരമായെന്നൊരുകൌതുകമോടും
വാണാളളവില്ലാതമഹാമുനി
വൈകാതന്തകഭവനം പുക്കാൻ. 249

അന്തകനഖിലപ്രാണികൾചെയ്യുമ-
ശേഷശ്ശുഭാശ്ശുഭകർമ്മവിപാകം
ചിന്തനചെയ്തവമാത്യന്മാരൊടു
ചേർന്നിതമായ് മരുവുന്നതുകാലം
വന്ദനചെയ്തെതിരേററച്ചിച്ചുമ-
ഹാമുനിനാരദനൊടുചോദിച്ചാ-
നെന്തൊരുവാർത്ത ജഗത്ത്രിതയത്തിലു-
മിടരില്ലല്ലീ ചൊല്ലുകയെന്നാൻ. 250

എന്നതുകേട്ടുരചെയ്താൻ മുനിവര-
നിനതനയാ! നിന്നോടമർചെയ്തേ
വെന്നിതനിക്കുണ്ടാകുവതിന്നുവി-
രന്തിത ദശമുഖനിവിടെ വരുന്നോൻ;

ഇന്നിതു ചൊൽവാൻ വന്നേനുഴറിയി-
നിക്കരുതിക്കൊൾ നീ പൊരുവാൻ പ-
ണ്ടെന്നുമൊരുത്തരുമേ തവ ദണ്ഡാലെ-
റ്റുണ്ടാൽമരിയാതേയറിയേൻ. 251

അറിയാമിതുമിനിയെന്നുമഹാമുനി-
യന്തകനോടറിയിപ്പതുകാലം
നിറമാമതിയുദയംപോലീടിയ
നിറമൊടുപുഷ്പകമാനവിമാനം,
നെറിയേ ചെൽവതു ദൂരെക്കണ്ടുനി
ശാചരപതി പുനരിതുപുനരെന്നേ-
യറിവോടന്തകനുംനിജസൈന്യമ-
നത്തും പൊരുവാനായ് വരികെന്നേ. 252

ആനതുകാലം കണ്ടാൻ ദശമുഖ-
നതിഭയകരമാമന്തകഭവനേ-
യൂനമെഴുംപാപികളെയോരോതര-
മുള്ളമഹാനരകങ്ങളിലിട്ടേ
മാനസഖേദംചെയ്വതുമുടനേ
മറ്റുമഹാപുണ്യംചെയ്തോർകളെ
മാനിതമാം ഭവനേ ചേർത്തേറെ-
മകിഴ്ന്തുസുഖിപ്പിക്കുന്നതുമവിടെ. 253

അവിടേരൗരവമോടുമഹാരൗ-
രവമസിപത്രവനംവൈതരണിയു-
മിവയാദികളാകിയനരകങ്ങളി-
ലിടരൊടുചിലർമേവുന്നതുകണ്ടാൻ;
കവർമ്പാലെയ്തും നാനരികൾകടി-
ച്ചുടൽകീറുംതോറും പാപം
ദിവസംതോറും ചെയ്തവയോർത്തേ
നിതരാം ചിലർ മുറയിടുവതുമുടനേ. 254

ഉടലധികംവമ്പുള്ളപുഴക്കളെ-
	ടൻഭക്ഷിപ്പതിനാലഴവോർ ചിലർ;
ചുടുമണലാംമരുഭൂമിയിലേ ചിലർ
	ചുഴലെനടന്നിടരോടുഴലുന്നോർ;
പടുമല ദുഃഖംവന്നിരുൾചേരും-
	പടുകുഴിയിൽച്ചിലർ പോയ്‌വീഴുന്നോം-
രുടനവരാമലയാഴിയിലേചില-
	രൊരുകരകാണാതേ നീന്തുന്നോർ. 255

ഓരോതേളൊടുസർപ്പാദികൾവ-
	ന്നുടലിലുറച്ചുകടിപ്പതുകാലം
തീരാതഴലൊടുമോഹിപ്പോർചിലർ
	തീയിലുടൻ ചിലർ പോയ്‌വീഴുന്നോർ;
ആരേതണ്ണീർതരുവതു പൈദാ-
	ഹാദികളുണ്ടു നമുക്കെന്നേ ചിലർ;
ഓരാതെങ്ങുമുഴന്നുനടപ്പോ-
	രുളർചിലർ ചോരിനുകന്തു കുടിപ്പോർ. 256

പോരാ ദണ്ഡിപ്പിച്ചതുനിന്നെ-
	പ്പൊൻനിറമാമവളെത്തഴുകെന്നേ
നേരേയന്നൊരുചെമ്പിൻപാവയെ
	നിതരാംചുട്ടതിനെത്തഴുകിച്ചേ,
പാരാ സുഖമുണ്ടല്ലീയെന്നുപറ-
	ഞ്ഞവിടേ യമകിങ്കരർ നില്പതു-
മോരോമലമീതേ കരയേററിയു-
	രുട്ടുവതും ചിലരെപ്പുനരവിടെ. 257

ഏറിയവാളികളേറേററുടനുട
	നെയ്യുന്നവരാരെന്നറിയാതേ-
ക്രൂരരുതാതൊളംദുഃഖത്തൊടുക്രൂ-
	ടവിടെച്ചിലരുളർ മുറയിടുവോർ;

വേറവിടെച്ചിലർതമ്മെയടിച്ചുവി-
രന്തുകിടത്തിയിരുമ്പൂരുക്കി-
ത്തേറിത്തു നീ കുടിയെന്നവർവായിൽ-
ച്ചിലയമകിങ്കരരുളവീഴ്ത്തുന്നോർ. 258

ഓരാതേമഴയോടിടിയും കുളി-
രിരുൾകുഴിമുള്ളും വെള്ളവുമുണ്ടായ്
നേരിയലാവഴിയേ ചിലർ പോയുള്ളർ
നില്ലാതേ മുറയോട്ടുഴലുന്നോർ;
വാരാകരസമമായേ ചലവും
വമ്പുഴവുംനിണവുംചേർപുഴയിൽ-
പ്പാരാതേ ചിലർ വീണ്ണുന്നീരെ-
പ്പുരുകിയനേകംനാൾ വാഴുന്നോർ. 259

ഓർത്തീടാതിയിൽ നീ പാപങ്ങളു-
ഴറെറാട്ടുചെയ്തവയെന്നേ കിംകരർ
മൂർത്തീടുന്നമഹാശൂലങ്ങളിൽ-
മുനിവൊടുപാപികൾചിലരെയിടുന്നോർ;
ചീർത്തീടുംതടിയിടകളിലിട്ടേ
ചിലരെയരപ്പതുപോൽതേക്കുന്നോർ
പേർത്തുംചുട്ടമഹാകൊടിൽകൊണ്ടേ
പിമ്പേ ചെന്നവരുടൽ കവരുന്നോർ. 260

ഉടൽപലവുംതീമീതിൽവരുപ്പതു-
മുടനേ ഗുഹകളിലിട്ടുപുകപ്പതു-
മിടരൊടുവൻമുള്ളുള്ളമരങ്ങളി-
ലേററിച്ചിലരെയിഴപ്പതുമവിടെ;
കൊടിയമഹായാതനകളിൽമുററം
ക്രൂരതരാതളദുഷ്കൎമ്മങ്ങളി-
ലുടയഫലംകൊണ്ടീവണ്ണം പല-
രുഴൽവതു ദശമുഖവീരൻ കണ്ടാൻ. 261

കണ്ടാനങ്ങൊരുപാടു ദശാസ്യൻ
കനിവൊടു പുണ്യംചെയ്തവർപലരെയു-
മുണ്ടാകിയമണികനകാദികളാ-
ലൊളിവീടിയഭവനങ്ങളിലെങ്ങും
വണ്ടാർകുഴൽമാരംഗനമാരൊടു
വകവകയേ സുഖസാധനമഖിലവു-
മുണ്ടായവരമരന്മാരെപ്പോ-
ലൊളിവൊടിരുന്നു സുഖിപ്പതുമവിടെ. 262

ഏററമനോഹരഭൂഷണമാല്യവി-
ലേപനവസ്ത്രവിഭൂഷിതരായേ
മാറിലയാമണികാഞ്ചനഭൂഷിത-
മാനവിമാനവരങ്ങളിലേററി,
ചോറൊടുതണ്ണീരാദികൾമുമ്പുസു-
ഖേന കൊടുത്തമഹാപുണ്യത്താൽ
വേറമരാംഗനമാർപലരോടും
വിളയാടുന്നതു പലരെയുമവിടെ. 263

ഏവമിതെല്ലാംകണ്ട ദശാനന-
ന്നിടരൊടുനരകിലമന്നവർതമ്മെ-
ക്കേവലബാഹുബലത്താലേററി
ഖേദംതീർത്തുഭരിപ്പതുകാലം,
കാവ്ടിവുററനിശാചരരോടുക-
രുത്തവിടേയമകിങ്കരജാതികൾ,
ഏവരിവണ്ണംചെയ്തവർ നമ്മോ-
ടെന്നമർപൊരുവാനായേ വന്നാർ. 264

വന്നവർശ്ശൂലഗദാപരിഘാദിവ-
രായുധപാണികൾ പുഷ്പകമാമതിൽ
മിന്നിയതോരണഗോപുരമാദികൾ
വിരവൊടടുത്തു തകർത്തുകാലം,

മുന്നമയന്തിരുവടിനിർമ്മിച്ചൊരു
മുഖ്യവിമാനമതാകയിനാലേ
പിന്നെയുമുണ്ടായ്‌വന്നിതതിന്മേൽ
പേർത്തും പോയവപോയവയെല്ലാം. 265

ആമളവുംവേഗത്തൊടടുത്താ-
രന്തകസൈന്യംതന്നെ നിശാചരർ
താമസിയാതെദശാനനനും പല
സായകമെയ്തവരോടു കിടച്ചാൻ
തൂമമികുംവളർശൂലഗദാദികൾ
ധൂമ്രാക്ഷാദികൾമേലവർവിട്ടാർ
പോർമുനിവോടേ ചെയ്താരവരവർ
പൊങ്ങിയഭയകരമാമൊലിയവിടെ. 266

അവിടെപ്പൊരുതുതുലഞ്ഞാർനിശിചര-
രതിനു ദശാനനനസ്ത്രബലത്താൽ
നവമേഘാവലിവർഷിക്കുമ്പോൾ
നാനാസ്ത്രാദികളേ വർഷിച്ചാൻ;
അവയേതുംപാരാതേമുനിവൊ-
ടണഞ്ഞുചുഴന്നു ദശാനനാരുയിർ
കാവ്വാമ്പോലന്തകകിങ്കരരതു-
കാലം പല ശൂലാദികൾ വിട്ടാർ. 267

വിട്ടമഹാശൂലാദികൾകൊണ്ടുവി-
മാനേ പുഷ്പിതശിംശപസമമാ-
യൊട്ടുതളർന്നുടൽചോരയണിഞ്ഞുട-
നൽക്കനമോടേനിന്നദശാസ്യൻ
കഷ്ടമിതെന്നേവില്ലൊടുവാളികൾ
കൈക്കൊണ്ടവനിയിലേപായ്ന്തവക്കളെ
വിട്ടുവിടേന്നെയിരോടിനിയെന്നേവി
രന്നുതൊട്ടുത്താൻ പാവകമസ്ത്രം. 268

അസ്ത്രമതങ്ങവനിയിലുംവാനിലു-
മന്തരമിന്നിയെരിഞ്ഞതുകണ്ടേ
തത്ര മഹാസുരമുനിയക്ഷാദികൾ
താവുമതീവഭയത്തൊടകന്നാർ;
ശത്രുസമൂഹമടക്കുകയെന്ന ദ-
ശാനനചിനമോടതുവിട്ടാ-
നത്തലിയന്നുടനന്തകസൈന്യവു-
മതിനാൽവെന്തിതു;നിശിചരരാത്ത ർ. 269

ആത്തതുകേട്ടേ,സൈന്യവിനാശമ-
രക്കർജയിച്ചതു,മന്തകനറിവു-
റേറാത്തിനി ഞാനമർചെയ്തുജയിപ്പനു-
ഴറേറാടെന്നതികോപത്താലേ,
പാത്തലമന്നതുപോലിടമോടുഭ-
യങ്കരവാജികൾപൂണ്ടമഹാരഥ-
മാത്തുടനേറിയനേരം മൃത്യുവു-
മന്തകനുടെമുന്നേ നടകൊണ്ടാൻ. 270

ആനതുകാലംമിന്നൽനിറഞ്ഞേ-
ന്നഴകിയലുംവാളും പാശങ്ങളു-
മൂനമൊഴിന്തിരുപാട്ടംചേത്തുമ-
ടന്തലമേലുയർമുദ്ഗരമോട്ടും,
താനൊരുമൂത്തിധരിച്ചന്നന്തക-
സവിധേ പുക്കി,തുവെന്നുവരായുധ-
മാനമഹാദണ്ഡഖിലജനങ്ങളു-
മന്തകകോപംകണ്ടഴിവുററാർ. 271

അഴിനിലയോടേ ധൂമ്രാക്ഷാദിക-
ളന്തകനും മൃത്യുവുമതികോപി-
ച്ചുഴറിവരുന്നതുകണ്ടുഭയത്തോ-
ടോടിപ്പോയാർ നില്ലരുതതോ;

പഴിയിയലാതദശാനനവീരൻ
ഭയമൊട്ടുവേറായ് നിന്നാനെതിരേ
പിഴയിയലാതവരായുധജാലം
പിമ്പു കൃതാന്തനവന്മേൽ വിട്ടാൻ. 272

മേലവകൊണ്ടതുകാരണമെയ്തിയ
വേദനയുള്ളിലടക്കിയെതിർത്തേ
ചാലെ മുതിർന്നന്തകനെമറച്ചാൻ
ശരവരിഷം വർഷിച്ചു ദശാസ്യൻ,
മേലവകൊണ്ടതിനാദരിയാതേ
വീറൊടണഞ്ഞകൃതാന്തനരക്കൻ-
മേലതിഘോരമഹാശൂലാദികൾ
വിട്ടതുകൊണ്ടവനൊട്ടുതളർന്നാൻ. 273

ഒട്ടുതളർന്നതടക്കിയശേഷമു-
റച്ചെയ്താനന്തകനെയരക്കൻ;
കഷ്ടമിതെന്നേ മർമ്മംതോറും
കാലനുമായുധജാലം വിട്ടാൻ;
ശിഷ്ടജനങ്ങളനന്തും ബ്രഹ്മ-
ന്തിരുവടിമുതലായുള്ളവർകണ്ടാർ
വിട്ടുവിടാതമർചെയ്യതിവണ്ണം
വേറൊരുപോരില്ലെന്നു പുകണ്ണാർ. 274

ആക്കലിഘോഷമിയന്നണയുമ്പോ-
ലലറിയരക്കനുമന്തകനും താൻ
പോർകുലയാതേ നിന്നമർചെയ്തേ-
പോയിതഹോരാത്രങ്ങളൊരേഴും;
വേഗമിയന്നുജയിപ്പൻ ഞാൻതാൻ
വെലമോടെന്നേ ചിന്തിച്ചിരുവരു-
മാകുലമീന്നിയണഞ്ഞമർചെയ്താ-
രവിടെപ്പിന്നെയുമതിശയമായേ. 275

അതിബലനാമന്തകനൊട്ടുപോർചെ-
യ്യുന്നദശാനനനൊട്ടു തളന്നാ-
നതുമരനാഴികകൊണ്ടുപൊരുപ്പി-
ച്ചാത്തുഭയംവരുമാറമർചെയ്യാൻ;
കതിരവനോടെതിരാമൊളിവീടിയ-
കണകളുടൻന്തുറായിരമെയ്യാ;-
നെതിർപൊരുതന്തകനുടെമെയ്മേലവ-
യേഴ.വനുടെസൂതന്മേലെയ്യാൻ, 276

താനൊരുനാലുശരങ്ങളെയെയ്യത-
റച്ചാൻ മൃത്യുവിനുടെമേയ്മേലും
വാനിൽനിറഞ്ഞിതുസായകപന്തികൾ
വമ്പൊടുദശമുഖനെയ്യതുകാലം
താനതിനേറെമുനിന്തുകൃതാന്തൻ-
തന്മുഖമാരുതമാന്നൊരുതീയാൽ
മാനിതരായനിശാചരരെച്ചുട്ടു-
വതുകണ്ടവരവർ വിസ്മയമുററാർ. 277

ഉററകൃതാന്തനൊടന്നു പറഞ്ഞാ-
നുടനേ മൃത്യുവു,മെന്തിതയത്നം
കുററമൊഴിന്തിവനെക്കൊൽവൻഞാൻ
കുലയാതെന്നെവിടുന്നിതിനെന്നേ,
മററിവനോടിനി ഞാനേപോരും;
വൈകാതേകൊൽവൻ നീ നില്ലെ-
ന്നററരുചെയ്തു പിടിച്ചാൻ വൈരിക-
ളുയിർകളയുംനിജദണ്ഡന്തകനും. 278

അനുപമമാകിയകാലമഹാദ-
ണ്ഡതുകൊണ്ടാലാരേ ജീവിപ്പവർ?
പുനരതുമെയ്മേലേററാൽനിന്നുപൊ-
രുപ്പവരാർ മൂവുലകിലുമുള്ളോർ?

മുനിവൊട്ടുമന്തകനതിന്നെയെടുത്തതു-
മൂലം ജ്വാലാമാലകൾതിങ്ങെ-
പ്പുനരെതിർനിന്നവരെച്ചുട്ടുവാൻപോൽ
പൊങ്ങീതന്നതിഭയകരമായേ. 279

ഭയമൊട്ടുയുദ്ധംകണ്ടുനിന്നവർ
പലരുമകന്നാർ; ചിലർ മോഹിച്ചാർ;
തുയരെഴുമാറുകൃതാന്തൻ ദണ്ഡതു
തുലയാതേന്തിവരുന്നതു കണ്ടു
ജയമിനിയുണ്ടാമെന്നതുകൊണ്ടു ദ-
ശാനനനെച്ചിനമോടുകൃതാന്തൻ
ഭയമെഴുമാറുതറപ്പാനോങ്ങിയ
പഴുതിലയന്തിരുവടിയുമണഞ്ഞാൻ. 280

ഞാനുരചെയ്തതുകേട്ടുദണ്ഡിതി-
നാലിവനെത്താഡിക്കൊല്ലാ നീ
വാനവരാൽമരിയായ്കെന്നവനുവ-
രം ഞാൻ മുമ്പു കൊടുത്തേൻ മുറവും,
മാനിതമാംതവ ദണ്ഡിതുകൊൾകിൽമ-
രിക്കസമസ്തവുമെന്നതു നിന്നോ-
ടുന്നമൊഴിന്തുരചെയ്തേൻ,പണ്ടതി-
ലൊന്നിനിഴക്കംവരുമിതുചെയ്താൽ. 281

ഇതുകാലം മരിയായ്വാനായു-
സ്സേറെയിവനുകൊടുത്തേൻ ഞാൻ പ-
ണ്ടതിനാലും ചെയ്യൊല്ലാ നീയിത-
ടങ്ങുകയെന്നയനന്തകനോടേ,
നിതരാംചൊല്ലി മറഞ്ഞതുകാലം
നിശ്ചയമിനിയമർചെയ്യേനെന്നേ
മതിമാനായകൃതാന്തനുമവിടെമ-
റഞ്ഞാൻപൊരുതെതിർനിൽക്കെച്ചെയ്യേ. 282

തേരൊട്ടുക്രൂടിമറഞ്ഞോനയനൊട്ട
ദേവകളോട്ടം ദേവമഹാമുനി
നാരദനോട്ടമമർത്ത്യപുരം പിതൃ-
നായകനന്നു വിരന്തു പുകന്താൻ;
വീരദശാനനനന്തകനോട്ടബ-
ലേനജയിച്ചേൻ ഞാനെന്നാത്തെ-
ന്നേരമണഞ്ഞാർ ബാന്ധവരാനനി
ശാചരരവനെയതീവ പുകണ്ണാർ. 283

ഏതമകററി നിശാചരനവൎകളെ-
യിനിയവിമാനത്തിന്മേലേററി-
ച്ചേതതെളിഞ്ഞേ പോയദശാസ്യൻ
ചെന്നാൻ വാസുകിയുടെഭവനത്തിന്നു;
തീതിയലാനാഗങ്ങളൊടന്നമർ
ചെയ്തവൎകളെയും തൻവശമാക്കി,
ഖേദമകന്നു മഹാമണിവതിയാം
കേടിയലാനിശിചരപുരി പുക്കാൻ. 284

വൃത്തഭേദം.

പുരിയതിലതീവബലമീടിയനിശാചരർ
പുരാതനനിവാതകവചാദികൾ വിരിഞ്ചൻ-
വരബലവശേന ഭയമേതുമറിയാതവർ മ-
ഹാമലയിൽനേർവടിവിയന്നവിടെ വാഴ്‌വോർ
പൊരുക വിരവോടെന്നു ചെന്നദശമുഖനൊടവർ
പൊരുവതിന്നു ചാപശൂലാദികൈക്കൊണ്ടുപോ-
യൊരുവരൊഴിയാതു പോർചെയ്തുപോതേതുമി-
ങ്ങൊരുഭയമൊഴിഞ്ഞുപൌലസ്ത്യനമർചെയ്താൻ. 185

ആനവർ നിവാതകവചാദികൾ തമുക്കുമുട-
നാദരവിനോടു പോർചെയ്തുപൗലസ്ത്യനും
ദീനതയുംവെന്നിയുംവന്നതില്ലൊന്നുപോൽ
നീതിയിൽ നിറന്നിതായോധനംപിന്നെയും
വാനവർകൾ വൈരിമാർതങ്ങിലീവണ്ണമേ
വാഴ്ഛബലമോടുപോർചെയ്തുസംവത്സരം
പോനപൊഴുതേവിരിഞ്ചൻവെളിപ്പെട്ടൊരൻ-
പോടുമന്നിവാതകവചന്മാക്കുറിയിച്ചാൻ. 286

അറിക പൗലസ്ത്യനിവനെക്കൊലചെയ്വാൻപണി-
യനത്തമരർദാനവർനമുക്കുമിതുകാലം;
കുറവു നിങ്ങൾക്കുമിന്നേവരാലും വരാ;
കൊടുമയിതിവണ്ണമേ പോരിന്നു ചെയ്കിലും.
ഉറവു മുറവും നിങ്ങളിൽച്ചെയ്തുകൊൾവതേ
ഉചിതമിനിയെന്നയൻ ചൊന്നപോതെന്തിനി-
ക്കുറവുമറെറന്നു പൗലസ്ത്യനോടീടെഴും
കൊടിയവർ നിവാതകവചാദികൾ നിരന്നാർ. 287

നിരന്നവർ നിവാതകവചാദികളുമായേ
നീതിയിൽ മഹാമണിവതീപുരിയിലോരാ-
ണ്ടിരുന്നവനു മാസമുടനൊന്നൊഴിയെന്തുരു-
ണ്ടിന്നു മമ പോയതുമിലംകയതകന്നേ;
വിരന്നു വരുണന്മുരി പുകിന്തിനിയവൻതൻ-
വീരുകളവൻ പെരികെവൈകരുതുകാലം;
പുരംപുകുവതിന്നിതമൊടെന്നതു നിനന്തേ
പോയദശകണ്ഠനൊടരക്കർപുരി കണ്ടാൻ. 288

പുരിയതിൽവസിക്കുമക്കാലകേയാദിയാം-
പൊലിവെഴമരക്കരീരേഴിന്നേക്കൊന്നുപോയ്
നിരുപമമുദാരകൈലാസശൈലോപമം
നിഖിലസുഖസാധനാനന്ദപൂർണ്ണാമൃതം

വരുണഭവനന്തന്നെക്കണ്ടതിന്നന്തികേ
  വടിവൊടമൃതൊടു ചന്ദ്രൻപുറന്നീടുമ-
പ്പുരവകളിൽനല്ലപാലാഴിതന്മൂലമാം-
  പശ്ശുസുരഭിതന്നെയും കണ്ടു കൈക്കുപ്പിനാൻ. 289

ഇനി വരുണനോടുചൊല്ലേണമെന്നോടു പോർ-
  ക്കെതിർപൊരുവതിന്നതല്ലായ്കിൽവന്ദിപ്പതി-
ന്നനുനയമൊടനുസേനാധിപന്മാർചെറു-
  ത്തവർകളൊടക്കർകോന്നുറവുരത്തീടിനാൻ;
മുനിവൊടതുകേട്ടുതോയേശ്വരൻപുത്രർത-
  മ്മുടെപടയുമായ് പുറപ്പെട്ടുകണ്ടോൾ പോ-
രനുപമമിതെന്നുതോന്നീടുമാറേ ദശാ-
  നനനൊടുമമാത്യരോടും കിടച്ചീടിനാൻ. 290

ആർത്തിവരുമാറുടനരക്കർപൊരുതന്നു വരു-
  ണാത്മജരുടേപടയൊടുക്കിയതുകണ്ടേ;
ധാത്രിയിലെ മന്നവർകൾ തേരൊടുമുയന്നേ
  താഴ്ചയിയലാതുപൊരുതാരരികളോടേ;
ആർത്തവർദശാനനനെയെയ്തുടൽപിളന്നാ-
  രാർത്തിയൊടുമോഹവുമിയന്നവനുംനിന്നാൻ;
കീർത്തിവരുമാറുടന്മഹോദരനെതിർത്തമർ
  കിടച്ചുവരുണാത്മജരഥങ്ങളെയഴിച്ചാൻ. 291

ആനതിനുമേരുമൊരുവാധയിയയലാതാ-
  കാശഗതരായവർ ചിനത്തൊടമർചെയ്താർ;
ദീനതയടങ്ങിയദശാനനനുമന്നവർകൾ-
  നിന്നവരെയെയ്തു മുനിവോടുടൽപിളന്നേ,
മാനിതവരാസിഗദശൂലപരിഘാദികളെ
  വമ്പെഴമരക്കനവർമെയ്യിലുടൻ വിട്ടാൻ;
ആനവയുമേററുടൽമുറിഞ്ഞു തളർവുററാ-
  കാശഗതരായവർകൾ മേദിനിയിൽവീണ്ണാർ. 292

മേദിനിയിൽവീണവക്കളെപ്പുരിയിലന്നു ചിലർ
    വേറവിടെനിന്നവരെടുത്തു നടകൊണ്ടാർ;
നീതിയിലെതിർത്തുപൊരുവാൻ വരുണനിന്നെൻ-
    ന്നേവരുകയെന്നുടനരക്കനുമെതിർത്താൻ;
വാധയിയലാമതിനലന്തികംപ്രഭാസൻ
    വാരുണനമാത്യനവനോടിതറിയിച്ചാൻ;
തീതൊഴിജലാധിപതിയില്ലയിവിടേ [illegible]-
    ന്തീടിയകുമാരരിവർ നിജ്ജിതരുമായാർ. 293

ആരുമിനിനിന്നൊടമർചെയ്യരിന്നു മററി-
    ങ്ങായവക്കില്ല കമലോത്ഭവസമീപേ
വേരികലരുംമധുരഗീതമതുകേൾപ്പാൻ
    മേവിയിര മീടിയജലാധിപതി പോയാൻ;
വീരതരനേ! തവ ജയിച്ചഫലമുണ്ടിവിടെ
    വീറൊടിനിയെന്നവനരത്തപൊഴു,തെങ്കിൽ
പോരുമിതുമെന്നൊരപഹാസമൊടു പോയാൻ
    ഭൃതിപെരുകീടിനദശാനനനുമന്നേ. 294

അന്നവിടെമാദിയിലമന്ദവഴിയേ വി-
    ണ്ടംബരപഥാ വരവിമാനഗതനായേ,
വെന്നിയൊടിലങ്കയിലകംപുകുവതിന്നായ്
    വീറൊടണയുന്നരജനീചരനുഴററാൽ,
നന്നികലരുന്ന മുനിസിദ്ധരൊടുഗന്ധർവ്വർ
    നാഗനരനിർജ്ജരകുലങ്ങളിലനത്തും
ചെന്നുപരനാരിയരെയൊക്കെപഹരിച്ചേ
    തീമയിയലാനിജവിമാനമതിൽ വച്ചാൻ. 295

മാനിനികൾനല്ലവക്കളാനവരെയെല്ലാം
    ബാഹുബലമോടവർകൾ ബാന്ധവരെ വെന്നേ,
ഊനമിയലാനിജവിമാനമതിൽവച്ചൻ-
    പോടുരജനീചരകുലാധിപതി പോയാൻ;

മാനിതനയ്യോ! മമ പിതാവു ബത മാതാ
ബാലകനല്ലോ തനയനിന്നു മരിയാനോ?
നൂനമിതു പാപഫലമെന്നിവണ്ണമെല്ലാം
നൂറുവിധമമ്മടവർ ചൊല്ലി മുറയിട്ടാർ. 296

വിട്ടുകളയാതിവൻവിഴുങ്ങുമുടനല്ലാ-
ലിപ്പൊഴുതു കൊല്ലുമതിളയ്യുിലിടർചെയ്യും;
ദുഷ്ടതയിതെന്നതറിയാനിവനയ്യോ! ബ-
ന്ധുക്കളെയകന്നു ബത! നാമിവണ്ണമായോം;
മട്ടലർശരാതുരനിന്നീചനുവിനാശം
മറെറാരുവരാംഗനനിമിത്തം വരുകെന്നേ
ചുട്ടമനസാകുലവധൂജനമിവണ്ണം
ചൊല്ലിയഴതാരവർകൾ ശാപസമമായേ. 297

ശാപസമമായവരുരത്തതിനുമേതും
താപമിയലാതരജനീചരകുലേശൻ
വാർപൊഴിലിലങ്കയിലകംപുകുമന്നേരം
വന്തടിപണിന്തുടനരക്കരെതിരേററാർ;
താപമൊടു രാവണനുശൂൎപ്പണഖ ചൊന്നാൾ
താരണിയിലന്നഴുതുവീണുമുറയിട്ടേ
പാപമിതു നീ പതിയെയുംകൊലചെയ്തെന്നെ-
പ്പാഴ്‌വിധവയാക്കിയതുനന്നിതറികെന്നേ. 298

എന്നവളൊടൊന്നുരചെയ്താൻദശമുഖൻതാ-
നിന്നഴവതെന്നിയെഴുനിന്നു ഭഗിനീ കേൾ;
ഇന്നു മുനിവാലരികൾബാന്ധവരെയുംമ-
റെറന്നിയുള്ളരക്കരെയും ഞാനറിഞ്ഞില്ലേതും;
നിന്നുപൊരുതെന്നൊടുമരിച്ചതിലൊരുത്തൻ
നിമ്പതിയും,നിൽക്കതിനിയും തവ വരുത്താൻ
നന്നിവളർദണ്ഡകവനത്തിലിരുന്നെങ്ങും
നാടിയൊരുവൻതന്നെ വരിക്ക പതിയെന്നേ. 299

ഏവമിതുപോക ഖരനാമിളയവൻമ-
റേറതമിയലാതമമദൂഷണനുമീരേ-
ഴായിരമരക്കരുമിതത്തൊടുജനസ്ഥാ-
നാമവനിവാഴ്വതിനിരിക്കവിടെനീയും
തീയവയൊഴിച്ചവർഭരിപ്പരിന്നിന്നെ
തേറുകിൽനമുക്കിതവുമൊണ്ടിവിടെ വാഴ്വാ-
[illegible]മയനവുരത്തപൊഴുതങ്ങവരൊട്ടംപോയ്
ആകുലമൊഴിന്തവർകൾതാമവിടെവാണാർ. 300

വേറേ വൃത്തം.

ആൎത്തിയൊഴിപ്പതിന്നവൾതന്നെയുററവർതമ്മൊടുംക്രൂ-
ടാക്കി നികുംഭിലാഗതനായരാവണനന്നുകണ്ടാൻ
ചീൎത്തതപോബലന്തികൾശുക്രമാമുനിവൻചൊല്ലാലേ
ദീക്ഷിതനായൊരോതരമുള്ളയാഗങ്ങൾചെയ്തുചെയ്തേ,
കീൎത്തിമികുംവണ്ണം വരം വാനുള്ളാരൊട്ടുകൊണ്ടുകൊണ്ടേ
കീഴ്പ്പെട്ടുമിന്ദ്രനാദികൾതാമുമെത്തുകിലെന്നവമ്പാൽ
നേൎത്തവർകാലനാകിയമേഘനാദനെന്നുംതനൂജൻ
നീക്കമില്ലാതതാപസവേഷമൊട്ടുമിരിപ്പതന്നേ. 301

അന്നു ദശാനനൻമകനമ്മേഘനാദനെയുറെറടുത്താ-
നന്ദവശേന പുല്കിനിറുത്തി,നിൻതൊഴിലെന്തിതെല്ലാം!
എന്നുരചെയ്തുപോതവനോടു ശുക്രതപോധനൻതാ-
നിമ്പമെഴുംവണ്ണംമൊഴിഞ്ഞാനിയററിയകാൎയ്യമെല്ലാം;
നന്നികൊൾ നന്ദനന്തവ രാജസൂയമൊടശ്വമേധം
നന്മമികുത്തയാഗങ്ങൾമററുമുള്ളവ ചെയ്തുചെയ്തേ,
ഇന്നു മഹേശ്വരന്നിതമായിയിയററിയിവണ്ണംമററി-
ങ്ങെന്നുംവരാതനന്മവരുത്തി ഞാനതു കേൾക്കവീരാ! 302

വീരതരാ! നിനന്തതുപോൽനാടകക്കുംമുഴത്തതേരും
വീറൊടെതിത്തുനിന്നമർചെയ്യുംവൈരികളാരുമെങ്ങും
ചാരെ വരാതമാറു മറഞ്ഞുനിന്നമർചെയ്യുമാറേ
താഴ്‌വിയലാതബാണമറാതപൂണിയും നല്ലവില്ലും
ഘോരതചേരുംദിവ്യമഹാസ്ത്രജാലങ്ങളും കൊട്ടത്താൻ
ഗോപതി ശൂലപാണി പിനാകി പന്നഗഭൂഷണൻതാൻ
ആരുയിരായമാമലമാതുമായിവിടത്തിൽവന്നേ
ആകമഴിഞ്ഞുനിന്മകനാമിവന്നറി നീയിതെല്ലാം. 303

എല്ലയിലാതകാരുണികൻ പുരാണപുമാൻ മറഞ്ഞോ-
രെല്ലയിൽ നീ വരുന്നതറിഞ്ഞു ഞാനുമിരുന്നിതെന്നേ
ചൊല്ലിയശുക്രതാപസനോടു രാവണനുംമൊഴിന്താൻ
ചൊൽവരിയശ്വമേധങ്ങളാദിയായവചെയ്യതോത്താൽ
നല്ലതല്ലേതും വാനവരിന്ദ്രനാദികളേതുചെയ്യും
നമ്മുടെവൈരിമാർ ബത പൂജ നാമവർകൾക്കുചെയ്യാ-
നില്ലൊരുമൂലമെങ്കിലുമീശനോടു വരംവരിപ്പാ-
നിന്നിഹ ചെയ്തയാഗമരീവനന്നിതു കാര്യമെന്നേ. 304

എന്നദശാനനൻ മകൻമേഘനാദനുമായുടൻ പോ-
യിമ്പമെഴുംവിമാനമമന്നാരികൾതമ്മെയെല്ലാം
അന്നവിടേയിറക്കിയവാറുകണ്ടു വിഭീഷണൻതാ-
നണ്ടർകുലത്തിനന്തകനാമിരാവണനോടുചൊന്നാൻ:-
നന്നിവരാതകർമ്മമിതിങ്ങു നീയറിയാതു ചെയ്താൽ
നംകുലനാശവും പഴി പാപവും വരുമെന്നിയുമ്മേ-
റെറന്നുംവരാ സുഖന്തവയിങ്ങതെന്നിയും നീ വരുംമു-
മ്പിങ്ങൊരനത്ഥംവന്നതു കേളതുന്തവ കർമദോഷം. 305

തവ സുഖമാശ്വരാ പരദാരപീഡനംചെയ്തമൂലം
ചരതമിതമ്മകൈകസിതന്നുടേ ജനകൻ സുമാലി-
ക്കവനുടെമുൻപിറന്നവൻമാല്യവാനുള്ളപുത്രി പുഷ്പോൽ-
ക്കടയവൾ നമ്മുടേജനനിക്കു മൂത്തവളെന്നുതേറായ്;

അവളുടെപുത്രിയായുള്ളായകന്യക ചാരുകുംഭീ-
നസി,യിവിടെയിരുന്നവൾതന്നെവന്നമർചെയ്തമൎത്ത്യർ-
ക്കവശതചെയ്തുടൻമധുവാമരക്കനെടുത്തുകൊണ്ടം-
ബരഗതനായുഴറെറാട്ടുപോയിനാ; നപകീൎത്തി പാരായ്.

കീൎത്തിമികുത്തനിന്മകനിങ്ങു യാഗങ്ങൾചെയ്തിരുന്നാൻ;
കേട്ടരുൾ ഞാനുമപ്പൊഴുതില്ലയിങ്ങിവിടത്തിലെന്നും-
വാൎത്തയറിഞ്ഞുവന്നിതിയററിനാനവൻവന്നശേഷം
വാൎത്തയിതുള്ളവാററിവുററു ഞാനും നിനച്ചുകണ്ടേൻ;
നേൎത്തവനോടു ഞാനമർചെയ്തവന്തന്നെയിന്നു കൊന്നാൽ
നീക്കമൊഴിഞ്ഞു മംഗലസൂത്രനാശമവൾക്കുമുണ്ടാം;-
മാസ്ഥയിയന്നുനാമവൾതന്നെയേകുക മറെറാരുത്ത-
നാക്കമിയന്നകന്യകതന്നെയെങ്കിലവന്നതെന്നേ. 307

എന്നതുകേട്ടു കോപമിയന്നു രാവണനും മൊഴിന്താൻ:-
നിന്നമർചെയ്തുഞാനന്നിശാചരന്തന്നെവൈകിയാതേ,
കൊന്നമരേന്ദ്രവാദികൾതമ്മെവെന്നു ജഗത്‌ത്രയശ്രീ
കൊണ്ടുനിരന്നുവാഴ്‌വനതിന്നുപോവനുഴറെറാടിപ്പോൾ;
ഇന്നു മമാനുജൻ വളർകുംഭകൎണ്ണനുണൎന്നുവന്നി-
ങ്ങെമ്പിറകേ വരേണം മഹാനിശാചരസേനയോടും;
നന്നികൊൾമേഘനാദൻനടക്ക മുമ്പിലെതിൎത്തുവെൽവാൻ;
നമ്മുടെതേരുമിന്നിവിടേ വരുത്തുക വേഗമോടേ. 308

ഏകിയപോലിലങ്കയിലേ വിഭീഷണനന്നിരുന്നാ-
നേറെനിശാചരപ്പടയോടുപോയദശാനനൻചെ-
ന്നാകുലമെന്നിയേ മധുവാമരക്കനിതത്തിൽവാഴ്‌വോ-
രാലയമെയ്തി താനവനോടെതിൎത്തുജയിപ്പതിന്നായ്;
തുകിനകൎണ്ണനിരോട്ടുചെന്നു രാവണനോടു ചൊന്നാൾ
സോദരിയാമിരാക്ഷസിയെൻപതിക്കിടർചെയ്യൊലാനീ;
യാകുലമെന്തിതിൽപ്പുരമെന്നപോതിവിടേ വരുത്തീ-
ടാദരവോടവന്തന്നെയെന്നരക്കനെവൾക്കു ചൊന്നാൻ.

അവനഭയംകൊടുപ്പൻ വരുത്തു,കെന്നതുകേട്ടു കുംഭീ-
നസി വിരവോടുതമ്പതിയാമരക്കനെയുററുണർത്തി,
തവ സുഖമായ്‌വരും മമസോദരൻ ഭുവനൈകവീരൻ
ചരതം നിന്നോടുകണ്ടു നിരപ്പതിന്നിഹ വന്നുനിന്നോൻ;
അവനോടുകൂടെ നീയമരേന്ദ്രനാദികൾതമ്മെവെൽവാ-
നഴകൊടു പോകയെന്നവൾചൊന്നപോതതുചെയ്യുതെ-
യവനുമിരാവണന്തന്നെവന്നുകണ്ടു യഥോചിതാചാ- (ന്നേ-
രവുമിതമൊടുചെയ്തു നിശാചരേശനുമററുരത്താൻ. 310

ഉററവനായ നീയിനി വാനുളാർകളെവെൽവതിന്നാ-
യൊക്കെ നമ്മോടുപോരികയെന്നപോതതുചെയ്തുതെന്നേ
മററവനുററിയററിയപൂജകൊണ്ടവിടേ വസിച്ചാൻ
മൽഭയനായരാവണനന്നുമററുളരക്കരോടും
പററലർകാലനായനിശാചരൻ മധുതന്നെമുന്നേ
പററിയസേനയോടുമണഞ്ഞപോതവരോടുമേത്തും
കുററമിലാതെ തൻപടയോടു വാനവർതമ്മെവെൽവാൻ
കൊററവനാംനിശാചരവീരൻ വേഗമിയന്നുപോയാൻ,

പോയ നിശാചരൻ പുനരന്തിനേരം വസിപ്പതിന്നൻ-
പോടുയർ കൈലമാമലതന്നുടേയടിവാരമെയ്തി,
തൂയകുബേരൻവാഴ്ക്കളകാപുരിക്കരികേ വസിച്ചാൻ;
മൂഴെ നിശാചരപ്പടയും വസിച്ചിതുറക്കമോടെ;
വായുവുലാവിവന്നിതനന്തരംചുഴലത്തുനില്ക്കും
വാർപൊഴിലൂടുചെന്നുമണന്നുവന്നിതമോടു, താരാ-
നായകൻവന്നുദിച്ചിരുളെക്കളഞ്ഞുടനംബരേ ചേ-
ന്നാനൊളിവാർനിലാവുലവീതു ദിക്കുകൾതോറുമപ്പോൾ.

അപ്പൊഴുതങ്ങു വൈശ്രവണാലയേ വരകിന്നരമ്മാ-
രപ്സരസാംഗണങ്ങളുമായിരുന്നിതമോടുപാടു-
ന്നത്ഭുതഗീതമാദരവോടുകേട്ടുകതാരഴിഞ്ഞേ
അത്തലിയന്നു ചന്ദ്രനെനോക്കിനോക്കിയിരുന്നവാറേ,

പുഷ്പശരാതുരാശയനായുടൻ നെടുവീർപ്പുമിട്ടേ
പുഷ്പങ്ങൾമന്ദവായുവശേന വീഴ്‌വതു മെയ്യിലേറ്റേ-
റ്റിപ്പൊഴുതുണ്ടനംഗവികാരമുള്ളിലെനിക്കുപാർത്താ-
ലെത്രയുമെന്നിരാവണനനും നിനച്ചുനിനച്ചിരുന്നാൻ. 313

ആനതുകാലമാഭരണങ്ങളെങ്ങുമണിഞ്ഞു ചെന്താ-
രാർമകളെന്നു മെയ്‌വടിവോടുകാണുമവർക്കെല്ലാർക്കും
മാനസതാരഴിക്കുമുഴുത്തവൈഭവമിട്ടുംനീടാർ-
വാനവർനാരിമാർമണിയായരംഭ മനോജ്ഞശീല
താനവിടേ വരുന്നതുകണ്ടണഞ്ഞവൾകൈപിടിച്ചേ
സാഹസമായിരാവണനനും മൊഴിന്താൻ,നാർശ്ശുഭേ! നീ
മാനിതയായനിൻപതിയാർ മനോഹരി! നീയുമായേ
വാഴ്‌വതിന്നേവനേ ബത ഭാഗ്യമുള്ളവനോർത്തുകണ്ടാൽ?

കണ്ടതിലാരുമെന്നോടുതുല്യരാമവരില്ല പാർത്താൽ,
കഞ്ജദലാരുണായതലോചനേ! ബത ഞാനുമായി,
ഇണ്ടലൊഴിഞ്ഞു നീയിവിടേയിരുന്നരുൾപോവതേക്കാ-
ളിന്നിതുനല്ലതെന്നു ദശാനനൻമൊഴി കേട്ടവാറേ,
കൊണ്ടലിൻനേരിരുണ്ടളകേശഭാരമഴിഞ്ഞു വീഴെ-
ക്കുങ്കുമപങ്കംമേവിനവാർമുലക്കലശങ്ങൾതുള്ളെ-
ക്കണ്ടലം നീർനിറഞ്ഞുകലങ്ങി നിന്നു ഭയേനചൊന്നാൾ
കല്മഷകാരിയായദശാനനന്തന്നോടന്നിരംഭ. 315

ആകുലമോടുംനീയിതുചെയ്യൊല്ലാ പുകഴീടുംനിൻഭ്രാ-
താവുകുബേരനുറ്റതനുജനാംനളകൂബരൻതാൻ
ആകമഴിഞ്ഞുപുൽകിനഭാര്യയാകിയരംഭ ഞാനി-
ന്നാദരവീടുംനിൻമകളായ്‌വരും കരുതീടിലെന്നാ-
ലേകകപോവതിന്നിനിയെന്നെമറ്റിതടാതതെന്നേ-
യേറെയിരന്നപോതവൾതന്നൊടപ്സരനാരികൾക്കു-
ണ്ടാകയില്ലേതുമേയിതുകൊണ്ടുദൂഷണമെന്നുടൻ വ-
ന്നാലവളെപ്പിടിച്ചവിടേയിരുത്തിനൻ വല്ലരക്കൻ. 316

അമ്പൊടണഞ്ഞുരംഭയെ വമ്പിനാലിവണ്ണംപുണർന്നാ-
നന്ദ ദശാനനൻ പുനരങ്ങുചെന്നുനമസ്കരിച്ചേ,
തുമ്പമെഴുന്നലഞ്ഞുതളർന്നുകേണവളുംമൊഴിന്താൾ
സുന്ദരനായവൈശ്രവണാത്മജന്നിയവസ്ഥയെല്ലാം;
പിമ്പവനുള്ളവാററിവുററതീവരുഷാ ശപിച്ചാൻ
പെൺമണിയായനിന്നൊടിതിന്നുചെയ്തുദശാനനൻതാൻ
വമ്പൊടിവണ്ണം മറെറാരുനാരിമാരൊടുചെയ്കിലേഴായ്
വന്നുപിളർന്നുവന്തല വിണ്ടുപോകതുകാലമെന്നേ. 317

അതുപൊഴുതങ്ങുവാനവർഭേരിയും മുഴങ്ങീതു; വിണ്ണോ-
രതിസുഖമായണഞ്ഞവൻമെയ്യിൽമാമലർമാരിപെയ്താർ
മതിസുഖമായതന്നുപലർക്കും;വാർത്തയതങ്ങുകേട്ടാൻ
പരപൊരുതോളനായദശാനനൻഭയമെയ്തുമാറേ;
അത്ഭുത മൂലമായിണങ്ങുന്നനാരികൾതമ്മൊടല്ലാ-
ലവനൊരുജാതിയും പുനരന്നുതൊട്ടണയാൻ കളിപ്പാൻ;
കതിരവൻവന്നുദിപ്പതിന്മുമ്പു വാനവർതമ്മെവെൽവാൻ
കരുതിനിശാചരപ്പടയോടുരാവണനുററു പോയാൻ. 318

പോയതുകാലമേറിയകോപമോടലയാഴിയേഴും
ഭൂമിയിൽനിന്നുയർന്നുവരുന്നഘോഷമിതെന്നപോലെ,
തൂയവനായവാസവനാദിയാമവർകൾക്കുതോന്നീ
ചൂടകതാരിലെയ്തുമവണ്ണംനിശാചരസേനയോടേ
നായകനാമിരാവണൻ വാനിലെത്തിയപോതിലിന്ദ്രൻ
ഞാനിനിയെന്തുചെയ്വതുമെന്നതിവനടുക്കമോടേ
വായുദിവാകരാനലചന്ദ്രരുദ്രവസുക്കളെല്ലാം
വാധയൊഴിന്തെതിർത്തവരോടുനിന്നമർചെയ്കയെന്നാൻ.

എന്നപുരന്ദരൻ ഭയമോടു പാലലയാഴിയിൽപ്പു-
ക്കിമ്പമിയന്നുനിന്നുപുകണ്ണു മാധവനോടുചൊന്നാൻ:-
ഇന്നിനിരാവണാദികൾതമ്മെവെന്നുഭയംകളഞ്ഞീ-
ടില്ലയതെങ്കിലിന്നിനമുക്കിതിന്നൊരുപായമെന്നോ

അന്നഖിലേശനംബുജലോചനൻ പുരുഷോത്തമൻ കാ-
റമ്പിനമേനിയൻ മലർമാതുചേർമണിമാവ്നമ്പ-
ക്കന്നമൊരാകുലംതുടരാതു കാത്തരുളുംപുരാന്താ-
നിന്ദ്രനെ വന്നുണർന്തരുളിച്ചെയ്താനവനോടു കാര്യം. 320

ഓടുവതെന്നി നിന്നമർചെയ്കിലിന്നു ദശാനനൻത-
ന്നോടുജയംവരാ ബത ദേവജാതികളാർക്കുമെന്നാൽ,
കേടവനാലമർത്ത്യഗണത്തിനുണ്ടതു നിശ്ചയം നി-
ഖേദമിളയ്ക്കു മുമ്പിലയൻകൊടുത്തവരപ്രഭാവം;
വാടുവതില്ല നാമൊരുവൈരിമാരോടുപോർകിടച്ചാൽ;
വാധയിവന്നുചെയ്യതുമിന്നടാ പുനരാകയാൽ ഞാൻ,
കൂടെവരേൻ,നമുക്കൊരുകാലംമററവർതമ്മെവെൽവാൻ
കോപമൊടന്നതിന്ദ്രനുചൊല്ലി മാധവനും മറഞ്ഞാൻ.

മറുതലയായപന്നഗശായിചൊന്നതുകേട്ടു വീണ്ടും
വരഗുണനായവാനവർകോനനന്തരമങ്ങു കേട്ടാൻ;
മറുതലരായരാക്ഷസദേവസേനകൾതമ്മിലേററം
വടിവൊടണഞ്ഞുററച്ചമർചെയ്തപോതിലിയന്നഘോഷം;
കുറവിയലാത വാരണവാജിതേർകളൊടങ്ങുമിങ്ങും
കുലവുവരാതെതിർത്തമർചെയ്തപോതടൽമന്നിൽവീ-
മുറിവൊടുദേവജാതികൾ വേററക്കരുമൊട്ടു പട്ടാർ; [ണ്ണോർ
മുറുകിയണഞ്ഞുവമ്പൊടു പിന്നെയുംപൊരുതാരന്നേരം.

നേരലർകാലനായസുമാലി മററുളരക്കരോടും
നീതിയിനാലണഞ്ഞമർചെയ്തപോതവൻ വാളിയേററ-
ററാരഴലോടു വാനവർ പോയകന്നതുകണ്ടെതിർത്താൻ
ആകുലമോടുമഷ്ടമനാംവസുപ്രവരൻ മുനിന്തേ,
ഘോരതരംചെറുത്തുനിശാചരപ്പടതന്നെവീഴ്ത്തി-
ക്കൂടവിടെസ്സുമാലിതൻവാഹനത്തെയുമെയ്തഴിച്ചേ-
ശ്ശൂരതയോടുടൻഗദകൊണ്ടടിച്ചവൻ മെയ്പൊടിച്ചാൻ
ചൂഴെനിശാചരപ്പടശേഷംനിന്നതശേഷമന്നേ. 323

അന്നു സുമാലി പട്ടതു മററുനിന്നനിശാചരന്മാ-
    രഞ്ചിയകന്നുപോയപ്രകാരവും ചിനമോടുകണ്ടേ
വെന്നികൊൾമേഘനാദനിറന്നതേർകരയേറി, നീടാർ-
    വില്ലുമുടൻവളച്ചുതളച്ചുഞാണൊലിചെയ്തെതിർത്താൻ;
അന്നതുകണ്ടു വാനവരാരുമേയടൽമന്നിൽനില്ലാ-
    തഞ്ചിയകന്നുമീഴ്‌വതുകണ്ടു വാനവർകോനരത്താൻ:—
നിന്നമർചെയ്യുമെന്മകനാംജയന്തനവന്നുപിമ്പേ
    നിന്നുതുണപ്പിൻനിങ്ങളുമോടൊല്ലാ ഭയമൊട്ടുമെന്നേ.

എന്നതുകാലമങ്ങെരിതീനിറന്തികൾതേരിന്മീതേ-
    യിന്ദ്രതനുജനായജയന്തനേറി മുതിന്റുചെന്നേ,
നിന്നൊളിവീട്ടുംവാളികളേറെമാരിയിൻനേർപൊഴിച്ചാൻ,
    നിന്നനിശാചരപ്പടമേലും മേഘനിനാദന്മേലും;
നന്നമർചയ്യു നീയിനിയെന്നൊടെന്നു മുതിന്നടുത്താൻ;
    നന്മമികുത്തവാളികൾ മേഘനാദനുമേറെയെയ്താ;-
നന്നതുകൊണ്ടുവാനവരുംജയന്തനുമൊട്ടുലഞ്ഞാ;-
    രങ്ങുമിങ്ങുംമുതിന്നതിഘോരമായിതു പോരന്നേരം 325

അമ്പുകൾകൊണ്ടരക്കരും വേറുവാനവർതാമും വീണ്ണാ-
    ർന്നുടൻമേഘനാദനണഞ്ഞുകൊണ്ടുജയന്തസൂതൻ-
വമ്പിലകന്നമാതലിപുത്രനാകിയഗോമുഖന്മേൽ
    വല്ലഭമോടുമെയ്തതുകണ്ടപോതമരേന്ദ്രപുത്രൻ,
തുമ്പമൊഴിഞ്ഞുരാവണിതന്നുടേവളർതേർനടത്തും-
    ചൊല്ലമർസൂതൻമെയ്യിലുമററവൻമെയ്യിലുംപൊഴിച്ചാ-
കമ്പവരുംവണ്ണംപലവാളിയന്നെരിതീനിറഞ്ഞേർ-, [ൻ
    കൺകളൊട്ടുംമുനിന്തെതിർനിന്നമേഘനിനാദനാത്താൻ.

ആർത്തതികോപമോടൊളിവീട്ടുംവാളികൾതോമരം വേ-
    റാക്കമിയന്നവാൾ ഗദ ശൂലം വെണ്മഴു കുന്തവും വേൽ
ആർത്തിവരുത്തുംമാമലയെന്നിതാദികളും പൊഴിച്ചാ-
    നാശ്ചരിയംവരുംവണ്ണംമേഘനാദനും മന്ത്രശക്ത്യാ,

ചീത്തവിഷാദമോടവ കൊണ്ടുവാനവർപോയകന്നാർ
ചീററമൊഴിഞ്ഞുനിന്നജയന്തനെക്കനിവോടു കൈക്കൊ-
ണ്ടാത്തികെട്ടപ്പതിന്നവനമ്മതൻജനകൻപുലോമാ-
വാററൽമികുത്തരക്കണ്ഴറെറാടാർകലിപുക്കൊളിച്ചാൻ.

ആക്കലിനീരിലന്നമരേന്ദ്രപുത്രൻ മറഞ്ഞപോതു-
ണ്ടായിതുനിന്നവാനവർക്കുമാനസതാപമൊട്ടേ;
ശോകമകന്നുരാവണൻനിന്നുവാനവർമെയ്യുകൾതോറും
തൂകിനന്നേറെവാളികളിന്ദ്രനന്നവകണ്ടവാറേ,
പോർക്കുലയാത്തുചെയ്യുന്നിതിന്നു രാവണൻനിന്നനേരേ
പോയ്മരുവീടുമാറിനിയിന്നു നമ്മുടെതേർനടത്തീ-
ടാകുലമിന്നിയെന്നുമഹേന്ദ്രൻ മാതലിയോടുചൊന്നാ;-
നാനവനുംമുതിർന്നു മഹാരഥം വിരവോടു വിട്ടാൻ. 328

ആനമഹാരഥത്തിന്നുമുന്നൽ മിന്നൽകലന്നകാർമ്മേ-
ഘാവലിവായുവേഗവശേനപൊങ്ങി മുഴങ്ങി നീടാർ-
വാനിടെമേവി വാശിലയുംവളച്ചുതളച്ചു പോർചെ-
യ്യാന്നടന്നുവാനവർകോന്മുരിന്നണയുന്നനേരം,
മാനിതരാംവസുക്കളൊടശ്വിനീസുതസിദ്ധസാദ്ധ്യ-
ന്മാരൊടുരുദ്രജാതികളുംദിവാകരന്മാരുമററും
വാനവർകൂടെ വാസവനോടുമൊന്നിനടന്നനേരം
വാധവരുംപ്രകാരനിമിത്തദൂഷണം വന്നിതേററം. 329

വന്നതുകണ്ടു രാവണൻ മേഘനാദനുമുൽപുകുന്നേ
വല്ലഭമോടുപോർചെയ്യുതിന്നുനിന്നതുകണ്ടു കോപി-
ച്ചൊന്നലരായവാനവരോടരക്കർപൊരുന്നപോർക-
ണ്ടുള്ളിലതീവകോപമിയന്നു കുംഭകർണ്ണൻ മുതിർന്നേ,
ഇന്നവരോടെന്നാതെരിർനിന്നവാനവർതമ്മെയെല്ലാ-
മിണ്ടലിയററി മുഷ്ടികൾദന്തപാദതലങ്ങൾകൊണ്ടും
പിന്നെയടൽക്കളത്തിടെ വീഴ്ത്തിനാനതുകണ്ടെതിർത്താർ
പിമ്പവരോടു രുദ്രരവന്നു ഭീതിവരുംപ്രകാരം. 330

ആരഴലോട്ടുവീണ്ണുനിശാചരാധിപർചോരിനീരാ-
　　ലാറൊഴുകീതനേകനിശാചരപ്പട പട്ടിതപ്പോൾ;
നേരലർകാലരാകിയരുദ്രന്മാരമർചെയ്കയാലേ
　　ദീനതവന്നവാറതുകണ്ടു രാവണനനും മുനിഃന്ത
ശ്ശൂരതയോടണഞ്ഞമർചെയ്തപോതുനിറഞ്ഞിതെങ്ങും
　　തൂമയിയന്നവാളിക,ളിന്ദ്രനും ചിനമോടന്നേരം
ധീരതയോട്ടുതീനിറമുള്ള വാളികളേറെയെയ്താൻ
　　തേറിയവാണജാലങ്ങൾതിങ്ങിയാരിരുളായിതെങ്ങും. 331

എങ്ങുംനിശാചരർക്കിടർകണ്ടിരാവണനനും ചിനത്തോ-
　　ടിങ്ങമരേന്ദ്രനന്തകനനും ജലേശകുബേരന്മാരെ-
ന്നിങ്ങവരോട്ടു ഞാനമർചെയ്തു മററവർതമ്മെവെൽവോ;-
　　മെന്നിതുസൂതനോടറിയിച്ചുമീണ്ടുമവനനുചൊന്നാൻ;
അങ്ങെതിർനിന്നവാനവർതമ്മുടേനടുവേ ചെലുത്തീ-
　　ടന്തരമിന്നി നമ്മുടെതേരെന്നന്നതുകേട്ടവണ്ണം,
പൊങ്ങിയതേരവങ്കടവിടിനാനതുകണ്ടുചൊന്നാൻ
　　പുണ്യപുമാൻ പുരന്ദരൻ നിന്നവാനവർതമ്മൊടെല്ലാം.

എല്ലയിലാബലന്തികഴുംദശാനനനാമിവൻതാ-
　　നിന്നതിസാഹസംചെയ്തുസേനയിങ്ങിതിലേപുകിന്താൻ;
നല്ലതിവനനുപോകരുതാതവണ്ണംവളഞ്ഞുകൊണ്ടേ
　　നമ്മുടെവീരരാമവർനിനനുപോർചെയ്കുതെന്നിമററും
കൊല്ലരുതേതുചെയ്തുന്നമുക്കിവന്താന്നെ മുമ്പിവൻതാൻ
　　കൊണ്ടവരങ്ങളാലിതുതക്കതുംപുനരെന്നിതിന്ദ്രൻ
ചൊല്ലിയപോതുരുദ്രദിവാകരാദിസുരാധിപന്മാർ
　　ചൊല്പമരുംദശാനനനെച്ചുഴന്നമർചെയ്തുനിന്നാർ. 333

ആത്തമർചെയ്തുവാനവർതാമിരാവണൻ മീണ്ടുപോകാ-
　　താക്കിയപോതുകോപമിയനനുരാവണിതാനണന്തേ,
നേത്തമർചെയ്യതെന്നി മറഞ്ഞുനിന്നമർചെയ്തനേരം
　　നീക്കമിലാതവാളികളെയ്തുവാനവർമെയ്പിളന്തേ,

പേർത്തു മഹേന്ദ്രനാദികൾതമ്മെയൊക്കെ മുറിച്ചു മുററും
  വേർപ്പെട്ടമാറുമാതലിയോടുവാജികൾതമ്മെയുംവേ-
റാർത്തിവരുത്തുംവാളികളെയ്തുമൂടിയപോതിരിന്നെ-
  ന്താവതുമെന്നു വാസവനുംവിഷാദമിയന്നുനിന്നാൻ. 334

നിന്നവനന്നു മേഘനിനാദനങ്ങുമറഞ്ഞുനിന്നേ
  നെഞ്ചിടരെയ്തുമാറുപൊരുന്നതെന്ന തറിഞ്ഞുകൊൾവാൻ
വെൺനികിളർന്നതേരതകന്നു വാരണമേറിയെങ്ങും
  വിണ്ണിലുയർന്നപോതിലുമേതുമേയറിയായ്കയാലേ,
ഒന്നിരിനേതുമാവരില്ലെന്നു താപമിയന്നുനിന്നാ-
  നമ്പർപുരാനവന്തന്നെമായയാലുടനന്നുബന്ധി-
ച്ചെന്നുംവിടേനെന്നുംനിനവോടു രാക്ഷസസേനയിൽപ്പോ-
  ന്നിങ്ങവരോടുമിമ്പമിയന്നു രാവണിതാനിരുന്നാൻ. 335

ആനതുകാലമാകുലമോടു വാനവർതാമിതിന്നി-
  ന്നാവതില്ലേതുമെന്നുമുനിന്തു രാവണനോടെതിത്താർ;
ആനവരേവരോടുമെതിർത്തുനിന്നുതനിച്ചുപോർചെ-
  യ്താവതില്ലെന്നുരാവണനും കുലഞ്ഞുതളർന്നുനിന്നാൻ;
താനവനോടുരാവണി ചെന്നുചൊല്ലിനാനേതുമേ സ-
  ന്താപമിളയ്ക്ക വാനവർകോനെഞാനമർചെയ്തുവെന്നേ,
വാനവരോടിനിപ്പൊരുതെന്തുകാര്യമിതത്തൊടുംപോയ്
  വാഴ്ക ജഗത്ത്രയത്തിനു നീ മുതിർന്നൊരുനാഥനായേ.

ഏവരെയുംജയിപ്പനടക്ക നാമിനിയെന്നിവെല്ലാ-
  മേറെവിരന്തുതാതനുചൊല്ലി വന്നമർചെയ്തുചുററും
മേവിനവാനവർക്കിടരെയ്തുമാറുടനെയ്തടക്കം
  വീറുകെട്ടുത്തു രാവണി താതനോടുമുതിർന്നുപോയാൻ;
ആവികുളുത്തുപുൽകിയിരാവണൻ തനയന്നു ചൊന്നാ-
  നാകുലമററിതിങ്ങിതുമൂലം നിയമരേന്ദ്രനോടും,
പോയ്‌വിരവുററിലംകയിൽവാഴ്ക ഞാൻപിറകേവരുന്നേൻ;
  പോയിതു നംകുലത്തിനുതാപം നീയുളനായമൂലം. 337

മൂലവിനാശംവന്നിതു വാനവക്കിതുകാരണം ഞാൻ
മൂവുലകാഠംവനെന്നരചെയ്യുന്നിന്നദശാനനൻചൊ-
ല്ലാലതുകാലം മേഘനിനാദൻ വാസവനോടിലംകാ-
യാമിതമായമന്ന നിശാചരപ്പടയും തിരിച്ചാൻ;
ചാലവിരന്തുചെന്നവിടേ ദശാനനനംപുകന്താൻ;
താപമിയന്നവാനവരും പിതാമഹനോട്ടകൂടെ-
ച്ചോലകഠം ചൂഴിലംകയിലന്നചെന്നയരത്തുനിന്നാർ
തുമമികംവിമാനങ്ങഠംമിതതീവവിഷാദമോടേ. 338

ആരഴലോടണഞ്ഞു പിതാമഹൻപുനരന്നിലങ്കാ-
യാമമരുംദശാനനനോട്ടചൊല്ലിനന്നല്ലനേററം;
തീതിയലാതനിന്മകൻ മേഘനാദ,നിവണ്ണമാരും
തേവുകിൽവീരരാമവരില്ല കേവലമെങ്കയാലേ,
ഖേദമൊഴിഞ്ഞുവന്നിതു നീ നിനച്ചതു ഞാൻമകിഴ്ന്തേ
കേളിനിയാലിവാസവനാമിവന്തന്നെയിങ്ങയച്ചീ-
ടേതമൊഴിഞ്ഞിരാവണിയിന്ദ്രജിത്തെന്നുംനാമമോടി-
ങ്ങേറിയകാലംവാഴ്കഴകോട്ടമിന്ദ്രനെവെന്നമൂലം. 339

വെന്നിതരുംവരംതരുവൻ വിരന്തിതുകാലമേ ഞാൻ
വിണ്ണവർനായകൻതന്നെവെകാതേയിനിനീയയച്ചീ-
ടെന്നചതുർമ്മുഖന്തന്നോടന്നണന്തുപണിന്തുചൊന്നാ-
നിന്ദ്രനെവെന്നമേഘനിനാദനായനിശാചരേന്ദ്രൻ;
നന്നിതെനിക്കുനൽകമരതപമുററിതുചെയ്കയാൽ ഞാൻ
നന്മമികുത്തഹോമമിയററിയാലവിടേ വരേണം
വെന്നിമികുത്തതേരതിലേറിനാലമരതപമുണ്ടായ്-
വെന്നുസമസ്തലോകരെയന്നു ഞാനുളനാക മുററും. 340

ആകുലമോട്ടടൻവരഹോമകർമ്മ മുടിക്കുംമുന്നേ-
യാവിതുപോർചെയ്യാൻപുനരെങ്കിലെന്മരണംവന്നാലും,
വേഗമോടല്ലയാലമരതപവുംവരുകേതുചെയ്യും
വീറൊട്ടമിങ്ങിതിന്നവരംതരേണമിതത്തൊടിപ്പോഠം;

ആകമഴിഞ്ഞുനിന്നുതപങ്ങൾചെയ്തുവരങ്ങൾമററെ-
ല്ലാരുവരിപ്പതെന്നിയേ ബാഹുവീര്യവശേന ഞാനി-
ന്നാകിൽവരംവരിപ്പു,നതിങ്ങുനൽകുകിൽവാസവൻപോ-
യാലുമുഴററൊടെന്നതു മേഘനാദന്മതിന്നു ചൊന്നാൻ.

ചൊന്നവനോടവണ്ണമതാകയെന്നു ചതുർമുഖന്താൻ
ചൊല്ലിയപോരിലിന്ദ്രനെമേഘനാദൻ മുതിന്നുവിട്ടാൻ;
അസ്സുവനോട്ടുവാനവരുംപിതാമഹനോട്ടടൻ പോ-
യല്ലലൊഴിഞ്ഞുവാനുലകെയ്തിയാദരവോടിരുന്നാർ;
പിന്നെയുമിന്ദ്രനാകുലമോടിരുന്നതുകണ്ടുചൊന്നാൻ
പിമ്പവനോടയന്മതിഖേദംനീയിനിയോർത്തുകാൺപ-
ണ്ടുന്നുകഹല്യയാമവളെപ്പുണന്നപ്രകാരമെന്നാ-
ലുള്ളിൽവരുംവിഷാദമതൊക്കെമെററതിന്മൂലമെല്ലാം.

എല്ലയിലാതനന്മകളെയ്തുമാറൊരുയാഗം നീ ചെയ്-
കെന്നിവണ്ണമൊഴിന്തുപിതാമഹൻമറവുററനേരം,
നല്ലതിതെന്നുവൈഷ്ണവയാഗമാദരവോട്ടുചെയ്തേ
നന്മയിയന്നുവാനവരോട്ടവാനവർകോനിരുന്നാൻ;
നല്ലദശാനനൻതന്നിലങ്ങതീവനിനച്ചുകണ്ടാൽ
നല്ലവന്മേഘനാദനെന്നും നിശാചരനെന്നു മുന്നാം
ചൊല്ലിയതിപ്രകാരമിരിക്കകൊരണമെന്നിവണ്ണം
ചൊല്ലിനാൻമന്നർമന്നനൊടന്നഗസ്ത്യനെന്നുംമുനീന്ദ്രൻ.

അൻപുടയോനിരാമനരേന്ദ്രനോടിളയോർകളും,മ-
ററന്നഭിഷേകകർമ്മമിയന്നശേഷമടുത്തുനില്ക്കും-
വമ്പിലകുന്നവാനരരാജനോട്ടുവിഭീഷണൻ പോർ-
വല്ലഭമുള്ളവാനരർവേറുമാനുഷരാക്ഷസന്മാർ,
എൻപവരേവരുംമുനിചൊന്നവാർത്തകൾകേട്ടിരുന്നേ;-
യിമ്പമിയന്നപോതു നരേന്ദ്രനോടനുവാദവുംകൊ-
ണ്ടംബരമേ തപോധനർമററുള്ളോരൊട്ടുമുററുപോയാ-
നൻപരിലൻപുചേരുമുദാരതാപസനാമഗസ്ത്യൻ. 344

ആമളവുംമുതിന്റ മഹാജനങ്ങൾസഭാതലേ മുൻ-
പാദരവോടിരുന്നവരന്തിനേരം നൃപാജ്ഞയാലേ
കാമിതമോട്ടുപോയതുകാലം മന്നവർമന്നനും ചെ-
ന്നാനകമേ പുകുന്തുടനന്തിനേരമടുത്തതല്ലാ-
ന്നേമരുവീട്ടുംവീരരുമായിരുന്നു സുഖേന നാനാ-
ഭേദമിയന്നഭോജനപാനചോഷണലേഹമെന്നും
താമിവകൊണ്ടുഭോജനകർമ്മമായതിയററി മററ-
ങ്ങാദരവാൽ മനോഹരമാംമഹാശയനേ വസിച്ചാൻ.

ഏവരുമന്നുമാഗധരോട്ടുവന്ദികൾതാമുഷാകാ-
ലേതുയിൽനാമുണർത്തുവരെന്നുനിന്നധികംപുകണ്ണാർ;
കാർവടിവീട്ടുംമേനിയനേ! ദയാപരനേ,ചെറുപ്പോർ-
കാതൽകെട്ടുംവണ്ണംപൊരുംവീരനേ! നരപാലനേ! കേൾ
നീവിരവോട്ടുണന്നെഴുനിന്നുപാലനചെയ്ക വിഭൻ!
നീതിമികുത്തമന്നവർ മുന്നമാരിവണ്ണംപിറന്നോർ;
കേവലമെന്നപോതെഴുനിന്നു നീരിലിയന്നകർമ്മം
കേടിയലാതമന്നവർകോനടുത്തവണ്ണം മുടിച്ചാൻ. 346

ആനവനന്നു ഹോമജപാദികർമ്മമനന്തുമേ ചെ-
യ്താദരവോട്ടുഭോജനമേവരോട്ടുമിരുന്നിയററി
താനനുലേപനാഭരണാദിപൂണ്ടുപിറാരെല്ലാരും
താപമൊഴിഞ്ഞുകാണെ മുതിന്നിരുന്നരുളുന്നനേരം
മാനിതരായതന്നിളയോരമാത്യജനങ്ങ,ളീടാർ
മാമറയോ,രോരോമുടിമന്നർ,വാനരരാക്ഷസന്മാർ,
ആനവർസേവചെയ്തരികെയ്തിനാരമരേന്ദ്രൻ വാനോ-
രാനവരോട്ടുവാനിലിരുന്നപോലൊളിവുററിതന്നേ 347

ഉററവനാംവിദേഹനരാധിപൻജനകൻതന്നെച്ചെ-
ന്നുത്തമനായരാമനരേന്ദ്രൻ വന്ദനചെയ്തു ചൊന്നാൻ:—
മററുദശാനനാദികൾതമ്മെഞാനയിർകൊണ്ടതെല്ലാം
മൽഭയനേ! സമസ്തവുംനിന്നുടേകരുണാവിശേഷം;

മുററവുമുഴത്തരത്നങ്ങൾ ഞാൻ തരുന്നതുകൊണ്ടുടൻപോയ്
മുഖ്യതരാ! പെരുമ്പടയോട്ടു നീ പുരിപൂകയെന്നേ,
പററുമിതെന്നു ജാനകികയ്യിൽ മററവവാങ്ങിനൽകി-
പ്പററലർകാലനാദരവോട്ടുപോയ് നഗരേ പുകിന്താൻ.

താനഥ കേകയാധിപനായമാതുലനാമുപാജി-
ത്താനവനോടണഞ്ഞുപണിഞ്ഞുയാത്രവിധിച്ചുടൻപോയ്
മാനിതനാംപ്രകർദ്ദനനായകാശിപതിക്കുമേവം
മാനവവീരനാദരവോടുയാത്രവിധിച്ചശേഷം,
ദീനതയോടുവേറിരുന്നുരുംന്നുരുന്നരേന്ദ്രരൊന്നായ്
നീതിയിൽനിന്നവർക്കുമതിന്നുയാത്രവിധിച്ചകാലം
ആനകൾതേർകൾവാജികളോടുസേനയുമായ്നൃപന്മാ-
രാനവർപോയെല്ലാരുംനിജാലയങ്ങളിലേപുകുന്താർ. 349

ആരുമിന്നാമണഞ്ഞുതുണപ്പതെന്നിമുതിന്നുപോയി
വാരിധിയുംകടന്നമർചെയ്തുരക്കർകുലംമുടിച്ചേ
വാരണിക്കൊങ്കമാർമണിയായജാനകിതന്നെവീണ്ടോൻ
മാനവർവംശജാതനിരാമൻമന്നവർമന്നൻമുന്നേ
വീരനവന്നുചെന്നുതുണപ്പതെന്നിയിന്നമ്മെയെല്ലാം
വേഗമിയന്നുടൻഭരതൻവിളിച്ചതുമെന്തിനിപ്പോൾ
നേരലർകാലനാമവൻമേനികണ്ടതുകാര്യമെന്നേ
നീതിയിൽമന്നർതമ്മിൽമൊഴിന്തുപോയ്നഗരംപുക-
(ന്താർ. 350

അന്നവരേവരുംനരപാലകനന്നുകൊടുത്തുവിട്ടാ-
രംബരഭൂഷണാദികളേറെനല്ലവതാമുവന്നേ;
ഇങ്ങിഹനിന്നവാനരരാക്ഷസാദികളാമവർക്ക-
ന്നിമ്പമിയന്നുനൽകിയമന്നനോടവർതാമുമെല്ലാം
ഭംഗിയിലാകുലംതുടരാതതീവസുഖിച്ചിരുന്നാർ;
ഇന്ദ്രനുമായമർത്ത്യജനങ്ങൾവാനിലിരുന്നപോലേ
തിങ്ങളിരണ്ടുപോയിതുരണ്ടുനാഴികയെന്നപോലേ
തിങ്ങിവരുംമുദാദിവസങ്ങൾപോയതറിഞ്ഞിലാരും. 351

ആരെയുമേയുപദ്രവിയായ്കവാനവർതമ്മെന്നീയെ-
ന്നാദരവോടുപാലനചെയ്യു മററിവർനമ്മോടുംചേ-
ന്നാരുയിർവാഴ്വിലാശകളഞ്ഞുനിന്നവരാകയാലേ-
യാനവരോടുംനിൻപുരിപൂക പോയിനിയെന്നിവണ്ണം
വീരനിരാമൻ നിന്നകപീന്ദ്രനോടരുൾചെയ്തശേഷം
വേറു വിഭീഷണനന്നു മുരത്തനൻ ബത! ധമ്മമല്ലാ-
ലാരുമില്ലേ തുണപ്പവർകാണവക്ക്;മതിന്നിലംകാ-
യാമിനി വാഴ്ക നീമറവാഴ്കുനമ്മിലുള്ളൻപിതെന്നേ. 352

എന്നരചെയ്തമന്നനെ വേറുനിന്നവരും പുകണ്ണാ-
രെല്ലയിൽവാനരാധിപനായമാരുതിയാഞ്ജനേയൻ
ചെന്നകതാരഴിന്തു പിണിന്തുനിന്നവിടേ മൊഴിന്താൻ,
ചെന്തിരുമാതിനിമ്പമിയന്നമന്നവർമന്നനോടേ;
ഇന്നടിയന്നു പോവതിലാശയില്ലതുമെന്നിയും കേ-
ളെന്നളവുണ്ടുനിങ്കഥയെന്നാതൻപൊടുകേട്ടുകൊൾവാൻ
അന്നളം ഞാനുമിങ്ങുളനായ്‌വരേണമതെന്നിയേ മ-
ററൻപരിലൻപനേ! പുനരാശയൊന്നിലുമില്ലയെന്നേ.

എന്നരചെയ്തുനിന്നതുകാലം മന്നവർകോനുമന്നേ-
യിമ്പമിയന്നു മാരുതിതന്നെമാവിലണച്ചുചൊന്നാൻ:—
ഇന്നിതുകേളിലോകങ്ങളേഴരണ്ടുമുള്ളന്നു മാറാ-
തെമ്പുകൾ,നീയുമന്നളവിങ്ങുവാഴ് പുകളോടുമെന്നേ;
ഇന്നു പൊറാനമുക്കരചൻതന്നോടുപിരിന്തുപോയാ-
ലെന്നകതാരഴിന്തുകൺനീർപൊഴിന്തുകരഞ്ഞുപോയാ-
രൊന്നിയഭാനുസൂനുവിഭീഷണാദികളേവരുംവേ-
റുള്ളവരോടനന്തരം മന്നനും മകിഴ്വുററിരുന്താൻ. 354

ആനതുകാലമംബരമെയ്തിനിന്നരചൻതന്നോടേ-
റാകുലമോടുരത്തിതു വന്നുപുഷ്പകമാംവിമാനം;
ഞാനിതു പുഷ്പകം ധനദാലയത്തിനുചെന്നശേഷം
നായകനാമവൻപുനരെന്നെയിങ്ങുവിധിച്ചുവിട്ടാൻ;

താനനുജൻദശാനനനെന്നെവെന്നുപറിച്ചുകൊണ്ടാൻ;
താപമൊഴിഞ്ഞുപിന്നെയവന്തന്നെക്കൊലചെയ്തുകൊ-
മാനവവീരൻനിന്നെമുതിന്നവൻതന്നെനീവഹിച്ചാൽ[ണ്ടാൻ
വാധയില്ലേതുമേ മമ സൗഖ്യമായതുമിന്നിതെന്നേ. 355

ഏവമിയമ്പിനിന്നതുകാലം മന്നവർകോനെഴുന്നി-
ന്നേററമുതിന്റ പൂജയിയററി മററതിനോടുചൊന്നാൻ:-
ഏവമിതെങ്കിൽനീയിനി ഞാൻനിനപ്പതുകാലംവന്നി-
ടേണമിതന്നുമുള്ളദിനങ്ങൾവാനിടെ വാഴ്കയെന്നേ;
ആവതിവണ്ണമെന്നുരചെയ്തുപോയിതു പുഷ്പകം വേ-
റാകുലമേതുമിന്നിയിരുന്നമന്നവർമന്നനുംതാൻ
പോയ്‌വിരവോടു ജാനകിയോടുകൂടെനടന്നുകണ്ടേ
പൂമിമികുംപുരോപവനേ കളിപ്പതിനായ്മുതിന്നാൻ.

ആയ തചൂത ചമ്പക ചന്ദനാഗരുവില്വ ചാമ്പേ-
യാസനകല്പകാദികളാമനേകമരങ്ങൾതിങ്ങി,
തൂയമണം പുന്നതുയർവാർപൊഴിന്തകമേതടാകം-
തോറുമമന്റ, പങ്കജകൈലവാസികളുംവിശേഷാൽ,
പോയിടതിങ്ങിമീതുപടന്നപുഷ്പലതാന്തരാളേ
പൂമിമികുംപ്രദേശവിശേഷ,മെന്നിവ പാർത്തുകണ്ടാ-
ലായതമായചൈത്രരഥത്തിനൊടെതിരാമയോദ്ധ്യാ-
യാമമരുന്നപൂമ്പൊഴിലൂടു മന്നവർകോൻ നടന്നാൻ. 357

ആനതുകാലമങ്ങൊരുപാടു കല്പിതപുഷ്പശയ്യാ-
യാമധികംമനോഹരമന്ദമാരുതം മെയ്യിലേററ,
മാനിതകേകികോകിലഷഡ്പദാദികൾനാദമെന്നും-
വാർപൊഴിൽതന്നിൽനിന്നുളവായിവന്നവകേട്ടിരുന്നേ,
മാനവവംശജാതനിരാമൻ മന്നവർമന്നൻ നീടാർ-
മാനിനിയായജാനകിതന്നൊടും മധുപാനസൗഖ്യം
താനഴകോടിയന്നമരുന്നപോതിലിതംവരുംനൃ-
ത്താദികൾകൊണ്ടുടൻനരനാരിമാർപലർസേവചെയ്താർ

ആരണമുള്ളവാററിവോർകൾചൊന്നപ്രകാരം നിത്യാ-
ചാരമനത്തുമാദരവോടിയററിമുടിത്തു മററും
ധീരതയോടുടൻ ചമയംകൊടുത്തുപുറത്തിരുന്നേ
തീമയിലാതകാൎയ്യവിചാരമാദരവോടുചെയ്യേ,
വാരണികൊങ്കമാർമണിയായജാനകിയോടും നീടാർ-
വാർപൊഴിലൂടുപോയിവണ്ണംമുതിൻകളിച്ചിരുന്നേ
നേരലർകാലൻമന്നവർകോനു പോയിതുനാലുമാസം,
നീതികെടാതിതംവരുംനാലുനാഴികയെന്നപോലേ. 359

വൃത്തഭേദം.

ഏറെമുതിന്നവിടേ വൈദേഹിയു-
മിടിയദേവസമാരാധനമാം-
മാറിലയാനിയമംചെയ്യൊരുപോൽ
മാതൃജനങ്ങളെയുംപൂജിച്ചേ,
വേറനുലേപനഭൂഷണമാല്യവി-
ഭൂഷിതയായേ ശേഷംകാലം
തേറി നരേന്ദ്രനുമായിതമോടൊരു-
ദീനതയിന്നിയിവണ്ണമിരുന്നാൾ. 360

ഇരുൾകുഴലാൾവൈദേഹിയൊടന്നാ-
ളിനകുലജാതനിരാമനരേന്ദ്രൻ
പെരുകിനസന്തോഷേണ മൊഴിന്താൻ
പ്രിയസമയേ മമ ജാനകി! നീ കേൾ;
കരുതുകിലുണ്ടിതുകാലം ഗൎഭം
കാമിനി! തവ വാഞ്ഛിതമിനിയെന്തെ-
ന്നുരചെയ്യാലതിയററുവ,നല്ലാ-
ലുണ്ടാമല്ലോ ഗൎഭവികാരം. 361

കാരുണികൻ കാകുൽസ്ഥൻതിരുവടി
കനിവൊടിവണ്ണംചൊന്നതിനപ്പോൾ
ചാരുതരാകൃതിയാകിയജാനകി-
താനനുരാഗവശേന മൊഴിന്താൾ:—
വീരതരാ! ഫലമൂലാശനരായ്
വേദപരായണരായേ ഗംഗാ-
തീരനിവാസികളാനതപോധന-
സേവനമിന്നഭിവാഞ്ഛിതമെന്നേ. 362

ഏറിയതാപസർമേവിയപുണ്യവ-
നേ വരതാപസർപത്നികളോടും
വേറിതമായൊരുരാത്രിവസിപ്പാൻ
വീരതരാ! ചിന്തിച്ചേനെന്നേ,
കൂറിയജാനകിയോടതിനെന്തേ
കുറവിതു നാളെയിയററുവനെന്നേ
തേറിമകിഴ്ന്നുരചെയ്തു നൃപൻപോയ്-
ച്ചെമ്മേ വേറൊരുശാലപുകുന്താൻ. 363

താനവിടേ വിജയൻമധുമത്തൻ
താപമിലാകാശ്യപനംപിംഗല-
ന്നൂനമിലാതസുരാജിതമാഗധ-
നോടഥ കാലകഭദ്രാദികളാം-
മാനിതസേവകരാകിയപൗരമ-
ഹാജനമാമിവർ സേവിച്ചാർ വ-
ന്നാനതുകാലമൊരോവിധമാംപരി-
ഹാസകഥാകഥനേന നരേന്ദ്രം. 364

അംബുജലോചനനായനരേന്ദ്രനു-
മന്നവരോടവിടെച്ചോദിച്ചാൻ:—
സമ്പ്രതി നമ്മുടെവാർത്തകളെന്തിഹ
സകലജനംപറയുന്നതു മുററും,

പിമ്പനുജന്മാർ,ജാനകിതാനും
പിഴയിയലാ മമ മാതൃജനങ്ങളു-
മെമ്പവരേവരെയുംകൊണ്ടവരവ-
രെന്തിവിടെത്തമ്മിൽപ്പറയുന്നോർ. 365

പറകെന്നളവെഴുനിന്നടിതൊഴുതുപ-
റഞ്ഞാൻമനുകുലവരനൊടു ഭദ്രൻ:—
ചിറയും മറികടൽതന്നിലിയററി-
ച്ചെന്നുദശാനനനെക്കൊലചെയ്തേ,
നിറയുംപുകഴീയുലകിലിവണ്ണം
നിത്തിയതാരിവനെപ്പോലെന്നേ
പറയുന്നിതുപുരവാസികളിന്നു ഭ-
വാനെയതീവ പുകണ്ണേയെന്നാൻ. 366

പുകണ്ണുമികണ്ണും നമ്മുടെ വാത്തകൾ
പുരവാസികളവരവരുരചെയ്യത-
കംകനിവോടുരചെയ്യേസകലവു-
മറവാതേ ഭദ്രാ! നീയെന്നേ
സുഖംവരുമാറുനരേന്ദ്രനിരാമൻ
ചോദിച്ചളവവനടിമലർതൊഴുതേ
പുകണ്ണനനന്നരവരനോടവനും
പുരവാസികൾപറയുന്നവയെല്ലാം. 367

എല്ലാരിലുമധികൻനരവീരനി-
വന്തിരുവടിയിതു ചെയ്യതു പററാ;
പൊല്ലാനിശിചരവീരനെടുത്തുപു-
രോത്തമമാകിയലങ്കയിൽവച്ചേ,
വല്ലാനിലയൊടുക്കൂടാതേപല-
മാസമിരുത്തിയജാനകിയെത്താ-
നൊല്ലായെന്നോരാതേകൈക്കൊ-
ണ്ടുഴറിപ്പോന്നതൊരനുചിതമല്ലോ. 368

അനുചിതമേചെയ്യിലുമിന്നെല്ലാ-
മരുവയരോട്ടനമുക്കെല്ലാർക്കും
പുനരൊരുപക്ഷംപറവതുമിനി നീ
പോകെന്നരചെയ്‌വതുമരുതല്ലോ;
മനസി കനിഞ്ഞു നൃപന്മാർചെയ്‌വതു-
മാചാരം പൗരന്മാർക്കെന്നും
അനുചിതമെന്നികഴാമോയെന്നതു-
മവരവരേ പറയുന്നോർ മന്നാ! 369

ആനവനെന്നതുചൊന്നതുകേട്ടന-
രാധിപനുംവിജയാദികൾതമ്മോ-
ട്ടനമിയന്നവലോകനമതിനാൽ
നൊടിയളവിൽച്ചോദിച്ചാനവരും
ദീനതയോടടിതൊഴുതതിവണ്ണം
നൃപകുലതിലകാ! എന്നതുകേട്ടേ
മാനവവംശവരൻപുനരവർകളെ
വൈകാതേ പോകെന്നു വിധിച്ചാൻ. 370

വിധിബലമിന്നിതുമെന്നകതാരിൽവി-
ഷാദമിയന്നനരേന്ദ്രനിരാമൻ
അതുപൊഴുതേ പ്രതിഹാരികൾതമ്മോ-
ടനുജന്മാരെ വരുത്തുകയെന്നേ,
അതുപുനരവരറിയിച്ചതുകേട്ടട-
നരനാഴികവൈകാതേ വന്നാർ
മതിനലമീടിയലക്ഷ്മണനാദികൾ
മന്നനെയടിതൊഴുതരികേ നിന്നാർ. 371

അരികേ നിന്നതുകാലം സിംഹാ-
സനഗതനായിയധോമുഖനായേ
പരിതാപംപെരുതായ്മുഖകാന്തിപ-
കൻടൽവാടിയതീവതളന്നേ,

പെരുതാകിയകണ്ണിണനിരോട്ടപ്പ-
ഫ്രീവീപരീയാകിയശ്രീരാമൻ
മരുവീട്ടുന്നതുകണ്ടനുജന്മാർ
മനസി മഹാശോകത്തൊടു നിന്നാർ. 372

നിന്നവർകളെയാശ്ലേഷിച്ചവിടെനി-
റുത്തിയിരിക്കെന്നേകിയിരുന്നുട..
നന്നിടരോട്ടുമുരത്താൻ നരവര-
നാത്മാവായതു നിങ്ങളിനിക്കോ;
നന്നിമികൂംനിങ്ങൾക്കൊവ്വാതേ
നാട്ടുകിലില്ലനമുക്കൊരുകാര്യ്യവു-
മിന്നവനീപാലനവും നിങ്ങൾ-
ക്കെല്ലാംവേണ്ടിയിയററുന്നേൻ ഞാൻ. 373

ഇന്നു സമസ്തവുമായതുനിങ്ങളെ-
നിക്കുനരേന്ദ്രകുമാരന്മാരേ!
എന്നതു ഭൂപതിചൊന്നതുകാല-
ത്തെന്തുനിനച്ചുരചെയ്യതതിന്നേ,
അന്നകതാരിലതീവവിഷാദമൊ-
ടഞ്ചിയിരുന്നനുജന്മാരോടേ-
യെന്നിതുകേൾക്കെന്നേറെവിഷാദമൊ-
ടുരചെയ്യാൻ നരവരനതുകാലം. 374

അംബുജബാന്ധവവംശമതിൽപ്പോ-
ന്നരചകളരചൻ നന്ദനനായേ
മുമ്പുളനായനമുക്കപവാദം
മുററും വന്നുപരന്നിതിദാനീം;
സമ്പ്രതി രാവണദൂഷിതയാകിയ-
തരുണീമൈഥിലിയെക്കൈക്കൊണ്ടേ-
നിമ്പമിയന്നേ ഞാനെന്നെല്ലാ-
മിവിടെപ്പുരവാസികൾ പറയുന്നോർ. 375

ഓരാതേ മൈഥിലിയെക്കൈക്കൊ-
ണ്ടോളിവിൽപ്പോയാൻ ദശമുഖനന്നതി
നാരാഞ്ഞവിടെച്ചെന്നവനുടെപട-
യടയെക്കൊന്നവനെയുമുയിർകൊണ്ടേൻ;
പാരായ് ദൂഷണമില്ലയിവൾക്കിതു
ഭാവിക്കൊല്ലായെന്നുടനെന്നോടു
നേരേ പാവകനന്നുരചെയ്തതു
നീ കേട്ടായല്ലീ സൗമിത്രേ! 376

മിത്രസമീരണദേവേന്ദ്രാദികൾ
വേറഖിലേശ്വരനും ധാതാവും
നിത്യതപോബലമുള്ളതപോധനർ
നിരുപമഗന്ധർവ്വാദികൾതാമും
തത്ര സമാഗതരായവരെല്ലാം
തരുണിയിവൾക്കില്ലേതുംദൂഷണ-
മുത്തമയെന്നുരചെയ്താർ, ചിന്തി-
ച്ചുണ്മയിതെന്നറിവുറേറൻ ഞാനും. 377

ഞാനേവംകൈക്കൊണ്ടേൻജനകന-
രേന്ദ്രതനൂജയെയെങ്കിലുമിന്നിതു-
താനേ കാരണമായപവാദം
താപമെഴുംപടിവന്നിതെനിക്കോ;
നാനാസുഖമാരുയിരിവകളെയാർ
നാട്ടവരപവാദംകളവാനായ്
മാനേന്മിഴിമൈഥിലിയെക്കളവാൻ
മടിയുണ്ടോ മമ പഴിതീർപ്പാനായ്? 378

പഴികളയാൻ കളയാം നിങ്ങളെയും
പാർക്കിൽനമുക്കെന്നാൽ മറെറന്തേ
വഴിവഴിയേകളവാനരുതാതതു
വന്നുപരന്നമഹാപഴിതീർപ്പാൻ?

പിഴയിതിലേററമൊരുത്തനുമുണ്ടോ?
　　പിന്നേമരിച്ചാലുംനരകിൽപ്പോ-
യഴുത്തുകിടപ്പതുമാറാപരിച-
　　ങ്ങവരവർപറവതു മാറുവലംനാൾ. 379

മാറിലയാതസുമന്ത്രരഥേ നീ
　　മൈഥിലിതന്നെയുടൻകരയേററി-
ത്തോറിമുതിന്നുദയേ ജാഹ്നവിയുടെ
　　തീരതപോവനമെയ്തിയശേഷം,
വേറവളെപ്പുനരവിടെയിരുത്തിവി-
　　രന്തിനി നീ വൈകാതേപോരുക
ക്രൂരുകിൽ വേറൊരുപായവുമുണ്ടിതു
　　കുലയാതേ ചെയ്വാൻ സൗമിത്രേ! 380

വാനിലകംപുകഴുള്ളതപോധനർ
　　വാഴുമരണ്യമതിങ്കൽവസിപ്പാൻ
ഞാനഭിവാഞ്ഛിപ്പേനെന്നാളവൾ
　　നാളെയതേവമിതാമെന്നേൻ ഞാൻ;
ആനതുതന്നേകൊള്ളാം വാല്മീ-
　　ക്യാശ്രമദേശേ മററവളെക്കള-
വാനൊരുപായമിതിന്നുമറിപ്പവർ
　　വൈരികളേ മമ നിശ്ചയമെന്നാൻ. 381

ആനതുചൊല്ലിനരേന്ദ്രനുമെഴുനി-
　　ന്നാറൊഴുകുംപടി കൺനീരോടും
ഊനമിലാനിജഭവനംപുക്കാ-
　　നുടനേ രാത്രി കഴിഞ്ഞു പുലന്നിതു;
മാനിതമായസുമന്ത്രരഥം കാൺ
　　മൈഥിലിയേയിതിലേറിപ്പോരുക
കാനനമടവിയെക്കാണ്മാനെന്നാൻ
　　കാലയിലേ ലക്ഷ്മണനവളോടേ. 382

ഏതമൊഴിഞ്ഞവൾ സന്തോഷിച്ചാ-
ളെന്നോടിന്നലെ മന്നവർമന്നൻ
നീതിയിനാലുരചെയ്യതിനേതും
നീക്കംവന്നില്ലെന്നു നിനച്ചേ;
തീതിയലാവസ്ത്രാഭരണാദികൾ
തേറി മഹാമുനിപത്നികളെക്ക-
ണ്ടാദരവോട്ടകൊടുപ്പാൻ കൈക്കൊ-
ണ്ടരിയരഥേ പുക്കാൾ മൈഥിലിയും. 383

മൈഥിലിചൊന്നാൾ പോവതുകാലം
വന്നനിമിത്തപ്പിഴ പലകണ്ടിവ-
യെയ്തിയതെന്തിതുകാലം കേവല-
മിമ്പമതീവവരുന്നാളെന്നാൽ,
പൊയ്യുടവാർ മമ ഭർത്താവിന്നും
പുനരനുജാതന്മാർനിങ്ങൾക്കും
കൈതവമെന്നി മഹാസുഖമല്ലീ
കാണായ് സൗമിത്രേ! ചൊല്ലെന്നാൾ. 384

എന്നവൾതന്നെനമസ്കാരംചെ-
യ്തിടരെല്ലാക്കും കേവലമെന്നാൽ
നന്നിതുധീരതയോടേ ലക്ഷ്മണ-
നകമേ പരിതാപത്തെമറച്ചേ,
ചെന്നുടനേ ഗോമതിയാംനദിതൻ-
തീരംപുക്കുവസിച്ചു പുലന്നിതു,
ചെന്നിനി വൈകാതേ നാം ഗംഗാ-
തീരംപൂവോമെന്നു മുതിന്നാൻ. 385

മുതിന്നുസുമന്ത്രർന്നടത്തിയവാഹന-
മുഖ്യമതിന്മീതേ കരയേറി
നിതംബിനിമാർമണിജാനകിയരികേ
നിന്നസുമിത്രാസുതനനുകാലം

ഇത്തംവരുമാറു പുരാ സഗരാത്മജ-
രേവക്കുംവാനോർമരുവുന്ന-
പദം വിരവോടുകൊടുത്തരുളീടിയ
ഭാഗീരഥിയെയുടൻ ദർശിച്ചാൻ. 386

ആനതുകാലമതീവവിഷാദി-
ച്ചുഴതസുമിത്രാപുത്രനെ നോക്കി-
ത്താനതിവേദനയോടേ ജാനകി
സഹസാ ചോദിച്ചാളവനോടേ;
മാനവവംശവരാ! സൗമിത്രേ!
വാവിട്ടെന്തേ നീ മുറയിടുവാൻ?
ഭാനുകുലോത്ഭവനാകിയനമ്മുടെ
ഭർത്താവോടു പിരിഞ്ഞതിനല്ലീ? 387

എല്ലയിലാതമഹാഗുണവാനാ-
മെൻഭർത്താവൊടുവേറായ്വാഴ്വാൻ
വല്ലഭമില്ല നിനക്കൊരുനാളും
മററിതുരണ്ടുദിനംകൊണ്ടല്ലീ?
ചൊല്ലുകിൽമുററും വാലകനേ നീ
ശോകമടക്കിയിരുന്നേനോരാ-
ണ്ടല്ലലൊഴിഞ്ഞെന്നേപ്പോൽനീയുമ-
ടങ്ങുക വൈകാതേ സൗമിത്രേ! 388

ഏറെമഹാമുനിമാർ ഗംഗാതട-
മെയ്തിവസിപ്പവർതമ്മെയിന്നേ ക-
ണ്ടേറെമകിഴ്ന്തവർപത്നികൾതമ്മോ-
ടേകദിനംപുനരിവിടെ വസിച്ചാൽ
മാറിലയാതവിമാനമതിന്മേൽ
വൈകാതേ കരയേറിപ്പോനാ-
ലീറിലയാതവിഷാദംതീക്കാ-
മിനകുലവരനെക്കണ്ടാലെന്നേ. 389

എന്നവൾചൊന്നതുകേട്ടേ ലക്ഷ്മണ-
നേറെവിഷാദം വന്നതടക്കി-
ച്ചെന്നഥ ജാനകിയോടും നാവം
ചെമ്മേകരയേറുന്നതുകാലം,
നിന്നസുമന്ത്രർവിഷാദാദികളെ
നിറുത്തിയുടൻഗംഗാതരണംചെ-
യ്തന്നടവിയിൽനിന്നഴതറിയിച്ചാൻ
അവളോടേയേവം വൃത്താന്തം. 390

അംബുജലോചനനാംതവ ഭത്താ-
വതിഖേദംവരുമാറരുൾചെയ്താ-
നിമ്പടിലാതൊരുകാര്യംനീയതി-
ളയ്യരുതെന്നെന്നൊട്ടു വൈദേഹീ!
സമ്പ്രതി തീയിൽപ്പാഞ്ഞുമരിപ്പാൻ-
തന്നെയുമാമെങ്കിലുമരുതാതൊ-
ന്നെമ്പരിതാപമിയററിയകാര്യമി-
തെന്തിതിലേറൊരുപാപവുമുണ്ടോ? 391

പാപികളിൽത്തലയാളായേൻ ഞാൻ
പലരുണ്ടാകെച്ചെയ്കേയെന്നൊട്ടു
താപമിയററുംകാര്യമിതേവം
ധാത്രീപതിയുരചെയ്തതുമൂലം,
ഹാ! പരിതാപമെനിക്കുവരുന്നതി-
താരോടേചൊൽവൻ മരണം മമ
ശോഭനമിന്നിതിലെന്നേറഴതു സു-
മിത്രാസുതനവനിയിലേ വീണ്ണാൻ. 392

ആനതുകണ്ടവിടേ വൈദേഹിയു-
മാകുലമോടേ ചോദ്യംചെയ്താൾ,
ഞാനിതിനൊന്നൊരുകാരണമറിയേൻ
നാടുകിലുണ്ടു നിനക്കതിഖേദം;

മാനവവംശവരൻ ശ്രീരാമനു
ബാധയിയന്നില്ലല്ലീ ചൊല്ലിനി-
യാനതുമെന്നോടു നീയവനാണെയ-
വസ്ഥയിതറിവതിലയ്യോരുതെന്നേ. 393

അരുതിതുചൊൽവതിനെന്നറയായ്കെ-
ന്നവളും ചെയ്തതു കേട്ടേ ലക്ഷ്മണ-
നിരുൾകുഴലാൾമൈഥിലിയോടുചൊന്നാ-
നിടരൊടധോമുഖനായേ നിന്നേ;
പുരവരമായയയോദ്ധ്യയിലെങ്ങും
പൊങ്ങീതപവാദം തവ കേവല-
മരചനുമതിനാൽ നിന്നെക്കളവാ-
നായിങ്ങടവിയിൽവിട്ടാൻ മുററും. 394

മുററും ചൊൽവാൻവല്ലെന്നറി തവ
മന്നിന്നതു ദൂഷണമെന്നിതു കേൾ
കുററമിലാതവളേ നീയെന്നാൽ
കുറവിയലാതതപോവനമിതിലേ,
ഉററവനാംവാല്മീകിയെയാശ്രി-
ച്ചുള്ളിൽവിഷാദമൊഴിഞ്ഞു വസിച്ചരുൾ;
പററലർകാലൻരാമനൊടേതും
പരുഷമിളച്ചതു നന്നേയെന്നാൻ. 395

എന്നുരചെയ്തതുകേട്ടേ ജാനകി-
യേറിയസന്താപേന വിറച്ചേ
നിന്നുപൊറാതേ മോഹിച്ചവിടെനി-
ലത്തേവീണുകിടന്നാളൊട്ടേ;
നിന്നസുമിത്രാത്മജനൊടുപിന്നെനി-
ത്രപിച്ചുഴൻതാകുലമൊടുചൊന്നാൾ
എന്നും ദുഃഖിപ്പാനേ കേവല-
മെന്നെ വിധാതാ നിമ്മിച്ചാനോ? 396

ഓരാതേ ഞാൻ പണ്ടതിപാപമു-
ടൻചെയ്യേനോ പുനരിതുവരുവാൻ?
ദാരാദികളൊട്ടുവേറുപെടുത്തുസ-
ദാപലരെഖേദിപ്പിച്ചേനോ?
വീരാധിപനാമെൻഭർത്താവുവി-
വേകമൊഴിഞ്ഞെന്നെക്കളവാനെ?-
ന്താരേ ഗതിയിനിയാശ്രമമതിൽ ഞാ-
നാരുംകൂടാതേ വാഴ്വേനോ? 397

ഓർത്തവർമുനിവരരോടുംപതിക-
ളോടുംഞാനിനിയെന്തേ ചൊൽവൻ?
ധാത്രീപാലകനെന്തേ നിന്നെ-
ത്താൻകളവാനെന്നവർചോദിച്ചാൽ;
പേർത്തുംഞാനിരിയാതെ മരിപ്പൻ
പിന്നെപൊരുസന്തതിയില്ലായ്കയിനാൽ
മാർത്താണ്ഡാന്വയവുംമുടിയും വദ
മമ പാപമിതെല്ലതോ സൗമിത്രേ! 398

ഏതാകിലുമിനിയെന്നെക്കള നി-
യേതമൊഴിഞ്ഞിവിടെസ്സൗമിത്രേ!
ചേതോഹരനെൻഭർത്താ ചൊന്നവ
ചെയ്ക നിനക്കിതിളയ്ക്കരുതെന്നേ,
തീതായുരുമപവാദംകളവാൻ
തീർത്തിതുമന്നവർമന്നനിതെന്നാൽ
വാതാമൊഴിയെ വസിപ്പനെനിക്കോ
വരുമല്ലോ തുയർ വല്ലപ്രകാരം. 399

വല്ലപ്രകാരവുമേ ജനരഞ്ജന
വരുമാറരചാൾവതു നൃപധർമ്മം;
ചൊല്ലിവയെല്ലാം നീയടിതൊഴുതുസു-
ഖംവരുമാറെൻഭർത്താവോടേ;

നല്ലവരാകിയമാതൃജനങ്ങളെ
നലമൊടുകണ്ടടിതൊഴുതിയവസ്ഥകൾ
ചൊല്ലുക പോകെന്നാൾ ജാനകിയതി-
ശോകത്തൊടിലക്ഷ്മണനടിതൊഴുതാൻ. 400

അടിമലർതൊഴുതെഴുന്നിന്നുരിയാടാ-
തതിശോകത്തോടേ ലക്ഷ്മണനു-
മുടനവൾതന്നെവലംചെയ്തുഴുതഴ-
തുത്തമയാകിയഗംഗകടന്നേ,
പടുമളദുഃഖത്തോടേ ജാനകി
പാർമേൽവീണുകിടന്നരുളുന്നതു
മുടനുടനേനോക്കിസ്സൗമിത്രിയു-
മുരുതരവേദനയോടേ മീണ്ടാൻ. 401

ആനതുകാലം ഗംഗാതീരമ-
ഹാവനഭൂമിയിൽവീണുകിടന്നേ
മാനിനിജാനകിയേറഴുതാളതു
മഹരഷിപുത്രന്മാർചിലർ കേട്ടേ,
ദീനതയോടടിതൊഴുതറിയിച്ചാർ
ദിവ്യമഹാമുനിവാല്മീകിയൊടിഹ
വാനവർനാരികളോടൊത്തവളൊരു
മാനിനിയേറെ വിലാപിക്കുന്നോൾ. 402

എന്നവൾ മംഗലദേവതതാൻ പുന-
രെന്നേ തോന്നുമവൾക്കിതുകാലം
നന്നിയിലാതമഹാശോകം ബത!
നാമറിയോം വന്നതിനൊരുമൂലം;
ചെന്നവളെസ്സൽക്കാരംചെയ്വതു
ചെമ്മേ വേഗംവേണമതിന്നവൾ
നന്നിമികും മുനിതിലകാ എന്നവർ
നാടിമഹാമുനിവനുമതറിഞ്ഞാൻ. 403

അറിവിയലുംമുനിശ്രീവാല്മീകിയു-
മർഘ്യാദികൾകൈക്കൊണ്ടുടനേ ചെ-
ന്നറവൊടുമൈഥിലിയോടു പറഞ്ഞാ-
നുടനേയാശ്വാസംവരുമാറേ;
കുറവിയലാദശരഥനൃപസുതനാം-
ഗുണഗണനിലയനിരാമനു ഭാര്യ്യാം
നിറപുകഴീടിയജനകനന്ദിനി
നീയിതു ഞാനറിവുറേറൻ ഭദ്രേ! 404

ഉററവനാകിയഭർത്താ നിന്നെയു-
പേക്ഷിപ്പാൻകാരണവുമറിഞ്ഞേൻ;
മററതിശുദ്ധതയുള്ളവളേ നീ
മൈഥിലി കേവലമെന്നുമറിഞ്ഞേൻ;
കുററമിലാ മമ ദിവ്യദൃശാ ഞാൻ
കുറവിയലാതിവയെല്ലാം കണ്ടേ;
പററുവതിന്നിനീയിവിടെയിരിപ്പതു
പലരുളർ താപസിമാരിഹ വാഴ്‌വോർ. 405

ഓരോതാപസപത്നികൾനിന്നെയു-
വന്നുഭരിപ്പർ മമാശ്രമദേശേ;
നേരേ തവഗൃഹമെന്നതുപോലൊരു
ദീനതയിന്നിയിതത്തൊടിരിക്കാം;
പാരായർഘ്യമതുംകൈക്കൊൾക മ-
ഹാസുഖമായ് നൽവരവാകെന്നാൽ
കാരാർകുഴൽമൈഥിലിയതുകേട്ടു ക-
കനിന്തമ്മുനിവനെയന്നടിതൊഴുതാൾ. 406

അടിമലർതൊഴുതിതവണ്ണംചെയ്താ-
നനുവാദംചെയ്താൾ മൈഥിലി പുന-
രുടനവളോടുംപോയിമഹാമുനി-
യുഴറി നിജാശ്രമമണവതുകാലം,

തടമുലയാൾവൈദേഹിയെ മാനസ-
    താപംതീർത്തിവളെപ്പാലിക്കെ-
ന്നടമയിലേതാപസികളൊടെല്ലാ-
    മുരചെയ്താശ്രമമെയ്തിയിരുന്നാൻ. 407

നാനാതാപസപത്നികളോടും
    നല്ലാശ്രമമതിൽമൈഥിലി പൂവതു
താനാകുലമൊടുകണ്ടു സുമന്ത്രർ-
    തനിക്കതുചൊന്നസുമിത്രാപുത്രൻ
മാനേൽമിഴിമാർമണിസീതയ്ക്കും
    മന്നനിരാമനരേന്ദ്രനുമേവം
ദീനാവസ്ഥയിയററിയധാതൃനി-
    യോഗബലം ബത! വിസ്മയമെന്നാൻ. 408

എന്നെല്ലാമഗ്രജവൃത്താന്ത മി-
    രക്കമിയന്നുപറഞ്ഞുപറഞ്ഞുട-
നന്നു സുമന്ത്രരുമായ്തേരേറിയ-
    യോദ്ധ്യായാം പോരുന്നതുകാലം,
നന്നിമികുത്തസുമിത്രാത്മജനൊടു
    നാടിമുതിൻ സുമന്ത്രരുരത്താ-
നിന്നുവിഷാദിക്കൊല്ലാചൊന്നാ-
    നിതു തവ താതനുപണ്ടൊരുമുനിവൻ. 409

മുനിവരനാശകലാസ്സംഭൃതൻ
    മുഖ്യഗുണാകരനത്രിതനൂജൻ
കനിവിയലുംദുർവാസാ പണ്ടൊരു
    കാലം ചാതുർമാസ്യമിരുന്നാൻ;
മനുകുലമിതിനുപുരോഹിതനായ വ-
    സിഷ്ഠമഹാമുനിയുടെയാശ്രമമതിൽ
വിനയമൊടതുകാലത്തൊരുനാൾ തവ
    വീരാ! താതനുമവിടെച്ചെന്നാൻ. 410

അവനിപതീശ്വരനമ്മുനിവരരെയു-
മടിതൊഴുതവരാലേ പൂജിതനാ-
യവിടെയിരുന്നതുനേരം ശ്രീദു-
ർവ്വാസാവോടേ ചോദ്യംചെയ്താൻ;
ദിവസകരാന്വയജാതനിരാമൻ
ദീർഘായുഷ്മാനോ മമ നന്ദന-
നവനുളരാമോ പലതനയന്മാ,-
രവർകളുമതിഗുണവാന്മാരാമോ? 411

ഗുണവാന്മാരായുള്ളവർനമ്മുടെ
കുലമതിലെന്നുളവുണ്ടായ്‌വരുമിനി-
യുണർവീടും മമ തനയനുമേൽനാ-
ളുളവാംഗുണദോഷങ്ങളുമെന്തേ?
പണിയേതുംകൂടാതിവയെല്ലാം
ഭവതാമകമേകാണാമെന്നാൽ
ക്ഷണകാലംപാർത്ഥിവ ചൊൽകെന്നതു
കേട്ടു മുനീന്ദ്രനുമരചനു ചൊന്നാൻ. 412

നാനാഗുണഗണമുടയകുമാരൻ
നരപതിയേ തവ പുത്രനിരാമൻ
വാനോർപുകഴൊട്ടുപതിനോരായിര-
വർഷംമേദിനിമിതിലിരിപ്പോൻ;
നാനാകുലമിടയിടയേയെത്തും
തനയരുമിരുവരവനുളവാം കേൾ;
താനേ ജാനകിയെയുമുടനനുജ-
ന്തന്നെയുമവസാനേ കളയും. 413

അവസാനേ പോയ്‌വാനുലകെത്തുമ-
യോദ്ധ്യാവാസികളെല്ലാരോടും;
ഭുവനാധിപരായ്‌വാഴിക്കും നിജ-
പുത്രരെ വേറൊരുദേശത്തെന്നാൽ;

ഇവയെല്ലാമുരചെയ്തുമഹാമുനി-
യിനകുലമതിലവസാനംവരുമള-
വവയവയുണ്ടാംവാർത്തകളെയുമിവ-
യരുളിച്ചെയ്താൻ ദശരഥനോടേ. 414

ഏവമിതെല്ലാംകേട്ടു മഹീപതി-
യെന്നോടു നീയിവ ചൊല്ലൊല്ലാ മ-
റ്റേവരൊടുംപുനരെന്നുറപ്പി-
ച്ചിനിയമുനീന്ദ്രനനുജ്ഞയിനാലേ,
കേവലമിങ്ങിവയോദ്ധ്യപുകുന്താൻ
കേളായ് നീയിന്നളവും ഞാനുമി-
തേവരൊടുംചൊന്നേനല്ലഖിലവു-
മിഹ നിന്നോടുരചെയ്തേനല്ലോ. 415

എല്ലാജ്ജാതിയുമൊഴികവിഷാദമി-
തെന്നുരചെയ്തുസുമന്ത്രരുമായേ
നല്ലാറാകിയകൗശികിതങ്കരെ
നരവരനസ്തമയത്തിനു പുക്കാൻ;
ചൊല്ലാനിയമമനന്തരമിയററി-
സ്സുഖമായവിടെ വസിച്ചുദയത്തിനു
വല്ലാനീലയൊടുപോന്നവരയോദ്ധ്യയിൽ
മദ്ധ്യാഹ്നേ സൗമിത്രി പുകുന്താൻ. 416

ആനനകാന്തികൾ താപവശേന ത-
ളർന്നുതളർന്നു കുലഞ്ഞുകുലഞ്ഞേ
ദീനതയോടൊളിവീടിയകൺമലർ?
നീർനിറയുംപരിചാതുരനായേ
മാനസഖേദം കാണുമവർക്കും
വരുമാറവിടെയധോമുഖനായേ
മാനവവീരനിരുന്നതുകണ്ടേ
വന്നാസുമിത്രാസുതനിടരുററാൻ. 417

ഇടരൊട്ടുമെന്തേ ചൊൽവൻഞാനെ-
ന്നെണ്ണിയണന്തടിതൊഴുതെഴുനിന്നേ
പടുതരനായസുമിത്രാപുത്രൻ
പാർത്ഥിവനോടുപറഞ്ഞാനവിടേ;
ഇടമകതാരിൽവരാതവരെപ്പോ-
ലെന്തേ നിന്തിരുവടി ഖേദിപ്പാ-
നടലൊടുപുത്രകളത്രാദികളോ-
ടുണ്ടോവേറുപെടാതവരാരും? 418

ഉമ്പർപുരാന്തസമൻ നിന്തിരുവടി-
യുരചെയ്തതിനാൽ വൈദേഹിയെ ഞാ-
നൻപൊടുവേറായ് വാല്മീക്യാശ്രമ-
മതിനരികടവിയിലാക്കിപ്പോന്നേൻ;
സമ്പ്രതിയമ്മുനിയാശ്രമമെയ്തവൾ
താപസിമാരൊടുമായതിലേതും
തുമ്പമൊഴാതെ വസിക്കുന്നോൾ,തവ
ദുഃഖമതിന്നിനിയുണ്ടാകൊല്ലാ. 419

ആദരവാൽവഴിയമ്പലമെയ്തിയ-
തിവസുഖേന പറഞ്ഞരനാഴിക
നീതിയിൽ നാനാദിക്കുകരംതോറും
നിന്നുവരുന്നവരൊന്നിയിരുന്നാൽ
ഖേദമൊഴിഞ്ഞുപറഞ്ഞോരോവഴി
ഗതരാവതുപോൽ ബാന്ധവസുതദാ-
രാദികളോടിതമായ്വാണ്ണാലുട-
നവരവർ പോവതൊരോവഴി മുററും. 420

മുററും പിരിയരുതെല്ലാനാളും
മുഖ്യതരാ! സുതദാരാദികളൊടു
മററില്ലാതസുഖേന വസിപ്പവ-
രാരുളർ മൂവുലകത്തിലുമോർത്താൽ?

മുററവുംനീയറിയാതവയില്ലമ-
നോഗതശോകവശേന മറന്നവ-
യുററണവ്വാനറിയിച്ചേൻ കേവല-
മൊഴികവിഷാദം മനുകുലതിലകാ! 421

കുലദൂഷണമപവാദംചേരും-
കുയിൽമൊഴിയാളെക്കൊണ്ടതിതെന്നേ
പലനാളും പൗരന്മാർ പറയും-
പഴികേട്ടിനിയതു പററായെന്നേ
നിലക്രൂടാമാനസമൊട്ടു ദേവിയെ
നീക്കിയകാരണമാതുരനായാൻ
നലമിടിയരാജാവെന്നവരവർ
നാഥാ! പറവതുമഴകല്ലല്ലോ. 422

എല്ലാജ്ജാതിയുമൊഴികവിഷാദമി-
തെന്നു സുമിത്രാപുത്രൻ ചൊന്നതു
കല്യാണാത്മാവായജഗൽപതി
കാകുൽസ്ഥൻതിരുവടി ശ്രീരാമൻ
ചൊല്ലാർമനുകുലതിലകൻ കേട്ടു സു-
ഖന മഹാശോകം കൈവിട്ടേ
നല്ലാനന്ദരചെയ്തതിതെന്നേ
നലമൊടിലക്ഷ്മണനോടുരചെയ്താൻ. 423

അരുൾചെയ്താൻ ശ്രീരാമൻതിരുവടി-
യനുപമനാകിയലക്ഷ്മണനോടും
പരിതാപംപൂണ്ടേവമിരുന്നേ
പകലൊരുനാല്യ കഴിഞ്ഞു തനിക്കോ;
ഒരുകാര്യം ചിന്തിപ്പാനവസര-
മുണ്ടായില്ല നൃപന്മാർക്കെല്ലാം
വരുമാപത്തനുദിനവും കാര്യം
വഴിവഴിയേ ചിന്തിപ്പതിലച്ചാൽ. 424

ഇളയാതേനൃഗനായനൃപൻ പ-
ണ്ടിനിയഗവാമൊരുകോടി കൊടുത്താൻ
വളരായ്നിന്നദയാവാനൊടേററം
മഹിമമികുംവിപ്രവരന്മാക്കായ്;
വിളയാടുന്നകിടാവിനൊടുംപോയ്
വേറൊരുപശ്ശുവക്കൂട്ടംപുക്കതു-
മളകാധിപസമനാമന്നരപതി-
യറിയാതെല്ലാം ദാനംചെയ്താൻ. 425

താനറിയാതേ വിപ്രനുടേപശ്ശു-
തന്നെയുമന്നൊരുവിപ്രവരന്നായ്
ദാനവുമന്നുകൊടുത്താൻ നരപതി
ദാതാ സകലഗുണാകരനുടനേ;
താനതിനെക്കാണാഞ്ഞു ദരിദ്രൻ
താപസനതികൃശനഗ്നിസമാനൻ
ദീനതയോടു നടന്നാരാഞ്ഞാൻ
ചെന്നിതു കാണാതേ പലദിവസം. 426

പലനാൾചെന്നതുകാലം കണ്ടാൻ
പശ്ശുവവൾതന്നെ മുതിൎന്നു കിടാവൊടു-
മുലവേതുംവാരാതതപോബല-
മുടയൊരു വിപ്രനുടേ ഗൃഹമതിലേ;
കലയാതേ ശബളേ! വാ,യെന്നതു
കൂറിവിളിച്ചുതപോധനനരികേ
നലമീടിയപശ്ശുപോയളവവളുടെ
നാഥൻവിപ്രവരൻ കോപിച്ചാൻ. 427

ആനവനും നൃഗനാകിയരാജാ-
വാനവനേ മമ തന്നതിതെന്നാൻ;
ഞാനുടയൻ പശ്ശുവാമിവൾതന്റെ ന-
രാധിപനല്ലെന്നാൻ പുനരപരൻ;

ഞാനമിയന്നനൃപൻ ചൊല്ലേണം
നമ്മോടൊണ്മയിതെന്നിരുവരുമായ്
മാനിതയാകിയഗോവിനൊട്ടും പോയ്
മന്നൻഗോപുരവാതിൽ പുകുന്താർ. 428

താരണിപാലകനെക്കാണ്മാനരു-
തായവിടെപ്പലകാലം നിന്നാർ,
ധീരതയേറിയവിപ്രവരന്മാർ
ദീനതയാ കോപിച്ചാരുടനേ;
പാരഖിലം പരിപാലനചെയ്യും
പാർത്ഥിവനെക്കാണ്മാൻവരുവോക്കൊരു-
നേരവുമേ കാണ്മാനരുതാകിയ
നൃപനെ മുതിൻ ശപിപ്പോമെന്നാർ. 429

ആരുംകാണാതേ നീ കൃകലാ-
സാകൃതിപൂണ്ടു കിണററിൽ വസിക്കായ്
കാരിന്നേരൊളിവോനഖിലേശൻ
കരുണാകരനയനച്യുതനമലൻ
പാരിന്നിടർതീർപ്പാനിനിയുളനാം
പശുപാലകനായന്നവനരുളാൽ
തീരും തവ ശാപമിതന്നളവും
തീരാശ്ശരികെന്നാശു ശപിച്ചാർ. 430

അവരിരുവരുമായ് നൃഗനെയിവണ്ണമ-
തീവരുഷാ ബത ശാപംചെയ്തേ
ശബളയെ മററൊരുവിപ്രനു നൽകി-
ത്തമ്മുടെയാലയമെയ്തി വസിച്ചാർ;
അവനിപതീശൻ കൃകലാസാകൃതി-
യായുളനിന്നുമവൻ കേളതുപോ-
ലിവിടെയുമുണ്ടാം നാശം നിയതവു-
മിതമൊടു കാര്യവിചാരമിളച്ചാൽ. 431

ചാലെ വിരന്തിവിടത്തിൽ വരുത്തുക
സൗമിത്രേ!നമ്മെക്കാണ്മാനാ-
യാലയമിതിൽവന്നുള്ളവർകളെയുമ-
മാത്യന്മാരെല്ലാരെയുമിനി നീ;
പാലനംചെയ്യേണം പരിതാപം
പാരിൽ വരാതേയെന്നതു കേട്ടേ,
കാലിണതൊഴുതു സുമിത്രാപുത്രൻ
കാകുൽസ്ഥൻതിരുവടിയോടു ചൊന്നാൻ. 432

നാനാഗുണമുടയവനെ നരേന്ദ്രനെ
നല്ലതപോധനരിപ്പിഴമൂലം
ദീനാവസ്ഥവരുംപരിദേവം
നിലയോ ശാപമിയറ്റിയതരചാ!
നാനാകുലമൊടു നൃഗനതറിഞ്ഞു ത-
ദാ ചെയ്തതുമറിവാനിച്ഛിച്ചേൻ
ഞാനാദരവൊടുമെന്നസുമിത്രാ-
നന്ദനനോടതു നൃപനറിയിച്ചാൻ. 433

അറിയിക്കാമതു കേൾ വിപ്രവരന്മാ-
രവരിരുവരുമരയോജനമാത്രം
നെറിയിൽപ്പോയളവെയ്തിയശാപം
നൃഗനറിവുറ്റവിഷാദിച്ചുടനേ,
അറിയിച്ചാനിതമാത്യപുരോഹിത-
രാദികൾതമ്മെ വിളിച്ചഥ വസുവാ-
മറിവുറ്റീടിനസുതനൊടുനീവാഴ്-
കവനിയെയറനെറിപിഴയാതെന്നേ. 434

പിഴയാതേ വാഴ്കവനിയെയല്പം
പിഴയുണ്ടാകിലിവണ്ണം വരുമെ-
ന്നഴകൊടു തേറു നമുക്കിതുവന്നതി-
ലഴലൊഴി മമ വിധിലിഖിതമിതെന്നാൽ,

മഴയിയലുന്നാളും പനിപൊഴിയും-
മാസങ്ങളിലും വേനൽക്കാലവു-
മഴകൊടിരിപ്പാനോരാകിണറുക-
ളതിസുഖമാക്കിയിയററുകയെന്നാൻ 435

എന്നുമിതംകലരുംപലജാതിക-
ളീടിയവൃക്ഷവിശേഷങ്ങളെയും
നന്നിമികുംകുസുമങ്ങളിണങ്ങിയ
നാനാലതകളെയും പുനരവിടേ
ഇന്നരയോജന ചുററുമിയററുവ-
തിതമൊടെനിക്കു വസിക്കാനെന്നേ-
യനുവിധിച്ചമഹീപതി സുതനെയു-
മാദരവോടഭിഷേകംചെയ്താൻ. 436

താനവിടെക്കൃകലാസാകൃതിയായ്
താപസശാപവശേന പുകുന്തേ
മാനിതനായനൃപൻ കൂപത്തിൽ വ-
സിക്കുന്നോനിതവൻവൃത്താന്തം
ദീനതയോടിനിയിന്നും കഥ കേൾ-
പ്പാൻ നീ ചിന്തിച്ചാകിലുരപ്പൻ
മാനിതമായമഹാകഥയെന്നാൻ
മനുകുലതിലകനിലക്ഷ്മണനോടേ. 437

ഏവമൊരോകഥകേട്ടാൽമതിയെ-
ന്നെന്നും തോന്നായെന്നേ ലക്ഷ്മണ-
നാവികനിന്നുരചെയ്തുളവവനോ-
ടറിയിച്ചാൻ ശ്രീരാമനരേന്ദ്രൻ;
ദേവസമൻ നിമിയാകിയഭൂപതി
നിരുപമനാകിയഗൗതമനമരും-
പാവനമാമാശ്രമമതിന്നരികൊരു
ഭവനമിയററി വസിച്ചാൻ പലനാൾ. 438

പലനാളവിടെവസിച്ചമഹീപതി
പാവനമായൊരുയാഗംചെയ്വാൻ
നലമേറുള്ളവസിഷ്ഠനൊടിത്തു മമ
നന്മവരുംപടി ചെയ്യിക്കെന്നാൻ;
വലശാസനനൊരുയാഗംചെയ്വാൻ
വരികെന്നെന്നെ വിളിച്ചാൻ മുന്നേ;
ചിലനാൾ നീ പാത്താലിതുമാമത്തു
ചെയ്തീഹ വന്നാലെന്നാൻ മുനിവൻ. 439

മുനിവരനങ്ങമരുലകിനു പോയാൻ
മുനിതിലകൻഗൗതമനൊടു നിമിയും
തനിയേ യാഗംചെയ്തുടനായിര-
സംവത്സരവുമിരിക്ക തുനിഞ്ഞാൻ;
പുനരായിരവഷംകൊണ്ടങ്ങുപു-
രന്ദരയാഗസമാപ്തിവരുത്തി-
ക്കനിവോടാഗതനായവസിഷ്ഠൻ
കണ്ടാനരചനിയററിയയാഗം. 440

അരചനിയററിയയാഗംകണ്ടുമ-
വൻ നിദ്രാവശനായതിനാലേ
വിരവൊടു സൽക്കാരംചെയ്യാഞ്ഞും
വേധാവിന്നുസുതനായവസിഷ്ഠൻ,
പെരുകിയകോപംകൊണ്ടു ശപിച്ചാൻ
പിഴയതിനാലുടൽപോക നിനക്കെ-
ന്നരചനുമന്നുണരുററു ശപിച്ചാ-
നരിയതപോധനനെക്കോപത്താൽ. 441

കോപമിയന്നുശപിച്ചഭവാനും
കൂടെ വിരന്തുടലില്ലായ്വരികൊരു-
പാപമിതെന്നോടുചെയ്തതിതെന്നും
പാത്ഥിവനും ചിനമോടു ശപിച്ചാൻ;

താപസനായവസിഷ്ഠനുമിന്നിമി-
താനും ദേഹത്തൊടുവേറായേ,
താപമൊടന്നവയെല്ലാംചെന്നു വി-
ധാതാവോടറിയിച്ചാൻ മുനിവൻ. 442

മുനിവരനന്നൊരുവായുവിനെപ്പോൽ
മുററുംദേഹംക്കൂടാതേചെ-
ന്നനുപമനായവിരിഞ്ചൻതന്നോ-
ടറിയിച്ചതിനൊരുപായം ചൊന്നാൻ;
അനുപമരാകിയമിത്രാവരുണ-
ന്മാരുടെബീജംകൊണ്ടൊരുദേഹം
തനിയേനീയുണ്ടായ്ക്കൊൾകതിനൊരു-
ജാതിയുമില്ലൊരുസങ്കടമെന്നേ. 443

എന്നളവേ മുനി പോയ്‌വരുണാലയ-
മെയ്തിയപോതവിടേയുർവ്വശിയും
നന്നിമികുംമിത്രനുവശയായ-
ന്നാളിൽച്ചെൽവതു വരുണൻ കണ്ടേ,
ഒന്നിയമാനസമോടവനരുളാ-
ലുള്ളമഴിഞ്ഞൊരുകുംഭേ ബീജം
നന്നിവരുംപരിചാക്കിയശേഷം,
നല്ലതപോധനരതിലുളരായാർ. 444

അതിലുളവായാൻ മുമ്പിലഗസ്ത്യന-
ശേഷതപോധനമുഖ്യൻ തിരുവടി;
മതിനലമുള്ളവസിഷ്ഠനുമവിടെമ-
ഹാകുംഭത്തിൽനിന്നുളനായാൻ;
അതുപൊഴുതവിടെച്ചെന്നിക്ഷ്വാകുവു-
മറികപുരോഹിതനേ നീ ഞങ്ങൾ-
ക്കിതമൊടുമെന്നു വരിച്ചു വസിഷ്ഠനൊ-
ടിങ്ങിയയോദ്ധ്യയിൽവന്നു പുകുന്താൻ. 445

താനമരോത്തമനാകിയമിത്രൻ
താപമൊടുർവ്വശിതന്നെ മുനിന്ദ്രേ
ഞാനറി നിന്നെവരിച്ചേൻ മുന്നറ
നാടുകിൽനീയതുപേക്ഷിച്ചിപ്പോൾ,
മാനസസംഗമമങ്ങവനോടിഹ
വടിവൊടിയന്നതിനാൽ നീയവനിയിൽ
മാനിതനായപുത്രരവസോടിഹ
വാഴ് ചിലനാളിനിയെന്നു ശപിച്ചാൻ. 446

ആനവിശേഷമറിഞ്ഞു നിമേരുട-
ലവിടെയിരുന്നതപോധനജാതിക-
ളുന്നമൊഴിഞ്ഞു ഭരിച്ചേ യാഗവു-
മുടനേ ശേഷം ചെയ്തുമുടിച്ചാർ;
വാനവരാദികൾതാമതുകാലം
മാനസമേറെമകിഴ്ന്തുരചെയ്താർ
ദീനതതീരെ നിമേരാത്മാവൊടു
നീ ചൊല്ലുണ്ടാക്കാമുടലെന്നേ. 447

ഉടലിലകംപൂകേൻ ഞാനെങ്ങുമു-
പദ്രവമിന്നിവരായിതെട്ടുത്താൽ
വടിവിയല്പുംപ്രാണികൾനേത്രങ്ങളിൽ
വാസ്വാത്മകനായ് പൂവേനെന്നാൻ;
കടുകതുചെയ്ക്ക തവാശപാസത്തിനു
കൺകളിമയ്ക്കഖിലപ്രാണികളും
ദൃഢമിതു പോകെന്നാദരവൊടുപോയ്
ദേവാദികൾവാനുലകു പുകുന്താർ. 448

താരണിപാലനുടേയുടലും പല
താപസർക്കുടിയുടൻ മഥനംചെ-
യ്താരതുകാലമതീവഗുണാകര-
നായവിടേയുളനായാൻ മിഥിയും;

വീരനവന്മുതലായനരാധിപർ
വേരതിനാലേ മൈഥിലരായാർ;
പാരിൽ വിദേഹോത്ഭവരായതിനാൽ
പാരാ വൈദേഹന്മാരായാർ. 449

ആയാർ ജനകന്മാർജനനംകൊ-
ണ്ടന്നുതുടങ്ങിമഹീപതിമാരവർ
നീയാദരവൊട്ടമിവയറികെന്നേ
നിരുപമനാകിയരാമനരേന്ദ്രൻ
കായാനിറമുടയവനരുൾചെയ്തെ-
ക്കനിവൊട്ടു ലക്ഷ്മണനും ചിന്തിച്ചാൻ
ആയാതെന്തേ കൂടെ വസിഷ്ഠനെ-
യന്നുശപിപ്പാൻ നൃപനിവനെന്നേ. 450

എന്നവനോടറിയിച്ചാനരചനു-
മേവക്കും ക്ഷമയുണ്ടായ്‌വാരാ;
നന്നിമികുത്തയയാതിമഹീപതി
നഹുഷാത്മജനെപ്പോലത്തു കേളായ്;
വെന്നിമികുംദൈത്യേശ്വരനാകിയ
വൃഷപർവ്വാവിനുസുത ശർമ്മിഷ്ഠയു-
മന്നു മഹാമുനിശ്ശുക്രനുടേ മക-
ളാനവളുംദേവികളവനറി നീ. 451

അവനസുരാത്മജതന്നെയതിപ്രിയ-
മവൾമകനാകിയപൂരുവിനെയുമറി;
തവമിയലുംമുനിപുത്രിയെയവളുടെ
തനയനെ യദുവിനെയും ചേരാ കേൾ;
തവനമൊടെണ്ണിയിരുന്നവൾചൊന്നാ-
ളാകുലമായി പിതാവിനവസ്ഥക-
ളവളിടരെല്ലാംകേട്ടു ശപിച്ചാ-
നരിശത്തോടുയയാതിയെ മുറവും. 452

മുററും നീ മമ പുത്രിയെനീക്കി മു-
തിന്നസുരാത്മജയെക്കൈക്കൊണ്ടായ്;
മററതിനാലേ യൗവനമിന്നി മ-
ഹാജരയാ പരിപീഡിതനായേ,
കുററമൊഴിഞ്ഞുകിടക്കെന്നേവം
ക്രൂറിമഹാമുനിപോയതുകാല-
ത്തുററതിതിന്നറിവുറേറ യദുവിനെ-
യുഴറിവിളിച്ചു മഹീപതി ചൊന്നാൻ. 453

ചൊന്നതുകേട്ടെന്നുടെവൃദ്ധത നീ
സുതനേ!മടിയാതേ കൈക്കൊണ്ടാൽ
നന്നെറിയേ യൗവനവുമിയന്നേ
നാനാസുഖമൊട്ടു ചിലനാൾ വാണാൽ,
പിന്നെയതും ഞാനേ കൈക്കൊൾവൻ
പെരികെവരും തവ പുണ്യവുമതിനാ-
ലെന്നമഹീപതിയോടേ യദുവുമി-
തെന്നൊട്ടുചൊൽവാനെന്തേയെന്നാൻ. 454

എന്തേ കാരണമാത്മജനേ! ഞാ-
നേവരിലുംപ്രിയനേ തവ പൂരുവു
സന്തോഷിച്ചശനാദികൾ ചെയ്യാൻ
സന്തതമവനൊട്ടുകൂടെ നരേന്ദ്രാ!
സന്താപം തവ വന്നതുമവനേ
സഹസാതീർക്കും കേളെന്നേ യദു
നിന്ദാഗർഭം ചൊന്നതുകേട്ടേ
നൃപനടനേ പൂരുവിനെ വിളിച്ചാൻ. 455

ആനവനോട്ടമിവ്വണ്ണം ചോദി-
ച്ചുളവവനടിമലർതൊഴുതെഴുന്നിന്നേ
ഞാനിതുകൈക്കൊൾവൻ താതാ! കേൾ
നൽകുക വൃദ്ധത വൈകാതെന്നേ;

താനവനുടെമേൽ വൃദ്ധതയാക്കി-
ത്താരുണ്യംകൈക്കൊണ്ടു യയാതിയു-
മൂനമൊഴിന്തവനീപാലനചെ-
യ്തുരുതരഭോഗാദികളൊടിരുന്നാൻ. 456

ആനവനും ഭോഗങ്ങളിലാഗ്രഹ-
മറുതിവരുത്തി നിജാത്മജനൊടു നീ-
താനിനി നൽകുക നമ്മുടെവൃദ്ധത
താരുണ്യം തരുവൻ ഞാനിപ്പോൾ;
മാനിതനാകിയഭൂപതിയായേ
വാഴേണം പിഴകേണമിവൻ യദു-
വൂനമിയന്നസുതന്മാരും പുന-
രുണ്ടാമിനിയിവനെന്നരുൾചെയ്താൻ. 457

എന്നയയാതിമഹീപതി യദുവിനെ-
യേവമതിവമുനിന്തു ശപിച്ചേ
വെന്നിമികുംബാല്യം നൽകിത്തൻ-
വൃദ്ധതപൂരുവിനൊടു കൈക്കൊണ്ടാൻ;
അന്നവനീപതിയായഭിഷേകവു-
മവനഴകോടുമിയററിയനന്തര-
മൊന്നിയപുണ്യത്താൽ വാനുലകിനു-
ടൻപുക്കാനന്ദേന വസിച്ചാൻ. 458

ആനന്ദേന സുരേന്ദ്രനുസമനാ-
യമരുലകെയ്തിവസിച്ചമഹീപതി-
താനവനമ്മുനിയൊടുമുനിയാതേ
സഹസാ ശാപമതേററാനന്നേ;
നൂനം നൃഗനെയ്തിയപോലങ്ങൊരു
ദൂഷണമങ്ങു നമുക്കുണ്ടാകായ്-
വാനിങ്ങുഴറിവരുത്തുക കാണ്മാൻ
വന്നവർകളെ നീയുദയേയെന്നാൻ. 459

എന്നിവ ചൊല്ലി നരേന്ദ്രനിരാമനു-
മിനിയസുമിത്രാത്മജനും തങ്ങളി-
ലൊന്നിയിരുന്നേ പോയിതുരാത്രിയു-
ദിച്ചാൻ വന്നുടനേ ദിനപതിയും;
നന്നിമികുംനിയമങ്ങൾമുടിച്ചു ന-
രേന്ദ്രനിരാമനുമാസ്ഥാനേവ-
ന്നന്നു നൃപാസനമെയ്തുയരുന്നാ-
നവരവരാലതിപൂജിതനായേ. 460

ഏറെമുതിന്നുതുകാലം ദ്വാരപ-
നിനകുലതിലകനെയടിമലർതൊഴുതേ
ക്കുറിനനരച! താപസർ ഭാർഗ്ഗവ-
കുലവർ കാഞ്ചനനാദികൾ പലരും;
തേറി മഹായമുനാനദിതന്നുടെ
തീരനിവാസികൾ കാണ്മാൻവന്നുളർ
മാറിലയാതവരെന്നു മഹീപതി
വൈകാതവരെ വരുത്തുകയെന്നാൻ. 461

ഇനിയനൃപാജ്ഞയിനാലവയോദ്ധ്യയി-
ലിതമൊടുവാണനരേന്ദ്രനിരാമനു
മുനിവരർ കാഞ്ചനനാദികളവരവർ
മൂലഫലാദികൾ കാഴ്ചകൾവച്ചാർ;
അനുപമതീർത്ഥജലങ്ങളെയും പുന-
രവർകളെയടിതൊഴുതവ കൈക്കൊണ്ടേ
മനുകുലവര, നാസനഗതരായമ-
ഹാമുനിവരരൊടു ചോദ്യംചെയ്താർ. 462

താനടിതൊഴുതുരചെയ്താനരചൻ
താപസരോടും സുഖമായല്ലീ?
ഊനമിലാതതപസ്സിന്നേതുമു-
പദ്രവമില്ലല്ലീ വനഭൂമൗ?

ഞാനയിരും ധനദാരാദികളൊട്ടു
നാട്ടുമുപേക്ഷിച്ചും പാലിപ്പൻ
മാനിതരാകിയവിപ്രരെയെന്നും,
മററിതു സത്യം കേവലമെന്നേ. 463

കേവലമിന്നൊരുസത്യമിതെന്നതു
കേട്ടതപോധനജാതികളവരവർ-
രാവികുളിത്തവിടെ ശ്രീരാമ-
ന്നാശീർവ്വാദംചെയ്തറിയിച്ചാർ;
ആവതുകാര്യമിതെന്നറിയാതേ-
യഖിലവുമേ സാധിപ്പൻഞാനെ-
ന്നേവമുരപ്പതിനാമോ മററി-
ന്നേവക്കും നരവരനേ! എന്നാർ. 464

ആരണരോടരചൻചോദിച്ചാ-
നടവിയിൽനിന്നിവിടത്തിനു വരുവാൻ
കാരണമായതു ചൊൽകെ,ന്നളവതു
കാഞ്ചനതാപസനുററുരചെയ്താൻ;
വീരതരാ! രജനീചരപുത്രൻ
വീരവരന്മധുവെന്നൊരുദൈത്യൻ
സാരതചേർധർമ്മിഷ്ഠനതീവ ത-
പോബലമൊട്ടുമാദിയിലുളനായാൻ. 465

ഉളവാകിയമധുവാനവനുടെ ഗുണ-
മുള്ളിലറിഞ്ഞതിസന്തോഷിച്ചേ-
യളകാനാഥനസഖിയായമരുമ-
ശേഷജഗൽപതി പശുപതി രുദ്രൻ
വളരാമതിയണിയുന്നപിനാകി മ-
ഹാദേവൻ മലമാതിനുവല്ലഭ-
നിളയാതേയൊരുശൂലംനിർമ്മി-
ച്ചിതമൊട്ടുമവനു കൊടുത്തറിയിച്ചാൻ. 466

അറിക നിനക്കിതൊരായുധമിതു ചെ-
ന്നമരിലെതിർപ്പവരെക്കൊലചെയ്തു-
യുറവൊടു നിന്നുടെ കയ്യിൽവരും പുന-
രുത്തമശൂലമിതെന്നിയുമിതു കേൾ;
അറിവിയലുംവിപ്രന്മാർ ഗോക്കളു-
മമരന്മാരിവരേവരൊടും നീ-
യുറവുകെടുന്നാൾ നിന്നൊടുവേറാ-
യുഴറിപ്പോരുമിതെന്നരുൾചെയ്താൻ. 467

അരുതിതു നമ്മുടെസന്തതികൾക്കേ-
യായുധമായ്വരുമാറരുളേണം
പുരഹരനേ! വരശൂലമിതെന്നു പു-
കണ്ണനിശാചരനോടരുൾചെയ്താൻ:—
കരുതുകിലരുതതവെണ്ണം നിന്നുടെ
കാംക്ഷിതവും പഴതാകരുതെന്നാൽ
വരുമറി നിന്നുടെസുതനൊരുവന്നു വ-
രായുധമായിതു വല്ലപ്രകാരം. 468

വല്ലഭമോടിതുകയ്യിലിരിക്കിൽ മ-
രിപ്പാൻപണി തവ സുതനമരില്ലന-
രില്ലയതല്ലാലാവതു; ശൂലമി-
തിങ്ങേപോരുമവൻ മൃതനായാൽ;
നല്ലനിശാചരവീരായെന്നുമ-
നായകനരുളിച്ചെയ്തതുകേട്ടേ
ചൊല്ലരുതാതെളസന്തോഷത്തൊടു
ശൂലമതസുരേശൻ കൈക്കൊണ്ടാൻ. 469

ആനവനുണ്ടായാനൊരുപുത്രന-
നന്തരമേ ദുഷ്ടാത്മാ ലവണൻ,
താനവനാദിയിലേ പലനീചത
സഹസാ ചെയ്യുതു കണ്ടു പിതാവും

ദീനതയോടിവനേലായെന്നു നി-
    നച്ചവനെശ്ശിക്ഷിപ്പതിളച്ചേ
മാനിതശ്ശൂലമവന്നു കൊടുത്തേ
    മനസി വിഷാദമിയന്നേ പോയാൻ. 470

പോയതുകാലമതീവമദിച്ചു പു-
    രാന്തകശ്ശൂലബലേന ജഗത്ത്രയ-
നായകനായതു ഞാനിനിയെന്നു ന-
    ടുക്കമിയററിയനത്തമരക്കും
തൂയതപോധനരാമവക്കൾക്കും
    ദൂഷണമേ ചെയ്തിന്നുമുളൻകൊ-
ല്ലായതുമില്ലവനെക്കൾ പണ്ടു-
    ണ്ടായവർകൾക്കാക്കും നരവീരാ! 471

വീരാ! രാവണനാദികൾതന്നുടെ
    വീറുകെട്ടത്തനിനക്കെളുതാമിതു
നേരേ ലവണനിശാചരനവനെ നി-
    രാകുലനായമർചെയ്തുയിർകൊൾവാൻ;
പാരാ താപസരാമവക്കൾക്കൊരു
    ഭാഗ്യമവൻ മൃതനാകി,ലതല്ലാൽ
വാരാ സുഖമെന്നെല്ലാം മുനിവര-
    വാക്യംകേട്ടരചൻ ചോദിച്ചാൻ. 472

അരചൻ ചോദിച്ചാനാഹാരവു-
    മാചാരവുമാലയവുമവന്നേ-
തുരചെയ്കെന്നളവേ, മൃഗജാതിക-
    ളോടുമനുഷ്യരുമവനാഹാരം;
നരപാലകനേ! രൗദ്രാചാരം
    നാടുകിൽ മധുവനമവനുടെ ഭവനം;
കരുതായെന്നു തപോധനജാതികൾ
    കാകുൽസ്ഥൻതിരുവടിയൊടു ചൊന്നാർ. 473

ഒടുക്കമിലാബലമുള്ളവനെക്കൊ-
ന്നപരോധംതീൎപ്പൻ നിങ്ങൾക്കി-
തടുത്തതെനിക്കെന്നമ്മുനിവരരോ-
ടരുളിച്ചെയ്തുനരേന്ദ്രനിരാമൻ
പടുത്വമീയന്നരികേ നിന്നരുളിയ
ഭരതനൊടുടനേ ശത്രുഘ്നനൊടും
അടുത്തവൎകളെ വെന്നിവൎകളെ രക്ഷി-
പ്പാനാർപോവതു നിങ്ങളിലെന്നാൻ. 474

എന്നതുകേട്ടിതുചെയ്വൻ ഞാനെ-
ന്നേറെമുതിൎന്നാൻ ഭരതനനന്തര-
മിന്നിതിളയ്യോന്നേ ശ്രീരാമനെ-
യെഴുന്നിന്നടിതൊഴുതേ ശത്രുഘ്നൻ
നിന്നറിയിച്ചാൻ മനുകുലവരനോടു
നിന്തിരുവടി വനവാസത്തിനു പോ-
യന്നുടനായ്വനിവൻ നിന്തിരുവടി-
യരുളാൽ നാടുഭരിച്ചാനല്ലോ. 475

എല്ലയിലാതളശോകത്തോടുമി-
രുന്നാനിവിടെയിവന്തിരുവടിതാൻ
നല്ലതുമായ്വനവരുമതിനാലും
നാടുകിലെൻഭ്രാതാ ലക്ഷ്മണനും
ചൊല്ലിയതുംചെയ്തോരോവഴിയേ
ശോകമിയന്നും കൂടെനടന്നാ-
നില്ലയതല്ലാൽ വേണ്ടുവതെന്നാ-
ലിവയൊന്നുംചെയ്യാതവനേ ഞാൻ. 476

ഞാനൊരുവൻചൊല്ലുന്നവചെയ്വാൻ
നാടുകിലിങ്ങുളനെന്നാലെല്ലാ-
ദീനതയെയ്തുകിലായ്വന്മാരിനി
നിശ്ചയമിതു ഞാനേ സാധിപ്പൻ;

മാനവവീരാ! നിന്നരുളാലേ
വൈകാതെന്നവിടെശ്ശത്രുഘ്നൻ-
താനുരചെയ്തതുകേട്ടേ നരപതി
സന്തോഷിച്ചേ തക്കതിതെന്നാൻ. 477

ഇതുനീ ചെയ്യു മമാജ്ഞയിനാലേ-
യിനിയതപോധനരിവർകളൊട്ടും പോയ്
മധുസൂതനാമവനെക്കൊന്നവനുടെ
വനമൊരുരാജ്യവുമാക്കി വിശേഷാൽ,
ഇതമൊടുപുരിയവിടേ നിർമ്മിച്ചിനി
നീ വാഴ്കഴകോടതിന്നായേ ഞാൻ
വിധിയാലഭിഷേകംചെയ്വൻ തവ
വേറതിനിന്നു മരുപ്പതു പററാ. 478

പററാ നീ മമ ചൊല്ലുമരുപ്പതു
പരിചൊടുമിന്നഭിഷേകംചെയ്വൻ
നററാമരനയനാ സവ്വജ്ഞ! നര-
പതികുലതിലകാ! ശത്രുഘ്നാ!
പററാർകുലബലകാലാ! ബാലാ!
പരിചിയലുംനരവീരാ! ശൂരാ!
വററാതപഗുണവാരിധിയെന്നാൻ
മനുകുലവരനനുജനൊടതുകാലം. 479

അനുജന്നഭിഷേകംചെയ്യാമോ?
അരചാ! മൂത്തവർനിൽക്കെച്ചെയ്കേ
വിനയംകൂടാതേനിന്നോടിവ
വീരാ! പറവതെനിക്കരുതെന്നാൻ;
ഇനിയേതുംധർമ്മസ്ഥിതിപിഴയാ-
തിതമൊടു നിൻവചനംകടവാതേ,
തനിയേ ഞാൻമരുവുംപരിചേകുക
താപമൊഴിന്തെന്നാൻ ശത്രുഘ്നൻ. 480

അൻപൊടുശത്രുഘ്നന്നഭിഷേകമ-
 നന്തരമവിടെയിയററിമുടിച്ചാ-
നിമ്പമിയന്നവസിഷ്ഠാദികളോ-
 ടിളയവരോടുംകൂടെ നരേന്ദ്രൻ;
തുമ്പമൊഴിഞ്ഞേ സന്തോഷിച്ചാർ
 സുതരാമതിനാലേ പുരവാസികൾ
പിമ്പവിടെക്കൗസല്യാദികളൊടു
 പേത്തുസമസ്തപ്രാണികൾതാമും. 481

ഉമ്പർപുരാന്തസമാനനിരാമനെ-
 യുഴറിയണന്തടിതൊഴുതെഴുന്നിന്നേ-
യംബുജബാന്ധവനോടെതിരാമൊളി-
 വാന്നശരീരി തദാ ശത്രുഘ്നൻ,
പിമ്പവനെത്തഴുകിത്തൻമടിയിൽ
 പ്രിയമൊടിരുത്തി മഹീപതിവരനും
വമ്പവനേററവുമുണ്ടാമാറേ
 മനസി നിനച്ചവനോടരിയിച്ചാൻ. 482

അറിക പുരാ മധുകൈടഭരെക്കൊൽ-
 വാനുണ്ടാക്കിയബാണമിതതിനാ-
ലരുതിവരാതവരില്ലാരും കേ,-
 ളമരതിലെയ്യേന്നല്ലൊരുനാളും
കുറവമർകണ്ടേ നിൽപവർക്കും
 കൂടെ വരുംപുനരെന്നുനിനച്ചേ
തിറമൊടു നീയിതിനെക്കൈക്കൊൾക ജ-
 യംവരുമെന്നതവന്നു കൊടുത്താൻ. 483

താനവിടെശ്രീരാമൻതിരുവടി
 താല്പര്യത്തൊടുചൊന്നാൻ പിന്നെയു-
മൂനമിലാതമഹേശചരശ്ശൂലമു-
 പേക്ഷിക്കരുതവനതു കൈവിട്ടേ,

താനുടനാഹാരംതേടിപ്പോയ്-
ത്തന്നുടെഭവനേവരുമസ്തമയേ
മാനവവീരാ!ഗോപുരമതിൽ നീ
ബാഹുബലത്തൊടുനിൽക്കുന്നേരം. 484

നേരലർകാലനരക്കനവന്ന-
ന്നിരുപമശൂലമതെത്തുകിൽമററി-
ങ്ങാരവനെക്കൊല്ലുന്നവരെന്നാ-
ലതിനുകൊടാസ്സുവസരമിതുപായം
വാരിധിയോടെതിരാകിയഗംഗയെ
വരിഷദിനങ്ങൾവരുംമുൻ കരകൊ-
ണ്ടാരണരാമിവരോടുംപോയ്യു-
ഷ്ഠാദിയിലവനെയെതിർത്തുജയിക്കാം. 485

ആമളവുംവിരവൊടുനാലായിര-
മശ്വങ്ങളുമാനകളൊരുനൂറും
തീമയിലാതമഹാരഥമേറിയ
തേരീരായിരവും നരവീരാ!
കാർമുകിൽപോലലറിപ്പോയ്ച്ചെല്ലും
കാലാളെണ്ണില്ലാതളമാവണ-
മാമളവുംധനവുംപോരും നി-
ന്നരികേയെന്നുവിധിച്ചാനരചൻ. 486

അൻപൊടുകൗസല്യാദികൾതമ്മെയു-
മനുപമഭരതനെയുംലക്ഷ്മണനെയു-
മിമ്പമിയന്നവസിഷ്ഠാദികളെയു-
മിതമൊടുതൊഴുതനുവാദംകൊണ്ടേ
എമ്പുവലഞ്ചെയ്തടിമലർതൊഴുതാൻ
പേർത്തുംനരപതിയെശ്ശത്രുഘ്നൻ
തമ്പ്രിയമോടവനെത്തഴുകിത്താൻ
തലയിൽനുകർന്നാൻ മനുകുലവരനും. 487

മനുകുലവരനിവനോടമർചെയ്യിൽ മ-
രിക്കുംനിശിചരനാകിയലവണൻ
പുനരതിനില്ലൊരുസംശയമെന്നുപു-
കണ്ണാരന്നുതപോധനർതാമും
മനസിമഹാസുഖമായിതെവക്കും
മന്നനനുജ്ഞയിനാലെല്ലാരെയു-
മനുപമശത്രുഘ്നൻമുന്നേവി-
ട്ടരിയമുനീന്ദ്രരുമായ്നടകൊണ്ടാൻ. 488

നടന്നതിമന്ദംമന്ദംചെന്നു ന-
രാധിപനുംവാല്മീകിവസിക്കു-
മിടംവടിവോട്ടുപുകുന്നമ്മുനിവനെ-
യിതമൊട്ടുകണ്ടടിതൊഴുതറിയിച്ചാൻ
അടങ്ങിവസിച്ചിവിടേനാളെപ്പോ-
വാനായ്ത്തിരുവടിയരുൾകൊണ്ടു
നടന്നിഹവന്നേനെന്നളവേ മുനി
നൽവരമാകെന്നേറെമകിഴ്ന്താൻ. 489

താനവിടേവാല്മീകിമഹാമുനി
സഹസാപൂജിച്ചാൻശത്രുഘ്നനെ-
യാനവനുംചോദിച്ചാൻ യാഗമി-
താരിഹചെയ്തുവരാദിയിലെന്നേ
ഊനമിലാമുനിവാല്മീകിയുമവ-
നോടറിയിച്ചാൻ, പണ്ടുളനായാൻ
മാനവവംശസമുദ്ഭവനാകി മ-
ഹാത്മാവായ സുദാസനുപുത്രൻ. 490

പുത്രൻ മിത്രസമൻസൗദാസൻ
പോമടവിയിൽ നായാട്ടിനുബാല്യേ;
തത്രനിശാചരരിരുവർവന്നേ വര-
ശാർദ്ദൂലാകൃതിപൂണ്ടമരുന്നോർ

എത്തിയസൌദാസനമതിലൊരുവനെ
എയ്തുയിർകൊണ്ടാൻനിന്നനിശാചര-
നത്തൽനിനക്കുമതിവവരുത്തുവ-
നറികെന്നവനൊടുചൊല്ലിമറഞ്ഞാൻ. 491

ഞാനമിയന്നസുദാസതനുജൻ
നരപതിയായാൻ പുനരൊരുകാലം
മാനിതമാകിയയാഗവുമവിടെ വ-
സിഷ്ഠനിയോഗത്താലേ ചെയ്താൻ
ആനതുകാലമവന്നിടർചെയ്വാ-
നരിയനിശാചരനവനിവിടേവ-
ന്തൂനമിലാതവസിഷ്ഠാകൃതിപൂ-
ണ്ടുരചെയ്താൻ മനുകുലവരനോടേ. 492

മനുകുലതിലകാ! കൂട്ടുവതിന്നായ്
മാംസം നീ നൽകേണമിനിക്കെ-
ന്നനുപമഭോജനബലയാ ഗുരുവര-
നരുൾചെയ്തതുചെയ്താൽവരുമിമ്പം
കനിവൊടുമെന്നനരേന്ദ്ര,നിയററുക
കറിയതു,മെന്നതുകേട്ടേ സൂതന-
മിനിമാംസംതരികെന്നുട, നാചനി-
റച്ചികൊട്ടുപ്പവനോടറിയിച്ചാൻ. 493

ആനതുകാലമിറച്ചികൊട്ടുപ്പവ-
നായ്നിന്നിതുനൽകാമിനിയെന്നേ
മാനുഷമാംസം സൂതൻകയ്യിൽ മ-
കിഴ്ന്തുകൊട്ടുത്തുമറഞ്ഞാനസുരൻ,
താനതിനെക്കറിയാക്കിനസൂതൻ
തന്നൊടുവാങ്ങിവിളമ്പി മഹീപതി
താനെവസിഷ്ഠനെയന്തണേററി-
സ്സല്ക്കാരംചെയ്താൻഭാര്യയുമായ്. 494

മായയിയന്നനിശാചരർം'തിയാൽ
വന്നപ്രകാരമതോത്തറിയാതെ
തീയതിതേററംമാനുഷമാംസം
തിമ്പവനോഞാനെന്നുമുനിന്ദ്രേ
ത്തുയത്പോധനനാനവസിഷ്ഠൻ
ത്തുലയാതരചനെയനുശപിച്ചാൻ
പോയിനിനീനിശിചരരെപ്പോൽമുനി-
പുംഗവരാദികളെത്തിംകെന്നേ. 495

എന്നതുകേട്ടേ മദയന്തിയുമാ-
യിനകുലവരനമ്മുനിവനെയടിതൊഴ-
തൊന്നൊഴിയാതേവാത്തകൾംചൊന്നള-
വോത്തറിവുററുമഹാമുനി ചൊന്നാൻ
ഇന്നിതുനീയറിയാതേചെയ്താ-
യെങ്കിലുമീരാറാണ്ടുകഴിഞ്ഞാ-
ലന്നിവരാറിഹശാപമിതിന്നിനി-
യറുതിസുഖംപുനരുണ്ടാകന്നേ. 496

ഏതംവേണ്ടാ ശാപമിയന്നാ-
ലീരാറാണ്ടും നീ ചെയ്യുന്നവ-
യേതുംപിന്നെനിനക്കറിയരുതാ-
കെന്നരുളാലെന്നാൻമുനിതിലകൻ;
തീതൊന്നിയശാപത്തിനുവശനായ്
ചെമ്മേപന്തിരാണ്ടുമുഴന്നേ-
യാതങ്കത്തൊടുവേറായ്നരപതി-
യവനിയെയഴകോടേപാലിച്ചാൻ. 497

ആനവനിവിടേയാഗംചെയ്തവ-
നാദിയിലെന്നേ ശ്രീവാല്മീകിയു-
മൂനമിലാശത്രുഘ്നനുചൊല്ലിയു-
രങ്ങുകനാമിനിയെന്നുകിടന്നാർ

പോനതുകാലംപാതിയിരാവു, പു-
കണ്ണാർശിഷ്യന്മാർമുനിവരനൊടു
ദീനതയീന്നിയുടൻപ്രസവിച്ചാൾ
ദിവ്യസ്ത്രീജാനകിയറികെന്നേ. 498

അറിക കുമാരന്മാരുടനിരുവര-
വർകളുപിറന്നുളരായാരവർകൾ-
ക്കുറിതിവരുംപടിരക്ഷകൾചെയ്യു-
ന്നരചെയ്താൻമുനിയൊടുശിഷ്യന്മാർ
കുറവിയലാതതുചെയ്താൻമുനിവൻ
കൂടറിവുറേറശത്രുഘ്നൻതാൻ
ഉറവൊടുസന്തോഷിച്ചാൻപിന്നെയു-
റങ്ങിയുണന്തുദയേയെഴുന്നിന്നാൻ. 499

നിന്നുജപാദികൾചെയ്തുസന്ധ്യാ-
നിയമമിയററിമുടിച്ചുമുനീന്ദ്രനൊ-
ടന്നനുവാദംകൊണ്ടുടനേപോ-
യന്തകസോദരിതൻകരപുക്കേ
നന്നിമികുംശത്രുഘ്നനിരുന്താൻ
നല്ലമുനീന്ദ്രരുടേയാശ്രമമതി-
ലൊന്നിയമുനിമാരുംപലകഥകള-
രത്തിതമായവനോടുമിരുന്നാർ. 500

ആരണരോടേചോദ്യംചെയ്താ-
നറിവാനായവിടെശ്ശത്രുഘ്നൻ
പോരിൽമഹാശ്ശുലംകൊണ്ടാരെ-
പ്പൊരുതുജയിച്ചിതവൻമധുപുത്രൻ
ധീരതയുള്ളവനോലവണൻതാൻ
ചെമ്മേയറിയിക്കെന്നതുകേട്ടേ
സാരതരൻമുനികണ്വനന്നിതുകേൾ
സൗമിത്രേ! നീയെന്നറിയിച്ചാൻ. 501

അറിവിയലുന്നമഹീപതിമാന്ധാ-
താവു പുരാ മേദിനിയെയടക്കി
തിറമിയലുംവാനുലകിനുപതിയായ്
ച്ചെമ്മേവാഴ്‌വാനദ്ധ്യവസിച്ചാൻ
കുറവിതെന്നിക്കെന്നോർത്തിതൊഴിപ്പാൻ
കൂടൊരുപായവുമെണ്ണിനരേന്ദ്രൻ
പറക നരേന്ദ്രാ! നീയല്ലോ കേൾ
പതി വാനവരുലകിന്നോ പണ്ടും. 502

പണ്ടുംനീപതിയിന്നുംവാഴാം
പതിയായ്‌വാനുലകിന്നായ്, നിൽക്കതു,
കണ്ടകരാമവർതമ്മെയടക്കി-
ക്കാത്തവനിയെവാണായോരാജൻ!
ഉണ്ടൊരുപാടവനിയിലൊരുരാക്ഷസ-
നുത്തമനാകിയമധുവിനുപുത്രൻ
പണ്ടവനോടുജയിച്ചവരില്ലറി
പാരായവനെജയിച്ചായോ നീ? 503

ഉയിരൊടുവാഴുന്നാളുന്നിശിചര-
നൊരുവനുവശമാക്കാമോമധുവന-
മയുഗശരാരിസമാനപരാക്രമ-
നതുനീയറിവായെന്നുമഹേന്ദ്രൻ;
തുയരൊഴിവാനരചെയ്യതുകേട്ടേ
തുലയാതവനെയിനിക്കൊലചെയ്വാൻ
ഭയമിനിയില്ല മഹേന്ദ്രായെന്നുപ-
റഞ്ഞരചൻ മധുവനമേപുക്കാൻ. 504

ആനവനുംമധുനന്ദനനായനി-
ശാചരനുംപൊരുതാരതിഘോരം
മാനിതമായമഹേശശരശൂലം
വൈകാതേകൈക്കൊണ്ടെതിർചെന്നേ

ഭാനുകുലോത്ഭവനായനൃപന്മേൽ
പററലർകാലനരക്കൻവിട്ടാ-
നാനതുകൊണ്ടരചൻനീറായാ-
നങ്ങവനുടെകൈപുക്കിതുശൂലം. 505

ശൂലബലംകൊണ്ടന്നരചനുടേ
ചുററുംനിന്നവരും പൊടിയായാർ
വാർകുലയാനിയിവനെക്കൊന്നു ഭ-
യംതീർക്കെങ്ങളെയും നരവീരാ!
കാലനകാലൻനൽകിയശൂലം
കയ്യിലവന്നില്ലാതതുനേരം
തോലിവരാ തവ നിശ്ചയമറികതു
ശുഭമായ്‌വരികെന്നാൻ മുനിതിലകൻ. 506

മുനികുലവരനാകിയകാഞ്ചനനിവ-
മൊഴിവതുകാലംരാത്രികഴിഞ്ഞിതു;
മനുകുലവരനുദയത്തിനു മിക്കമെ-
ഹാനിയമങ്ങളിയററിമുടിച്ചേ,
വനമതിലന്നിശിചരനാഹാരം
വകവകതേടിപ്പോയതുകാല-
ത്തനുപമചാപശരാദികരംകൈക്കൊ-
ണ്ടവനുടെഗോപുരവാതിൽപുകുന്താൻ. 507

താനവിടേവനാൻമദ്ധ്യാഹ്നേ
തന്നുടെയാഹാരത്തിനുള്ളവ
ദീനതയിന്നിയുടൻകൈക്കൊണ്ടേ
നിശിചരകുലവരനാകിയലവണൻ;
ആനവനുംകണ്ടാൻശത്രുഘ്നനെ-
യായുധമൊടുഗോപുരമതിൽനിന്നതു
ന്നനമിവൻപൊരുവാനെന്നോർത്തു നു-
റുങ്ങപഹാസംചെയ്തുരചെയ്താൻ. 508

ചെയ്യുമുടിപ്പതിനായ്‌നമ്മെക്കൊല
ചെയ്മേനിന്നെപ്പോലേപലർപ-
ണ്ടെയ്യിനമുക്കടലാഹാരത്തി-
ന്നിവിടെത്തന്നമരുലകപുകന്താർ;
പൈതികയെത്തീരാതിന്നാലിവ
പലവുംനീയതുതീപ്പ്വാൻവന്നാം;
കൈതവമുററന്നേമധുപുത്രൻ
കാകുൽസ്ഥനെചൊന്നാനതുകാലം. 509

അതുകാലംകോപാവേശംപൂ-
ണ്ടവിടേന്നിന്നസുമിത്രാപുത്രനെ
നിതരാംനോക്കരുതായിതുമാദ്ധ്യ-
ന്ദിനകരസൂര്യനുനേരൊളിവായേ
സുതരാമശ്രുജലങ്ങൾപൊഴിച്ചേ
സുരനരരാക്ഷസരാമവർപലരുമി-
തധുനാമൃതരാമിവനൊടെതിൎക്കിലൊ-
രരനാഴികകൊണ്ടെന്നാർപലരും. 510

ഉമ്പർപുരാന്തേസമാനൻദശരഥ-
ന്റെയതനുജൻരാമനരേന്ദ്ര-
ന്നിമ്പമിയന്നസുമിത്രാപുത്ര-
ന്നിളയവനാകിയശത്രുഘ്നൻഞാൻ
തുമ്പമനന്തുലകത്തിന്നുനൽകും
ദുഷ്ടൻനിന്നെയിനിക്കൊലചെയ്വാൻ
വമ്പൊടുവന്നേനെന്നാൻ മനുകുല-
വരനന്നിശിചരപുംഗവനോടേ. 511

ഏവംചൊന്നതുകേട്ടുനിശാചര-
നിടിയലറുംപോലലറിയുരത്താൻ
ദേവകുലാന്തകനായുളനാകിയ-
ദശമുഖനെന്നുടെമാതുലനറി നി

കേവലമവനെയിരാമൻകൊന്നതു
കേട്ടുമടങ്ങിയിരുന്നേൻഞാനെ-
ന്താവതുസാരന്മാർപിഴചെയ്യാ?-
ലതിവീരന്മാരെന്നുനിനച്ചേ. 512

എന്നാൽമനുകുലമതിലുളരാമവ-
രേവരുമേ മമ വൈരികളറികതു
കൊന്നാലൊഴിയെവിടേനിനിനിന്നെ
കുലയാതരനാഴികനില്ലിവിടേ
ചെന്നായുധവുമെട്ടത്തെതിർവരുവൻ
ചിനമൊട്ടുമെന്നനിശാചരനോടിതി-
നൊന്നാകിൽപ്പുണിനിന്നേവിടേൻ ഞാ-
നയിരോടിനിയെന്നാൻശത്രുഘ്നൻ. 513

അമ്പിലകുന്നതപോധനജാതിക-
ളവരവരെപ്പീഡിച്ചതിശയമായ്
വമ്പൊട്ടുപോരുംനീചൻനിന്നെമ-
റുത്തുയിർകൊൾവാനായേവന്നേൻ
സംഭ്രമമോടമർചെയ്യതൊഴിഞ്ഞുത-
കാനിതുപോവതുദുഷ്ടജനങ്ങളെ
മുമ്പിലുടൻകണ്ടാലപ്പൊഴുതേ
മുററുംകൊൽവതുമന്നവർധർമ്മം. 514

മന്നവർനിന്നൊട്ടുമുമ്പെതിർപൊരുതു മ-
രിച്ചവരെപ്പോലെന്നികഴാതേ-
യെന്നെനിശാചരനേയെന്നുടെശര-
മേററാൽമരണംപ്രാപിക്കും നീ;
ചൊന്നതുപോൽവരുമെന്നുനരേന്ദ്രൻ
ചൊല്ലുനിശാചരനേറെമുനിന്തോ
തന്നുടെകൈകൾഞെരിച്ചെകിറുകളും
തമ്മിൽമുതിന്നുകടിച്ചെതിർചെന്നാൻ. 515

എതിരേചെന്നൊരുവൃക്ഷംകൈക്കൊ-
ണ്ടിനകുലവരനെയെറിഞ്ഞാനസുരൻ
നിതരാമെയ്ത്തുതന്നെനുറുക്കി നി-
രാകുലനായ്നിന്നാൻ നരവീരൻ;
ചതിമേവിയരാക്ഷസനുംവൃക്ഷസ-
മൂഹംവർഷിച്ചാനവനുടെമേ-
ലതിനേതുംഖേദിപ്പതിളച്ചെ-
യ്തവയുമുറിച്ചാൻ മനുകുലവീരൻ. 516

വീരൻ ബാണങ്ങളെ വർഷിച്ചാൻ
വീറൊട്ടുനിന്നനിശാചരനുടെമേൽ
ധീരതയോടതുകൊണ്ടതിനാലൊരു
ദീനതക്രൂടാതേനിന്നവനും
ഘോരതരംനരവരനെമരം കൈ-
ക്കൊണ്ടൊരിമപ്പുളവിങ്കലടിച്ചാൻ
പാരിലതേററുതളർന്നേവീണ്ണാൻ
പരവശനായവിടെശ്ശത്രുഘ്നൻ. 517

അവിടെശ്ശത്രുഘ്നൻമോഹിച്ചള-
വവനെമരിച്ചാനെന്നുനിനച്ചേ
ഭവനംപുക്കായുധമതെടുപ്പാൻ
ഭാവിക്കാതേനിന്നാനസുരൻ;
തവമീടിയമുനിഗന്ധർവാദികൾ-
താമതിദീനതയോടേനിന്നാർ
ശിവമായ്മോഹംതീർന്നെഴുന്നിന്നാൻ
ചിന്നമൊട്ടുസൗമിത്രിയുമതുകാലം. 518

അതുകാലത്തുസുമിത്രാപുത്രനു-
മതികോപത്തൊടരക്കനെവെൽവാൻ
മതിമാനായനരേന്ദ്രനിരാമൻ
മകിഴ്വൊട്ടുനൽകിയബാണമെടുത്തേ

വിധിയാലേ ഞാൻവായിലൂടക്കി ബ-
ലേനവലിച്ചുനിറച്ചതുകാലം
കതിരോനുദയംചെയ്തുകണക്കേ
കാണായിതു ബാണപ്രഭയെങ്ങും. 519

എങ്ങുമെരിഞ്ഞുവരുംപ്രളയാഗ്നിയി-
തെന്നുഭയേനമൃതിന്നമരന്മാ-
രങ്ങുപിതാമഹനോടറിയിച്ചാ-
രരുളിച്ചെയ്യു പിതാമഹനേ! നീ
പൊങ്ങിവരുംഭയമെന്തിതുവിശ്വം
പോയ് മുടിവെയ്തുംകാലമിതോ മ-
റ്റിങ്ങുജഗത്ത്രയവാസികളുംപട്ടു-
മിടർകാണിതുനാമറിയോമെന്നാർ. 520

എന്നതുകേട്ടുചിരിച്ചുപിതാമഹ-
നിന്ദ്രാദികളോടരുളിച്ചെയ്താൻ
വെന്നിമികുംമധുകൈടഭർതമ്മെവി-
രന്നുയിർകൊൾവാനായതുകാലം
നന്നിമികുംപുരുഷോത്തമനമലൻ
നാരായണനന്ടന്നേനിർമ്മിച്ചാൻ
ചെന്നുസമസ്തജനങ്ങളെയുംകൊല-
ചെയ്യാകുന്നോരുത്തമബാണം 521

ഉത്തമനാകിയശത്രുഘ്നൻതാ-
നഴറിക്കൊലചെയ്യാനേലവണനെ-
യത്തലൊഴിഞ്ഞുകൊടുത്താൻബാണമ-
തതിനാൽവന്നിതുഭയവുംമുറവും;
നിത്യനശേഷജഗൽപരിപൂർണ്ണൻ
നിരുപമശരമായതുമരീനാലുട-
നത്തലിളയ്ക്കുസുഖംവരുമെന്നാ-
നയനതുകേട്ടമരരുമിതമുററാർ. 522

ആൎത്തുവിളിച്ചെയ്തന്നരപുംഗവ-
നരിയമഹാശരമസുരവരൻ മെൽ
ചേൎത്തുചെന്നുനിശാചരമാൎവ്വു പി-
ളൎന്നുടനേപാതാളംപുക്കേ,
വാൎദ്ധിയിൽനീരാടിപ്പോന്നിനകുല-
വരനുടെപൂണിപുകുന്നിതുഴറെറാടു-
മാൎത്തിമുഴുത്തുടൽവേൎപെട്ടസുരനു-
മമരപുരംപുക്കാനതുകാലം. 523

ആനതുകാലംനിശിചരപുരിനി-
ന്നംബരമാൎഗ്ഗേക്രൂടെപ്പോയിതു
മാനിതനായമഹേശ്വരനരികേ
മരുവിതനുപമമാകിയശൂലം
വാനവരാദികൾവന്നുപുകഴ്ന്നമ-
കിഴ്ന്നുരചെയ്താൎമനുകുലവരനൊടു
ദീനതക്രൂടാതേനമ്മോടിനി
നീ ചൊല്ലിക്കൊൾവേണ്ടുവതെന്നേ. 524

എന്നവരോടുമഹാമധുവനമതി-
തംകലരുംമധുരാപുരമാകാ-
നിന്നുവരംതരികെന്നനരേന്ദ്രനൊ-
ടെങ്കിലവണ്ണമതായ്‌വരികെന്നേ,
നിന്നുരചെയ്തുമറഞ്ഞാൎവാനവർ
നിരുപമനാകിനശത്രുഘ്നൻപുന-
രന്നുതുടങ്ങിയൊരീരാറാണ്ടിന-
കത്തവിടംപുരമാക്കിച്ചെയ്താൻ. 525

ആക്കമെഴുംതെരുവുദ്യാനോപവ
നാദികളരിയകിടങ്ങൊടുകോട്ടകൾ
നീക്കമിലാമതിൽഗോപുരമാളിക
നിൎമ്മലജലവാപികൾതോരണവും,

വായ്ക്കുമുദാരതമേവിയ ചാതുർ-
വർണ്ണ്യജനാലയദേവാലയമൊടു
പാൎത്ഥംപൊഴുതിതമീടിയപാൎത്ഥിവ-
ഭവനവുമവിടെത്താൻനിൎമ്മിച്ചാൻ. 526

ആനവനവിടെയിരുന്നീരാറാ
ണ്ടന്നിനിയാകിലയോദ്ധ്യപുകുന്തേ
മാനിതനാകിയശ്രീരാമനെയടി-
മലർതൊഴുവൻഞാനെന്നുനിനച്ചേ,
ദീനതയെന്നിമഹാരഥമേറി നി-
റന്നുകുറഞ്ഞജനങ്ങളുമായേ
ഊനമിലാവാല്മീകേരാശ്രമ-
മുടനെപുകുന്താനേഴെട്ടാംനാൾ. 527

പുക്കടിതൊഴുതനരാധിപനോടുപു-
കന്നാൻ ശ്രീവാല്മീകിമഹാമുനി
നിഷ്കൃപനാകിയലവണനെ നീയേ
നിമിഷംകൊണ്ടുയിർകൊണ്ടായല്ലോ,
അക്കുലോത്തുടവശത്രുഘ്നാ! പു-
ണ്യാത്മാവേ!നരവീരാ! ദശമുഖ-
നിഗ്രഹമുത്സാഹേനവഹിച്ചാൻ
നൃപ,നിതു നീ കളിയായേചെയ്താൻ. 528

താപമൊഴിഞ്ഞിതനന്തുജനത്തിനു
സന്തോഷിച്ചാർവാനവരവരവർ
പാപിനിശാചരനാകിയലവണൻ
പട്ടതിനാലേ മനുകുലതിലകാ!
താപസരോടുംകൂടെമഹേന്ദ്രസ-
ഭാഗതനായേ ഞാനും കണ്ടേൻ
ശോഭനമാകിയയുദ്ധമിതെന്നേ
ചൊല്ലരുതാതളസന്തോഷിച്ചേ. 529

സന്തോഷംപെരുതായാൽതഴകി-
ത്തലയിൽനകപ്പ്ത്തുതക്കളുമെന്നേ-
യിന്ദ്രോപമനാകിയശത്രുഘ്നനെ-
യിതമൊടിവണ്ണംചെയ്തുമുനീന്ദ്രൻ
വന്നീടിയജനമോടവനെയുമതി-
മാനസസുഖമോടേപൂജിച്ചാൻ
വന്ദേ തവ പാവനപദമെന്നമ-
കിഴ്ന്തവിടെശ്ശത്രുഘ്നനിരുന്നാൻ. 530

നാനാകഥകൾമഹാമുനിചൊന്നവ
നയമൊടുകേട്ടതുകാലത്തവിടേ
മാനാതീതരസം കടവിടിന
വരഗീതംകേൾക്കായിതുമുറവും;
വാനോർപതിനികരാകിയരാമമ-
ഹീപതിവൃത്താന്താശ്രിതമായേ
താനന്നതുകേട്ടാനന്ദിച്ചേ
ശത്രുഘ്നനമിളകാമലിരുന്നാൻ. 531

ഇളകാതേമറെറാന്നറിയാതേ-
യിനകുലവരനാകിയശത്രുഘ്നൻ
പുളകാഞ്ചിതസർവാംഗനമായേ
പുനരാനന്ദാശ്രുക്കൾപൊഴിച്ചേ;
തളരാതവിടെയിരുന്നളവവനൊടു
സൈനികരുംപരവശരായവരവ-
രിളകാതിതുചെയ്യുന്നവരാരെ-
ന്നിമ്മുനിയൊടുചോദിച്ചരുളെന്നാർ. 532

അരുതിതുചോദിപ്പാനിമ്മുനിയുടെ-
യാശ്രമമതിലുണ്ടാംപലവിസ്മയ-
മരുതവയിങ്ങുനമുക്കെല്ലാമറി-
വാനെന്നാലിതടങ്ങുകയെന്നാ

നരവരനവർകളൊടെല്ലാംപിന്നെ ന-
യേനപറഞ്ഞുടനസ്തമയത്തിനു
കരുതിമഹാനിയമങ്ങൾമുടിച്ചേ
കനിവൊടുരാത്രിയിലവിടെവസിച്ചാൻ. 533

അവിടെയുടൻ ശ്രീരാമൻവൃത്താ-
ന്താശ്രിതമായമനോഹരഗീതമ-
തുവവിയൊടുംകേട്ടേ ശത്രുഘ്നനു-
റക്കം വന്നില്ലന്നു നിശായാം;
ദിവസമുഖേനിയമങ്ങൾമുടിച്ചേ
നിർമ്മലമുനിവരനരുളാലേപോയ്
ഭുവനാധിപനാംശ്രീരാമപുരാ-
നെയുമടിമലർതൊഴുതാൻശത്രുഘ്നൻ. 534

താനറിയിച്ചാൻശത്രുഘ്നൻ ഭര-
താഗ്രജനോടരുളിച്ചെയ്തതുപോൽ
ഞാനസുരനെവെന്നമ്മധുവനമൊരു
നഗരവുമാക്കിവസിച്ചേനവിടെ;
മാനവവീരാ! നിന്നൊടുവേറായ്
വാഴ്‌വാനെന്നെവിധിക്കരുതെന്നും
ദീനതയുണ്ടുപിരിഞ്ഞാലെന്നാൻ
നൃപവരനോടു സുമിത്രാപുത്രൻ. 535

അമ്പിലകംമാതാവൊടുവേറാ-
യാലാമോശിശുവിന്നുപൊറുപ്പാൻ?
മുമ്പതുപോൽനിന്നോടുപിരിഞ്ഞാൽ
മുഖ്യതരാ! മമഖേദവുമെന്നേ
തുമ്പമിയന്നുരചെയ്തസുമിത്രാ-
സുതനെമുതിർന്നാശ്ലേഷംചെയ്തേ-
യിമ്പമൊടന്നുരചെയ്താനഗ്രജ-
നിതുനൃപധർമ്മവുമല്ലറികെന്നേ. 536

എന്നാലിഹ നാലഞ്ചുദിനം നി-
യിതമൊടിരുന്നാൽ പിന്നെയുമങ്ങേ
ചെന്നാദരവൊട്ടു പാഴ്കവരാംകേൾ
ചെമ്മേയിടയിടയേപുനരിങ്ങും
നന്നാകെന്നൃപൻരിരുവരുളാൽ
നരവരനതുചെയ്താജ്ഞകൾകൊണ്ടേ
ചെന്നാദരവൊട്ടുമധുരാപുരിയിൽ
ചെമ്മേപുക്കിനമോട്ടുവസിച്ചാൻ. 537

ഇതമൊട്ടുവേറായൊരുവിപ്രൻവ-
ന്നിനകുലവരനുടെഗോപുരമതിലേ
മൃതസുതദേഹവുമിട്ടേറഴുതുവി-
ലാപിച്ചുരചെയ്താനതുകാലം
ചതിയറിയേനൊരുജന്തുവിനെക്കൊല
സഹസാചെയ്യേങ്കേവലമെന്നാ-
ലിതുവരുവാനൊരുകാരണമറിയേ-
നെന്മകനേനീയെങ്ങേ പോനായ്. 538

നാനാജാതിയുമേനരകങ്ങൾ ന-
മുക്കില്ലെന്നതുനിശ്ചയമെന്നാൽ
താനയ്യാണ്ടുവയസ്സിലിവന്മമ
താനേമൃതനാവാൻവിധിയുണ്ടോ?
കോനാകിയശ്രീരാമൻതന്നുടെ
കുററമിതെന്നാലുഴറിമരിപ്പൻ
ഞാനേതാകിലുമെൻപതിനിയുമായ്
നരപതിതൻഗോപുരമതിൽമുററം. 539

മുററുമിവണ്ണമുരത്താവിപ്രൻ
മുറയിട്ടവതുകേട്ടേശ്രീരാമനു-
മററമിലാതവിഷാദത്തോടേ-
യനുജന്മാരൊടമാത്യരെമുററും

നററവരാകിയഗൌതമകാശ്യപ-
നാരദമാക്കണ്ഡേയാദികളെയു-
മുററവരേവരെയും പുനരവിടെയു-
ഴറിവിളിച്ചവരോടറിയിച്ചാൻ. 540

അറിവിയലുംനരപതിശ്രീരാമന-
മവരെയഥോചിതസൽക്കാരംചെ-
യ്തുരുതിയിലാതവിഷാദത്തോടെയ-
റിയിച്ചാൻ ബ്രാഹ്മണവൃത്താന്തം
കുറവിയലാമുനിശ്രീനാരദനതു
കുലയാതേകേട്ടരുളിച്ചെയ്താ-
നറികനരേന്ദ്രാ! വിപ്രനുടേസുത-
നന്തകന്തൂർപുക്കതിനൊരുമൂലം. 541

ഒരുവരുമേവിപ്രന്മാരല്ലാ-
ലുററതപസ്സുകൾചെയ്യാമുന്നം;
നിരുപമമാകിയകൃതയുഗകാലേ
ദീർഘായുസ്സുകളെല്ലാപേരും;
പരിചിയലുംധമ്മത്തിന്നരചാ!
പാദം നാലുണ്ടന്നാൾനിൽക്കളു-
മരചർകളും ത്രേതായുഗകാല-
ത്തവരവരേചെയ്തത്തമരായാർ. 542

ഉത്തമധമ്മത്തിന്നോരോകാ-
ലോരോയുഗനാശേ പോമെന്നറി
ചിത്തവിഷാദമിയററുംധമ്മം
ചെമ്മേവദ്ധിപ്പതുമിതുപോലെ;
ഭക്തിയൊടേവൈശ്യന്മാരും ദ്വാ-
പരയുഗമതിൽനിതരാംചെയ്യുന്നോർ,
കൃത്യമിയന്നതപസ്സുകൾചെയ്യും
കേൾ കലിയുഗകാലത്തിൽ ശൂദ്രൻ. 543

ശൂദ്രൻ ത്രേതായുഗമിതിലൊരുവൻ
തുലയാത്തെതപമേചെയ്യുന്നോൻ
പാത്ഥിവനേ! തവ ഭൂമിയിലിതുവേ
പാതകമായിതു മന്നായിനി നീ
ഓത്തറിവുററവനെക്കൊലചെയ്യാ-
ലുണ്ടാംവിപ്രന്റെ പുത്രനുമെന്നേ
പൂത്തിവരുംപടി ശ്രീനാരദമുനി-
പുംഗവനരചകളരചനു ചൊന്നാൻ. 544

ചൊന്നതുകേട്ടരചൻ സൗമിത്രേ!
ചൊല്ലിയടക്കുക വിപ്രവിലാപം
നന്നെറിയേശവമെണ്ണയിലിട്ടുകതു
നാശംവാരായ്‌വാനെന്നെല്ലാം
ചൊന്നമഹീപതിപുഷ്പകമാകിയ
ശുഭകരമായവിമാനംതന്നെ
പിന്നെനിനച്ചാൻ വന്നടിതൊഴുതിതു
പേത്തന്നരചനെയാദരവോടേ. 545

ആദരവാലേ ഭരതനെയും പുന-
രനുപമനാകിയലക്ഷ്മണനേയും
ഖേദമൊഴിഞ്ഞവയോദ്ധ്യയിലാക്കിയി-
രുന്നമുനീന്ദ്രരെയടിമലർതൊഴുതാൻ
തീതിയലാതനരേന്ദ്രനിരാമൻ
ചെമ്മേചാപശരാദികൾകൈക്കൊ-
ണ്ടാധിയൊഴിഞ്ഞുപടിഞ്ഞായിറുപോ-
യന്വേഷിച്ചുത്തരദിശിപുക്കാൻ. 546

ഉത്തരദിക്കിലുമെങ്ങുമധമ്മമു-
ടൻചെയ്യുന്നവരെക്കാണാതേ-
യുത്തമമായകിഴക്കുംദിശിപോ-
യുഴറിത്തെക്കുംദിക്കുപുകുന്താൻ;

തത്ര ജലാശയമതിന്നരികൊരുവൻ
തലകീഴായിത്തൂങ്ങിക്കൊണ്ടേ
നിത്യവുമരിയതപഞ്ചെയ്യോരുപോൽ
നിൽപതുകണ്ടാനൃപകുലതിലകൻ. 547

നൃപകുലവരനവനൊടു ചോദിച്ചാൻ
നീയാരെന്തുകുറിച്ചുതപസ്സിതു
ചപലതയീന്നിയിവണ്ണംചെയ്‌വതു?
തവ ഭാവം ചൊല്ലൊണ്മയുമെന്നാൻ;
നൃപവര! ജംബുകനാകിയശൂദ്രൻ
നീയറി ഞാനമരത്വംതരുവാൻ
കൃപയൊടുചെയ്യുന്നേൻ തപമിന്നിതു
കേൾ വളുസംപറയേനൊരുനാളും. 548

ഒരുകാരണമിതിവണ്ണംചെയ്‌വാ-
നുണ്മയിതെന്നേ ശൂദ്രൻചൊന്നതു
വരനാകിയശ്രീരാമൻകേട്ടേ
വാളുറയൂരിയുഴറെറാടെടുത്തേ
അരുതാതതുചെയ്യാനിവനെന്നോ-
ത്തവനുടെതലയെയറുത്തുയിർകൊണ്ടാൻ
പരിതോഷത്തോടിന്ദ്രാദികളും
പരമപുമാനെയതിവ പുകണ്ണാർ. 549

ആർത്തികെടുംപടിവിപ്രനപുത്രന-
വൻജീവിപ്പാൻതരികവരം മ-
ററാസ്ഥനമുക്കില്ലൊന്നിലുമോർത്താ-
ലമരന്മാരേ! എന്നു നരേന്ദ്രൻ
പേർത്തുമിരന്നളവിന്ദ്രൻ ചൊന്നാൻ
പിഴയിയലുംജംബുകനെ നരേന്ദ്രാ!
കീർത്തിവരുംപടി നീ കൊന്നതിനാൽ
കേൾ ജീവിച്ചാൻ ദ്വിജസുതനിപ്പോൾ. 550

അപ്പൊഴുതേജീവിച്ചുളനായാ-
നരചാ! വിപ്രതനൂജൻനിശ്ചയ-
മെപ്പൊഴുതുംസുഖമായേവരിക ന-
രേന്ദ്രാ! നാമിതുകാലംപോവോം;
കെല്ലൊട്ടുപന്തീരാണ്ടൊരുനിയമം
കേൾ കുംഭോത്ഭവനമ്മുനിചെയ്താ-
നിപ്പൊഴുതരിനവസാനം,ചെൽവതി-
ഉയ്ക്കൂരുതവിടെനമുക്കെല്ലാക്കും. 551

എല്ലയിലാതമഹാഗുണവാനാ-
മിനിയമുനീന്ദ്രനഗസ്ത്യനെയരചാ!
നല്ലതുകാൺക നിനക്കുമിദാനീം
നാമൊക്കെപ്പോകെന്നമരേന്ദ്രൻ,
ചൊല്ലി,മഹീപരിപുഷ്പകമേറി-
ത്തുയസുരേന്ദ്രാദികളൊട്ടുടൻപോ-
യല്ലലൊഴിഞ്ഞുമഹാമുനിപുംഗവ-
നമരുംപുണ്യാരണ്യംപുക്കാൻ. 552

പുക്കമഹേന്ദ്രാദികൾമുനിവരനാൽ
പൂജിതരായ്മുനിയെയുമവർപൂജി-
ച്ചൊക്കെവിൺതമരുലകിനുപോയള-
വുഴറിയിറങ്ങിയണഞ്ഞുനരേന്ദ്രൻ;
മിക്കതപോബലമീട്ടുമഗസ്ത്യനെ
വീണ്ണടിതൊഴുതേനിന്നതുകണ്ടേ
തക്കതിതെന്നതിസന്തോഷിച്ചേ,
താപസവരനവനെപ്പൂജിച്ചാൻ. 553

ആനവനോടറിയിച്ചാൻ മുനിവരര
നരചാ! വിപ്രവിലാപമൊഴിപ്പാൻ
ദീനതകൂടാതേ ജംബുകനാംനീ-
ചനെയുംകൊന്നമരരുമായേ

മാനിതനാകിയനീയിഹ വന്നതു
വാസവനെന്നൊടുമുന്നംചൊന്നാൻ
ഞാനൊരുപോതൊഴിയാതകതാരിൽ, ന-
രേന്ദ്രാ! നിന്നെയുടൻകാണുന്നേൻ. 554

ഇന്നുമഹാസുഖമായിതുനിന്നെയി-
വണ്ണംകണ്ടതിനാലേ,യെന്നാ-
ലിന്നിവിടത്തിൽവസിച്ചാൽനാളേ-
യിതമൊടുപുഷ്പകമേറിപ്പോകാം;
നന്നിമികുത്തതൊരാഭരണംകാൺ
നാട്ടകിലിതിനെമുരിൻധരിപ്പതി-
നിന്നറി ത്വ തക്കവനേ മററി-
ങ്ങില്ലജഗത്ത്രിതയത്തിലുമാരും. 555

ആരേവിശ്വകർമ്മാവല്ലാമ-
ററപരന്മാരേവംനിർമ്മിപ്പതു?
വീരാ! നീയിതുകൈക്കൊൾകെന്നു വി-
രന്തതുനൃപനുകൊടുത്താൻമുനിവൻ,
നേരേഭാസ്കരനോടെതിരായേ
നിറമെഴമാഭരണംകൈക്കൊണ്ടേ;
പാരാളുംനൃപനാശ്ചര്യേണ പ-
റഞ്ഞാൻ മുനിവരനോടതുകാലം. 556

അംബുജബാന്ധവനെപ്പോൽനിറമെഴ-
മാഭരണം തവ തന്നവരാരിതു?
സംഭ്രമമുണ്ടറിവാനരുൾചെയ്ക സ-
മസ്തവുമെന്നുനരാധിപനോടേ
കുംഭസമുദ്ഭവനാകിയതാപസ-
കുലതിലകൻമുനിമൈത്രാവരുണിയു-
മിമ്പമിയന്നറിയിച്ചാൻ നൃപനോര
ടിതു ഞാനറിയിപ്പൻ കേളെന്നേ. 557

അറിയിക്കാം ത്രേതായുഗകാല-
ത്തരിയമഹാടവിപുക്കനടന്നേൻ
നെറിയിൽക്കണ്ടേനതിനുടെനടുവേ,
നിരുപമമായുണ്ടായതടാകം
കുറവുററീടാതാശ്രമമൊരും
കൂടാതേകണ്ടേനതിനരികേ
നിറമുറേറാരുമഹാശവമവിടെ,നൃ-
പേന്ദ്രാ! വാപീതീരേ കണ്ടേൻ. 558

വാപിയതിൻകരെ ഞാനിവയെല്ലാം
വടിവൊടുകണ്ടുമുഹൂർത്തംനിന്നേൻ
ഭൂപതിയേയതുകാലത്തനുപമ-
ഭൂഷണഭൂഷിതനായാകാശേ,
ശോഭനമായവിമാനേനിരുപമ-
സുരവനിതാജനപരിവൃതനായേ
താപമിലാഗന്ധർവ്വജനാദികൾ-
തമ്മാലധിസേവിതനായവിടെ. 559

ആയതമാകിയരത്നമഹാദ-
ണ്ഡാലതിശോഭിതചാമരയുഗ്മം
തൂയസുരാംഗനമാർചിലർവീശെ-
ത്തൂലയാംവെൺകൊററക്കൊടതൻകീഴ്
നായകനാകിയിരുന്നൊരുവൻതാൻ
നരപതിയേ! വന്നവിടെയിറങ്ങി
തീയശവംതിന്നെപ്പൊഴ്ത്തയിലേ
തിരമൊടുദേഹവിശുദ്ധികൾചെയ്താൻ. 560

ആനവനോടേചോദിച്ചേൻ ഞാ-
നമരോത്തമനാകുന്നഭവാൻ പുന-
രൂനമിയന്നശവന്തിന്മാനെ-
ന്തൊരുകാരണമിതു വിസ്മയമെന്നേ

താനവനുംചൊന്നാനെന്നോടു ധ-
രാപതിവൈദർഭകനളനായാ-
ന്നനമിലാതസുദേവനവന്നുട-
നളരായാർകേളിരുവർസുതന്മാർ. 561

സുതരിരുവരിലുംമൂത്തവനാകിയ
ശ്വേതൻഞാനനുജൻ മമ സുരഥൻ
പിതൃമരണംമെമവന്നതുകാലം
പൃഥിവീപതിയായ്വാണേൻപലനാൾ,
ഇതിലൊരുകാര്യ്യവുമില്ലയെനിക്കെ-
ന്നിളയവനാകിയസുരഥനെവാഴി-
ച്ചിതമൊടുതാപസവേഷംകൈക്കൊ-
ണ്ടിവിടെയതീവ തപസ്സൊടിരുന്നേൻ. 562

ഇരുളിയലാമാനസനായ്ഞാൻ പുന-
രിമയവരുലകുപുകുന്നതുകാലം
പെരുകിയപൈദാഹങ്ങൾനിമിത്തം
പീഡിതനായയനോടറിയിച്ചേൻ,
സുരവരദേഹമിതിൽച്ചേരാപോൽ
തുലവിയലുംപൈദാഹാദികളിതു
കരുതുകിലെന്തുനമുക്കുണ്ടാവാൻ
കാണാഹാരവുമെന്തിനിയെന്നേ. 563

എന്നതുകേട്ടരുളിച്ചെയ്താനയ-
നേതുമൊരുത്തർക്കുംനൽകാതേ-
യന്നുഭരിച്ചാനിദേഹത്തെയ-
തേ തവകേളാഹാരവുമിപ്പോൾ
ഇന്നിഹ പൈവന്നതുമതുകാരണ-
മിനി നീ തിങ്ക ശവം തവ നിത്യവും
നന്നമൃതോപമമാമതതിന്നൊരു-
നാശവുമില്ലറി തിന്നുംതോറും. 564

ഉമ്പരിലുംബലമുള്ളതപോനിധി-
യുത്തമനായമുനീന്ദ്രനഗസ്ത്യൻ,
നിൻപരിതാപമടക്കുമിതൊട്ടു ദി-
നങ്ങൾകഴിഞ്ഞാലാജ്ഞയിനാലേ,
തുമ്പമൊഴിഞ്ഞിനിയന്നുളവും നീ
തുലയാതേ തവ ശവമേതിങ്കെ-
ന്നൻപൊടയൻതിരുവടിയരുൾചെയ്തതി
നാലിതനേകംനാൾതിന്നേൻ ഞാൻ. 565

ഇന്നിഹവന്നഭവാൻ കുംഭോത്ഭവ-
നെന്നുനമുക്കോതോററവുമെന്നാൽ,
നന്നി നമുക്കു വരുത്തുക,മററിനി
നാട്ടുകിലേതുമൊരാശ്രയമറിയേൻ;
എന്നുരചെയ്തു നമുക്കാഭരണമി-
തിതമൊട്ടുതന്നാ,നങ്ങവനുടെശവ-
മന്നുമറഞ്ഞതിനിർമ്മലനായവ-
നരിയവിമാനവുമേറിപ്പോയാൻ. 566

ആനവനയ്യിരുപത്തുയോജനവി-
സ്താരമൊട്ടുംമൃഗജാതികൾപക്ഷികൾ,
മാനുഷരെന്നിവരാരുംചെല്ലാ-
വനമതിൽനിന്നതുകാലത്തരചാ!
ദീനതപോവാനായേനൽകിയ
ദിവ്യാഭരണമിതെന്നറിക്കെന്നേ
മാനവവംശസംഭവനോട്ടമ-
ഹാമുനികുംഭോത്ഭവനറിയിച്ചാൻ. 567

അറിവിയലാനരപതിശ്രീരാമന-
ഗസ്ത്യനൊട്ടുടനേചോദ്യംചെയ്താൻ
കുറവിയലാവനമതിൽമൃഗപക്ഷികൾ
കൂടെച്ചെല്ലായ്വാൻപുനരെന്തേ?

അറികയിലാഗ്രഹമുണ്ടതുമെന്നള-
        വതുമറിയിച്ചാൻ മുനിവരനവനോ-
ടറി മനസു തനിക്ഷ്വാകുമഹിപതി-
        യാദിയിൽ മനുകുലമതിലുണ്ടായാൻ. 568

ഉണ്ടായാരവനാത്മജരൊരുനൂ-
        റുടനവർകളിലെല്ലാരിലുമിളയോൻ
ദണ്ഡാഭിധനവനുണ്ടാംമേലൊരു-
        ദണ്ഡവുമെന്നതറിഞ്ഞുപിതാവും,
കണ്ടാലഴകിയവിന്ധ്യസമീപേ
        കനിവൊടുവാഴിച്ചാൻ പുനരവനെ-
പ്പുണ്ടേതിലുമിതമോടവനവിടെ-
        ബ്ഭവനമിയററിമുതിൻവസിച്ചാൻ. 569

ആനവനവിടെശ്ശുക്രനെഗ്ഗുരു-
        വാക്കിക്കൊണ്ടതുലോംനാൾവാണാൻ
മാനിതമാകിയചൈത്രമാസി മ-
        ഹീപതിയതിലൊരുദിവസേപോയാൻ
ഊനമിലാമുനിശ്ശുക്രനെയടിതൊഴു-
        തുടനരുൾകൊൾവാ,നന്നവിടെക്ക-
ണ്ടാനൊരുകന്യകയാശ്രമമതിനരി-
        കഴകൊടുവിളയാടുന്നതു മററും. 570

മററും കാമശരാതുരനായേ
        മൂഢൻനരപതിയാകിയദണ്ഡൻ
പററുമതല്ലയിതെന്നോരാതേ
        പരവശനായവളോടുപറഞ്ഞാൻ;
കുററമിതി,തിനാലുണ്ടാംദ്വേഷം
        കൊടിയതപോധിനിയെന്നുടെതാതൻ
മററവനോടുപറഞ്ഞുവിവാഹം
        വഴിയേചെയ്യുവനരുളിച്ചെയ്യാൽ. 571

അരുൾചെയ്യുന്നവിവാഹംചെയ്യാ-
　　ലെന്നിയടാതതുചെയ്യാൽനിന്നുടെ
ഗുരുവരനാകിയനമ്മുടെതാതൻ
　　ക്രുടറിവുററാൽ നിന്നെ മുടിക്കും;
കരുതുകിൽനല്ലതടങ്ങുകയെന്നേ
　　കന്യകചൊന്നതുകേളാതവളെ-
പ്പെരിയബലേനപിടിച്ചുപരോധം
　　പെരികെച്ചെയ്തു പുരത്തിനുപോയാൻ. 572

പോയതുകാലത്താശ്രമസവിധേ
　　പുക്കവളാകുലമോടേനിൽപതു
തൂയമഹാമുനിശ്ശുക്രൻ കണ്ടു സ്വ-
　　താവൃത്താന്തമനന്തമറിഞ്ഞേ
തീയനൃപൻദണ്ഡനുമവനോടേ
　　ചേർന്നജനങ്ങളുമന്നീചൻനാ-
ടായമഹീതലവുംപൊടിവർഷ-
　　ത്താൽവെണ്ണീറാകെന്നുശപിച്ചാൻ. 573

ആനപ്രകാരമൊരേഴുദിനംപൊടി-
　　യായ്വർഷിക്കമഹേന്ദ്രനതേററം
യൂനമെഴുംദണ്ഡനുമവനുടെപട-
　　യോടുടനേനാടുംകെട്ടുകെന്നേ
താനുരചെയ്തുമഹാമുനിയവിടെ-
　　ത്തങ്ങിനതാപസരെപ്പുറമേപോയ്
മാനിതർനിങ്ങൾവസിക്കെന്നേകി,മ-
　　ഹാത്മാമകളോടനുപറഞ്ഞാൻ. 574

ഞാനുരചെയ്തതിനാലിനി നീയും
　　നലമിയലുന്നതടാകമിതിൻകരെ
മാനിതമാമാശ്രമമതിൽവാഴ്ക വ-
　　രാപൊടിവർഷിച്ചാലിഹ നാശം

കാനനമൃഗപക്ഷികൾപോലും കാ-
ണുന്നുണ്ടാകാ മററിവിടേയെ-
ന്നൂനമിയന്നുശപിച്ചുമുനീന്ദ്രൻ
ഉടനേനാട്ടിനുപുറമേപോയാൻ. 575

ആനതുകാലംദണ്ഡകകാനന-
മായിതവന്നാടന്നുടനേപോയ്
മാനിതരായജനങ്ങൾവസിച്ചുമ-
ഹീതലമറിക ജനസ്ഥാനം നീ;
മാനവവീരാ! സന്ധ്യമുടിപ്പാൻ
വന്നിതുകാലമതിന്നിനിവൈകരു-
ത്തൂനമൊഴിന്തെന്നെല്ലാം നരവര-
നോടരുളിച്ചെയ്താൻ മുനിതിലകൻ. 576

മുനികുലവരനരുളാലേ സന്ധ്യാ
മുറവുമിയററിമുടിച്ചുനിശായാ-
മനുപമമൂലഫലാദികൾ സേവി-
ച്ചവിടെയുറങ്ങിയുണൎന്നനരേന്ദ്രൻ
ദിനമുഖകൃത്യമനത്തും ചെയ്തു നി-
രാകുലനായമുനീന്ദ്രനെയടിതൊഴു-
തനുനയമോടവനാലേപൂജിത-
നായേ ചെന്നവയോദ്ധ്യ പുകുന്താൻ. 577

താനവിടെ ശ്രീരാമനരേന്ദ്രൻ
തന്നിളയവനാകിയഭരതനെയുമൊ-
ന്നൂനമിലാതസുമിത്രാത്മജനെയു-
മുഴറിവിളിപ്പിച്ചാശ്ലേഷിച്ചേ,
മാനിതനാകിയവിപ്രതനൂജൻ
വാധയിയന്നതൊഴിപ്പാൻ ചെയ്തവ-
യാനവരോടറിയിച്ചാരപേക്ഷയി-
തെന്നി നമുക്കിനിയുണ്ടറികെന്നാൻ. 578

ഉണ്ടൊരുയാഗംചെയ്കയിലാഗ്രഹ-
മുചിതമിതറികരചന്മാരായാൽ;
പണ്ടുമഹാക്രതുചെയ്തേ മിത്രൻ
പാശധരൻതാനായേവാണാൻ;
കണ്ടവർകൾക്കു മനോഹരമാകിയ
കാന്തികലർന്നമരോത്തമനായേ-
യെണ്ടിശയും പുകൾപെററാനിന്ദുവു-
മിതമൊട്ടുമരിയമഹാക്രതു ചെയ്തേ. 879

ചെയ്തുമുടിക്കാമെന്നു നമുക്കിതു
ചെമ്മേയെന്നതനേകാത്മാവായ്
കൈതവമില്ലാനിങ്ങളുരയ്ക്കുക-
നിന്തെണ്ണിക്കണ്ടെന്നാനരചൻ;
പൊയ്തടവാൻ ഭരതനുമതുകേട്ടു പു-
കണ്ണടിതൊഴുതു നൃപനറിയിച്ചാൻ
നൊയ്തിതു നിന്തിരുവടിചിന്തിക്കിൽ, നു-
റുങ്ങളുപരോധവുമില്ലറികെന്നേ. 580

അറിവുടയോരിളയവരാകിലുമവർ
ചൊൽവതു ചെയ്യേണ്ടുവതാണെന്നാൽ
നെറിയേയിതു ചൊല്ലിയതെന്നാൽ ഞാ-
നിനി നീ ചൊല്ലിയപോലേ ചെയ്വൻ;
കുറവിയലാ,തെന്നേശ്രീരാമൻ
ക്കുറിയപോതേ ലക്ഷ്മണനടിതൊഴു-
തറിക നരേന്ദ്രാ! യാഗമനത്തിലു-
മഴകിയഹയമേധംചെയ്കെന്നാൻ. 581

ഹയമേധംചെയ്താനിന്ദ്രൻ പ-
ണ്ടസുരോത്തമനാകിയവൃത്രനെവധ-
ഭയമേറുണ്ടായേചെയ്തേത്തിയ
പാപംതീർപ്പാനിതുകേളരചാ!

നയമേറിയവൃത്രാസുരനാദിയിൽ.
നാനാഗുണവാനായുളനായാ-
നയരമവന്നാറമ്പതുയോജന-
യുണ്ടതിൽമൂന്നൊന്നുണ്ടുടൽവണ്ണം. 582

ഉടൽവടിവേവമിയന്നമഹാസുര-
നത്തമനായസുരരിലരചനമായ്
വടിവൊടുനാടുഭരിച്ചു തുലോംനാൾ
വാണാനമിതപരാക്രമനായേ;
കടുകെ മഹാതപമേചെയ്യാൻ ഞാൻ
കാമസുഖാദികൾമോഹമകന്നേ
പടുതരനാകിയതനയനെയവനീ-
പതിയാക്കിത്തപസേ താൻ പോയാൻ. 583

പോയവനരിയതപസ്സുകൾചെയ്യതു
പുനരറിവുററു പുരന്ദരനിതിനാൽ
തീയതെനിക്കുണ്ടായ്‌വരുമേററം
തേറുകിലെന്നറിവുററുടനേ പോയ്,
നായകനാമമലൻകമലാക്ഷൻ
നാരായണനസുരാന്തകനരവാം-
പായയതിന്മീതേ തുയിൽകൊള്ളും-
പാലാഴിയിലതുകാലം പുക്കാൻ. 584

അതുകാലത്തു പുകണ്ണാനിന്ദ്രന-
ശേഷജഗൽകാരണനേ! ജയ ജയ;
മധുസൂദനന! കരുണാകര! ജയ ജയ
മാധവ! പീതാംബരധരനേ! ജയ;
കതിരവനോടെതിരാമൊളിവീടിയ-
കൗസ്തുഭരത്നാഭൂഷിതനേ! ജയ;
ചതുരാനനനുടെതാതാ! ജയ ജയ;
സകലസമുദ്ഭവബീജാത്മക! ജയ. 585

ജയ മത്സ്യാകൃതിയായേ മുന്നം
ജലധിയിൽവീണു കളിച്ചവനേ! ജയ;
ഭയമൊഴിയാനമൃതുണ്ടാമളവും
പണ്ടൊരുക്രൂർമ്മവുമാനവനേ! ജയ;
ത്തുയർകളവാൻ പാതാളേ മുമ്പൊരു-
സൂകരമായേ ചെന്നവനേ! ജയ;
ഭയകരമാംനരസിംഹാകൃതിയായ്
പണ്ടസുരനെവധചെയ്തവനേ! ജയ. 586

അവനിയെ വൈരോചനിയൊട്ടുടൻ മൂ-
വടിയായ്മുന്നമളന്നവനേ! ജയ;
ഭുവനഭയങ്ങളെയെല്ലാം തീർപ്പാൻ
പുനരാർ മററുള്ളവരഖിലേശാ!
ഇവനൊരുവൻ വൃത്രൻ ധർമ്മാത്മാ-
വിതുകാലത്തുതപസ്സിനുറച്ചാ;-
നവനുടെകീഴാം ത്രൈലോക്യവുമിനി-
യാശ്രയമെന്തേയെങ്ങൾക്കെല്ലാം? 587

ആമളവുംവൈകാതേ നിന്തിരു-
വടിയവനെക്കൊലചെയ്യാതൊഴികിൽ
പോമമരന്മാരുടെസുഖമെന്നു പു-
കഴ്ന്നടിതൊഴുതമരേന്ദ്രൻ നിന്നാൻ;
കാർമുകിൽപോൽനിറമുള്ള പുരാണൻ
കരുണാകരനരുണാംബുജനയനൻ
താമസിയാതുണർവുററരുളിച്ചെ-
യ്താനമരാധിപനോടതുകാലം. 588

കാലനതുല്യൻവൃത്രനിലുണ്ടൊരു
കരുണനമുക്കെന്നാൽ നാം താനേ
ചാലെമൃതിന്നവനെക്കൊലചെയ്കുത-
കാ കേവലമെങ്കിലുമിതുകാലം,

മൂലവിനാശം നിങ്ങൾക്കവനാൽ
മുററുംവരുവതൊഴിച്ചിനി ഞാനേ
പാലനചെയ്വൻ നമ്മുടെശക്ത്യാ
പരിചൊട്ടു കൊൽ നീയവനെ മഹേന്ദ്രാ! 589

ആനവനരുളിച്ചെയ്തഖിലേശ്വര-
നവിടെ മറഞ്ഞളവിന്ദ്രാദികൾ പോയ്
കാനനമെയ്തി മഹാസുരവരനെ-
ക്കണ്ടു ഭയമൊട്ടു നിന്നാരൊട്ടേ;
മാനിതമാകിയവജ്രംകൊണ്ടു
മധുസൂദനശക്ത്യാ ബലവാനായ്
താനെതിർചെന്നമർചെയ്തുയിർകൊണ്ടാൻ
തദനു മഹേന്ദ്രൻ വൃത്രനെയവിടേ. 590

അവിടെപ്പുണ്യാത്മാവൃത്രനെ വധ-
യറയാതേ ചെയ്തതിനാലിന്ദ്ര-
ന്നെവിടെയുമേ വാനുലകിലിരിക്കരു-
തെന്നേ വന്നിതു പാപബലത്താൽ;
അവനവിടം കൈവിട്ടു മറഞ്ഞള-
വാകുലമോടമരന്മാരും പോയ്
ഭുവനമനന്തിനു നായകനാകിയ
പുരുഷോത്തമനോടതുമറിയിച്ചാൻ. 591

അറികമഹേന്ദ്രനുടേ ദുരിതംപോ-
മറയാതേ ഹയമേധം ചെയ്തേ
കുറവിയലാതെന്നെപ്പൂജിക്ക ഗു-
ണംവരുമെന്നഖിലേശ്വരനരുളാൽ,
പിറകു തുലോംനാൾ ചെന്നമരന്മാർ
പേർത്തുംമുനിവരനോടുംകൂടേ
മറയമഹാപാപത്തൊടു മഘവാ
വന്നുഭവിക്കുമിടത്തിനു ചെന്നാർ. 592

DISTRIBUTING LIBRARY No.......... KOTTAYAM.

ചെന്നച്ച്യുതനരുൾചെയ്തതുപോലവ-
രന്നേ ദേവേന്ദ്രം മുന്നിട്ടേ
തന്നിമികുത്തമഹാഹയമേധം
നലമൊടുചെയ്തുമുടിച്ചതുകാലം,
നിന്നമഹാപാപമിതമരേന്ദ്രനി-
യോഗത്താലേ വിപ്രരെ വധചെ-
യ്യുന്നവരിൽതരുണികളിലുമെല്ലാ
മിതമൊടമന്നിതുടൻ ജലമതിലും. 593

അതിസുഖമോടേ വന്നിതുടമ്പുട-
നാകുലമെയ്തിയമൂവുലകത്തി-
ന്നിതമിയദേവേന്ദ്രന്മതിനാൽ മു-
ന്നേതിലുമിമ്പമിയന്നേ വാണ്ണാൻ;
അതിസുഖമായ് ഹയമേധംചെയ്താ-
ലതുപോലേ സുഖമുണ്ടാ,മെന്നാ-
ലിതുപൊഴുതേ ചെയ്യോമെന്നേ സൗ-
മിത്രിയുമരചകളരചനുചൊന്നാൻ. 594

അരചകളരചനിരാമനരേന്ദ്രന-
നന്തരമനുജന്മാരൊടു ചൊന്നാ-
നരചെയ്തതുപോലേ ഹയമേധമി-
തുചിതംചെയ്തതു മററിതു കേൾപ്പിൻ;
നിരുപമകർമ്മപുത്രീതനയൻ
നൃപനുളനഖിലഗുണാകരനായേ
പരിചിനൊടവനീപാലനചെയ്താൻ
പഴിതുടരാതേ പണ്ടു തുഃലാംനാൾ. 595

നാൾപലവും ചെന്നതുകാലത്ത-
ന്നരപതിതാൻ നായാട്ടിനു വനമതി-
ലേപലപലമൃഗജാതികളെക്കൊ-
ന്നേതുമലംഭാവംവാരാതേ,

താപസജാതികൾപോലും ചെല്ലാ-
തായമഹാടവിപുക്കുടനേ സ-
ന്താപമിയന്നൊരുപെണ്മയിതെന്തിഹ!
സഹസാ വന്നതെനിക്കെന്നോർത്താൻ. 596

ആനവനവിടെത്തന്നുടെപിഞ്ചെ-
ന്നാരവരവരേ നാരികളായതു
താനറിവുററു വിചാരിച്ചകമേ
സംകടമോട്ടുമുഴന്നാനൊട്ടേ;
മാനിതനായമഹേശ്വരനന്നുമ-
മാതിനുവേണ്ടിയിയററിയശാപം
ന്യൂനമിതെന്നറിവുററഖിലേശ്വര-
നടയസമീപേ ചെന്നുപുകുന്താൻ. 597

താനവിടെപ്പരമേശ്വരനെപ്പരി-
താപമകററുവതിന്നു പുകണ്ണാൻ;
വാനവരാമവർതാമറിയാതമ-
ഹാപുരുഷാ! സകലേശ്വരനേ! ജയ;
മാനിനിമാർമണിയാകിയമാമല-
മാതിനുവല്ലഭനായവനേ ജയ;
ഹാനിയൊഴിപ്പതിനായഖിലത്തിനു-
മാലമൃതിൻറണ്ടവനേ! ജയ ജയ. 598

ജയ ഗംഗാജലശോഭിതതുംഗജ-
ടാഭര! ജഗദുത്ഭവലയകാരണ!
ജയ ചന്ദ്രാദിത്യാനലനേത്ര! ജ-
ഗന്മയ! ജനനവിവർജ്ജിതനേ! ജയ;
ഭയകരഭൂഷണഭോഗിസമൂഹഫ-
ണാമണികിരണവിരാജിത!ജയ ജയ;
ജയ സിതഭസ്മവിഭൂഷിതദേഹ! ദി-
ഗംബര! ജയ ദേവേശ്വര! ജയ ജയ. 599

ദേവകുലാത്തിവിനാശനനേ! ജയ
ദൈത്യപുരത്രയനാശന! ജയ ജയ;
ദേവകൾതാപവിനാശന! ജയ ജയ;
സിതവൃഷവാഹനശങ്കര! ജയ ജയ;
പാവനകീത്തന! പഞ്ചാനന! ജയ;
പാപഹരാന്തകസൂദന! ജയ ജയ;
മാവ്തിൽമുഖ്യശിരോമാലാധര!
മാമലമീതു വസിപ്പവനേ! ജയ. 600

അവനിജലാനലപവനാംബരച-
ന്ദ്രാദിത്യേജ്യാത്മകനേ! ജയ ജയ;
ഭുവനമനന്തിനുനായകനായപു-
രാതന!പുണ്യാത്മാവേ! ജയ ജയ;
കവലകൾതീത്തകതാർതെളിയിച്ചേ
കഴൽപണിവവരെക്കാപ്പവനേ! ജയ;
ശിവകര! ശിവ! ശീതാംശുവിഭൂഷണ!
ശിഷ്ടജനാശ്രിതപാദാംബുജ! ജയ. 601

അംബുജസംഭവനാലറിവാനരു-
താതജഗൽകാരണനേ! ജയ ജയ;
ശംബരവൈരിയെവെന്നവനേ! ജയ
ശരണമെനിക്കിനി മററില്ലെന്നേ,
തുമ്പമകന്നിളനന്നിളയാകിയ
സുന്ദരിയായേ നിന്നുപുകണ്ണുള-
വമ്പരിലമ്പനശേഷജഗൽപതി-
യവനരികേ വന്നരുളിച്ചെയ്താൻ. 602

അരുതറി തവ പുരുഷത്വംതരുവാ-
നെന്നി നിനക്കിനി വേണ്ടുവതെല്ലാം
തരുവനരയ്യേന്നീശന്തിരുവടി
സഹസാചൊന്നതുകേട്ടഴിവുറേറ,

വരമതൊഴിഞ്ഞുതരേണ്ടുവതില്ല മ-
ഹേശ്വരനേ! എന്നവനെ വണങ്ങി-
പ്പരിചൊടുപിന്നെന്നിനന്തറിവുറേറ
പരമേശ്വരിയെയുമടിമലർതൊഴുതാൻ. 603

അടിമലർതൊഴുമവർകൾക്കൊരുകാലവു-
മഴിവിയലാവാനന്ദമിയററു-
ന്നുടിയിടയാളേ! പവ്വതരാജസു-
തേ! പരമേശ്വരി! വിശ്വേശ്വരിയേ!
വടിവിയലുംബ്രഹ്മാദികൾമൂവരും
മായേവിശ്വംനിർമ്മിപ്പതുമട-
നടി രക്ഷിപ്പതുമവസാനമൊട്ടു-
ക്കുവതും നീ മററാരിതു ചെയ്വോർ? 604

മറെറാരുവക്കറിവാനരുതാതമ-
ഹേശ്വരി! ജയ കാമക്രോധാദികൾ
പറററെ വിട്ടു തൊഴുന്നവർമാനസ-
പങ്കജമതിലുറയുന്നവളേ! ജയ;
നററവരായമഹാമുനികുലവര-
നതപാദേ! മാതാവേ! ജയ ജയ;
കുററമിലാതമഹാമായേ! ജയ;
ഗുണഗണനിലയേ! വിദ്യേ! ജയ ജയ. 605

വിദ്യേ! വിന്ദുമയേ! നാദത്തിൽവി-
ളങ്ങീടുംവർണ്ണാത്മകമായു-
ന്നെത്തീടുംവിശ്വത്തിനുകാരണ-
മീശ്വരി നീയേ പാർത്താൽ മററും;
നിത്യേ! നിഷ്കളനിർമ്മലചിന്മയ-
നിരുപമപരമാനന്ദമയേ! ജയ;
സത്യേ! പരിപാലിച്ചരുൾ നീയും
സന്തതമെന്നടിതൊഴുതു പുകണ്ണാൻ. 606

തൊഴുതവനരികേ ചെന്നു ജഗത്ത്രയ-
സുന്ദരി മന്ദസ്മിതമൊടുചൊന്നാൾ:
പഴുതുവരാ സേവിപ്പതു നമ്മെ-
പ്പ്രാതിവരം ഞാൻ തരുവൻ കേൾക്ക;
അഴകൊടുസുന്ദരിയാകൊരുമാസ,മ-
നന്തര,മൊരുമാസം നരപതിയായ്
പിഴയിയലാതേ വാഴ്ക, മറന്നേ
പെണ്ണായ്മുമ്പിലിരുന്നപ്രകാരം. 607

അംബുജലോചനയാകിയദേവിയ-
വണ്ണം ചൊല്ലി മറഞ്ഞവനന്തര-
മിമ്പമിയന്നോരോമാസം പുന-
രിളതാനേവമിരുന്നളവൊരുനാൾ,
കമ്പിതമാനസനായവൾതന്നെ-
ക്കണ്ടു ബുധൻ കാമാതുരനായേ-
യൻപൊടണഞ്ഞവൾതന്നൊടു ചോദി-
ച്ചറിവുററാനവളുടെ വൃത്താന്തം. 608

അവളുടെവൃത്താന്തങ്ങറിഞ്ഞുമ-
നംശരാതുരനായബുധൻതാ-
നവളെയുടൻ നിജഭാര്യാവായ്‌വ-
ച്ചനുപമനാരികളോടു പറഞ്ഞാൻ:—
ഇവിടെ വനേ പല കിംപുരുഷന്മാ-
രുളരിവരവരുടെ വല്ലഭമാരാ-
യവശതക്രൂടാതേകിംപുരുഷിക-
ളായേ വാഴ്‌വിൻ നിങ്ങളുമെന്നേ. 609

എന്നവർതമ്മെ വിധിച്ചബുധൻതാ-
നിതമോന്നിളയൊടുക്രൂടെ വസിച്ചാൻ;
ചെന്നിതുമാസമനന്തരമുദയേ
ചെമ്മേ നരപതിവരനുളനായേ;

നിന്നാബുധൻതന്നൊടു ചോദിച്ചാൻ
നിരുപമതാപസനേ മമ പിമ്പേ-
യിന്നിഹ വന്നവരെക്കാണേൻ ഞാ-
നെന്തവർക്കുംക്കെയ്ത്തിയതതുമറിയ്യേൻ. 610

അറിയേനിവയെല്ലാമെന്നാലിത-
റിഞ്ഞരുൾചെയ്കെ,ന്നരചൻ മുന്നേ-
തറിയാതേ ചോദിച്ചതിന്നവനോ-
ടറിയിച്ചാനനുനയമൊടു ബുധനും;
കുറവിയലാതശിലാവർഷത്താൽ
ക്രുടിയസൈനികരടയെപ്പട്ടാ-
രറുതിയിലാതാലസ്യത്തൊടു നീ-
യാശ്രമമതിൽവന്നേ തുയിൽകൊണ്ടാൻ. 611

ആനതുകാരണമിന്നിവരെക്കാ-
ണായ്വാൻ നീ ചിലനാളിനിയിവിടേ
ദീനതയെന്നിയിരുന്നാൽ ഞാനേ
നിഖിലവുമറിയിപ്പൻ വൃത്താന്തം;
മാനസഖേദമിളയ്യെന്നളവു മ-
ഹീപതിയും ബുധനോടറിയിച്ചാൻ
കാനനഭൂമിയിൽ നിന്നനുചരരെ-
ക്കാണാതേ നഗരംപൂകേൻ ഞാൻ. 612

നഗരമുടൻ പരിപാലനചെയ്വും
നമ്മുടെസുതനാകിയശശബിന്ദു
സുഖമായിവിടെയിരിപ്പൻ ഞാനേ
സുഖമില്ലറിയിനി നഗരംപൂവാൻ;
പുകൾക്രുടാതേ വാഴാമോ നര-
പുംഗവനായാലെന്നനരേന്ദ്രനെ-
യകമേ സന്തോഷത്തോടേ ബുധ-
നാശ്രമമതിലേ വച്ചുഭരിച്ചാൻ. 613

ആനവനവലാഭാവംവന്നിത-
നന്തരമുണ്ടായിതു പുംഭാവവു-
മൂനമൊഴിഞ്ഞേവം മാസം പുന-
രൊമ്പതുചെന്നതുകാലം പെററാൾ,
മാനവനായപുരൂരവനാകിയ-
മകനെ മുതിൎന്ന ബുധന്നു കൊടുത്താൻ
താനിളനായവനന്തരമവനെ-
ത്താപമൊഴിച്ചു ഭരിച്ചാൻ ബുധനും. 614

ഉമ്പരിലുംഗുണമീടിയപൎവ്വത-
നത്തമദുൎവ്വാസാവും ച്യവനനു-
മെമ്പവരാദികൾതമ്മെവിളിച്ചവി-
ടത്തിലിരുത്തിയുരത്താൻ ബുധനും;
സമ്പ്രതി കൎദ്ദമനന്ദനനായധ-
രാപതിയിവ നടവിയിൽനിന്നെയ്തിയ-
തമ്പാൽ നിങ്ങൾനിനന്തറിവുററു സു-
ഖംവരുവാൻ വഴികല്പിക്കെന്നേ. 615

എന്നതുകാലം കൎദ്ദമനും മ-
ററീടിയതാപസവരരോടവിടേ
വന്നവിടത്തിലിരുന്നവരോടുമു-
പായമിതിന്നിതിതെന്നറിയിച്ചാൻ;
നന്നിമികുത്തമഹേശ്വരശാപം
നാട്ടകിലിതിനൊരുകാരണ,മെന്നാ-
ലിന്നിതവൻതിരുവടിതിരുവരുളാ-
ലില്ലാതാമതിനുണ്ടൊരുവഴിയും. 616

വഴിയേ ഹയമേധംചെയ്താൽ വരു-
മഖിലേശ്വരനാടെകാരുണ്യം പുന-
രുഴറിമഹാദുരിതംപോയ് നൃപനിവ-
നുത്തമനാമിതു നിശ്ചയമെന്നേ,

പഴുതുപെടാമൊഴികേട്ടു തപോധനർ
പർവ്വതതാപസനാജ്ഞയിനാലേ-
യഴകിയഹയമേധംചെയ്തതിനാ-
ലഖിലേശ്വരനതിസന്തോഷിച്ചാൻ. 617

സന്തോഷത്തോടുമാപതിശ്ശുലി ധ-
രാപതികുലവരനാകെന്നാളില്ല-
മിന്ദ്രോപമനാമിളനിവനന്നരി-
തംവരുമാറുരചെയ്തു മറഞ്ഞാൻ;
സന്താപത്തോടുവേറായിളനും
ധാത്രിയിലഴകിയമദ്ധ്യമദേശ-
ത്തിന്ദ്രാലയസമമായൊരുഭവനമി-
യററിയതീവസുഖേന വസിച്ചാൻ. 618

സുഖമൊടുവാണു മഹീപതിയായേ
സുതനാകിയശശബിന്ദുവു വാണാ-
ന്നിഖിലഗുണാകരനാമിളനവിടമ-
കന്നഥ മദ്ധ്യമദേശേ വാണാൻ;
പുകഴൊടനേകംകാലമിരുന്നേ
പോയവസാനേ വാനംപുക്കാൻ
നികരില്ലയാഹയമേധംചെയ്തേ
നിശ്ചയമവനതു വന്നിതു മുററും. 619

മുററുംനന്നുമഹാഹയമേധം
മുറപിഴയാതേ ചെയ്താലെന്നേ
പററലർകാലനിരാമൻ ചൊന്നതു
ഭരതനുമിളയവനും കേട്ടുടനേ,
അററമില്ലാതള സന്തോഷിച്ചാ-
രരചനുമന്നു സുമിത്രാസുതനൊടു
കുററമെഴാതവസിഷ്ഠാദികളെ-
ക്കൊണ്ടിവിടേ വരികെന്നു വിധിച്ചാൻ. 620

വിധിസുതനായവസിഷ്ഠനെ മററും
വിഖ്യാതന്മാരായമുനീന്ദ്രരെ-
യതിസുഖമായവിടേ വന്നവക്കളെ-
യരചനമടിമലർതൊഴുതറിയിച്ചാൻ:—
മതിനലമോടിവിടേ ഹയമേധം
മറയവരേ ചെയ്യാൻ ചിന്തിച്ചേൻ
വിധിവഴിയെന്നതു കേട്ടതപോധനർ
വേണ്ടുമ,തതു ചെയ്കരചാ! എന്നാർ. 621

ആരണർ നല്ലവരോരോദിക്കില-
മററവർകളെയിവിടത്തിൽ വരുത്തുക
സാരതയുള്ളനൃപാദികളെയുമറി
സൗമിത്രേ! വൈകാതറിയിച്ചേ,
ശ്ശൂരതമേവിയവാനരകുലമൊട്ടു
സുഗ്രീവനെയുമനന്തുനിശാചര-
വീരരൊടിനിയവിഭീഷണനെയുമിനി
വേഴ്ചയൊടിനിയമഹാക്രതുകാണ്മാൻ. 622

മാനിതമായമഹാഹയമിവിടെ മ-
ഹാമുനിതിലകനനുജ്ഞയിനാലേ
ദീനതക്രൂടാതെങ്ങുനടത്തിനി-
രാകുലനായിനിയിങ്ങേ വന്നാൽ;
ഊനമിലാതമഹാക്രതുചെയ്വാ-
നഴറിയിയററുക നൈമിശവനമതിൽ
വാനവരാലയമോടെതിരായമ-
ഹാക്രതുശാല വിധിച്ചപ്രകാരം. 623

വിധിവഴിയേ യാഗത്തെ മുടിപ്പാൻ
വേറവിടേ ധനധാന്യാദികളും
കതിരവനോടെതിരാമൊളിവീടിയ
കാഞ്ചനരത്നാദികളുമനേകം,

മുദിതമഹാജനവൃന്ദമിണങ്ങിന-
മുഖ്യാപണവു,മനത്തുജനങ്ങൾ-
ക്കിതമൊടിരിപ്പാനുള്ളഗൃഹങ്ങളു-
മിനിയവിടേയുണ്ടാക്കുക ഭരതൻ. 624

അൻപൊടുമവിടെ വരുത്തുക വൈകാ-
തഖിലവുമെന്നു നരേന്ദ്രനിരാമൻ
തുമ്പമൊഴിന്തുരചെയ്തളവവരവർ
ചൊല്ലിയപോലവയെല്ലാം ചെയ്താർ;
പിമ്പു മുഹൂർത്തംകൊണ്ടുടനേ പോയ്
പെരിയമഹാക്രതുചെയ്വാനായേ
നമ്പുകഴീടിയമുനിവരരോടും
നരപതി നൈമിശവനമതു പുക്കാൻ. 625

ആനതുകാലത്തവിടേ വന്നാ-
രരിയമുനീന്ദ്രരുമന്തണർതാമും
മാനിതരായനരേന്ദ്രാദികളും
വന്നവർകാഴ്ചകൾകൊണ്ടവരവരേ;
താനവരെസ്സല്ക്കാരഞ്ചെയ്തേ
ധരണീപതിയവർകൾക്കശനാദികൾ
ദീനതവാരാതേ കല്പിച്ചാൻ
നിലയറതോറുമിരുത്തി മതിന്നേ. 626

നേരലർകാലനിലക്ഷ്മണനശപം
നിരുപമയാഗംചെയ്വാനായേ
പാരിൽ നടത്തി വരുന്നതുകാലം
പരിചൊടു യാഗാരംഭംചെയ്താർ;
സാരതമേവിയതാപസജാതികൾ
തത്ര വിഭീഷണനാദിനിശാചര-
രാരണർചൊന്നതുചെയ്താർ സുഗ്രീ-
വാദികളാകിയവാനരർതാമും. 627

വാനരമാനുഷരാക്ഷസജാതികൾ
　　വാധവരാതൊരുമിച്ചേ തങ്ങളി-
ലൂനമിലാമറയവരവരവരെയൊ-
　　രുത്തരെയൊഴിയാതേ പൂജിച്ചാർ;
താനൊരുവൻ ഭവേണ്ടുന്നവ ചൊൽവതു
　　താമസിയാതേ ധാന്യധനാദികൾ
ദീനമൊഴിഞ്ഞുകൊട്ടത്താരവരവർ
　　നിരുപമമായിതു യാഗമതവിടേ. 628

അവിടെച്ചൊന്നാർ മറയവരവരവ-
　　രാരേ പണ്ടീവണ്ണംചെയ്തവർ
തവമീടിയദേവേന്ദ്രനൊടന്തക-
　　സലിലാധിപസോമാദികൾതാമും;
ഭവനേ പുക്കാലും നമ്മെപ്പരി-
　　പാലനചെയ്യുവരില്ലയിവണ്ണം
ജവമൊടുമെന്തുനിനച്ചതതപ്പോൾ
　　ചെമ്മേദാനംചെയ്യുവരാരേ? 629

ഏവമശേഷജനങ്ങൾ പുകണ്ണാ-
　　രിനകുലതിലകനുടേ ഹയമേധം
കേവലമൊരുവത്സരമീവണ്ണം
　　കേടിയലാതേ ചെയ്തുകാലം,
ദേവസമൻ വാല്മീകിമഹാമുനി
　　നിരുപമരാകിയശിഷ്യരുമായേ
പാവനരായതപോധനർമേവും-
　　ഭവനസമീപേ ചെന്നുപുകന്താൻ. 630

താനവിടേ മുനി കുശലവരാകിയ
　　തന്നുടെശിഷ്യന്മാരൊടു ചൊന്നാൻ:—
മാനിതമുനിവരഭവനംതോറും
　　മറവുമഹാജനമുള്ളേടത്തും,

ദീനതകൂടാതേ രാമായണ-
ദിവ്യമഹാനാമം പിഴയാതേ
ഗാനമിനിച്ചെയ്യിൻ! കേൾപവരക-
കാമ്പഴിയുംപരിചെങ്ങു നടന്നേ. 631

എങ്ങുനടപ്പതുകാലത്തരചനി-
തത്തൊട്ടുകൂടെ വിളിപ്പിക്കിൽച്ചെ-
ന്നങ്ങവനുടെസഭയിങ്കലിരുന്നേ-
റാദരവോടിതു ഗാനംചെയ്താൽ,
ഇങ്ങുധനാഗ്രഹമൊഴികയുമാ,മാ-
രെങ്കിൽ മുനിശിഷ്യന്മാർ നാമെ-
ന്നങ്ങുരചെയ്യ, ഫലാദികളിവ തി-
ന്നതിമധുരം ഗാനംചെയ്യെന്നാൻ. 632

എന്നെല്ലാംകുശലവരെമഹാമുനി-
യിതമൊട്ടു ശിക്ഷകൾചെയ്തു പുലന്നിതു-
മന്നുദയേ കൃതകൃത്യന്മാരാ-
യവർഗാനംചെയ്യെങ്ങു നടന്നാർ;
നന്നിമികുംകുശലവവൃത്താന്തം
നരപതികേട്ടിതു വിസ്മയമോത്താ-
ലെന്നുനിനച്ചു വിളിച്ചവർതമ്മെയി-
രുത്തിയിതത്തൊട്ടു ഗാനം കേട്ടാൻ. 633

കേട്ടാൻ കമ്മമിയററിയശേഷം,
കേവലമന്നേയിരുപതുസർഗ്ഗം
കേട്ടാൽമതിവാരായെന്നവരവർ
ഖേദിച്ചാരതടങ്ങിയശേഷം;
വാട്ടാതവർമാനസമീരൊമ്പതു
മഹിമമികുത്തസുവർണ്ണസഹസ്രം
കാട്ടാതേ നൽകീടുക, ബാലകർക്കെ-
യിൽവിരവെന്നാൻ നരപതിയും. 634

നരപതി ചൊന്നതു കേട്ടനുചരരതു-
നൽകുവതിന്നുതുടങ്ങിയനേരം-
ത്തരുതിതു വേണ്ടാ താപസബാലക-
രായനമുക്കെന്നാർ കുശലവരും;
പെരിയമഹാജനമന്നതു കേട്ടും
പേർത്തതിവിസ്മയമുററാർ നരപതി-
യിരുവരൊടും ചോദിച്ചാൻ കാവ്യമി-
തേവർ ചമച്ചതു ചൊല്ലുകയെന്നേ. 635

മുനികുലതിലകനവൻ തവ ചരിതം-
മുററുമിവണ്ണം ചെയ്തമഹാത്മാ-
വനുപമയാകിയഗോമതിതൻകരെ-
യാശ്രമമതിൽവന്നുളനിതുകാലം;
മനസികനിഞ്ഞതു കേൾപ്പതുവേണ്ടുകിൽ
മഖകൃത്യങ്ങളിയററിയശേഷം
പുനരിതു കേൾക്കാമെന്നാർ കുശലവർ
ഭൂപതിതാനുമതിന്നു മുതിന്നാൻ. 636

ആനതുകാലം മുനിവരരവരവ-
രരചകളോരോദേശനിവാസികൾ
മാനിതരായവയോദ്ധ്യാവാസികൾ
മററുമഹാജനമായുള്ളവരും,
ഊനമിലാഭരതൻ ശത്രുഘ്നനു-
മുത്തമലക്ഷ്മണസുഗ്രീവാദിക-
ളാനവരോടു വിഭീഷണനെന്നിവ-
രാദികൾചൂഴെ നരേന്ദ്രനിരുന്നാൻ. 637

നാനാഗുണഗണമീടിയകുശലവർ
നരപതിമാർകൃത്യങ്ങളിയററി-
ത്താനാദരവൊടുകൂടിയിരുന്നസ-
ഭാഗതരായേ ഗാനംചെയ്താർ;

വാനോർപതിസമനാകിയരാമമ-
ഹീപതിഗാനമിവണ്ണം പലനാൾ
മാനാതീതമുദാ കേട്ടങ്ങവർ
വൈദേഹീസുതരെന്നറിവുററാൻ. 638

അറിവേറുന്നമഹീപതി ദൂതരെ-
യതുകാലം വൈദേഹീസമീപേ-
യുറവൊടുവിട്ടറിയിച്ചാൻ ജാനകി-
യുത്തമയാകിൽ മഹാജനമദ്ധ്യേ,
മറുവറുമാറുവിശുദ്ധയുമാനാൽ
വാധകൾപോമെന്നതു കേട്ടമ്മുനി
കുറവിതിനില്ലേതും ചെയ്യാമിതു
ക്രുറുകിൽ നാളെത്തന്നേയെന്നാൻ. 639

എന്നതു ദൂതന്മാർ ചൊന്നപ്പൊഴു-
തിതമൊടുചൊന്നതു കേട്ടമഹീപതി
നന്നിമികുത്തമഹാജനമദ്ധ്യേ
നാനാജനവുംകേൾക്കച്ചൊന്നാൻ:—
വെന്നിവരുത്തിയസീതാശപഥം
വിരവൊടു നാളെക്കേൾക്ക സമസ്തരു-
മൊന്നിയിതത്തൊടുമെന്നളവവരവ-
രുടനേ നരപതിയെ സ്തുതിചെയ്താർ. 640

താർമകളയനുടെപിൻവരുമതുപോൽ
താർക്കുഴലാൾജാനകി പിറേറന്നാൾ
സീമയിലാവാല്മീകിയുമായതി-
ദീനതയോടു വരുന്നതു കണ്ടേ;
താമകതാരഴിവുററവരവരേ
സാധുവിദേഹജയേ! ജയയെന്നാർ;
സീമയിലാതനരേന്ദ്രാ! ജയ ജയ
ശ്രീരാമാ! എന്നാർ ചിലരവിടേ. 641

അവനീപതിശ്രീരാമനരേന്ദ്രൻ
    അവഭാര്യ്യാവിവാംജാനകിതാൻ മ-
ററിവരോടെതിരായുള്ളവരാരേ-
    യീരേഴലകിലുമെന്നാർ പലരും;
തവമീടിയമുനി ശ്രീവാല്മീകി സ-
    ഭാജനമദ്ധ്യേ സീതയുമായ്പു-
ന്നവനീശപരനാകിയശ്രീരാമനൊ-
    ടറിയിച്ചാനൊണ്മകളതുകാലം. 642

ഒണ്മയൊഴിഞ്ഞൊരുകാലവുമേ ഞാ-
    നരചെയ്യേനെന്നാലിതു കേൾ നീ
പെണ്മണിയാകിയസീതയിവൾക്കൊരു-
    പിഴയില്ലെന്നതു സത്യഞ്ചെയ്തേ;
നിന്മനമെന്തിനിയെന്നറിവുററാൽ
    നിഖിലജനങ്ങളുമറിയുംവണ്ണം
കല്മഷമേതുമെനിക്കില്ലെന്നിതു
    കാർകുഴലാളിവൾതാനറിയിക്കും. 643

അറിക വിദേഹസുതാതനയന്മാ-
    രനുപമകുശലവരാമിവർ തവ സുതർ
കുറവിയലാതേ ശപഥംചെയ്യാൻ
    ക്രൂരക നീയെന്നാലിവൾ ചെയ്യും;
മരുവരുമാറെന്നേമുനി ചൊന്നതു
    മനുകുലതിലകൻ കേട്ടടിമലർതൊഴു-
തുറവൊടു ചൊന്നാനിതുനിന്തിരുവടി-
    യുരചെയ്യതുകൊണ്ടേ മതിയെല്ലാം. 644

മതിനലമുള്ളവളേയിവൾ ജാനകി
    വാനവരും ചൊന്നാരിതു മുന്നേ
ഗതഭയയായ്‌വീണഗ്നിയിൽനിന്നിവൾ
    കേടിയലാതേ വന്നവളല്ലോ;

ബത സകലവുമറിവുറേന്മനസി വി-
ചാരമൊഴിഞ്ഞുകളഞ്ഞേൻ ഞാൻ പുന-
രിതുനിന്തിരുവടിയോൎത്തുപൊറുത്തരു-
ളപവാദംപേടിച്ചിതുചെയ്തേൻ. 645

അതുപോമ്മാറു സമസ്തജനങ്ങളു-
മറിയുംപരിചിവിടേയൊരുസത്യമ-
തിതുകാലം ജാനകിയിവൾചെയ്കെ-
ന്നിനകുലതിലകനരുളിച്ചെയ്താൻ;
അതുകാലത്തയനാദികൾവാനവ-
രംബരമാൎഗ്ഗേ വന്നുളരായാ-
രതുകാണ്മാനായ്‌വാനരരാക്ഷസ-
ജാതികളുംവന്നവിടെ നിറഞ്ഞാർ. 646

അവിടെയതീവമഹാസൗരഭ്യമൊ-
ടതുകാലത്തൊരുമാരുതപോതക-
മുവവിവരുംപടി വീശീതതിനാ-
ലൊരുവരുമൊഴിയാതാനന്ദിച്ചാർ;
തവമിയലുംവെടിവീടിയജാനകി-
താനതിദീനയതായ്‌ജനമദ്ധ്യേ-
യവനിയെനോക്കിയധോമുഖിയായ്‌നി-
ന്നറിക സമസ്തരുമൊണ്മയിതെന്നാൾ. 647

എന്നും ഭൎത്താവോടല്ലാന്മ-
റെറന്മനസാ ചിന്തിച്ചില്ലൊരുവനൊ-
ടൊന്നിയിരിപ്പാനായൊരുകാലവു-
മൊണ്മയിതെങ്കിൽ വസുന്ധരയേ! നീ,
ഇന്നു നമുക്കവകാശംതന്നി-
ടില്ലയതല്ലാൽ വേണ്ടുവതെന്നള-
വന്നു മഹാസിംഹാസനഗതയാ-
യവനിപിളൎന്നവനിയുമെതിർവന്നാൾ. 648

വന്നമഹീദേവിയുമതുകാലം
മൈഥിലിതന്നെയിതത്തൊടെട്ടത്തേ
തന്നുടെസിംഹാസനമതിൽവച്ചുത-
ദാ പാതാളേപുക്കു മറഞ്ഞാൾ;
ഇന്നവരെന്നാതേയതുകണ്ടവ-
രേവരുമേ വിസ്മയമൊട്ടു ചൊന്നാർ
നന്നെറിയുള്ളവരാരിവളെപ്പോൽ
നാരികളായുള്ളവർകളിലെന്നേ. 649

എന്നതുകാലംവാനവരാമവ-
രീടിയമാമലർമാരിപൊഴിച്ചാ;-
രൊന്നറിയാതേനിന്നാർചിലർ പുന-
രോത്തിവിസ്മയപരവശരായേ;
ഇന്നുനരേന്ദ്രനിരാമനെയും മ-
ററിവറംജാനകിയെയുമിരുവരെയുംപോൽ
നന്നിമികുത്തവർ പുരുഷരിലും വര-
നാരികളിലുമില്ലെന്നാർ പലരും. 650

പലർഖേദത്തൊടുനിന്നാർ, ജാനകി
പാതാളത്തിൽ മറഞ്ഞതുകണ്ടേ
ചിലർ സന്തോഷിച്ചാരപരാധം
ചേരാതവളിവളെന്നതറിഞ്ഞേ
കുലയാമാനസനായുളനാകിയ
ഗുണഗണനിലയനിരാമനരേന്ദ്രനു-
മലിവീടിയമാനസനായ്കമ്പി-
ട്ടശ്രുജലംവർഷിച്ചേ നിന്നാൻ. 651

നിന്നരനാഴികചെന്നതുനേരം
നിഖിലജഗൽസംഹാരംചെയ്യാ-
നെന്നതുപോലതികോപിച്ചവനിയൊ-
ടിനകുലതിലകനുമരുളിച്ചെയ്താൻ:—

നന്നുദശാനനനിവളെക്കട്ടെത-
റിഞ്ഞവർകളെയടയെക്കൊലചെയ്തു
വെന്നിവരുംപടി വീണ്ടേനതുപോൽ
വീറൊട്ടു കൈക്കൊൾവൻ ഞാനിന്നും. 652

ഇന്നിഹ ഞാൻ കാണുംപരിചവളെയെ-
ടുത്തുംകൊണ്ടു രസാതലമതിലേ
ചെന്നുപുകുന്നവസുന്ധരയേ! നീ
ചെമ്മേ നൽകുകവൈദേഹിയെയിന്നി;
എന്നി നമുക്കും പാതാളംപൂ-
കാനവകാശംനൽകുകയല്ലാ-
ലിന്നിതുരണ്ടിലുമൊന്നുഴറിച്ചെയ്-
കേൻമാതാവല്ലോ ബത! നീയും. 653

നീയിതുരണ്ടിലുമൊന്നിതുകാലം
നിശ്ചയമറി വസുധേ! ചെയ്യാഞ്ഞിൽ
തോയമയം മേദിനിയെന്നുള്ളതു
സുതരാമിവിടെ വരുത്തി മുടിപ്പൻ;
ഞായവുമുണ്ടിതിനെന്നതുരാമന-
രേന്ദ്രൻചൊല്ലെ നടുങ്ങി വിശ്വം;
തൂയചതുർമ്മുഖനന്നതറിഞ്ഞു സു-
രേന്ദ്രാദികളൊട്ടുമവിടേ വന്നാൻ. 654

വന്നചതുർമ്മുഖനരുളിച്ചെയ്താൻ
മതി കോപം തവ മനുകുലതിലകാ!
നിന്നെയിനിച്ചിന്തിച്ചരുൾ നീയേ
നിഖിലജഗൽകാരണനല്ലോ നീ;
മെന്നടയാൾവൈദേഹിയുമായ് നീ
മേലിലതീവസുഖത്തൊടുവാഴാ
മന്നവർനിൻഭാര്യ്യാവേജന്മാ-
ന്തരമതിലുംനിശ്ചയമറിമുററും. 655

മുററുംകേളിടയിടയേയുണ്ടാം
മുഖ്യതരാൾദുഃഖംതവ സുഖവും
മുററിതിനുള്ളതുജന്മമിതെന്നാൽ
മതിഖേദവുമിനിമനുകുലതിലകാ!
പുററിലുദിച്ചുളനായമഹാമുനി
പുണ്യാത്മാ തവ വൃത്താന്തങ്ങളെ-
യുറവുരചെയ്താൻമുന്നേ സകലവു-
മുത്തമശ്രീരാമായണകാവ്യേ. 656

ഏതാകിലുമിഹ കുശലവർ പാടിയി-
തത്തൊട്ടു ശ്രീരാമായണകാവ്യം
ചേതോഹരമിനിയും നീ കേളിതു
ശേഷവുമെന്നയനരുളിച്ചെയ്താൻ;
വേധാവിനെയടിതൊഴുതരുൾകൊണ്ടവി-
രന്തവർപോയതുകാലത്തരചൻ
ധാതാവിനുസമനാംവാല്മീകിത-
പോധനനെത്തൊഴുതരുളിച്ചെയ്താൻ. 657

താനയനരുളിച്ചെയ്തതുപോലേ
താൽപര്യത്തൊട്ടു ശേഷം കാവ്യം
മാനിതരാകിയകുശലവർപാടിമ-
ഹാത്മാവേ! നാളെക്കേൾപ്പാനായ്,
ഊനമൊഴിന്തിനിയിന്നവർകളെ വിട്ടു-
കുചിതമിതാമെന്നേ വാല്മീകിയു-
മാനതുകാലം ചൊല്ലിപ്പോയാ-
രവരവരേ ഭവനങ്ങൾ പുകുന്താർ. 658

താരണിപാലകനാകിയരാമൻ-
താനും പിറേറന്നാളുദയത്തിനു
നീരിയലുംനിയമാദികളാകിയ-
നിഖിലമഹാകർമ്മങ്ങൾ മുടിച്ചേ,

ആരണരാദിസമസ്തജനങ്ങളു-
മായാദരവൊടിരുന്നളവവിടെ-
ദ്ധീരതയോടുമിരുന്നേ കുശലവർ
ശേഷം ഗാനംചെയ്താർ കാവ്യം. 659

അംബുജലോചനയാകിയജാനകി-
യന്നരസാതലമെയ്തിയശേഷം
തുമ്പമിയന്നതിദീനതയോടു ശ്രു-
ഭാചാരൻ നരപതി ശ്രീരാമൻ,
പിമ്പു മഹാക്രതുചെയ്തുമുടിച്ചാൻ
പെരിയമഹാധനരത്നാദികൾകൊ-
ണ്ടമ്പൊടവൻതിരുവടിതിരുവരുളാ-
ലാരണരാദികളവരവർ പോയാർ. 660

അവരവരെക്കപിവീരരെയരചരെ-
യനുപമരാക്ഷസജാതികൾതമ്മെയു-
മുവവിമികുംപടി സന്തോഷിച്ചുട-
നടനേ യാത്രവിധിച്ചനരേന്ദ്രൻ,
തവമിയലുംമുനിമാരൊടുകൂടെ-
ത്താനമയോദ്ധ്യപുകുന്തു വസിച്ചാ-
നവനിപതീശ്വരനേവം പിന്നെയു-
മരിയമഹാക്രതു പലപല ചെയ്താൻ. 661

ആനവനും ഭാര്യാവിനെ മററു-
ണ്ടാക്കാതേ കാഞ്ചനമയമായൊരു
ജാനകിതൻവടിവുണ്ടായ്ക്കൊണ്ടേ
യാഗങ്ങളെയവയവയെച്ചെയ്താൻ;
താനവിടെപ്പലകാലമിരുന്ന ധ-
രാപരിപാലനമഴകൊടു ചെയ്താ-
നൂനമൊഴിഞ്ഞു സമസ്തജനങ്ങളു-
മുത്തമഭൂപതിയൊടു രഞ്ജിച്ചാർ. 662

ആരേ ധമ്മസ്ഥിതിയില്ലാതവ-
രന്നാപമൃത്യുവുമില്ലൊരുവക്കും,
ചോരാദികളില്ലെങ്ങുംഭ്രമമൗ,
സുഖമായ്‌വിളയുംപടി വഷിക്കും;
പാരേവംഗുണമുള്ളമഹീപതി
പരിപാലനചെയ്യുന്നതിനാലേ
നേരേ സകലപ്രാണികൾതാമും
നിതരാമാനന്ദത്തൊടു ചേന്നാർ. 663

ആനന്ദിച്ചാളുടലൊട്ടവേറാ-
യന്നമരുലകെയ്തിയകൗസല്യാ
മാനഞ്ചേർകൈകെയിയുമതുപോൽ
മററുസുമിത്രാദേവിയുമവിടേ,
താനിന്ദ്രോപമനാകിയദശരഥ-
ധാത്രീപാലശിഖാമണിയോടും
ദീനതകൂടാതവർകളിരുന്നാർ,
നൃപവരർ ശേഷക്രിയകൾ മുടിച്ചാർ; 664

ആരണരാമവർകൾക്കു കൊടുത്താ-
നരചനനേകം ധനരത്നാദികൾ;
പാരിലിവണ്ണം ചെയ്തവരാരേ
പൈതൃകമെന്നു പുകണ്ണാർപലരും;
നേരലർകാലനിരാമനരേന്ദ്രൻ
നീതിയിൽ മാതൃജനത്തിനു നന്മകൾ
ചേരുവതിന്നവിടെശ്ശേഷക്രിയ
ചെയ്തുമുടിച്ചു സുഖത്തൊടിരുന്നാൻ. 665

ആനതുകാലംകേകയരാജാ-
വായയുധാജിത്തരിയപുരോഹിത-
നാനമഹാമുനിതന്നെയിരാമന-
രാധിപനെക്കാണ്മാനായ് വിട്ടാൻ;

ആനവനശപഗജാഭരണാദിക-
ളരചകളരചനു നൽകിക്കണ്ടാൻ;
മാനിതനായമഹീപതിയവയും
വാങ്ങിമുനീന്ദ്രനെയും പൂജിച്ചാൻ. 666

മുനിവരനൊടു ചോദിച്ചാനരചൻ
മുററും മാതുലനായയുധാജി-
ത്തിനു സുഖമോ കാരണമെന്തിവിട-
ത്തിന്നു ഭവാനാഗതനായതിനും;
മനസി കനിഞ്ഞെന്തരുളിച്ചെയ്തതു
വന്നിങ്ങെന്നൊടു ചൊൽവാനെന്നതു?
മുനിവരനതുകേട്ടവനു സുഖം കേ-
ളോതാം മാതുലവചനവുമെന്നാൻ. 667

എന്നുമൊരാകുലമുണ്ടാകാതവ-
രുണ്ടു മഹാദേശങ്ങളെയവിടേ
വെന്നിമികുംഗന്ധർവന്മാർപലർ
വീരതരാ! പരിപാലിക്കുന്നോർ;
ഒന്നിയശൈലൂഷാത്മജരവർതാ-
മുളർ മുക്കോടിമഹാബലവാന്മാ-
രിന്നവർകളെ വെന്നിവിടം നാടാ-
യിനി വാഴാമലയാഴിക്കരികേ. 668

അലയാഴിക്കരികേ നാടാക്കി-
ടവിടവുമെന്നതുനിന്നൊടുചൊൽവാൻ,
കുലയാതേ ഞാൻ വന്നേനെന്നിതു
ക്രൂറിയതാപസവാക്യം കേട്ടേ,
നലമീടിയശ്രീരാമമഹീപതി
നന്നിതു ചെയ്യുന്നേനിനിയെന്നേ
ചലിയാമാനസനാകിയഭരതൻ-
തന്നെയിതത്തൊടു നോക്കിച്ചൊന്നാൻ. 669

നാനാഗുണഗണമുള്ളവർ കാണിവർ
നലമിയല്പും തക്ഷൻ പുഷ്കരനും
വാനോർപതിസുതനോടെതിരാകിയ
ബാലകർ ഭരതകുമാരാത്മജർ പോയ്,
ആനോർകളെ വധചെയ്തവിടം നാ
ടാക്കുവർ ഭരതനെമുന്നിട്ടമർചെ-
യ്താനാലിവർകളെയെല്ലാം മാതുല-
നവിടം പരിപാലിക്ക വിശേഷാൽ. 670

ആലയമതിൽനിന്നിന്നുഗജാശ്വര-
ഥാദിപെരുമ്പട ഭരതനുമായേ
ചാലെ വിരഞ്ഞു പുറപ്പെട്ടുകെന്നു ധ-
രാപതിതിലകനനുജ്ഞയിനാലേ,
ബാലകരാകിയതക്ഷാദികളൊട്ടു
മന്നനെയടിതൊഴുതേ ഭരതൻ ശുഭ-
കാലമറിഞ്ഞേ പോയാനവരവർ
കേകയമുനിവനമായപ്പോഴേ. 671

ആത്തിളകുംപടനടുവേ തക്ഷനു-
മനുപനാകിയപുഷ്കരനും പുന-
രാത്തികെട്ടുംപടി ചെന്നു മഹീപതി-
യഭിഷേകംചെയ്തരുളിച്ചെയ്താൻ;
പേർത്തു മഹാദേശങ്ങളിലിവരെ-
പ്പിഴവാരാതേ പോയ്‌വാഴിച്ചാൽ
കീത്തിവരുംപടി നീ വരികെന്നേ
കേകയരാജസുതാത്മജനോടേ. 672

ഏറിയഭൂതപിശാചാദികൾ പുന-
രെണ്ണില്ലാതുള മൃഗപക്ഷികളും
തേറി മഹാശവഭക്ഷണമിനി നാം
ചെയ്‌വോമെന്നതിസന്തോഷിച്ചേ;

വീറൊട്ടുപോംപടതന്നുടെമുമ്പേ
വേഗമിയന്നേ പോയിതു ഭരതൻ,
ക്രൂരരുതാതളസൈന്യത്തോടും-
കൂടെക്കേകയരാജ്യം പുക്കാൻ. 673

പുക്കതറിഞ്ഞതിസന്തോഷിച്ചേ
പൊലിവിയലുംനിജസൈന്യത്തോടും,
തക്കതിതെന്നേ കേകയരാജൻ
സഹസാ ഭരതബലാനുഗനായേ,
ഒക്കെമഹാബലരാകിയഗന്ധ-
ർവ്വോത്തമരോടു ചെറുത്തമർചെയ്തേ,
നിൽക്കെ നിരാകുലമായിരുപാടും
ദിവസമൊരേഴു കഴിഞ്ഞു മുററും. 674

മുററും വാണമഹാവർഷത്താൽ
മൂടീ പടയിരുപാടുമനന്തരം-
മററമിലാതശവങ്ങൾതുടൻറട-
നാറൊഴുകിക്കുരുതിപ്പുനലാലേ;
മററിവരെക്കൊല്ലുന്നേനെന്നു മ-
ഹാബലവാൻഭരതൻകൈക്കൊണ്ടാൻ
കുററമിലാതാകിയ കാലാസ്ത്രം
കൊടിയതു സംവത്തകമതുകാലം. 675

കാലപുരംപുക്കാരസ്ത്രമതതു-
കാലം ഭരതൻവിട്ടതു കൊണ്ടേ
ചാല വിരുന്നു മഹാബലരാകിയ
ശൈലൂഷാത്മജരൊട്ടൊഴിയാതേ;
കാലമൊരയ്യാണ്ടകമേയവിടം
കനിവിയലുംനാടാക്കിച്ചെയ്തേ,
ബാലകരെയുമവിടേ വാഴിച്ചേ
മതിമാൻ ഭരതനയോദ്ധ്യപുകുന്താൻ. 676

താനുടനേ ശ്രീരാമനരേന്ദ്രൻ-
തന്നെയണഞ്ഞടിതൊഴുതറിയിച്ചാൻ
മാനിതനാകിയഭരതൻഗന്ധ-
ർവ്വാദികളെക്കൊലചെയ്തതുമവിടേ;
ദീനമൊഴിഞ്ഞേത പുത്രരെയോരോ-
ദേശങ്ങളിൽ വഴിച്ചപ്രകാരവു-
മാനവകേട്ടതിസന്തോഷിച്ചേ-
'യരചനുമനുജന്മാരൊടു ചൊന്നാൻ. 677

നാനാസുഖമൊടുമേതൊരുദേശേ
നാമിനിവാഴിപ്പോമംഗദനെയു-
മാനോനിളയവനാകിയചന്ദ്രമ-
ഹാകേതുവിനെയുമെണ്ണുകയെന്നേ,
താനാദരവൊടു ഭൂപൻചൊല്ലി-
ത്താൽപശ്ചത്തോടു ചൊന്നാൻ ഭരതൻ
വാനോർപുരിനികരാംതാരാപഥ-
മാമവനിയിൽ വാഴംഗദനരചാ! 678

അരചാ! പുനരവനിളയകുമാരനു-
മവനിയിൽനല്ല നിശാകരകാന്തേ
പുരമാദരവൊടുനിർമ്മിച്ചവിടെ-
ബ്ഭൂപതിയായ് വാഴ്കെന്നാൻ ഭരതൻ;
വിരവാലതിനംഗദനൊടു ലക്ഷ്മണ-
വീരനെയിളയവനൊടു ഭരതനെയും
നരപാലകനതിവണ്ണം ചെയ്ക നീ
ലത്തൊടു നീ പോകെന്നു വിധിച്ചാൻ. 679

വിധിവഴിയഭിഷേകംചെയ്തംഗദ-
വീരനെയും പുനരവനിളയവനെയു-
മിതമൊടിവണ്ണം പശ്ചിമദിക്കില്പ-
മിനിയവടക്കം വിട്ടാനരചൻ;

മതിനലമോടവർകളതവ്വണ്ണം
വടിവൊട്ടുചെയ്യോരോവ്‌രിഷം ജന-
പടമതിലവർകളുമായ് വാണുടനേ
പാർത്ഥിവനുള്ളേടത്തിനു വന്നാർ. 680

വന്നവർചൊല്ലിയവൃത്താന്തങ്ങളെ
മനുകുലതിലകൻ കേട്ടു മകിഴ്ന്താ-
നന്നവിടിളയവരാമവരോടുമ-
നേകംകാലമിതത്തൊടിരുന്നാൻ;
പിന്നെയനത്തുജനത്തിനുമേററം
ഭീതിവരുത്തുംകാലനയോദ്ധ്യയിൽ
മന്നവനെക്കാണ്മാൻ മുനിവരനായ്
വന്നഥ ഗോപുരവാതിൽപുകുന്താൻ. 681

താനവിടെബ്ഭാസ്കരനെതിരാമൊളി-
താവിയമുനിവരനവനറിയിച്ചാൻ:—
മാനിതനാകിയലക്ഷ്മണനൊടു ഞാൻ
മറെറാരുദിവ്യമുനീന്ദ്രനു ദൂതൻ;
മാനവവംശസമുത്ഭവനായമ-
ഹീപതിയെക്കാണ്മാനായ് വന്നേ-
നാനതുവൈകാതേ ചെന്നിനി നീ-
യരചനൊടറിയിപ്പോയാകെന്നാൻ. 682

എന്നതുകേട്ടുസുമിത്രാപുത്രനു-
മേറിയസംഭ്രമമോടുടനോടി-
ച്ചെന്നരചനൊടഖിലവുമറിയിച്ചാ-
നതുകേട്ടരുളിയഭൂപതി വിരവാൽ
ചെന്നടിതൊഴുതവനെസ്സൽകരം
ചെയ്തു യഥോചിതമഭിമതമെന്തിനി-
യെന്നറിയിക്കെന്നതുകേട്ടരചനൊ-
ടിനിയമുനീന്ദ്രനുമരുളിച്ചെയ്താൻ. 683

താനൊരുവൻകാണാതേനമ്മിൽ-
ത്തന്നേ പറയേണ്ടുന്നതു കാൎയ്യമി-
തുനമൊഴിഞ്ഞിതുകാലത്തൊരുവനു-
ടൻ വരികിൽക്കൊൽകവനെ നരേന്ദ്രാ!
ദീനതക്രൂടാതേ ചെയ്യാമിതു
നിശ്ചയമെങ്കിലിനിക്കാൎയ്യങ്ങളെ
ഞാനുരചെയ്യുൻ കേളെന്നളവു ന-
രേന്ദ്രനുമിതുചെയ്യുൻ ഞാനെന്നാൻ. 684

എന്നമഹീപതി സൗമിത്രേ! നീ-
യും മുനിപോമളവും ഗോപുരമതിൽ
നിന്നൊരുവരുമിവിടേ വാരാതേ
നിരുപദ്രവമായേ കാക്കെന്നാൻ;
ഇന്നിതുചെയ്യാമെന്നവനുംപോ-
യിനിയപുരദ്വാരേനിന്നാ നെ-
ന്തൊന്നഭിമതമിനിയതുചൊൽകെന്നാ-
നത്തമഭൂപതി താപസനോടേ. 685

താപസനരചനൊടറിയിച്ചാൻ ഞാൻ
ധാതാവരുളിച്ചെയ്തിഹ വന്നേൻ;
ചാപല്യംക്രൂടാതേകേട്ടരുൾ
ചതുരാനനവചനങ്ങളെയരചാ!
നീ പണ്ടഖിലവുമുള്ളിലടക്കി നി-
രാകുലനായേ മരുവുന്നളവേ
താപംവാരാതേ തവ നാഭീ-
സരസിജമതിൽനിൎമ്മിച്ചായെന്നേ. 686

എല്ലയിലാതഗുണംകലരുംഭുജ-
ഗേശ്വരനാകിയ ശേഷനുമായാ;
ചൊല്ലമരുംമധുകൈടഭരായേ
തുലയാതമർചെയ്തവനും നീയേ;

വല്ലഭമോടവരുടെധാതുക്കളെ
വടിവൊട്ടുമേദിനിയാക്കിച്ചെയ്യാ;
ചൊല്ലരുതാതളജന്തുക്കളെനിൻ-
ചൊൽപ്പടിയേ ഞാനും നിർമ്മിച്ചേൻ. 687

നിർമ്മിച്ചതു സകലേശ്വരനേ! നീ
നിഖിലവുമെന്നാൽ നിശ്ചയമേതും
ധർമ്മസ്ഥിതിപിഴയാതേ വിശ്വം
താങ്ങുവതും നീതാനേയല്ലോ;
നിർമ്മത്സരമോരോരോനാളവനിയിൽ
നില്പവതാരംചെയ്തിന്ദ്രാദികൾ-
തമ്മെപ്പരിപാലിച്ചാ,ദശരഥ-
തനയനുമായാനീയിതുകാലം. 688

കാലംപതിനോരായിരമിന്നുക-
ഴിഞ്ഞിതുമാനുഷനായഭവാനിതു
കോലംകൊണ്ടിഹ മതിയിനിവാഴ്വതു
ക്രൂടീ തവ കൃത്യങ്ങളുമെന്നാൻ;
ബാലന്മാർതാതനൊടുരചെയ്യും-
വണ്ണംഞാൻചൊൽവതുതവലോകേ
കാലംവന്നിതുപോവാനെങ്കിൽ
കടുകതുചെയ്ക വിധിപ്പവരാരേ? 689

ആരേ നിന്നൊടിവണ്ണംചെയ്യേ-
ന്നറിയാതേചൊൽവോരിന്ദ്രാദികൾ
നാരായണ! നീ ചൊൽവതുപാർത്തേ
നാൾതോറുംഖേദിച്ചുഴലുന്നോർ;
താരാർമകൾപതിയാമണിമാർവാ!
ധാത്രിയിൽമതി നീ വാണതുമെന്നിതു
നേരേനിന്നൊടുചൊൽവാൻ ധാതൃനി-
യോഗത്താൽ ഞാൻ വന്നേനെന്നാൻ. 690

എന്നിതുകാലൻതാപസനായ്വ-
ന്നിതമൊട്ടുചൊന്നതുകേട്ടമഹീപതി
നന്നിതുചെയ്വൻ ഞാനും കാലം
നാടിയിരുന്നേനെന്നറിയിച്ചാൻ;
അന്നവിടെശ്രീദുർവ്വാസാവുമ-
യോദ്ധ്യയിലഴകിയഗോപുരദേശേ
ചെന്നുസുമിത്രാസുതനൊടുചൊന്നാൻ
ചേതസിപെരുകിയസംഭ്രമമോടേ. 691

ഓടിച്ചെന്നറിയിക്കനരേന്ദ്രനൊ-
ടുളനിവിടേ ഞാൻ കാണ്മാനായ്‌വ-
ന്നീടിയസംഭ്രമമോടെന്നതു നീ
എന്നതുകേട്ടു സുമിത്രാത്മജനും
പേടിയൊടടിമലർതൊഴുതറിയിച്ചാൻ
പേത്തുംതവവേണ്ടുവതരുളിച്ചെ-
യ്തീടുകതല്ലാലിവിടെമുഹൂർത്തമു-
ദാരമിരുന്നരുളുക മുനിതിലകാ! 692

മുനിതിലകാ! ശ്രീരാമനുണ്ടു മു-
ഹൂർത്തം വ്യഗ്രമതോർത്തുപൊറുത്തീ-
ടിനിയിവിടേയെന്നതിനുമഹാമുനി-
യേറിയകോപമിയന്നുരചെയ്താൻ;
മനുകുലമിതിനെമുടിപ്പൻ ഞാനേ
വൈകാതേ നരപതിയെക്കാണ്മാ-
നിനി മമ പണിയുണ്ടെങ്കിൽനിനച്ചാ
ലില്ലയതിന്നുവികല്പവുമെന്നാൻ. 693

എന്നതുകേട്ടുസുമിത്രാപുത്രനു
മേറെവിഷാദത്തോടുനിനച്ചാൻ
നന്നിനി ഞാനൊരുവൻമൃതനാവതു
നന്നല്ലല്ലോ വംശവിനാശം;

ചെന്നിനിഞ്ഞാൻ നൃപനോടറിയിപ്പതു
ചിന്തിച്ചാലിഹനല്ലതുരണ്ടില്ല-
മെന്നുനിനച്ചുഴറിച്ചെന്നടിതൊഴു-
തിനകുലതിലകനൊടവനറിയിച്ചാൻ. 694

അവനിപതീശ്വര! നിന്നെക്കാണ്മാ-
നനുപമനാകിയദുർവ്വാസാവാം-
തപമിയലുംമുനി ഗോപുരദേശേ
സംഭ്രമമോടുംവന്നിഹ നിന്നോൻ;
അവനെവിരന്തടിതൊഴുതെതിരേൽക്കെ-
ന്നതുകേട്ടരചനുഴറേറാടെഴുനി-
ന്നവിടെയിരുന്നമുനീന്ദ്രനൊടിനി വൈ-
കാതുടനേ പോകെന്നു വിധിച്ചാൻ. 695

ആനവനത്രിതനുജനെയടിതൊഴു-
തഭിമതമെന്തരുളിച്ചെയ്യെന്നാൻ
താനതുകേട്ട മഹാമുനി ചൊന്നാൻ
സംവത്സരമായിരമൊരുപോലേ,
ഞാനനശനനായേ ദീക്ഷിച്ചേ
നരപതിയേയതിനിന്നവസാനം
ദീനതയുണ്ടിഹ പാരണചെയ്യാൻ
നീ തരികന്നമുഴറെറാടുമെന്നേ. 696

എന്നതുകേട്ടമഹീപതിയന്നമി-
തത്തൊടു മാമുനിപന്നു കൊടുത്താ-
നന്നതിനാലതിതൃപ്തനമായ് മുനി-
യാശീർവ്വാദംചെയ്തേ പോയാൻ;
കൊന്നുമുടിപ്പൻ നമ്മിൽപ്പുറവത്തു
ക്കൂട്ടംമുമ്പിവിടേ വരുവോർകളെ-
യെന്നുരചെയ്തേൻ മുന്നം മുനിവനൊ-
ടെന്നതുടൻ ചിന്തിച്ചാനരചൻ. 697

അമ്പിലകം മമ ലക്ഷ്മണനിന്നിത-
ണഞ്ഞിഹ നമ്മൊടു വന്നു പറഞ്ഞവ-
നെമ്പതിനാലവനെക്കൊലചെയ്യാ-
ണെന്നേ കഷ്ടം ചിന്തിക്കാമോ?
തുമ്പമിയററും സത്യം മറവതു
സുഖമല്ലായ്കയുമുണ്ടെന്നാൽ മ-
റെറമ്പരിതാപമിതിൽക്കാളില്ലെ-
ന്നിനകുലതിലകനുടൻ ഖേദിച്ചാൻ. 698

ആനനപങ്കജവുംതാഴ്ത്തരചനു-
മാധിമുഴത്തതിഖേദത്തോടേ
താനവിടേ മരുവുന്നതുകണ്ടതി-
സന്തോഷിച്ചു സുമിത്രാപുത്രൻ;
മാനിതനാകിയ ശ്രീരാമനെയടി-
മലർതൊഴുതുരചെയ്താനെന്നെപ്രതി
ദീനതയുണ്ടാകൊല്ലാ സത്യം
നീക്കായ്കിന്നതു തക്കതുമററും. 699

മുററുംനമ്മെയിനിക്കൊലചെയ്തേ
മുഖ്യതരാ! സത്യം പാലിച്ചരുൾ
മററിനിയെന്നിലൊരൻപുണ്ടെങ്കിൽ മ-
ടിക്കരുതേതുമിതെന്നുടനുടനേ,
പററലർകാലനിലക്ഷ്മണനന്നു പ-
റഞ്ഞതു കേട്ടകതാരഴിവുറേറ
കൊററവനായനരേന്ദ്രനമാത്യകു-
ലാചാര്യാദികരംതമ്മെ വിളിച്ചാൻ. 700

ആനവരോടറിയിച്ചാൻ നരപതി-
യാകുലമോടിയവസ്ഥകളെല്ലാം
താനതുകേട്ടവസിഷ്ഠമഹാമുനി
സകലവുമോർത്തരചനൊടറിയിച്ചാൻ;

മാനവവംശവരാ! ലക്ഷ്മണനെ വ-
ധംചെയ്തും പാലിക്ക പ്രതിജ്ഞയെ-
യാനതുചെയ്യായ്കിൽ പോം ധൎമ്മമ-
നന്തരമതിനാൽ മുടിയുമനന്തം. 701

മുടിവുജഗത്ത്രിതയത്തിനുമുണ്ടാം
മുററും നീ സത്യത്തെ മറുത്താ-
ലടവിയിൽനിന്നെയസത്യംവാരായ്-
വാനായ്‌വിട്ടാനല്ലോ താതൻ;
കടുകതിനാൽ മൃതനായാൻ താനും
കാണായ് പുത്രസ്നേഹമെവണ്ണം;
വടിവൊടുമുള്ളതു മാർമറെറന്നാൽ
മന്നാ! നീ സത്യത്തെ മറാതേ 702

ഏറെമനോഹരഭാൎയ്യാക്കളൊടുട-
നീടിയധാന്യധനാദികളോടും
വേറുപെടുംചിലനാളതു മുററും
വീരതരാ! ചിലകാലബലം കേൾ;
മാറിലയാമനുജസ്നേഹം തവ
മനസി തുലോമുണ്ടെന്നറിവുറേറ-
നേറെവിരന്തെന്നാലും പാലി-
ച്ചീടുക സത്യംതന്നെ നരേന്ദ്രാ! 703

നരവരനേ! ഇതു ചെയ്കെന്നവരവർ
നല്ലതറിഞ്ഞുരചെയ്തതു കേട്ടേ,
കരുതരുതാതളശോകത്തോടേ
കാകുൽസ്ഥൻതിരുവടി ശ്രീരാമൻ,
വാരികനുജാ! നിന്നെക്കൊലചെയ്തതു
വല്ലേനെന്നാലിന്നു കളഞ്ഞേ-
നൊരുപടി പോക കളഞ്ഞാൽ കൊന്നതി-
നൊക്കും നിശ്ചയമെന്നറിവുറേറൻ. 704

ഉററവനാകിയനിന്നെയുപേക്ഷി-
ച്ചുയിരോടേ ഞാൻ വാഴുന്നേ,നെ-
ന്നററമില്ലാതവിഷാദത്തോടുമ-
ശേഷജഗൽപതി ചൊൽവതുകേട്ടേ,
മുററിയസന്താപത്തോടവനെ മു-
തിർന്നടിതൊഴുതനുവാദംകൊണ്ടേ
മററു മഹാസരയൂനദിതങ്കരെ
മരുവി വസിച്ചാൻ ഭരതാനുജനും. 705

അനുചരരാമവരാരുംകൂടാ-
തവിടെച്ചെന്നുവിശുദ്ധാത്മാവാ-
യനുപമനായസുമിത്രാപുത്രന-
ടക്കിയുടൻ വായുക്കളെയകമേ,
ദിനപതിയോടെതിരാമൊളിവോടതു-
നേരമിരുന്നു,തറിഞ്ഞമരന്മാർ
മനസികനിഞ്ഞവന്റെമേലീടിയ-
മാമലർമാരിപൊഴിച്ചു പുകണ്ണാർ. 706

ആത്തികെട്ടപ്പതിനായമരേന്ദ്രനു-
മവിടെച്ചെന്നു സുമിത്രാപുത്രനെ
മാത്രയിലരിയവിമാനത്തിന്മേൽ
വൈകാതേ കരയേററിക്കൊണ്ടേ,
പേത്തമരുലകുപുകിന്നുവസിച്ചാൻ
പ്രീതന്മാരായാരമരന്മാ;-
രാത്ത്രിമുഴുത്തവിടെശ്ശ്രീരാമന-
മാത്യാദികളെ വിളിച്ചുപറഞ്ഞാൻ. 707

ഞാനിവിടേവാഴേനിളയോന്മമ
നന്മമികുത്തസുമിത്രാപുത്രൻ
വാനുലകംപുക്കാനിനി ഞാനും
വൈകാതവിടംപുക്കു വസിപ്പൻ;

DISTRIBUTING LIBRA[RY] No. KOTTAYAM

ദീനതകൂടാതേ ഭരതൻതാൻ
നൃപനായിവിടേ വാഴ്കെന്നതുകേ-
ട്ടാനതുകാലം പൗരജനങ്ങളു-
മനുജൻഭരതനുമവിടേ വീണ്ണാർ. 708

വീണടിതൊഴുതെഴുനിന്നേ ഭരതൻ
വീരതരൻകൗസല്യാസുതനൊടു
കേണറിയിച്ചാനെന്നൊടിവണ്ണം
കേവലമരുളിച്ചെയ്യതു പററാ;
താണമഹാനരകേ പൂകിലുമനു-
താപമൊഴിഞ്ഞമരകളുലകിൽപ്പോയ്-
വാണരുളുകിലുമടിയനോ നിന്തിരു-
വടിയൊടുവേറായെന്നും വാഴേൻ. 709

വാഴിച്ചരുളുക കുശലവരാകിയ-
ബാലകരിവർകളെ വേറോരോദിശി
വാഴിക്കരുതെന്നെത്തവ പിമ്പേ
വൈകാതേ ഞാൻ പോരുവനിപ്പോൾ;
കോഴച്ചുരയാ തവ ശത്രുഘ്നകു-
മാരനൊടിതുചൊൽകെന്നാൻ ഭരതൻ
മൂഴക്കപിവർ വന്നുളരായാർ
സുഗ്രീവാദികൾതാമതറിഞ്ഞേ. 710

അറിവിയലുന്നവിഭീഷണനാദിക-
ളായനിശാചരർതാമും വന്നാർ
കുറവിയലുന്നമഹാശോകം മനു-
കുലതിലകനുണ്ടായതറിഞ്ഞേ,
ഉറവിയലുംഭരതനുമായ് നരപതി-
യുററവരോടും പോമെന്നുള്ളതു
പറയരുതാതുളശോകത്തോടേ
പൗരന്മാർ വീണടിമലർ തൊഴുതാർ. 711

ആർത്തിമുഴുത്തിത പൗരജനാദികൾ-
ഉവനിയിൽവീണടിതൊഴുവതു പാരായ്;
പേർത്തിവർകൾക്കിടർപോക്കുകയെന്നേ
പിമ്പു വസിഷ്ഠനിയോഗത്താലേ,
കീർത്തിമികുത്തമഹീപതിയവരൊടു
കേട്ടാനഭിമതമെന്തറിയിക്കെ-
ന്നോർത്തവരുംചൊന്നാർ നിന്തിരുവടി-
യോടൊക്കെപ്പോരുന്നോമെന്നേ. 712

എന്നും നിന്നൊടുവേറായ് വാഴ്വാ-
നെങ്ങൾക്കാമോ കേവലമെന്നാ-
ലൊന്നിയപുത്രകളത്രാദികളൊടു-
മൊക്കെപ്പോരുവർ നാമിനിയെന്നേ,
അന്നവർ ചൊൽവതുകേട്ടു മഹീപതി-
യകമേയുണ്മകളെല്ലാമോർത്തേ-
യിന്നിതിവണ്ണം ചെയ്കെന്നളവവ-
രേവരുമതിനു മുതിർന്നുളരായാർ. 713

ആരണരേവരുമായേ കുശലവ-
രാമവർകൾക്കഭിഷേകമനന്തര-
മാരണർവിധിയാലേ ഭൂപാലന-
മഴകൊടുചെയ്വാൻ ചെയ്തുമുടിച്ചേ,
സാരതരൻ നരപതിധനരത്നസ-
മൂഹരഥാശ്വഗജാദികളെല്ലാം
ധീരതയോടവർകൾക്കു കൊടുത്തേ
ദീനതപോമാറാശ്ലേഷിച്ചാൻ. 714

ആനവനും തലമീതാഘ്രാണക-
മാദരവോടേ ചെയ്താനവർകളെ
മാനസതാരിൽ മഹീസുതയാകിയ-
മൈഥിലിതന്നെ നിനച്ചുനിനച്ചേ,

സേനകളോടും കോസലരാജ്യേ
സീതാതനയരിൽമുമ്പനെയുത്തര-
മാനമഹാരാജ്യേ ലവനെയു,മഴ-
കോടേ വാഴിച്ചാനവനീശൻ. 715

അൻപിലകംദൂതന്മാർ ചെന്നട-
നറിയിച്ചാർ ശത്രുഘ്നനൊടെല്ലാം
തുമ്പമിയന്നവനഖിലവുമകമേ
സൂക്ഷ്മവിചാരംകൊണ്ടറിവുറേറ.
തൻപ്രിയപുത്രന്മാരിരുവർക്കും,
ധനധാന്യാദികളെല്ലാംനൽകി,-
പ്പിമ്പവർകളെയോരോഭാഗത്തൊരു
പീഡവരാതവിടേ വാഴിച്ചാൻ. 716

അവിടെയവണ്ണംചെയ്തസുമിത്രാ-
ത്മജനുടനേ ദൂതരുമായ്വന്നി-
ങ്ങവനിപതീശ്വരനാകിയരാമനൊ-
ടറിയിച്ചാൻ താൻ ചെയ്തവയെല്ലാം;
ഇവിടെയിനിക്കൂടെപ്പോരുവനതി-
നെന്നെവിലക്കൊല്ലാ നിന്തിരുവടി-
യവശതയുണ്ടല്ലാലെന്നതുകേ-
ട്ടതുചെയ്യെന്നാൻ മനുകുലവരനും. 717

വരരാകിയവാനരരൊടു രാക്ഷസർ
മനുകുലതിലകനെ വന്നടിതൊഴുതേ
നരപാലകനേ! നിന്തിരുവടിയോടു
നാം കൂടെപ്പോരുന്നോമെന്നേ,
പരിതാപംപെരുതായുരചെയ്താർ,
പാർത്ഥിവനോടതുകാലത്തരചനു,-
മരികേ നിന്ന വിഭീഷണനൊടു നീ-
യറയാതെൻവചനം കേൾക്കെന്നാൻ. 718

എന്നും നീ രാക്ഷസകുലപതിയാ-
യിതമൊട്ടുലങ്കയിൽ വാഴേണം മ-
ററിന്നെന്നോടേക്കൂടെപ്പോരരു-
തിതിന്നു മറുത്തിനി നീ പറകൊല്ലാ;
നന്നേതാകിലുമിതുവിശ്വത്തിന്നു
നാശംവരുമളവും നീ വാഴ്കെ-
ന്നാരദവൊടുചൊന്നു മഹീപതി-
യരുളിച്ചെയ്താൻ മാരുതിയോടും. 719

മാരുതനന്ദനനേ! നി മുന്നം
മമ കഥകേട്ടാനന്ദിപ്പാനായ്
പാരിലനേകംനാൾ വാഴേണം
പരിചൊടുഞാനെന്നെന്നൊടിരന്നായ്;
ചേരുമിവണ്ണമിതാകെന്നന്നുര-
ചെയ്തേനിനിയതു പഴുതാക്കാതേ
വീരതരാ! വാണരുളെന്നാളും
വേണ്ടാ പോരുക നമ്മുടെപിമ്പേ. 720

ഏതൊരുജാതിയുമേ നീയും മ-
ററിനിയവിഭീഷണനും വാഴ്കെന്നും
തീതിയല്ലായെന്നരുളിച്ചെയ്തു ദി-
വാകരകുലപതിയായനരേന്ദ്രൻ,
ഖേദമൊഴിഞ്ഞിനിമററെല്ലാരും
കേവലമെന്നൊടുകൂടെപ്പോരിക;
വാധയിതിന്നില്ലെന്നതുകേട്ടേ
മനസി മഹാസുഖമായിതെവർക്കും. 721

ആയിതു രാത്രി പുലർന്നതുകാല-
ത്തരചൻ നിത്യാചാരംചെയ്തേ
തൂയവസിഷ്ഠനൊടഗ്നികൾതമ്മെ-
ച്ചൊൽപടി കൈക്കൊൾകെന്നതു കേട്ടേ,

തീയവരാതേ പലകർമ്മം ചെ-
യ്തു മഹാപ്രാസ്ഥാനികവിധിവഴി
നായകരുടെമുൻപവ കൈക്കൊണ്ടു ന-
ടന്നാർ ചിലർ, പിമ്പേ നരപതിയും. 722

ആർത്തിയൊഴിഞ്ഞേ കൂടെപ്പോയാ-
രവരവർ പുത്രകളത്രാദികളൊടു
കീർത്തിമികുന്നനുജന്മാർ നിശിചരർ
കേടിയലാവാനരവരർതാമും,
പാർത്തലമതിലവയോദ്ധ്യയിൽമേവിയ
പക്ഷികൾമൃഗജാതികളിവയാദികൾ
പാർത്ഥിവനോടേ കൂടെപ്പോയിതു
ഭാഗ്യമിയന്നു നമുക്കെന്നോർത്തേ. 723

എന്നുമിതെന്നി നമുക്കൊരുനല്ലതു-
മില്ലെന്നോർത്തു സമസ്തപ്രാണികൾ
ചെന്നു മഹീപതിയോടുംകൂടെ-
ച്ചെമ്മേ സരയൂതീരം പുക്കാർ;
അന്നഖിലേശ്വരനംബുജലോചന-
നാശ്രിതവത്സലനാദിപുരാനും
നിന്നൊരുനാലരനാഴികനേരം
നിതരാമേകാത്മാവേയായാൻ. 724

ആനതുകാലമനേകംപകലവ-
രവിടേ വന്നുദയംചെയ്തതുപോൽ
മാനിതമായ്മൂവുലകുനിറഞ്ഞമ-
ഹാതേജസ്സൊടു മനുകുലതിലകൻ,
താനവിടേ നിന്നളവുവിധാതാ
സകലജഗൽപതിസരസിജസംഭവ-
ന്നൂനമിലാതവിമാനാവലികളൊ-
ടവിടേ വന്നാനമരരുമായേ. 725

വന്നചതുർമ്മുഖനന്നു പുകണ്ണാൻ
 വൈഷ്ണവമാംതേജോമയമാകിയ
മന്നനെയഖിലവുമാംപരമാത്മാ-
 വായപുരാതനനച്യുതനേ! ജയ;
വന്നടിതൊഴുമവർകൾക്കെന്നാളും
 ബാധവരാസ്സാൻ വൈഷ്ണവലോകം-
തന്നെമുതിൻകൊടുപ്പവനേ! ജയ-
 തരുണാരുണപാദാംബുജനേ! ജയ. 726

അംബുജസംഭവനായെന്നെപ്പ-
 ണ്ടാദിയിൽ നിർമ്മിച്ചവനേ! ജയ ജയ;
സംഭ്രമമോടണയും മധുകൈടഭർ-
 തമ്മെമുതിൻജയിച്ചവനേ! ജയ;
പിൻപവനിയിലെന്നെക്കൊണ്ടേവം
 പ്രേത്ഥംനിർമ്മിപ്പിച്ചവനേ! ജയ
വൻപൊടു സംഹാരംചെയ്യതിനു മ-
 ഹേശ്വരനായുമിരുന്നവനേ! ജയ. 727

അവനിയിൽമേവുമധർമ്മമടക്കുമ-
 ശേഷജഗൽകാരണനേ! ജയ ജയ;
തവമിയലുന്നമഹാമുനിമാരക-
 താരിലമന്ദധരാപതിയേ! ജയ;
ഭവപരിതാപവിനാശന! ജയ ജയ
 പണ്ടമരക്കിടർതീർപ്പാനായേ-
യുവവിമികുംവേദങ്ങളെ മീൾവാ-
 നൊരുമത്സ്യാകൃതിയായവനേ! ജയ. 728

ജയ ജയ മന്ദരശൈലമുയർപ്പാൻ
 ചെമ്മേ കൂർമ്മവുമായവനേ! ജയ;
ഭയമിയലാതവനിയെ മീഴ്‌വാനായ്
 പന്നിയുടേ വടിവാനവനേ! ജയ;

ത്തുയർകെടെ നരസിംഹാകൃതിയായസു-
രേശഹിരണ്യാന്തകനേ! ജയ ജയ;
നയമൊടു വാമനനായ് മാബലിയൊടു
നാടുപറിച്ച നരോത്തമനേ! ജയ. 729

ജയ ജയ ഭാർഗ്ഗവരാമാകൃതിയായ്
ചെമ്മേമൂവെഴുതുട മുടിമന്നരെ
നയമിയലാതേ കൊന്നുദകക്രിയ
നലമൊടു ചെയ്ത മഹാത്മാവേ! ജയ;
ഭയകരനായദശാനനനെക്കൊല
പരിചൊടുചെയ്തങ്ങൾക്കിടർതീർപ്പാ-
നയർപുകഴോടിതുകാലം ഭാനുകു-
ലോദ്ഭവനായുളവായവനേ! ജയ. 730

അവനിയിൽ നീയേ മേൽനാളിലുമിനി-
യവതാരംചെയ്വായ് വസുദേവർ-
ക്കവവിമികുന്നതനൂജൻ യദുവം-
ശോദ്ഭവനായ്ബലഭദ്രൻതാനായ്,
അവനിളയവനായേ ശ്രീകൃഷ്ണനു-
മായ് നീതാനേയന്നുളനായി-
ങ്ങവനിയുടേ ഭാരം പുനരിരുവരു-
മായേ തീർത്തു ഭരിപ്പായ് മുററും. 731

മുററും ഖഡ്ഗിയുടേ വടിവായേ
മുഖ്യതരാ! നീയേ കലിയുഗമിതി-
നററംവരുവതുകാലം ഭൂമിയി-
ലവതാരംചെയ്തേങ്ങു നടന്നേ,
കുററമെഴുംനീചതചെയ്തവരെ-
ക്കൊന്നുമുടിപ്പാ മേലിലിവണ്ണം
മററുമൊരോവടിവായേ സകലം
വടിവൊടുകാപ്പവനേ! നീയെന്നും. 732

എന്നും വിശചശരീരൻ നീതാ-
നെന്നാലിതു ബത കാപ്പതു വിസ്മയ;-
മെന്നുമിവണ്ണമിതെന്നറിവാനരു-
തേവക്കും തവ നിഷ്കളരൂപം;
നന്നിവ്വരുംകാലം ഗുരുവരനായ്
നാനാഭേദഭ്രമവുമൊഴിച്ചിനി-
യൊന്നിതു സത്യം കാണെന്നൊരുവനൊ-
ട്ടുരചെയ്താലറിയാമവനകമേ. 733

അകമേ സവ്വശരീരങ്ങളിലുമ-
മന്നേകാത്മാവായ് മരുവീടിയ
സുഖരൂപന്താനന്നടിമലർതവ
ചൂടുമവന്നറിയാമഖിലേശാ!
വിഗതാശംകമിവണ്ണമതീവ വി-
രാജിതമായ്മരുവും തവ രൂപം
പുകഴ്ത്താനാരേ വല്ലഭമുള്ളവർ?
പുരുഷോത്തമ! പുണ്യാത്മാവേ! ജയ. 734

ജയ ജയ സൂർയ്യകുലോത്ഭവനായതി-
ചേതോഹരമാമാകൃതികൈക്കൊ-
ണ്ടുയർപുകഴോടിതുകാലം മേവുമു-
ദാരഗുണാകരനേ! ജഗദീശാ!;
കയൽമിഴിയാംമലർമാനിനി നിന്നെ-
ക്കനിവൊടു സേവിക്കുന്നോളെന്നാൽ
തുയരൊഴിവാനവളെസ്സേവിച്ചു സു-
രേന്ദ്രാദികളവരവരുഴലുന്നോർ. 735

അവരവരേ സന്തോഷിക്കുംപരി-
ചനുജന്മാരൊടുകൂടെയയോദ്ധ്യയി-
ലവനിപതീശചരനന്ദനനായ്വ-
ന്നവതാരംചെയ്തവനേ! ജയ ജയ;

ഭുവനഭയാപഹ! രാമാ സുരവധ
പൊലിവൊടുചെയ്യേ വിശ്വാമിത്ര-
ന്നവശതവാരാതേ യാഗത്തെയു-
മാദിയിലേ പാലിച്ചവനേ! ജയ. 736

അവനൊടുക്കൂടെപ്പോയേ വഴിയില-
ഹല്യാശാപം തീർത്തവനേ! ജയ;
ശിവനുടെവില്ലു വലിച്ചുമുറിച്ചേ
സീതാവല്ലഭനായവനേ! ജയ;
തവമിയലും മുനി ഭാർഗ്ഗവരാമൻ-
തന്നൊടെതിർത്തു ജയിച്ചവനേ! ജയ;
ശിവകരമായവയോദ്ധ്യാപുരിയിൽ
ചെന്നുപുകിന്തുവസിച്ചവനേ! ജയ. 737

അവനിയെവാഴ്‌വാനാരംഭിച്ചള-
വഭിഷേകത്തെ വിലക്കിയ മാതാ-
വവളെയുമടിതൊഴുതിതമൊടുസീതയു-
മനുജനുമായേ പോയവനേ! ജയ;
വിവശതയോടുമണഞ്ഞനിശാചര-
വധുവേയിടർചെയ്തതിനു ഖരാദിക-
ളവളുടെസോദരർ വന്നമർചെയ്തള-
വവർകളെയടയെക്കൊന്നവനേ! ജയ. 738

കൊന്നതറിഞ്ഞദശാനനവചനം-
കൊണ്ടൊരുപൊൻമാനായ് മാരീചനു-
മന്നടവിയിലരികേ വന്നതുക-
ണ്ടവനുടെപിമ്പേ പോയവനേ! ജയ;
നിന്നസുമിത്രാപുത്രൻ നീങ്ങിയ-
നേരം ജാനകിയെക്കൈക്കൊണ്ടേ
വെന്നിമികുത്തദശാസ്യൻ പോയതു
വേദനയോടറിവുററവനേ! ജയ. 739

അറിവിയലുന്നജടായു ചൊല്ലിയ-
വസ്ഥകളറിവുററവനേ! ജയ ജയ;
കുറവിയലാതവനുടെ ശേഷക്രിയ
ഗുണമൊട്ടു ചെയ്തുമുടിച്ചവനേ! ജയ;
മരുതല്യായവിരാധനുസമനായ്
വന്നമർചെയ്തകബന്ധനെയും കൊ-
ന്നരുതിവരുത്തിയവൻദുരിതത്തിനു
ചൊൽവഴിയേപോയവനേ! ജയ ജയ. 740

പോയഥ പമ്പാതീരം പുക്കേ
പുനരതിശോകമിയന്നവനേ! ജയ;
തീയകളത്രാദികളൊട്ടുചേൎന്നാൽ
തിന്മേ വരുവതിതെന്നെല്ലാൎക്കും
തീയവ വാരാതേയറിയിപ്പാൻ
ചെമ്മേ നീയതിഖേദിച്ചോ; തവ
മായയുടേബലമാരറിയുന്നവർ
മററുനിനക്കുണ്ടാമോ ഖേദം? 741

ആമളവുംവിരവൊട്ടു ഹനുമാനെ-
ക്കണ്ടവനോട്ടുംകൂടിയുടൻ പോയ്
തിമകെട്ടുംപടി സുഗ്രീവനുമായ്-
ച്ചെമ്മേ സഖ്യംചെയ്തവനേ! ജയ;
പോർമദമീട്ടുംവാലിയെ വെന്നേ
പൊലിവൊട്ടുസുഗ്രീവനെ വാഴിച്ചേ
മാമലമീതവിടെബ്ബ്രത ചാതുർ-
മാസ്യമിരുന്നനരോത്തമനേ! ജയ. 742

ഉത്തമരാകിയവാനരർതമ്മെയൊ-
രോദിശി സീതയെ നാടിക്കാണ്മാൻ
തത്ര വിധിച്ചദിവാകരതനയൻ-
തന്നൊടതീവമകിഴ്ന്നവനേ! ജയ;

ഭദ്രതരൻപവനാത്മജനമിതപ-
രാക്രമനായഹനുമാൻകൈയിൽ
ചിത്തമഴിഞ്ഞടയാളംനല്കിയ-
നുഗ്രഹവാക്കു കൊടുത്തവനേ! ജയ. 743

അവനഥ ജാംബവദാദികളൊടുഭ-
യാനകമാനബിലത്തൂടേ പോ-
യുപവിമികുത്തവിടെസ്സമ്പാതിയു-
രത്തു കേട്ടലയാഴി കടന്നേ,
അവനിസുതയ്ക്കടയാളംനല്കിയ-
രക്കരെവെന്നവിടംചുട്ടേ മീ-
ണ്ടുപവിയൊടും കണ്ടേൻ ദേവിയെയെ-
ന്നുരചെയ്തതു കേട്ടവനേ! ജയ ജയ. 744

അവനെയുമാശ്ലേഷിച്ചു മുടിച്ചൂ-
ഡാമണിയെക്കണ്ടുഴതവനേ! ജയ;
ശിവകരമായമുഹൂർത്തേ വാനര-
സേനയൊടുംനടകൊണ്ടവനേ' ജയ;
ഇവിടെനമുക്കിനി നീ വഴിനൽകുക-
യെന്നതിരന്നലയാഴിയുടേ കരെ-
യവശതയോടുംദർഭകൾമീതുട-
നഞ്ജലിയോടുകിടന്നവനേ! ജയ. 745

അവിടെമഹാംബുധിതാൻ വഴിനൽകാ-
ഞ്ഞതികോപത്തൊടുദിവ്യാസ്ത്രത്താ-
ലിവിടമുടൻ മരുഭൂമിയുമാക്കുവ-
നിനിയെന്നതിനു മുതിർന്നവനേ! ജയ;
അവശതയോടും വന്നു ജലേശ്വര-
നടിതൊഴുതസ്ത്രമിതെയ്യൊല്ലാ ഞാൻ
തവ വഴിനൽകുവ,നെന്നളവങ്ങൊരു-
ധരണിയിലസ്ത്രമതെയ്തവനേ! ജയ. 746

DISTRIBUTING LI...
No.........
KOTTAYAM.

ജയ നളനാദികപീന്ദ്രരിയററിയ
ചിറവഴീയേയലയാഴികടന്നതി-
ഭയകരരായനിശാചരർ മേവിയ-
ഭവനമമന്നമർച്ചെയ്തവനേ! ജയ;
തുയരെഴമാറവിടേ ധൂമ്രാക്ഷസു-
രാന്തകമേഘനിനാദാദികളൊട്ട
ഭയകർന്നാംദശമുഖനനുജനെയും
പടയൊട്ടക്രൂടെക്കൊന്നവനേ! ജയ. 747

കൊന്നുമുടിച്ചുദശാനനനെയുമൊരു
കുറവിയലാതലയാഴിയുടേ കരെ
നിന്നതുകാലം മുന്നേവന്നുനി-
രന്നവിഭീഷണനെക്കനിവാലേ,
ഇന്നിഹ നീ ലംകേശ്വരനായ്വാ-
ഴ്കെന്നവിടേവാഴിച്ചേ സീതയെ-
യന്നു വിശുദ്ധിവരുത്തുവതിന്നാ-
യഗ്നിയിലേപായിച്ചവനേ! ജയ. 748

അവനിയുടേ സുതയാമവളേതുമ-
ശുദ്ധതയുള്ളവളല്ലെന്നാൽ നീ-
യവളെയിനിക്കൈക്കൊൾകെന്നഗ്നിയു-
മമരകൾകോനയനെന്നിവർമുതലായ്
അവരവരേ ദേവാദികൾചൊന്നള-
വവളെക്കൈക്കൊണ്ടിളയവനോടും
ദിവിമരുവുംതാതനെയടിതൊഴുതേ
ദിവ്യവിമാനമമന്നവനേ! ജയ. 749

അമരുലകിനുസമമായഭരദ്വാ-
ജാശ്രമമെയ്തീയിരുന്നവനേ! ജയ;
ശ്രമമരുമാറതിന്നിടയേ വാർത്തകൾ
സീതയൊടറിയിച്ചവനേ! ജയ ജയ;

ശമനപുരംപൂകാതേ കാക്ക സ-
ദാഗതിതനയാ! നീ ഭരതനെയി-
ന്നമയുമിതെന്നായ് ഹനുമാനെപ്പുന
രരികിൽവിളിച്ചു വിധിച്ചവനേ! ജയ. 750

വിധിവഴിയേ നന്ദിഗ്രാമത്തിൽ വി-
രഞ്ഞുപുകുന്തനുജന്മാരോടും,
മതിനലമോടേ താപസവേഷം
മാററിയയോദ്ധ്യപുകുന്തവനേ! ജയ;
കതിരവനാത്മജനാദികൾ വാനരർ
കനിവിയലുന്നവിഭീഷണനാദിക-
ളിതവിയരാക്ഷസർ മാനുഷർതാമെ-
ന്നിവരോടവിടെയിരുന്നവനേ! ജയ. 751

ഇരുൾകുഴലാൾവൈദേഹിയുമായഭി-
ഷേകമിയന്നിതമോടുമയോദ്ധ്യയി-
ലരിമയൊഴിഞ്ഞു മഹീപരിപാലന-
മഴകൊടുചെയ്തുവസിച്ചവനേ! ജയ;
നിരുപമനായമുനീന്ദ്രൻചൊല്ലി നി-
ശാചരകുലവൃത്താന്തമറിഞ്ഞേ
പരിചൊടുയാത്രവിധിച്ചവരവരെ-
പ്പലനാളവിടേ വാണവനേ! ജയ. 752

അവനിയുടേ സുതയാകിയസീതയെ-
യപവാദംശങ്കിച്ചു കളഞ്ഞേ-
യവളുരുവം പൊന്നിൻപാവയു-
മായ് ഹയമേധാദികൾ ചെയ്തവനേ! ജയ;
തവമിയലുംമുനിമാരുടെപിമ്പേ
സഹസാ ശത്രുഘ്നനെ വിട്ടവരുടെ-
യവശതതീർപ്പാനായേ ലവണനെ-
യന്നു വധംചെയ്യിച്ചവനേ! ജയ. 753

അവനിയിലേ വൈദേഹി പുകുന്നത-
റിഞ്ഞുൾഖേദമിയന്നവനേ! ജയ;
ഉവവിയോടനുജരെയവരുടെസുതരെയു-
മോരോദിശിവാഴിച്ചവനേ! ജയ;
തവമിയലുംമുനിയാകിയകാലൻ-
തന്നോടേ മന്ത്രിച്ചവനന്തര-
മവ്വൎത്തയോട്ടു സുമിത്രാപുത്രനെ-
യന്നു കളഞ്ഞിടരുററവനേ! ജയ. 754

ജയ ജയ ശ്രീവാല്മീകിമഹാമുനി
ചെയ്തമഹാരാമായണകാവ്യം
നയമെഴകുശലവർ ഗാനംചെയ്യുതു
നാനാസുഖമൊട്ടുകേട്ടവനേ! ജയ;
ജയ സീതാസുതരാമവർതമ്മെ-
ച്ചേതതെളിഞ്ഞോരോദിശി വാഴി-
ച്ചുയർപുകഴോട്ടുമയോദ്ധ്യാവാസിക-
ളോട്ടുംവന്നിഹ നിന്നവനേ! ജയ. 755

ജയ ജയ കരുണാകരതരുണാരുണ-
ദിവ്യവിശാലവിലോചന! ജയ ജയ;
ഭയഹര! പാപവിനാശന! പാദപ-
രാഗപവിത്രിതലോകത്രയ! ജയ;
ജയ ജയ മരതകമണികിരണോജ്ജ്വല-
ദിവ്യശരീര!മനോഹര! ജയ ജയ;
ജയ ജയ നിഷ്കള! നിൎമ്മല! നിത്യ! നി-
രാകുലപരമാനന്ദ! നമസ്തേ. 756

ഏവമൊരുത്തരുരപ്പാർനിന്നോ-
ടിന്നേടം പൂകേണം നീയെ-
ന്നാവികുളിത്തിനി വേണ്ടിയലോകമ-
മന്നരുളെന്നയനരുളിച്ചെയ്താൻ;

കേവലമരചനമന്നവയെല്ലാം
കേട്ടഥ വൈഷ്ണവതേജോമയനായ്
പാവനമാമുടലോടേ വാനവർ-
ഭവനംപുക്കാനിളയവരോടും. 757

ഉമ്പർപുരംനൽകേണം നമ്മോ-
ടൊക്കെപ്പോന്നോർകൾക്കെല്ലാം നീ
സമ്പ്രതി ധാതാവേ! എന്നയനൊടു
സകലേശ്വരനരുൾചെയ്തതു കേട്ടേ,
എൻഭരമിതുസരയൂനദിതന്നിലി-
റങ്ങുക വന്ന സമസ്തജനങ്ങളു-
മിമ്പമിയന്നതിൽ മുഴുകി വിമാനവു-
മേറുകയെന്നയനരുളിച്ചെയ്താൻ. 758

അരുളൊടു വാനരർതമ്മെപ്പണ്ടു-
ണ്ടാക്കിയദേവകളോടൊന്നായി
നിരുപമസൗഖ്യംമേവുക മററിനി
നിൽപവരേവരുമിങ്ങിതുകാലം,
വിരവൊടുവാനലകെയ്തുകയെന്നു വി-
ധാതാവരുളിച്ചെയ്തതുകാല-
ത്തരിയമഹാനദിയാകിയസരയുവി-
ലവരവർ മുഴുകിയമർത്ത്യരുമായാർ. 759

ആരവിടേ മുഴുകിയതവരുടെയുട-
ലന്നദിയിൽപോം, മുഴുകിയെഴുമ്പോൾ
നീരുജരായമരത്വമിയന്നേ
ദിവ്യവിമാനവുമേറിപ്പോയാർ;
കാരുണികൻനരപതിയൊടുകൂടെ-
ക്കനിവൊടു പോയവരേവരുമേവം
ധീരതയോടതിൽ മുഴുകിയമർത്ത്യത
ചേർന്നു വിമാനവുമേറിപ്പോയാർ. 760

ഏറിയമാനുഷർ വാനരജാതിക-
ളെണ്ണില്ലാതളമൃഗപക്ഷികളും
വേറു പിപീലികജാതികൾപോലും
വീര്യമിയന്നനിശാചരർതാമും,
തേറി മുതിൻ വിമാനംതോറും
ദേവസമന്മാരായ് കരയേറി-
[illegible]ത്താതളസൗഖ്യത്തോടും-
കൂടവിടേ വാനുലകു പുകുന്താർ. 761

താരണിപാലകനാകിയരാമൻ-
തന്നെ മുതിൻ നിനപ്പവരും പോയ്
ചേരുമുദാരഗുണാകരമാകിയ
ദിവ്യമഹാസൽപദനിജലോകേ,
ചാരുതരാകൃതിയോടുമമന്നാ
താപമൊഴിഞ്ഞു ധരാപതിയുടെ പി-
മ്പാരവിടെച്ചെന്നവരവരെല്ലാം-
മമരന്മാരായതിസുഖമോടേ. 762

അതിസുഖമായ് വാനുലകു പുകുന്തവ-
നന്തരമിന്ദ്രാദികളഖിലേശനെ
മതിനലമൊടു പൂജിച്ചാരയനും
മററുമുനീന്ദ്രാദികളൊടുപോയാൻ;
കതിരവനോടെതിരാമൊളിവീടിയ
കമലാലയയാകിയജാനകിയൊടു-
മതുപൊഴുതരവണമേവിവസിച്ചാ-
നഖിലജഗൽപതി നാരായണനും. 763

നാരായണനാകിയശ്രീരാമന-
രേന്ദ്രനുടേവൃത്താന്തമിതോത്തേ
താരാർകുഴലാളായസരസ്വതി
കനിവൊടുമേവിയമുനികുലതിലകൻ,

വാരാകരസമമാമിടമീടിയ-
മനസാ ശ്രീവാല്മീകിയിയററിയ
ശ്രീരാമായണകാവ്യം കേൾപ്പവർ
ചെമ്മേ വാനലകെയ്യവരെല്ലാം. 764

വാനലകിനസമമാകിയ നിരണമ-
ഹാദേശേ താൻ വന്നുളനായാ-
നൂനമിലാതമഹാഗ്ഗുരുവരനാ-
യുഭയകവീശ്വരനായ മഹാത്മാ,
മാനിതനാകിയകരുണേശൻപര-
മാത്മാവേ താനെന്നറിവുറേറ,
ദീനതവാരാതേ മറേറാരോ
ദേഹികളെപ്പോൽ വാണ്ണാൻ പലനാം. 765

ആനവനിരുവർതന്നുജന്മാരുള-
രായാരവരുടെസോദരിമാരായ്
മാനിനിമാരൊരുമൂവർ പിറന്നാർ
മററതുകാലമവൻതിരുവടിയും,
താനടനേതന്നുടലൊടുവേറായ്-
ത്തനിയേ പരമാത്മാവേയായാ-
നാനവനോടെതിരായ്വിദ്യാധിപ-
രായാർ പുനരവനുടെതനയന്മാർ. 766

തനയന്മാരവരിരുവക്കസഹോ-
ദരിമാരാംമൂവക്കും മകനാ-
യനപമയായവരംമൂവരിലിളയവ-
ളാകിയമാനിനിപെററുളനായാൻ;
ഇനിയമഹാദേവാജ്ഞയിനാലേ-
യിതമൊട്ട വാലകനാകിയരാമൻ;
പുനരവനും നിജപാപംകളവാൻ
പുരുഷോത്തമകഥ ചൊൽകതുനിഞ്ഞാൻ. 767

ഞാനമിലാമൂഢാത്മാസകലമ-
റിഞ്ഞവരെപ്പോലേ ഭാവിച്ചേ
മാനിതമാകിയശ്രീരാമായണ-
മാകിയകാവ്യകഥാസംക്ഷേപം,
ദിനന്ത്യാ നിജഭാഷയിനാലേ
[illegible]നിതരാംമേവംചെയ്തുമുടിച്ചാൻ;
മാനിതരായമഹാജനമിതിനെ മ-
റുക്കൊല്ലാ ഞാനടിമലർ തൊഴുതേൻ. 768

അടിതൊഴുതെന്നുടെപാപംകളവാ-
നഖിലേശ്വരകഥ ഞാനിതു ചൊന്നേ,
പടുതരരായ്മൂലത്തെയറിഞ്ഞവർ
പറയാംദൂഷണമിന്നിതിനോത്താൽ;
ഉടനറിയാതജനംപറയുന്നതി-
നോത്താലാർ ബഹുമാനിക്കുന്നതു-
മുടനിതുകേൾപ്പവർകൾക്കൊന്നാലുമു-
പദ്രവമുണ്ടാകാ ഒരുനാളും. 769

ഒരുപടിശ്രീവാല്മീകിമുനീന്ദ്രനു-
രത്തമഹാകാവ്യം കണ്ടേനതു
നിരുപമമതിലില്ലാതകഥാദികൾ
നിശ്ചയമിതിൽഞാൻചൊല്ലീലേതും;
പെരിയമഹാകാവ്യമിതവണ്ണം
പേർത്തുരചെയ്യാനോ പണിയെന്നാൽ
വരഗുണനാകിയശ്രീരാമൻകഥ
ബാലന്മാരിതുകണ്ടറികെന്നേ. 770

എന്നും പുത്രകളത്രാദികളോ-
ടീടിയധനധാന്യാദികളോടും,
നന്നിമികുത്തു തുലോംനാളവനിയിൽ
നാനാസുഖമൊടു വാണവസാനേ
ചെന്നഥ വൈഷ്ണവലോകം ചേരുവർ
ശ്രീരാമായണമിതുതാൻചൊൽവവ-
രിന്നിതുകേട്ടാനന്ദിപ്പവരുമി-
തത്തൊടു ചേരുവർ പരമാനന്ദം. 771

സമാപ്തം.

# ടിപ്പണം.

പാട്ട്:—

1 പൊല്ലാ=ദുഷ്ടയായ. നല്ലാർ=സുന്ദരി. ഇതം=ഇഷ്ടം.

2 തേറി=അറിഞ്ഞ്. അംഗിരസാസഹ=അംഗിരസ്സോടൊന്നിച്ച്.

3 ഇതവിയ=ഇഷ്ടപ്പെട്ട. നലം=നന്മ. കതിരവൻ=സൂര്യൻ.

4 ഉള്ളർ=ഉള്ളവർ. വീണ്ണ=വീണ. ഈടിയ=ശക്തരായ.

5 എതിർക്കൊണ്ട്=എതിരേററ്. ചേതഃ=മനസ്സ്. ഇനിയ=നല്ല.

6 ധരണി=ഭൂമി. അനുഭാവം=മാഹാത്മ്യം. ഒളിർ=ശോഭ.

7 വെല്ലാകുന്നവൻ=ജയിക്കാൻ കഴിവുള്ളവൻ.

8 ഒവ്വാ=[illegible]. തീയ=ചീത്ത.

9 മകിഴ്ന്ത്=സന്തോഷിച്ച്. മികന്ത=മികച്ച. വിരന്ത്=വേഗത്തിൽ.

10 എന്നി=എന്നിയേ. അജൻ=ബ്രഹ്മാവ്. അരിയ=അസാമാന്യമായ.

11 ആദൌ=ആദിയിൽ ഉളൻ=ഉണ്ടായവൻ. കാണാ=നീ കണ്ടാലും.

12 കലവ്=കുറച്ചിൽ. കൂറിനൻ=പറഞ്ഞു. ഉലവ്=ഇളക്കം.

13 ഇളച്ചാർ=വെടിഞ്ഞു. ഇനിയ=വിശേഷപ്പെട്ട. എനം=എന്ന.

14 പൂവിലയൻ=ബ്രഹ്മാവ്. താർവിശിഖൻ=കാമൻ.

15 പുകന്നാൻ=പറഞ്ഞു. നോയ്=വേദന. വിരന്ത്=വേഗത്തിൽ.

17 ചെയ്=ചെയ്ത. എയ്തിയ=എത്തിയ. തടവാ=തൊടാത്ത.

18 വെന്നി=ജയം. ആകി=ആയി. നന്നി=നന്മ.

19 ഇതവിയ=ഇഷ്ടപ്പെട്ട. ഇതം=ഹിതം. വളർ=വളർന്ന.

22 മാറിലയാത=മാററം (എതിര്) ഇല്ലാത്ത

23 അൻറു=അന്ന്. അറിയായ്=നീ അറിഞ്ഞാലും. എൻറു=എന്ന്.
വെൻറി=ജയം. വേണ്ടിക്കൊണ്ട=വാങ്ങിക്കൊണ്ട.

24 നൻറി=നന്മ. ആമിടം=പററിയസ്ഥലം. വേണ്ടുകയുണ്ട്=വേണം.

27 എൻറാ=എന്നുപറഞ്ഞ. നമ്പുകഴ്=സൽകീർത്തി.

28 അല്ലാൽ=അല്ലാതെ. അറിയേൻ=ഞാൻ അറിയുന്നില്ല.

29 അറിയേൻ=ഞാൻഅറിയുന്നില്ല. അറിവോയാക=നീ അറിഞ്ഞാലും.

30 അയൻ=ബ്രഹ്മാവ്. ഇയൻറ=ഇയന്ന. രക്ഷ്യതാം=രക്ഷിക്കപ്പെട്ടാലും

31 രക്ഷ്യാമോ വയം=ഞങ്ങൾ രക്ഷിക്കാം. യക്ഷ്യാമോ വയം=ഞങ്ങൾ
യക്ഷിക്കാം. ഒണ്മ=സത്യം.

32 അരുൾ=ദയ. നിരുപമർ=അതുല്യർ.

35 മലമാതുമ=പാർവ്വതി. പിറ=ചന്ദ്രക്കല. ചടയൻ=ശിവൻ. മിറഡൻ
(മൃഡൻ)=ശിവൻ. അഴന്ത്=കരഞ്ഞ്.

36 ഉമമാത്=പാർവ്വതി. നീരുജൻ=അരോഗി. നിഷേകം=ഗർഭധാരണം.

40 നിനന്ത്=വിചാരിച്ച്. നാടുകിൽ=അന്വേഷിക്കിൽ.

41 ഉരത്താൻ=പറഞ്ഞു. തൂയ=ശുദ്ധിയുള്ള.

42 അമർ=യുദ്ധം ഏകിയ=പറഞ്ഞ. ചാലം(ജാലം=സംഘം.

44 മീത്=മുകളിൽ. നന്നി=നന്മ. മികും=നിറഞ്ഞ. എയ്യുക=എത്തുക.

45 ഈടിയ=ബലമുള്ള. ഉത്തിരം=ഉത്രം.

46 മാല്യവതൻ=മാല്യവാന്റെ. കൃശത=കുറവ്.

47 ഉപവി=സാമർത്ഥ്യം. മികുത്ത=വർദ്ധിച്ച.

48 മേദുരൻ=തടിയൻ. തദനു=പിന്നീട്. ഉളർ=ഉണ്ടായവർ.

49 തൂയവൻ=ശുദ്ധൻ. തുലവിയലാ=നാശമില്ലാത്ത. തേറി=മുന്നിട്ട്.
50 ഇടർ=ദുഃഖം. കടുകെ=ഉടനേ. എയ്ത്=ചെന്നു്.
51 രുദ്രോഹം=ഞാൻ ശിവനാകുന്നു. കരുതിനാർ=വിചാരിച്ചു.
52 ആമളം=കഴിയുംവണ്ണം. തീമ=തിന്മ. സോമൻ=ശിവൻ.
54 ആർകലി=ഇളകുന്ന സമുദ്രം. അരവണം=പാമ്പ്. ആകം=ഉള്ള്.
55 കാരാർ=കാറുപോലെസുന്ദരം. ഉട=ഉള്ള. അല്ലാൽ=അല്ലാതേ.
56 അമർ=പോർ. ഉയിർകൊണ്ട=കൊന്നു.
60 അനത്തു്=എല്ലാം. തിരു(ശ്രീ)=ലക്ഷ്മി.
61 അന്ന=അങ്ങിനെയുള്ള. ഉറുക=ഉറപ്പിക്കുക.
67 ആനതുകാലം=അക്കാലം. എന്നം=എന്നവണ്ണം. ഉരുവി=പറഞ്ഞു.
68 കലി=സമുദ്രം. വാളി=ബാണം. കുലയുക=വിറയ്ക്കുക.
71 ഏറെയ്താൻ=ഏറെ+എയ്താൻ. അമയും=അടങ്ങും.
73 പോതു്=സമയത്തു്. ആവലി=കൂട്ടം. മുന്നോൻ=മുൻപൻ.
74 നരക്=നരകം. ഇവെല്ലാം=ഇവ+എല്ലാം.
76 അമിണ്ണളവു്=മറച്ചപ്പോൾ. മുനിന്തു്=കോപിച്ചു്. വാധ=ബാധ.
78 താരണി=പൂ(മാല)അണിഞ്ഞ. ചിനം=കോപം. ആർ=വർദ്ധിച്ച.
79 കോമാൻ=നായകൻ. പുണ്ഡരീകം=താമര.
80 പുകിന്തു്=പുക്കു്. ഉയിർകൊൾവാൻ=വധിക്കാൻ.
81 എല്ല=അതിരു്. ഏവം=ഇങ്ങിനെ. തത്ര=അവിടെ.
82 രുചാ=ശോഭയോടേ. വിരന്തു്=വേഗത്തിൽ.
83 ഉളൾ=ഉണ്ടായവൾ.
84 കാണായ്=നീ കണ്ടാലും. ഇനജാതികൾ=സ്വവർഗ്ഗക്കാർ. പൂണാരണി=ആഭരണമണിഞ്ഞ. പുർഷ=പുരുഷ.
85 ഇതവിയ=നല്ല. മികം=മികച്ച(വർദ്ധിച്ച) ഉട=ഉടയ.
86 വാരാതേ=വരാതേ. പുകുന്താൽ=പ്രാപിച്ചാൽ. വാധ=ഉപദ്രവം.
87 ഇതാം=ഇതു് ആകാം. എയ്തി=ചെന്നു്. ഉപാസന=വ്രതാനുഷ്ഠാനം.
89 പുകണ്ണു്=പറഞ്ഞു്. ഇരുൾകുഴലാൾ=കാർവേണി.
90 ഒന്നാർ=ശത്രുക്കൾ. മകിഴ്ന്തു്=സന്തോഷിച്ചു്.
91 ദാരുണം=രൂക്ഷം. എതിർ=തുല്യം. അടാ=പാറാ(ശരിയല്ല)
92 ഉളനാം=ജനിക്കും. എന്നാൽ=എന്നതിനാൽ. ഇളയ്ക്ക=കുറയ്ക്കുക.
93 തീയെനമാറ്=അഗ്നിതുല്യം. ദംഷ്ട്ര=വീരപ്പല്ല്. തോയദം=മേഘം.
94 അനത്തും=എല്ലാം. ഉളൾ=ഉണ്ടായവൾ.
95 ആന=ആയ. പീഡിച്ചു്=പീഡിപ്പിച്ചു്
96 ഒന്നിയ=ചേന്ന. നാടുകിൽ=വിചാരിച്ചാൽ.
99 അഞ്ജലി=തൊഴുകൈ. ഇമ്പം=ആനന്ദം. മകിഴ്വു്=ആനന്ദം.
101 തവം(തപം)=തപസ്സ്. ആവൻ=ആകും.
102 ഇന്നി=എന്നിയേ. കൊടു്=കൊണ്ടു്. അദ്ധ്യവസിച്ചു=ഒരുങ്ങി.
104 ഏകിയ=കൊടുത്ത. നല്ലാ!=നല്ലവനേ!
105 ഏകിയ=പറഞ്ഞ. ഉളവായന=ഉണ്ടായി. തീതു്=തിന്മ.
107 എന്നി=അല്ലാതെ. ആക=ഭവിക്കട്ടെ. അഘവാൻ=പാപി.
108 ഒന്നി=യോജിച്ചു്. ഒല്ലാ=കൊള്ളരുതാത്ത.
109 താരാർനന്ദന!=ബ്രഹ്മാവേ! വാരാസ്സ്വാർ=വരാനാഗ്രഹിക്കാത്തവർ.
110 നയവിദൻ=നയജ്ഞൻ. ജിഹ്വാഗ്രേ=നാക്കറ്റത്തു്. തുയർ=പിഴ.

111 കാരണി=ഹേതുഭൂത. ചിത്തേ=മനസ്സിൽ. ആവേശിച്ചു=പ്രാപിച്ചു.
114 തകി=ആശ്രയിച്ച്. അർഭേ!=രാജാവേ! വാണ്ണാർ=വാണാർ.
115 താണ്ണാർ=താണാർ (അധഃപതിച്ചു) ആലംവട്ടു=ഭരിക്കുന്നതു്.
117 തേറായ്=നീ ധരിച്ചാലും. സുതരാം=ധാരാളം.
119 മീളുക=വീണ്ടും വരുക. അടാ=പാറാ.
120 ആയ്ന്തു=ആയതു്. നാട്ടുകിൽ=ചിന്തിക്കിൽ.
121 ഏകുക=പറയുക. നന്നികൊൾ=ഗുണമുള്ള.
122 മാറിലയാ=എതിരില്ലാത്ത. തേറിയ=വർദ്ധിച്ച.
126 പോനാൾ=അവൾ പോയി. തനയാൾ=മകൾ. ഏനാം=ഇവളെ.
127 ഒട്ടലർ=ശത്രുക്കൾ. പൗത്രൻ=മകന്റെ മകൻ.
129 ജാമാതാവു്=മകളുടെ ഭർത്താവു്. പട്ടതു=പ്രയോഗിച്ചതു്.
130 ദൗഹിത്രി=മകളുടെ മകൾ.
132 തുയിൽ=ഉറക്കം. സമ്പ്രതി=ഇപ്പോൾ.
135 ഇകണ്ണാ=നീ നിന്ദിച്ചു. അഴിച്ചാൻ=നശിപ്പിച്ചു.
136 രൗദ്രം=രുദ്രസംബന്ധി. പനിമല=ഹിമവാൻ.
137 ആവി=ആത്മാവു്. കനിന്തു്=കനിഞ്ഞു്.
140 ഒന്നിയ=ചേന്ന. ഓരായ്=ധരിച്ചാലും.
141 ഇനം=ഇനിയും. തൂയ=ശുദ്ധിയുള്ള.
142 ഈടാൾ=ഈടാളുന്ന (ശക്തിയുള്ള) ദിഗംബരൻ=നഗ്നൻ.
143 ചിനം=കോപം. അദ്ധ്യവസിക്ക=ഉറയ്ക്കുക.
144 ക്രൂറുക=പറയുക. ഉദക്=വടക്കു്. ആശ=ദിക്കു്.
146 അണ്ടർ=ദേവന്മാർ. കിടയ്ക്കുക=എതിരിടുക.
146 കുലഞ്ഞു=തലർന്നു. അമർ=യുദ്ധം. അരിശം=കോപം.
152 എറവുക=പ്രഹരിക്ക. തറച്ചു=അടിച്ചു.
155 തകാതതു=പാറാത്തതു്. നീശൻ=നീചൻ.
156 മെയ്യേ=സത്യംതന്നെ. പാപംമേവുവർ=പാപികൾ.
158 കാരിയം=കാര്യം. ഒന്നറിയാ=ഒന്നുംഅറിയാത്ത. പുകന്നു=പറഞ്ഞു.
159 തുലയാതേ=ശക്തിയായി. പുകണ്ണാർ=പ്രശംസിച്ചു.
161 ആനന്ദനം=ശുശ്രൂഷ. തദനു=ഉടനേ.
165 കീശാകൃതി=വാനരരൂപം. തറയ്ക്കുക=അടിക്കുക.
166 ഇകണ്ണാൻ=നിന്ദിച്ചു. ചേയ്യേൻ=ചെയ്കയില്ല. നശിച്ചാ=നശിച്ചു. വാണാൾ=ജീവിതകാലം.
169 ഹാട...ധരൻ=മേരുവിനെ വില്ലായി ധരിച്ചവൻ. ചൂട്ടമവർ=ഭജിപ്പവർ. തുലയാ=അഴിവില്ലാത്ത. നീട്ടയർ=നീണ്ടുയന്ന.
170 കട്ടുകെ=ഉടക്കന. പട്ടമല=നശിക്കത്തക്കവണ്ണം.
172 രാവം=ശബ്ദം. അറയാതേ=സങ്കോചംകൂടാതെ.
175 വാന്ധവർ=ബന്ധുക്കൾ. പാരാ=നീ നോക്കു.
180 അയുഗശരാതുരൻ=കാമവിവശൻ. ഇരിയേൻ=ഇരിക്കയില്ല. തവം=തപം (തപസ്സ്). ഇന്നം=ഇനിയും.
184 കൃകലാസം=ഓന്തു്. നാടി=വിരഞ്ഞു്, വേഗത്തിൽ.
185 മുനിന്തു്=കോപിച്ചു്. ക്രുറിനൻ=പറഞ്ഞു.
186 ചെയ്യാർ=ചെയ്കയില്ല. പറിച്ച=അപഹരിച്ച.
190 പുകിന്താർ=പ്രവേശിച്ചു. മേചകം=കറുത്ത. ഉരത്താൻ=പറഞ്ഞു.

191 ഉവവി=ഭംഗി. അവണ്ണം=അങ്ങിനെ. അണയെ=അടുക്കൽ.
192 തേറ്=അറിഞ്ഞു. എയ്തുമവർ=എത്തുന്നവർ. ഇനം=ഇനിയും.
195 അജാണ്ഡം=ബ്രഹ്മകല്പന. മികന്ത=നിറഞ്ഞ.
201 പോന=പോയ. ആനതുകാലം=അക്കാലത്ത്.
202 ആയതം=വലുത്. തോയ(ം)=വെള്ളം. കര=കരയിൽ.
203 വാനിമ്പമെഴുംനദി=സ്വർഗ്ഗംഗ. ധൂമ്രാക്ഷൻ=ധൂമ്രാക്ഷൻ.
204 ക്രിയവാറ്=പറഞ്ഞയളവ്. വേർ=വേറെ.
205 വാലുക...വേദി=മണൽത്തറ. വൈത്ത=വച്ച. ശരൺ=ശരണം.
207 താഴ്നെറി=കീഴോട്ട്. ആന=ആയ.
208 വിളമ്പിയ=പറഞ്ഞ. പടിഞ്ഞായിറ്=പടിഞ്ഞാറ്.
210 മുകുൾ=മുകുളം (മൊട്ട്, കൊററവൻ=രാജാവ്.
211 പിറ=ചന്ദ്രക്കല. നുതൽ=നെററി. ഉറവ്=ഭക്തി.
212 വിരഞ്ഞ്=വേഗത്തിൽ. അണ്ടർപുരാൻ=ദേവേന്ദ്രൻ.
213 ഇളയ്ക്കുക=ഒഴിവാക്കുക. നേർത്ത്=നേരിട്ട്. ഉയിർകൊണ്ട്=കൊന്നു.
215 വാനോരൊളി=ദിവ്യശോഭ. മുസലം=ഉലക്ക.
216 ഇഴക്കി=തട്ടിനീക്കി. എററിയതു=അടിച്ചതു്.
217 ദശശതം=ആയിരം. നിറന്ന്=തെളിഞ്ഞു്.
218 അടൽമന്ന്=യുദ്ധഭൂമി. നേരലർ=ശത്രുക്കൾ.
219 മട്ടലർ=തേൻപൂവ്. കറുത്ത്=കോപിച്ച്.
221 ഉവന്ത്=സന്തോഷിച്ച്. ഉഴററാട്=ബദ്ധപ്പെട്ട്.
225 പോയവനന്തരം=പോയ+അനന്തരം=പോയശേഷം. ചെയ്യേൻ=
ചെയ്കയില്ല. അറിവോയാക=അറിഞ്ഞാലും.
227 മേവി=ചെന്നിട്ട്. വൈതുവിളിക്ക=പോരിനുവിളിക്ക.
228 അമയും=ആകും. അല്ലാത=അല്ലാതെ.
231 ഇയമ്പുക=പറയുക. രുചാ=ശോഭയാൽ.
232 പുവി=ഭൂമിയിൽ. എന്നം=എന്നവണ്ണം.
234 മകിഴ്ന്താർ=സന്തോഷിച്ചു. താവിയ=ചാടിയ. വീണ്ണാൻ=വീണു.
238 വീറിലകും=പെരുമയുള്ള. നേരാർ=എതിരാളികൾ.
239 തികൾ=നിറഞ്ഞ. കരുതായ്=നീ കരുതുക.
246 ഒണ്മ=സത്യം. മാറിലയാത=എതിരില്ലാത്ത.
251 ഇനതനയാ!=സൂര്യപുത്രാ! (കാലാ!) വെന്നി=ജയം. എററ്=അടി.
252 നിറമാമതി=പൂർണ്ണചന്ദ്രൻ. ആന=ആയ.
254 കവർവമ്പാൽ=കവരമുള്ള ബാണത്താൽ.
255 ആഴവോർ=കരയുന്നവർ. പട്ടമള=ചാവത്തക്കവണ്ണം. ഉവർ=ഉപ്പ്.
256 ചോരി......കുടിപ്പോർ=രക്തം മോന്തിക്കുടിക്കുന്നവർ.
258 വാളി=ബാണം. തേർ=അറിഞ്ഞാലും. ഉള=ഉണ്ടു.
259 മുറ=വിലാപം. ചലം=ജലം. പരുകി=കുടിച്ച്.
260 മൂത്തീടുന്ന=മൂർച്ചയുള്ള. കവരുക=ഇറുക്കിപ്പിടിക്കുക.
261 യാതനകൾ=ദുരിതാനുഭവങ്ങൾ. ക്രൂരുതാതള=പറയാൻ കഴിയാ
ത്തളവിൽ.
262 ഒരുപാട്=ഒരു ഭാഗത്ത്. വണ്ടാർകുഴൽമാർ=സുന്ദരികൾ.
266 കിടച്ചാൻ=ഏററുമുട്ടി. മികു=വർദ്ധിച്ച. ഒലി=നാദം.
267 കാർവാൻ=കാനെന്റുക്കാൻ (നശിപ്പിക്കാൻ.)

268 ശിംശപം=അശോകം. വിട്ടുവിടേൻ=വിട്ടിടുകയില്ല. വാളി=അമ്പ്.
271 ഉയർമുൽഗ്ഗരം=വലിയ മുസത്തടി. ആന=ആകുന്ന.
278 അയത്നം=എളുപ്പം. വിടു+ഇനു+ഇതിന് എന്നും.
281 കേട്ടായ്=നീ കേട്ടാലും. ഇഴക്കം=കുറവ്. ഒഴിന്തു്=ഒഴിഞ്ഞു.
284 ഏതം=ദുഃഖം. ചേതഃ=മനസ്സ്. ഇനിയ=വിശേഷപ്പെട്ട.
286 നൊന്തു=വരിച്ചു. തമ്മുക്ക്=തങ്ങൾക്ക്.
288 വിരുന്തു്=വിരഞ്ഞു (വേഗത്തിൽ). വീറ്=വൻപു് (പ്രതാപം)
289 പരവ=കടൽ. കിടച്ചു=യുദ്ധംചെയ്തു.
294 വേരി=തേൻ. മേവി=കരുതി. വീറു=പ്രഭാവം.
296 മരിയാൻ=മരിച്ചാൻ. മടവർ=സുന്ദരികൾ.
298 വാർപൊഴിൽ=അഴകേറിയ. നാടി=അന്വേഷിച്ചു്.
300 ഏതം=കുറവ്. എന=എന്ന്. തീയവ=നൃശംസകൾ.
302 പോതു്=സമയം. നന്നി=നന്മ. ആരുയിർ=പ്രിയജീവൻ.
304 എല്ലൈ=അതിര്, അന്ത്യം. മൊഴിന്താൻ=പറഞ്ഞു.
305 നംകുലം=നമ്മുടെ വംശം. എന്നി=കൂടാതെ.
306 ചരതം=സത്യം. തേറായ്=നീ ധരിച്ചാലും. ഉളർ=ജനിച്ചവർ.
309 ഏകിയ=കല്പിച്ച. എയ്തി=ചെന്ന്.
311 മൽഭുയൻ=കയ്യൂക്കുള്ളവൻ. പററലർ=ശത്രുക്കൾ.
312 ഉയർകൈലം=ഉയന്ന കൈലാസം. പൊഴിൽ=പൊയ്ക.
315 കഞ്ജം=താമര. ഉള=ഉള്ള. കണ്ടലം=കൺ+തലം=കൺപ്രദേശം.
316 ആകം=മനസ്സ്. അടാതതു=പററാത്തതു്.
317 തുമ്പം=സങ്കടം. ഉലഞ്ഞു്=ആടി. വിണ്ടു്=പിളന്ന്.
320 കാറനിനമേനിയൻ=മേഘവർണ്ണൻ. പുരാൻ=നാഥൻ.
322 മറുതല=എതിരാളി. പട്ടു=നശിച്ചു.
329 നീടാർ=ശക്തിയേറിയ. ശില (ചില)=വില്ല്.
330 ഒന്നലർ=ശത്രുക്കൾ. എന്നാതേ=എന്നില്ലാതെ.
332 ചിനം=കോപം. ജലേശൻ=വരുണൻ. കടവീടിനാൻ=ചെലുത്തി.
334 മീണ്ടു്=തിരിയെ. രാവണി=മേഘനാദൻ. നേത്തു്=നേരിട്ടു്.
338 പുകുന്താൻ=പ്രവേശിച്ചു്. പിതാമഹൻ=ബ്രഹ്മാവ്. ചോല=ജലം.
339 ആരഴൽ=വരിച്ച സങ്കടം. എങ്കയാൽ=എന്നതിനാൽ.
342 ഉന്തുക=ഉറപ്പിക്കുക.
346 ഉഷഃകാലേ=പ്രഭാതത്തിൽ. കാതൽ=ജീവൻ.
347 പിറർ=പുറമേനിന്നു വന്നവർ. ഇയററി=നിർവ്വഹിച്ചു്.
349 ഉപാജിത്ത്=യുദ്ധാജിത്തു്. പണിന്തു്=വിഷമിച്ചു്.
351 ഉവന്തു്=സന്തോഷിച്ചു്. ഇരണ്ടു്=രണ്ടു്.
353 എല്ലയിൽ=ഒടുവിൽ. ചെന്തിരുമാതു്=ലക്ഷ്മി.
355 ഇയമ്പി=പറഞ്ഞു്. മററ്=എന്നിട്ടു്. ഏർ=ഏറെ.
358 തൂയ=നേരിയ. പുണന്തു്=തടവി. പങ്കജകൈലവാസികൾ=ബ്ര
ഹ്മാവും ശിവനും. ചൈത്രരഥം=അളകോദ്യാനം. പൊഴി=ഉദ്യാനം.
359 ആരണം=വേദം. ഉള്ളവർ=ഉള്ളവർ. മുടിത്തു്=മുടിച്ചു്.
367 പുകണ്ണും ഇകണ്ണും=സ്തുതിച്ചും നിന്ദിച്ചും.
368 ഒല്ലാ=ശരിയല്ല. വർഷം=വത്സരം.
379 മാറാപതിപ്പ്=മാറാത്തവണ്ണം. മാവളം=മാവേളം.

389 ഈറു്=അതിരു്. ഇലയാത=ഇല്ലാത്ത. ഇനകുലം=സൂര്യകുലം.
406 ഉവന്നു്=സന്തോഷിച്ചു്. നൽവരവു്=സ്വാഗതം. കാരാർകുഴൽ=കാർവേണി (സുന്ദരി).
409 ഇരക്കം=അനുകമ്പ. അയോദ്ധ്യായാം=അയോദ്ധ്യയിലേയ്ക്കു്.
423 നല്ലാൻ=നല്ലവൻ. ചൊല്ലാർ=കീർത്തിയുള്ള.
425 ഗവാം=പശുക്കളുടെ. വളരായ്=വർദ്ധിച്ചു്.
433 നിലയോ=ശരിയോ? തദ്=അപ്പോൾ. ഇയററു്=ചെയ്തു.
438 ആവി=ഹൃദയം. പാവനം=ശുഭം. ഇയററി=നിർമ്മിച്ചു്.
461 ദ്വാരപൻ=ദ്വാരപാലൻ. കുറിനൻ=പറഞ്ഞു. കുലവാർ=കുലീനർ.
466 ആനവൻ=എന്നവൻ. വളരാമതി=ബാലചന്ദ്രൻ. മലമാതു്=പാർവ്വതി.
479 നററാമര=നല്ലതാമര. പററാർകുലം=ശത്രുവർഗ്ഗം.
487 എൺപുവലംചെയ്തു്=എട്ടുവലംവച്ചു്. നമ്മെ=തങ്ങളെ.
499 ഉരതി=ഐശ്വര്യം. ഉറവു്=വാത്സല്യം. ഉദയേ=കാലത്തു്.
507 മൊഴിവതു=പറയുന്നതു. മിക്ക=മികച്ച. ഇയററി=ചെയ്തു്.
508 മദ്ധ്യഹ്നേ=ഉച്ചയ്ക്കു്. ആനവൻ=അയവൻ. നറുങ്ങു്=അല്പം.
513 വിടേൻ=വിടുകില്ല. കുലയാതെ=പതറാതെ. ഒന്നാകിൽ=ഓർത്താൽ.
514 തുയിർകൊളാവാൻ=ജീവനെടുക്കാൻ. തകാതു്=തക്കതല്ലാത്തതു്.
515 ഇകഴാതെ=നിന്ദിക്കാതെ. എകിറു്=വീരപ്പല്ലു് (ദംഷ്ട്ര).
523 മേൽ=ദേഹത്തു്. വാർധി=കടൽ. പൂണി=ആവനാഴി.
531 കടവീടിന=ഉണ്ടാക്കുന്ന. നികർ=തുല്യം. ഇളകാമൽ=ഇളകാതെ.
540 നററവർ=ശ്രേഷ്ഠതാപസർ. ഉരത്തു്=പറഞ്ഞു്. മുറ=നിലവിളി.
572 എന്നി=അല്ലാതെ. അടാതതു്=തെററു്. ഉപരോധം=ബലാല്ക്കാരം.
574 കെട്ടുക=മുടിയുക. തങ്ങിന=പാർത്ത. ഏകി=പറഞ്ഞു.
589 എന്നാൽ=എന്നതിനാൽ. മുതിന്നു്=ഒരുങ്ങി. തകാ=പററുകയില്ല.
598 പുകണ്ണാൻ=സ്തുതിച്ചു. ജയ=ജയിച്ചാലും. ആലം=വിഷം.
601 എജ്വാ(യജ്വാ)=യാഗകർത്താവു്. കവല=ഭ്രമം. ശീതാംശു=ചന്ദ്രൻ.
604 തുടിയിടയാൾ=തുടിപോലെ മദ്ധ്യമുള്ളവൾ (കൃശോദരി).
611 അവലാഭാവം=സ്ത്രീത്വം. പുംഭാവം=പുരുഷത്വം. മുതിന്നു=വേഗം.
619 നകർ=എതിർ. വാനം=സ്വർഗ്ഗം. ഇലയാ=ഇല്ലാത്ത.
639 മറുവറുമാറു്=കളങ്കം നശിക്കത്തക്കവണ്ണം. ഉറവു്=ബന്ധുഭാവം.
651 കുലയാ=ഇളക്കമില്ലാത്ത. അലിവു്=അനുകമ്പ.
655 മെന്നടയാൾ=മന്ദം സഞ്ചരിക്കുന്നവൾ. വാഴാ=വാഴുകയില്ല.
670 ആരേനാർകളെ=അവരെ. ആനാൽ=അതിനാൽ.
675 കുരുതിപ്പുനൽ=ചോരവെള്ളം. കാലാസ്ത്രം=സംവർത്തകം എന്ന ബാണം.
678 ആരേനാൻ=ആയവൻ. എണ്ണുക=ചിന്തിക്കുക. വാൾ=വാഴട്ടെ.
687 ആയാ=നീ അവതരിച്ചു. വല്ലഭം=സാമർത്ഥ്യം. ധാതുക്കൾ=മജ്ജാദികൾ.
698 അൻപിലകും=സ്നേഹമുള്ള. എൻപതിനാലേ=എന്നതുകൊണ്ടു്.
720 ഇരന്നായ്=നീ അപേക്ഷിച്ചു. പഴുതു്=നിഷ്ഫലം. എന്നാളും=എല്ലാക്കാലത്തും.
729 മൂവേഴുതുട=ഇരുപത്തൊന്നാവൃത്തി. എങ്ങൾ=ഞങ്ങൾ. ഉയർപുകൾ=ഉന്നതകീർത്തി.

★

# KOTTAYAM PUBLIC LIBRARY

M·294·592 KOTTAYAM.

Cl. No. ~~79780~~ Acc. No. 79780

This book should be returned on or before the date last stamped below.

15 MAR 2010

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M294.592 79780

നിലകണ്ഠപിള്ള, കാവ്യങ്ങൾ

ശ്രീമഹാകുഞ്ഞുക്കൂരാമായണം-

ഉത്തരകാണ്ഡം.

KOTTAYAM PUBLIC LIBRARY

Call No. M294:592 Acc. No. 79780

Author: നീലകണ്ഠപ്പിള്ള, കാവുങ്ങൽ

Title: [illegible]

Indic Digital Archive Foundation

gpura.org